വാല്യം 101

ശ്രീകൃഷ്ണപുരം ബ്ലോക്ക്

(പാലക്കാട് ജില്ല)


1. ചെർപ്പുശ്ശേരി
2. കടമ്പഴിപ്പുറം
3. കരിമ്പുഴ
4. പൂക്കോട്ടുകാവ്
5. ശ്രീകൃഷ്ണപുരം
6. തൃക്കടീരി
7. വെള്ളിനേഴി

വെള്ളിനേഴി ഗ്രാമപഞ്ചായത്ത്




ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

വികസന റിപ്പോർട്ട്



"ഭാരതമെന്ന പേർ കേട്ടാൽ അഭിമാനപൂരിതമാകണമന്തരംഗം
കേരളമെന്നു കേട്ടാലോ തിളയ്ക്കണം ചോര നമുക്കു ഞരമ്പുകളിൽ"


വെള്ളിനേഴി ഗ്രാമപഞ്ചായത്ത്



സമഗ്ര വികസന രേഖ



ഇന്ത്യയുടെ ആത്മാവ്
ഗ്രാമങ്ങളിൽ കുടികൊള്ളുന്നു




വെള്ളിനേഴി ഗ്രാമപഞ്ചായത്ത്

ഉള്ളടക്കം

		പേജ്
1.	ആമുഖം	5
2.	സാമൂഹിക - സാംസ്ക്കാരിക ചരിത്രം	9
3.	ഭൂവിഭവങ്ങൾ - വിശകലനം	13
4.	സാമൂഹിക സാമ്പത്തിക മേഖലകൾ	
	4 -1 കൃഷിയും ജലസേചനവും	17
	4 - 2 മൃഗസംരക്ഷണവും മത്സ്യബനധനവും	31
	4 - 3 വ്യവസായം	38
	4 - 4 വിദ്യാഭ്യാസം	42
	4 - 5 പൊതുജനാരോഗ്യം, കുടിവെള്ളം, പരിസരശുചിത്വം	47
	4 - 6 ഗതാഗതവും ഊർജ്ജവും	54
	4 - 7 ഭവനനിർമ്മാണവും സാമൂഹ്യക്ഷേമവും	65
	4 - 8 സംസ്ക്കാരം	70
	4 - 9 വനിത	74
	4 - 10 സഹകരണം	77
	4 - 11 പട്ടികജാതി പട്ടികവർഗ്ഗക്ഷേമം	81
	4 - 12 വിഭവ സമാഹരണം	86
5.	ഉപസംഹാരം	91

" ഇനി നമ്മളുണരുക, ഇനി നമ്മളുയരുക
നമുക്കെന്തുവേണമെന്നു നമ്മൾ നിശ്ചയിക്കുക "

ഭരണസമിതി



പ്രസിഡന്റ്
കെ.ഹരിദാസൻ



സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ
കെ.സി.രാമൻകുട്ടി



വൈസ് പ്രസിഡന്റ്
പി.നാരായണിക്കുട്ടി ടീച്ചർ



ഒ.കൗസല്യ (കുസുമം)
വാർഡ് - 4



സുജാത.എൻ.
വാർഡ് - 7



ഒ.വിജയകുമാർ
വാർഡ് - 9



എ.വാസുദേവൻ
വാർഡ് - 5



വി.കെ.ഗോവിന്ദൻകുട്ടി
വാർഡ് - 2



ടി.രാധാകൃഷ്ണൻ
വാർഡ് - 6



ആമുഖം

ഒമ്പതാം പഞ്ചവൽസര പദ്ധതിയുടെ ആസൂത്രണത്തിലും നടത്തിപ്പിലും മുഴുവൻ മലയാളികളേയും പങ്കെടുപ്പിച്ചുകൊണ്ട് കേരളം പുതിയ ചരിത്രം സൃഷ്ടിക്കുകയാണ്. ആരോഗ്യം, ഗതാഗതം, പൊതുവിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ നാം നേടിയ പുരോഗതിയുടെ പശ്ചാത്തലത്തിൽ ജനങ്ങളുടെ ആത്മാഭിമാന ബോധത്തെയും ദേശസ്നേഹത്തേയും തട്ടിയുണർത്തിക്കൊണ്ട് അജയ്യവും സർഗ്ഗാത്മകവും ആയ അദ്ധ്വാനശേഷി പ്രയോജനപ്പെടുത്തി കൃഷി, വ്യവസായം തുടങ്ങിയ സമ്പത്തുല്പാദന മേഖലകളെ വികസിപ്പിക്കുക എന്നതാണ് ഒമ്പതാം പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഇതോടൊപ്പം സേവന മേഖലയെ കൂടുതൽ ഗുണപരമാക്കാനും ഈ പദ്ധതി ലക്ഷ്യമിടുന്നു. ഒമ്പതാം പഞ്ചവത്സര പദ്ധതി തയ്യാറാക്കാനും നിർവ്വഹിക്കാനുമുള്ള വിശാലമായ ഈ പ്രവർത്തനങ്ങളെയാണ് ജനകീയാസൂത്രണം എന്നു പറയുന്നത്. കക്ഷിരാഷ്ട്രീയ മതജാതഭേദ ചിന്തകൾക്കതീതമായി എല്ലാവിഭാഗം ജനങ്ങളേയും വിശാലമായ വികസനത്തിന്റെ രാഷ്ട്രീയ സംസ്ക്കാരത്തിലേക്കുയർത്തുന്ന ഒരു ബഹുജന മുന്നേറ്റമാണ് ജനകീയാസൂത്രണ പ്രസ്ഥാനം.

1951 ലാണ് ഇന്ത്യൻ ആസൂത്രണം ആരംഭിക്കുന്നത്. ഇപ്പോൾ നാം എട്ടാം പഞ്ചവത്സര പദ്ധതി അവസാനിപ്പിക്കുകയാണ്. ഈ കാലയളവിൽ പഞ്ചവത്സര പദ്ധതികളിലൂടെ ഒട്ടേറെ നേട്ടങ്ങൾ നമുക്കുണ്ടായിട്ടുണ്ട്. എങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലും നടത്തുന്നതിലും ഗുരുതരമായ രണ്ടുപോരായ്മകൾ ഉണ്ടായിരുന്നു.

പഞ്ചവത്സര പദ്ധതികളുടെ ചരിത്രം

പദ്ധതി	വർഷം	കോടി രൂപ
ഒന്നാം പഞ്ചവത്സര പദ്ധതി	1951-56	25.89
രണ്ടാം പഞ്ചവത്സര പദ്ധതി	1956-61	80.22
മൂന്നാം പഞ്ചവത്സര പദ്ധതി	1961-66	182.31
വാർഷിക പദ്ധതികൾ	1966-69	144.37
നാലാം പഞ്ചവത്സര പദ്ധതി	1969-74	345.76
അഞ്ചാം പഞ്ചവത്സര പദ്ധതി	1974-78	
വാർഷിക പദ്ധതി	1978-79	691.00
വാർഷിക പദ്ധതി	1979-80	239.54
ആറാം പഞ്ചവത്സര പദ്ധതി	1980-85	1801.62
ഏഴാം പഞ്ചവത്സര പദ്ധതി	1985-90	2546.91
എട്ടാം പദ്ധതി ആദ്യത്തെ 4 വർഷങ്ങൾ	1992-96	4989.75
ആകെ	45 വർഷം	12719.60

ഒമ്പതാം പഞ്ചവത്സര പദ്ധതി (1997 ഏപ്രിൽ 1 മുതൽ 2002 മാർച്ച് 31 വരെ) ഏകദേശം 13000 കോടി രൂപയുടേതാണ്.

1. നാട്ടിലുള്ള വിഭവങ്ങളേയും കഴിവുകളേയും ഫലപ്രദമായി ഉപയോഗിക്കാനുള്ള സമഗ്രമായ പദ്ധതികൾക്ക് പകരം ആസൂത്രണം 'ഡിപ്പാർട്ടുമെന്റലിസ'മായിത്തീർന്നു. വിവിധ സർക്കാർ വകുപ്പുകളുടെ പരസ്പരബന്ധമില്ലാത്ത സ്കീമുകൾ തയ്യാറാക്കലായി ഇത് അധപതിച്ചു.

2. ആസൂത്രണവും പദ്ധതി നടത്തിപ്പും വളരെ കേന്ദ്രീകൃതവും ഉദ്യോഗസ്ഥ മേധാവിത്വപരവുമായിരുന്നു. പദ്ധതി പ്രദേശത്തെ ജനങ്ങൾക്ക് അവ സംബന്ധിച്ച ആലോചനയിലോ തീരുമാനത്തിലോ നടത്തിപ്പിലോ ഒരു പങ്കും ഉണ്ടായിരുന്നില്ല.

ഈ പോരായ്മകൾ പരിഹരിക്കാനുള്ള ശ്രമമാണ് ജനകീയാസൂത്രണത്തിലൂടെ കേരളത്തിൽ നടത്തുന്നത്. സംസ്ഥാന ഗവൺമെന്റും സംസ്ഥാന പ്ലാനിങ്ങ് ബോർഡുമാണ് ഇതിന് നേതൃത്വം കൊടുക്കുന്നത്. ജനാധിപത്യത്തിന്റെ സുഗന്ധമായ അധികാര വികേന്ദ്രീകരണത്തിലൂടെയാണ് ഈ പ്രവർത്തനങ്ങൾ നിർവ്വഹിക്കപ്പെടുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് ജനകീയാസൂത്രണത്തിന്റെ കേന്ദ്രനാഡികൾ. പദ്ധതി വിഹിതത്തിന്റെ 35-40 ശതമാനത്തോളം തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. നിരവധികാലമായി ജനങ്ങൾ ആഗ്രഹിക്കുന്ന തരത്തിൽ ആസൂത്രണ പ്രവർത്തനങ്ങൾ പഞ്ചായത്ത് തലത്തിൽ നിന്നും തുടങ്ങാനുള്ള അവസരം കൈവന്നിരിക്കുകയാണ്. എല്ലാകാര്യങ്ങളും പഞ്ചായത്തിൽ വെച്ച് തീരുമാനിക്കാൻ ആവില്ല. എന്നാൽ, എന്തെല്ലാം കാര്യങ്ങൾ പഞ്ചായത്തിൽ വെച്ചു നടപ്പിലാക്കുവാൻ കഴിയുമോ അവയെല്ലാം ആസൂത്രണം ചെയ്ത് നടപ്പിലാക്കാനുള്ള കഴിവ് പഞ്ചായത്തുകൾക്ക് ഉണ്ടാകണം. പഞ്ചായത്ത് ഭരണസമിതികളുടെ നേതൃത്വത്തിൽ രൂപപ്പെടുന്ന വിശാലമായ ജനകീയ എകൃത്തിന്റെ അടിത്തറയിലാണ് വികസന സ്വപ്നങ്ങൾ സാക്ഷാത്ക്കരിക്കപ്പെടുന്ന തരത്തിൽ ഈ ആസൂത്രണ പ്രവർത്തനങ്ങൾ നിർവ്വഹിക്കപ്പെടുന്നത്.

ജനകീയാസൂത്രണത്തിന്റെ ആദ്യഘട്ടത്തിൽ സെപ്തംബർ 22 നും ഒക്ടോബർ 6 നും ഇടയിൽ നമ്മുടെ ഗ്രാമപഞ്ചായത്തിൽ ഒമ്പതു വാർഡുകളിലായി വിശേഷാൽ ഗ്രാമസഭാ യോഗങ്ങൾ ചേരുകയുണ്ടായി. ഇതിന്റെ മുന്നോടിയായി സെപ്തംബർ 21-ാം തിയ്യതി തിരുവാഴിയോട് മഹാത്മാ യു.പി. സ്ക്കൂളിൽ വെച്ച് ജില്ലാ പരിശീലകരുടെ നേതൃത്വത്തിൽ പഞ്ചായത്തുതലപരിശീലന ക്യാമ്പ് നടത്തി. എല്ലാ വിഭാഗങ്ങളിലുമായി 108 പേർ ഈ ക്യാമ്പിൽ പങ്കെടുത്തു. എല്ലാ ഗ്രാമസഭകളിലുമായി 1170 ആളുകൾ പങ്കെടുത്തു. മൊത്തം ജനസംഖ്യയുടെ 6.52 ശതമാനമാണ് ഗ്രാമസഭകളിലെത്തിയത്. ഗ്രാമസഭകളിലെ ശരാശരി പങ്കാളിത്തം 130. സസംസ്ഥാന തലത്തിൽ ശരാശരി 200 ആണ് ഗ്രാമസഭകളിലെ പങ്കാളിത്തം. ഗ്രാമസഭയിൽ പങ്കെടുത്ത ആകെ 1170 ആളുകളിൽ 229 സ്ത്രീകളും 941 പുരുഷന്മാരും ആയിരുന്നു. ഗ്രാമസഭകളിൽ വിവധ വികസന മേഖലകളെക്കുറിച്ച് ചർച്ച ഉണ്ടായി. ചർച്ചകളെ പൊതുവായി ക്രോഡീകരിച്ച് ഗ്രാമസഭ റിപ്പോർട്ടാക്കി ഗ്രാമ പഞ്ചായത്തിന് സമർപ്പിച്ചു. നവംബർ 3-ാം തിയ്യതി തിരുവാഴിയോട് മാഹാത്മാ യു.പി. സ്ക്കൂളിൽ വെച്ച് പഞ്ചായത്ത് തലത്തിൽ രണ്ടാംഘട്ട പരിശീലന ക്യാമ്പ് നടത്തി. ഈ ക്യമ്പിൽ 111 പേർ പങ്കെടുത്തു. ഇതിനിടയിൽ ഗ്രാമ പഞ്ചായത്തിനകത്തെ വിവിധ സർക്കാർ ഓഫീസുകൾ, മറ്റുസ്ഥാപനങ്ങൾ എന്നിവയിൽ നിന്നും നിരവധി സ്ഥിതി വിവരകണക്കുകൾ ശേഖരിച്ചു. പഞ്ചായത്തിന്റെ ഭൂപ്രകൃതി, മൺതരങ്ങൾ, സസ്യാവരണം, ജലലഭ്യത, പരിസ്ഥിതി പ്രശ്നങ്ങൾ എന്നിവ നേരിട്ടു പരിശോധിച്ചു പഠിക്കുന്നതിനു വേണ്ടി നവംബർ 9 ന് രണ്ടു പഠന സംഘങ്ങൾ പഞ്ചായത്ത് പ്രദേശത്ത് തെക്കുവടക്കും, കിഴക്കുപടിഞ്ഞാറുമായി പര്യടനം നടത്തി. നമ്മുടെ ഗ്രാമ പഞ്ചായത്തിന്റെ സാമൂഹ്യ സാസ്ക്കാരിക രാഷ്ട്രീയ ചരിത്രം വസ്തുനിഷ്ഠമായി പഠിക്കുന്നതിന് പഞ്ചായത്തു പ്രദേശത്തെ മൂന്നു മേഖലകളാക്കി തിരിച്ച് മൂന്നു സംഘങ്ങൾ കാരണവന്മാരുമായി ചർച്ച നടത്തുകയും ലഭ്യമായ ചരിത്രരേഖകൾ പരിശോധിക്കുകയും ചെയ്തു. നവംബർ 11 ന് വിവിധ സർക്കാർ സ്ഥാപനങ്ങളുടെ മേധാവികളെ പഞ്ചായത്ത് ഓഫീസിൽ വിളിച്ചു ചേർത്ത് നിലവിലുള്ള പഞ്ചവത്സര പദ്ധതി പ്രവർത്തനങ്ങളെ അവലോകനം ചെയ്തു. ഇത്തരത്തിൽ ഗ്രാമ സഭാ റിപ്പോർട്ടുകൾ, സ്ഥിതിവിവരകണക്കുകൾ, ഭൂപ്രകൃതി പഠനം, പ്രാദേശിക ചരിത്രാന്വേഷണം, പദ്ധതി പ്രവർത്തനങ്ങളുടെ അവലോകനം എന്നീ അഞ്ചുകാര്യങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് ഈ വികസന രേഖ തയ്യാറാക്കിയിരിക്കുന്നത്.

ജനകീയാസൂത്രണത്തിന്റെ സന്ദേശം ഗ്രാമഗ്രാമാന്തരങ്ങളിലെ ജനഹൃദയങ്ങളിലേക്ക് കൈമാറുന്നതിനുവേണ്ടി സംഘടിപ്പിക്കപ്പെട്ട ജനാധികാര കലാജാഥയുടെ അംഗങ്ങൾക്ക് ശ്രീകൃഷ്ണപുരം, മണ്ണാർക്കാട്, ഒറ്റപ്പാലം എന്നീ ബ്ലോക്കുകൾ കേന്ദ്രീകരിച്ച് വെള്ളിനേഴി ഒളപ്പമണ്ണ മനയിൽ വെച്ചാണ് പരിശീലന ക്യാമ്പ് നടത്തിയത്. ഒക്ടോബർ 8-ാം തിയ്യതി മുതൽ 14-ാം തിയ്യതിവരെയായിരുന്നു ഈ ക്യാമ്പ്. 14-ാം തിയ്യതി വൈകുന്നേരം വെള്ളിനേഴി സെന്ററിൽ വെച്ച് ശ്രീകൃഷ്ണപുരം ബ്ലോക്ക്തല ജനാധികാരകലാജാഥ ശ്രീ കലാമണ്ഡലം രാമൻകുട്ടി നായർ ഉദ്ഘാടനം ചെയ്തു.

തുടർന്ന് കുറ്റാനശ്ശേരി, കുറുവട്ടൂർ, തിരുവാഴിയോട്, കുളക്കാട്, അടക്കാപുത്തൂർ എന്നീ അഞ്ചു കേന്ദ്രങ്ങളിൽ 'ജാഥ' കലാപരിപാടികൾ അവതരിപ്പിച്ചു.



ജനാധികാര കലാജാഥ ശ്രീ കലാമണ്ഡലം രാമൻകുട്ടിനായർ ഉദ്ഘാടനം ചെയ്യുന്നു.

നമ്മുടെ ഗ്രമപഞ്ചായത്തിന്റെ ഭരണപരമായ ചരിത്രവും പൊതുവിവരങ്ങളും സംക്ഷിപ്തമായ രീതിയിൽ ഇവിടെ അവതരിപ്പിക്കുന്നു. വെള്ളിനേഴി പഞ്ചായത്ത് വ്യക്തമായ അതിർത്തികളും ഭരണ സംവിധാനങ്ങളുമായി നിലവിൽ വരുന്നത് 1960 ലാണ്. ആദ്യത്തെ പ്രസിഡണ്ടായി അധികാരത്തിൽ വന്നത് ഒളപ്പണ്ണ മന ചെറിയനാരായണൻ നമ്പൂതിരിപ്പാടാണ്. വെള്ളിനേഴി ആസ്ഥാനമായി പ്രവർത്തനം ആരംഭിച്ച ഈ പഞ്ചായത്തിന്റെ കീഴിൽ വെള്ളിനേഴി വില്ലേജു മുഴുവൻ അടങ്ങുന്ന പ്രദേശങ്ങൾ ഉണ്ടായിരുന്നു. വടക്ക് മുറിയംകണ്ണി പുഴതൊട്ട് തെക്ക് ചെറുമലവരെയും കിഴക്ക് കല്ലുവഴി അടക്കമുള്ള പ്രദേശവും പടിഞ്ഞാറു മാങ്ങോടു വരെയുള്ള പ്രദേശങ്ങളുമായിരുന്നു അന്ന് പഞ്ചായത്തിൽ ഉണ്ടായിരുന്നത്. പിന്നീട് 1978 വർഷത്തിൽ പഞ്ചായത്ത് പ്രദേശം പുനഃസംഘടിപ്പിക്കുകയും പുതിയതായി നിലവിൽ വന്ന പൂക്കോട്ടുകാവ് പഞ്ചായത്തിലേക്ക് കല്ലുവഴി, പകരാവൂർ എന്നീ ദേശങ്ങൾ ഉൾപ്പെടുത്തുകയും ചെയ്തു.

1970 വർഷത്തിൽ വെള്ളിനേഴി പഞ്ചായത്തിന്റെ ആസ്ഥാനം വെള്ളിനേഴിയിൽ നിന്ന് കുളക്കാട്ടേക്ക് മാറ്റി. കുളക്കാട്ടുള്ള ഒരു വാടക കെട്ടിടത്തിലായിരുന്നു പഞ്ചായത്തിന്റെ ആസ്ഥാനം. 1983 മാർച്ച് മാസം മൂന്നാം തിയ്യതി പഞ്ചായത്ത് ആസ്ഥാനം സ്വന്തം കെട്ടിടത്തിലേക്ക് മാറ്റി. ഇതിനുവേണ്ട ഒരേക്കർ സ്ഥലം കുളക്കാട് കിഴക്കേക്കളം വീട്ടിൽ പ്രൊഫസർ പി. ഭാസ്ക്കര പണിക്കർ നാമമാത്രമായ വിലക്ക് നൽകിയിരുന്നു. പഞ്ചായത്തിന്റെ സ്വന്തം സ്ഥലത്ത് വില്ലേജ് ഓഫീസ് നിർമ്മിക്കുവാൻ വേണ്ട സ്ഥലവും സാംസ്ക്കാരിക കേന്ദ്രം നിർമ്മിക്കുവാൻ വേണ്ട സ്ഥലവും തത്സമയത്തുള്ള ഭരണ സമിതി സൗജന്യമായി വിട്ടുകൊടുത്തിട്ടുണ്ട്.

1960 വർഷത്തിൽ ശ്രീ ഒ.എം.സി. നാരായണൻ നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ വന്ന ഭരണസമിതിക്കു ശേഷം യഥാക്രമം ശ്രീ. പി.കെ. കൃഷ്ണമേനോനും ശ്രീ. എ.കെ. രാമൻ നമ്പൂതിരിയും പ്രസിഡണ്ടുമാരായി രണ്ടു ഭരണ സമിതികൾ ഉണ്ടായി. അതിനുശേഷം 1979 മുതൽ ശ്രീ. വാഴയിൽ ഗംഗാധരൻ പ്രസിഡണ്ടായി. 1994 വരെ തുടർച്ചയായി പതിനാലുവർഷം രണ്ടു ബോർഡുകളുടെ പ്രസിഡണ്ടായി ശ്രീ. വി. ഗംഗാധരൻ സേവനം അനുഷ്ഠിക്കുകയുണ്ടായി. 1994 വർഷത്തിൽ ശ്രീ. കെ. ഹരിദാസന്റെ നേതൃത്വത്തിൽ ഇപ്പോൾ നിലവിലുള്ള ഭരണ സമിതി നിലവിൽ വന്നു. ഈ ഒമ്പതംഗ ഭരണസമിതിയുടെ വൈസ് പ്രസിഡണ്ട് ശ്രീമതി. പി. നാരായണികുട്ടി ടീച്ചറാണ്. ശ്രീ. കെ.സി. രാമൻകുട്ടിയാണ് വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ. ശ്രീ. വി.കെ. ഗോവിന്ദൻകുട്ടി, ശ്രീമതി. സി. കൗസല്യ, ശ്രീ. എ. വാസുദേവൻ, ശ്രീ. ടി. രാധാകൃഷ്ണൻ, ശ്രീമതി. എൻ സുജാത, ശ്രീ. ഒ. വിജയകുമാർ എന്നിവരാണ് ഭരണസമിതിയിലെ മറ്റ് അംഗങ്ങൾ.


ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്തിലെ ഒരു ഡിവിഷനാണ് ഈ പഞ്ചായത്ത്. ബ്ലോക്ക് പഞ്ചായത്തിന്റെ പ്രതിനിധി ശ്രീമതി. എം.വി. സാവിത്രി അന്തർജ്ജനമാണ്. ജില്ലാ പഞ്ചായത്തിലെ ചളവറ ഡിവിഷനിലാണ് ഈ പഞ്ചായത്ത് ഉൾപ്പെടുന്നത്. ജില്ലാ പഞ്ചായത്തിന്റെ പ്രതിനിധി ശ്രീമതി. എ. സൈനബ ടീച്ചറാണ്. ശ്രീകൃഷ്ണപുരം നിയമസഭ നിയോജക മണ്ഡലത്തിലും പാലക്കാട് പാർലിമെന്റ് മണ്ഡലത്തിലും ഈ പഞ്ചായത്ത് ഉൾപ്പെടുന്നുണ്ട്. ശ്രീമതി. ഗിരിജാ സുരേന്ദ്രനാണ് എം.എൽ.എ. ശ്രീ. എൻ.എൻ. കൃഷ്ണദാസാണ് എം.പി.

വെള്ളിനേഴി ഗ്രാമ പഞ്ചായത്ത് പരിധിയിലാകെ ഭൂമിയുടെ വിസ്തീർണ്ണം 3118 ഹെക്ടർ ആണ്. 1991 വർഷത്തെ കാനേഷുമാരി പ്രകാരം ജനസംഖ്യ 17950 ആണ്. ഇതിൽ എണ്ണത്തിൽ കൂടുതൽ സ്ത്രീകളാണ്. 9506 സ്ത്രീകളും 8444 പുരുഷന്മാരും അടങ്ങുന്നതാണ് ഇവിടുത്തെ ജനസംഖ്യ.

പഞ്ചായത്തിലാകെയുള്ള ധനകാര്യ സ്ഥാപനങ്ങൾ കനറാബാങ്ക് വെള്ളിനേഴി ബ്രാഞ്ച്, ചെർപ്പുളശ്ശേരി സഹകരണ ബാങ്കിന്റെ വെള്ളിനേഴിയിലുള്ള ഒരു ചെറിയ ശാഖ എന്നിവ മാത്രമാണ്. പഞ്ചായത്തിലുള്ള ജനങ്ങളുടെ സാമ്പത്തിക ക്രയവിക്രയങ്ങൾക്ക് നേതൃത്വം നൽകാൻ ഇതുകൊണ്ട് സാദ്ധ്യമായിട്ടില്ല എന്നാണ് കണ്ടെത്തിയിട്ടുള്ളത്. തങ്ങളുടെ സാമ്പത്തിക ക്രയവിക്രയങ്ങൾക്ക് മറ്റു ദേശങ്ങളിലേക്ക് പോകേണ്ടതായ ബുദ്ധിമുട്ടു നേരിടുന്നതിനാൽ വെള്ളിനേഴി പഞ്ചായത്തിൽ തങ്ങളുടേതായ ഒരു സഹകരണ ബാങ്ക് തുടങ്ങണം എന്നതാണ് ഈ പഞ്ചായത്തിലെ ജനങ്ങളുടെ ചിരകാലാഭിലാഷം.

വെള്ളിനേഴി ഗ്രാമപഞ്ചായത്ത് വികസന രേഖ

നമ്മുടെ പഞ്ചായത്തിൽ ആകെ എട്ട് എൽ.പി. സ്ക്കൂളുകളും, മൂന്ന് യു.പി. സ്ക്കൂളുകളും രണ്ട് ഹൈസ്ക്കൂളുകളും ഉണ്ട്. ഇവകളിലാകെ 139 പേർ ടീച്ചിങ്ങ് സ്റ്റാഫായി പണിയെടുക്കുന്നു. നോൺ ടീച്ചിങ്ങ് സ്റ്റാഫായി പത്തുപേർ വേറെയുമുണ്ട്. എല്ലാ സ്ക്കൂളുകളിലുമായി ഏകദേശം മുവായിരത്തെണ്ണൂറിൽ പരം പേർ പഠിക്കുന്നു. സ്ക്കൂളുകളുടെ സുഗമമായ നടത്തിപ്പിനും അറ്റകുറ്റ പണികൾക്കും നേരിടുന്ന സാമ്പത്തിക പരാധീനതയാണ് ഏറ്റവും വലിയ പ്രശ്നം.



ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടം

ആരോഗ്യ രംഗത്ത് പ്രവർത്തിക്കുന്ന എട്ട് പൊതു സ്ഥാപനങ്ങൾ ഇവിടെയുണ്ട്. അവയിൽ കുറ്റാനശ്ശേരിയിലുള്ള ആയുർവ്വേദാശുപത്രിയും നാല് I.P.P. സെന്ററുകളും, രണ്ട് P.H.C. യും ഇതിനനുബന്ധമായി ഒരു F.W. സെന്ററും, കുഷ്ഠരോഗ ചികിത്സാ സൗകര്യത്തിനുള്ള ഒരു കാര്യാലയവും ഉണ്ട്. ഇവകളിലാകെ ഇരുപത്തൊമ്പത് ഉദ്യോഗസ്ഥരുണ്ട്. വെള്ളം, വൈദ്യുതി, ഫർണീച്ചർ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ പോലും ഇല്ല എന്നിടത്ത് പ്രശ്നം തുടങ്ങുന്നു.

നമ്മുടെ ജീവിത പ്രതിസന്ധികൾക്ക് ഒരൊറ്റമൂലിയല്ല ജനകീയാസൂത്രണം. എല്ലാ ആവശ്യങ്ങളും ഒറ്റയടിക്ക് നിർവ്വഹിക്കാൻ കഴിയില്ല എന്നത് വ്യക്തമാണ്. അതുകൊണ്ടാണല്ലോ ആസൂത്രണം വേണ്ടിവരുന്നതു തന്നെ. ഏതെല്ലാം ആവശ്യങ്ങൾക്കാണ് മുൻഗണന നൽകേണ്ടതെന്നും പൊതുവായ ക്ഷേമത്തിനുവേണ്ടി ഏതെല്ലാം പദ്ധതികളാണ് ഉടനടി ചെയ്യേണ്ടത് എന്നും കണ്ടെത്താൻ നമുക്കു കഴിയണം.

വികസനാസൂത്രണത്തിന്റെ എല്ലാ ഘട്ടങ്ങളിലും എല്ലാ ഉദ്യോഗസ്ഥരുടേയും ജനങ്ങളുടേയും മുഴുവനായ സഹകരണവും കർമ്മ നിരതമായ പ്രവർത്തനവുമാണ് ജനകീയ ആസൂത്രണത്തിന്റെ കാതൽ. ഇതു സാദ്ധ്യമാക്കാൻ ഉദ്യോഗസ്ഥർ സ്വയം പഠനത്തിനും സാമാന്യജന ബോധവൽക്കരണത്തിനും തയ്യാറാകേണ്ടതുണ്ട്. പ്രത്യേകിച്ച് കാർഷികമേഖലയെ പ്രധാനമായും ആശ്രയിച്ചു കഴിയുന്നവർ ബഹുഭൂരിപക്ഷമായിട്ടുള്ള ഈ പഞ്ചായത്തിൽ കൃഷികാര്യങ്ങൾ കാര്യക്ഷമതയോടുകൂടി നടത്തിക്കുവാൻ കൃഷിഭവന്റെയും കൃഷി ഓഫീസറുടെ നേതൃത്വത്തിൽ മറ്റു ഉദ്യോഗസ്ഥരുടേയും നിരന്തരമായ പരിശ്രമം അത്യാവശ്യമാണ്.

ചൈതന്യധന്യവും സർഗ്ഗാത്മകവുമായ മനുഷ്യന്റെ അദ്ധ്വാനശേഷിയെ കെട്ടഴിച്ചുവിട്ടുകൊണ്ട്, സമ്പത്തുൽപ്പാദന മേഖലകളെ ത്വരിതഗതിയിൽ വികസിപ്പിക്കുന്നതിനും പതിറ്റാണ്ടുകളായി നാം സ്വപ്നം കാണുന്ന ഗ്രാമ ജീവിതത്തിന്റെ സമ്പന്നതയിലേക്ക് നമ്മുടെ ജനങ്ങളുടെ ജീവിത സാഹചര്യങ്ങളെ ഉയർത്തിക്കൊണ്ടു വരുന്നതിനും വിപുലമായ വിഭവങ്ങളും സാദ്ധ്യതകളും ഉള്ള പ്രദേശമാണ് നമ്മുടെ പഞ്ചായത്ത്. മാറിയ സാഹചര്യത്തിൽ പുതുതായി കിട്ടുന്ന അധികാരവും ഫണ്ടും ഉപയോഗിച്ച് വിഭവങ്ങളേയും സാദ്ധ്യതകളേയും കോർത്തിണക്കാനും നാടിന്റെ ചരിത്രത്തിൽ നിന്നും പാരമ്പര്യത്തിൽ നിന്നും ആവേശമുൾക്കൊണ്ട്, മുഴുവൻ ജനങ്ങളേയും വികസന പ്രവർത്തനത്തിൽ പങ്കാളികളാക്കാനും നമുക്ക് സാധിക്കേണ്ടതുണ്ട്. ഇതിനുള്ള പ്രവർത്തനങ്ങളിൽ സർവ്വാത്മനാ മുഴുകണമെന്ന് ആഹ്വാനം ചെയ്തുകൊണ്ട് ഈ ആമുഖം ഉപസംഹരിക്കട്ടെ.



സാമൂഹിക സാംസ്കാരിക ചരിത്രം

മനുഷ്യൻ ചരിത്ര ജീവിയാണ്. ചരിത്രം നിർമ്മിക്കുകയും പുനർ നിർമ്മിക്കുകയും ചെയ്യുകൊണ്ടാണ് ജനജീവിതം മുന്നേറുന്നത്. ജീവിതത്തിന്റെ ചുറ്റുപാടുകളിൽ മനുഷ്യനുണ്ടാക്കിയ മാറ്റങ്ങളുടെ ആകെത്തുകയാണ് ചരിത്രം. സാമൂഹികവും സാംസ്ക്കാരികവും സാമ്പത്തികവും രാഷ്ട്രീയവുമായ ജനജീവിതത്തിന്റെ വ്യത്യസ്തമേഖലകളിൽ ക്രമാനുഗതമായി വന്ന മാറ്റങ്ങളും വളർച്ചയുമാണ് ചരിത്രത്തിന്റെ ഉള്ളടക്കം. ഈ മാറ്റത്തിനും, വളർച്ചയ്ക്കും നിദാനമായ ഘടകമേതെന്ന് പരാശോധിക്കുമ്പോളാണ് ചരിത്രത്തിൽ മനുഷ്യനുള്ള സ്ഥാനം വ്യക്തമാവുന്നത്. മനുഷ്യന്റെ സംഘടിതമായ ഇടപെടലുകളും, ബോധപൂർവ്വമായും അല്ലാതെയുമുള്ള കൂട്ടായ അദ്ധ്വാനവുമാണ് ചരിത്രത്തിന്റെ ഗതിവിഗതികളെ നിർണ്ണയിക്കുന്ന ശക്തി. വ്യക്തികളെ മാത്രം കേന്ദ്രീകരിച്ചുകൊണ്ടുള്ള ഉപരിതല സ്പർശിയായ ചരിത്രബോധത്തെ വകഞ്ഞുമാറ്റിയാൽ മാത്രമേ നമുക്കിത് കാണാൻ കഴിയൂ. ഈ ശ്രമത്തിനിടയിൽ ചരിത്രത്തിൽ വ്യക്തികൾക്കുള്ള സ്ഥാനം ഒട്ടും ചോർന്നു പോകാതെയിരിക്കുകയും വേണം.

ഈ ഘടകങ്ങളെ അടിസ്ഥാനപ്പെടുത്തിക്കൊണ്ട് ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഭാഗമായി വളരെ വികേന്ദ്രീകൃതമായ ഒരു ചരിത്ര രചനാരീതി കേരളത്തിൽ നിർവ്വഹിക്കപ്പെടുകയാണ്. കേരളത്തിലെ ഓരോ ഗ്രാമത്തിന്റേയും ചരിത്രം അടിയിൽ നിന്ന് മുകളിലോട്ട് എന്ന ക്രമത്തിൽ മാറ്റി എഴുതപ്പെടുകയാണ്. പരമ്പരാഗത ചരിത്രരചനാരീതി മുകളിൽനിന്ന് താഴോട്ടാണ്. ഈ ക്രമത്തെ മറിച്ചിടുന്നതിലൂടെ ചരിത്ര രചനയ്ക്ക് ജനകീയമായ ഒരു പുതുമുഖം കൈവന്നിരിക്കുകയാണ്.

ചരിത്രത്തിന്റെ പശ്ചാത്തലത്തിലാണ് ജീവിതം എന്നതുകൊണ്ട് ചരിത്രത്തിൽ നിന്ന് ഊർജ്ജവും, ആവേശവും ഉൾക്കൊണ്ടുകൊണ്ടല്ലാതെ നമുക്ക് സർഗ്ഗാത്മകമായ വികസനപ്രവർത്തനങ്ങളിൽ പങ്കുകൊള്ളാനാവില്ല. പൊതു ചരിത്രത്തിന്റെ പശ്ചാത്തലത്തിൽ പഞ്ചായത്തിലെ ചരിത്രസംഭവങ്ങളുടെ വിശകലനത്തിലേക്ക് പ്രവേശിക്കട്ടെ.

ജന്മിത്വം

കേരളത്തിന്റെ മറ്റുപ്രദേശങ്ങളിലെന്നപോലെ ഭൂപരിഷ്ക്കരണം നടപ്പിലാക്കുന്നതുവരെ ജന്മിത്വമായിരുന്നു ഇവിടുത്തെ സാമൂഹ്യ വ്യവസ്ഥ. ഒളപ്പമണ്ണ മനയായിരുന്നു പ്രധാന ജന്മികുടുംബം. മറ്റു ചില ജന്മിമാരുമുണ്ടായിരുന്നു. പാട്ടകുടിയന്മാരായിരുന്നു മഹാഭൂരിഭാഗം ജനങ്ങളും. ഇവർക്ക് ഭൂമിയിൽ ഒരവകാശവും ഉണ്ടായിരുന്നില്ല. വളരെ അവ്യക്തമായി ജന്മികൾക്കും പാട്ട കുടിയാന്മാർക്കുമിടയ്ക്ക് കാണക്കുടിയാന്മാർ എന്ന ഇടനിലക്കാരും ഇണ്ടായിരുന്നു. കാണക്കുടിയാൻ പാട്ടക്കുടിയാനായി മാറുന്ന സ്ഥിതിയുമുണ്ടായിരുന്നു. ഭൂമിയുടെ അവകാശം മുഴുവൻ കയ്യടക്കിവെച്ച ഒരു ന്യൂനപക്ഷവും ഭൂമിയിൽ ഒരവകാശവുമില്ലാതെ പണിയെടുത്ത് മരിക്കാൻ മാത്രം വിധിക്കപ്പെടുന്ന മഹാഭൂരിഭാഗവുമായി രൂപപ്പെട്ട ജന്മി കുടിയാൻ വ്യവസ്ഥയുടെ ജാതിപരവും ആചാരജഡിലവുമായ ഒരു ജീവിത രീതിയാണ് ഈ പ്രദേശത്ത് പിൻതുടർന്നു വന്നിരുന്നത്. ജീവിതത്തിന്റെ എല്ലാ തലങ്ങളിലും അടിയാന്മാരും മേലാളരും തമ്മിലുള്ള വിഭജനം നിലനിന്നിരുന്നു. വസ്ത്രധാരണം, വിവാഹം, മരണാനന്തര ക്രിയകൾ തുടങ്ങി നിത്യ ജീവിതത്തിലെ വ്യവഹാര ഭാഷയിൽ പോലും ഈ മേൽകീഴ് വ്യത്യാസം വളരെ പ്രകടവും രൂക്ഷവുമായിരുന്നു. ഭൗതികവും സാംസ്ക്കാരികവുമായ മർദ്ദനങ്ങൾ ഏറെ പരുവപ്പെട്ട മനസ്സായിരുന്നു കീഴാള സമൂഹത്തിനുണ്ടായിരുന്നത്. പ്രത്യക്ഷമായ മർദ്ദനോപാധികൾ പ്രദേശത്തെ ജന്മിമാർ പ്രയോഗിച്ചിരുന്നില്ല എന്നത് പ്രത്യേകം എടുത്തു പറയേണ്ടതുണ്ട്. വളരെ മയമാർന്ന സാംസ്ക്കാരിക ഉപാധികളായിരുന്നു കീഴാള മനസ്സുകളെ സ്വാധീനിക്കുന്നതിനും അടിമപ്പെടുത്തുന്നതിനും ജന്മിത്വം ഉപയോഗപ്പെടുത്തിയിരുന്നു. ഈ സവിശേഷ സാഹചര്യം മർദ്ദന യാഥാർത്ഥ്യങ്ങളെ തിരിച്ചറിയുന്നതിൽ നിന്ന് കീഴാളജനതയെ തടഞ്ഞുനിർത്തിയിരുന്നു. ഈ പാശ്ചാത്തലത്തിൽ ജന്മിത്വത്തിനെതിരായ സംഘടിതമായ ചെറുത്തു നില്പുകൾ വളരെ അപൂർവ്വമായി മാത്രമേ ഇവിടെ രൂപം കൊണ്ടുള്ളൂ.

ഈ ചെറുത്തു നില്പുകളുടെ ചരിത്രത്തിലേക്ക് കടക്കുന്നതിനു മുമ്പ് ഇവിടെ നിലനിന്നിരുന്ന ജന്മിത്വത്തിന്റെ ചില സവിശേഷതകളിലേക്ക് ശ്രദ്ധതിരിക്കട്ടെ. മുൻകാലത്ത് ഈ പ്രദേശത്തെ ജന്മിമാർ ചില നായർ കുടുംബങ്ങളായിരുന്നു എന്നാണ് പറയപ്പെടുന്നത്. കാലക്രമേണ ഈ കുടുംബങ്ങൾക്ക് ഭൂമിയുടെ ജന്മാവകാശം

നഷ്ടപ്പെടുകയും ദേവസ്വമെന്നും, ബ്രഹ്മസ്വമെന്നും രണ്ടു വിഭാഗങ്ങളിലായി ഭൂമിയുടെ ജന്മാവകാശം ഒതുങ്ങി പോവുകയും ചെയ്തു. മറ്റു സമുദായങ്ങളിൽ പെട്ട ചില ഭൂസ്വാമിമാരും ഈ പ്രദേശത്തുണ്ടായിരുന്നു. ഈ നൂറ്റാണ്ടോടുകൂടി ഏതാണ്ട് എല്ലാ ജന്മി കുടുംബങ്ങളിലും ഉല്പതിഷ്ണുക്കളുടേയും ഉദാരശീലന്മാരുടേയും ഒരു നിരതന്നെ രൂപംകൊള്ളുകയുണ്ടായി. സാമൂഹ്യ ജീവിതത്തിന് ഏറെ സംഭാവന നൽകുന്നതിന് ഇക്കൂട്ടർക്ക് കഴിഞ്ഞിട്ടുണ്ട്. കലാസാംസ്ക്കാരിക വിദ്യാഭ്യാസ മേഖലയിൽ വളരെയേറെ അടിസ്ഥാനപരമായ കാര്യങ്ങൾ ഇവർ ചെയ്തു തീർത്തിട്ടുണ്ട്. ഒളപ്പമണ്ണ മനയിലും, മുന്നൂർക്കോട് മപ്പാട്ടുമനയിലുമുണ്ടായിരുന്ന കഥകളി പഠനകേന്ദ്രങ്ങൾ എടുത്തു പറയത്തക്കവയാണ്. ഇട്ടിരിശ്ശ മേനോനും, പട്ടിക്കാംതൊടി രാവുണ്ണിമേനോനും അടക്കമുള്ള പ്രഗത്ഭരുടെ ഒരു നിരതന്നെ ഈ കളരികളിൽ ആശാന്മാരായി സേവനമനുഷ്ഠിച്ചിരുന്നു. കല്ലുവഴിചിട്ടതന്നെ രൂപപ്പെടുന്നത് ഈ പ്രദേശത്താണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുന്ന സമീപനവും ജന്മിമാർ കൈക്കൊണ്ടിരുന്നു. കലാസാംസ്ക്കാരിക രംഗത്ത് ജന്മിത്വം കൊണ്ടുവന്ന ഉണർവ്വിന്റെ നീക്കിബാക്കികൾ ഇന്നും ഈ പ്രദേശത്ത് നിലനിൽക്കുന്നുണ്ട്.

ജന്മിത്വത്തിന്റെ താങ്ങുംതണലുമേറ്റ് വളർന്ന ആഢ്യമായ കലാസാംസ്ക്കാരത്തിന് സമാന്തരമായി അടിയാളരുടെ തനത് കലാരൂപങ്ങളും ഇവിടെ വളർന്ന് വികാസം പ്രാപിച്ചു. പങ്കാളി, പരിചമുട്ടുകളി, ചവിട്ടുകളി, പാമ്പിൻ തുള്ളൽ, തുയിലുണർത്തുപാട്ട് അയ്യപ്പൻ പാട്ട്, തുടങ്ങിയ അനുഷ്ഠാനപരവും അല്ലാത്തതുമായ കലാരൂപങ്ങൾ പ്രത്യേകം പ്രസ്താവ്യമാണ്. ആരാധനാ സമ്പ്രദായത്തിനും വരേണ്യമായ ആരാധനയ്ക്കും സമാന്തരമായി ഒരു കീഴാളക്രമം നിലവിലുണ്ടായിരുന്നു. കോവിലുകളും, മണ്ഡകപുരകളും, ധർമ്മദേവൻ പുരയും, പ്രധാനപ്പെട്ട കീഴാള ആരാധനാലയങ്ങളായിരുന്നു. മൂക്കൻചാത്തൻ, പറക്കാളി, പറക്കുട്ടി, പറച്ചാമുണ്ഡി, മുണ്ടേയ്നൻ, കരികുട്ടി, കുട്ടിചാത്തൻ തുടങ്ങിയ കീഴാളദൈവങ്ങൾ ഇന്ന് അന്യം നിന്നിരിക്കുകയാണ്.

വളരെ ദുർബ്ബലമായി രൂപപ്പെട്ടുവന്ന ചെറുത്തു നില്പുകളാണ് ജാതി, ജന്മി, നാടുവാഴിത്ത വ്യവസ്ഥക്ക് അന്ത്യം കുറിക്കാനുള്ള തുടക്കമായത്. പാട്ടവ്യവസ്ഥക്ക് കീഴിൽ നരകിച്ചുകൊണ്ടിരിക്കുന്ന സാധാരണ കൃഷിക്കാർ ഉടുതുണിക്ക് മറുതുണിയില്ലാത്ത പട്ടിണി പാവങ്ങൾ, ഈ ജനവിഭാഗങ്ങളാണ് ഈ വ്യവസ്ഥയെ തകിടം മറിക്കാനുള്ള സമരത്തിൽ ബഹുജനാടിത്തറയായി നിലകൊണ്ടത്. ഈ സാമൂഹ്യ സാഹചര്യത്തിൽ നിന്നും കമ്മ്യൂണിസ്റ്റ് കർഷകപ്രസ്ഥാനങ്ങളിലേക്ക് ഉല്പതിഷ്ണുക്കളായ ചില നാട്ടുകാർ ഉയർന്നു വന്നു.

ശ്രീമാളിയക്കൽ അപ്പുണ്ണിത്തരകൻ, ചമ്മോത്ത് അപ്പുണ്ണിത്തരകൻ, സി.ജി.പണക്കർ, പി.ശിവശങ്കരമേനോൻ എന്നിവരായിരുന്നു കർഷക സമരങ്ങൾക്ക് നമ്മുടെ പഞ്ചായത്തിൽ നേതൃത്വം കൊടുത്ത പ്രധാനികൾ. കൃഷിഭൂമി ഒഴുപ്പിക്കലിനെതിരെ കർഷകരെ സംഘടിപ്പിച്ച് സമരം നയിച്ചതിന് അതിരൂക്ഷമായ പോലീസ് മർദ്ദനം ശ്രീമാളിയക്കൽ അപ്പുണ്ണിത്തരകന് നേരിടേണ്ടിവന്നിട്ടുണ്ട്. വളരെയധികം പ്രതിബന്ധങ്ങളോടു മല്ലിട്ടുകൊണ്ടാണ് ഈ നേതാക്കന്മാർ കർഷക പ്രസ്ഥാനത്തെ മുന്നോട്ടു നയിച്ചത്.

കുടിയൊഴുപ്പിക്കലിനെതിരെയുള്ള സമരങ്ങൾ, പെരുമാങ്ങോട്ടു ചന്തയിലെ സമരം, പെരിന്തൽമണ്ണയിൽ പാട്ടമൊഴിവാക്കണമെന്നാവശ്യപ്പെട്ട് സി.ജി.പണിക്കരുടെ നേതൃത്വത്തിൽ നടന്ന കർഷകജാഥ എന്നിവയാണ് എടുത്തു പറയത്തക്ക ചില സമരം.

കേരളത്തിലൊട്ടാകെ നടന്ന കർഷകസമരങ്ങളുടെ അടിസ്ഥാനത്തിൽ ജന്മിത്വമെന്ന സാമൂഹ്യവ്യവസ്ഥ നിയമപരമായി ഇല്ലാതാക്കുന്നതിന് നമുക്ക് കഴിഞ്ഞിരിക്കുകയാണ്.

ദേശീയ സ്വാതന്ത്ര്യ സമര പ്രസ്ഥാനവും നമ്മുടെ പഞ്ചായത്തും

ബ്രിട്ടീഷ് ഇന്ത്യയിലെ മദ്രാസ് പ്രൊവിൻസിൽ മലബാർ ജില്ലയിൽ വള്ളുവനാട് താലൂക്കിലാണ് ഈ പഞ്ചായത്ത് ഉൾപ്പെട്ടിരുന്നത്. കടലുണ്ടി പുഴമുതൽ തൂപ്പനാട് പുഴവരെയുള്ള വിസ്തൃതമായ പ്രദേശമായിരുന്നു പഴയ വള്ളുവനാട് താലൂക്ക്. താലൂക്ക് ബോർഡായിരുന്നു ഭരണഘടകം. ഈ ബോർഡിനെ എല്ലാ അർത്ഥത്തിലും നിയന്ത്രിച്ചിരുന്നത് ബ്രിട്ടീഷുകാരായിരുന്നു. ഇത് വാസ്തവത്തിൽ ജന്മിമാരുടെ ഒരു സഭയായിരുന്നു. ബ്രിട്ടീഷുകാരും നാട്ടിലെ അധികാരകേന്ദ്രമായിരുന്ന ജന്മിമാരും തമ്മിലുള്ള സന്ധിയായിരുന്നു ഭരണ ശക്തിയായി പ്രവർത്തിച്ചിരുന്നത്. ഈ പശ്ചാത്തലത്തിൽ നമ്മുടെ പ്രദേശത്തെ കേന്ദ്രവുമാക്കിക്കൊണ്ട് ബ്രിട്ടീഷുകാർക്കെതിരായ സമരങ്ങളൊന്നും വളർന്നു വരികയുണ്ടായില്ല. ഒരു ജനവിഭാഗമെന്ന നിലയിൽ ബ്രിട്ടീഷ് കോയ്മയെ അംഗീകരിച്ചിരുന്ന ജന്മിത്വത്തിന് പിന്നിലായിരുന്നു ഈ പ്രദേശത്തെ ജനങ്ങൾ നിലയുറപ്പിച്ചിരുന്നത്. എന്നിരുന്നാലും ദേശീയ സ്വാതന്ത്ര്യ സമരത്തിന്റെ ആഹ്വാനമേറ്റുവാങ്ങിക്കൊണ്ട് ഈ പ്രസ്ഥാനത്തിലേക്ക് എടുത്തുചാടിയ ചില ത്യാഗധന്മാരുടെ ചരിത്രം വളരെ അഭിമാനപൂർവ്വം ഈ ഗ്രാമത്തിന് പറയാനുണ്ട്.

ശ്രീ തേലക്കാട് ശങ്കരനാരായണൻ നമ്പൂതിരി, കിഴക്കെപ്പാട്ട് ശിവരാമമേനോൻ, ഒ.എം.നീലകണ്ഠൻ നമ്പൂതിരിപ്പാട്, എന്നിവരാണ് ഈ പഞ്ചായത്തിൽ നിന്ന് സ്വാതന്ത്ര്യ സമരത്തിൽ നേരിട്ട് പങ്കെടുക്കുകയും കൊടിയ മർദ്ദനങ്ങൾക്ക് ഇരയാവുകയും ചെയ്തവർ. കോഴിക്കോട്, കണ്ണൂർ, പാലക്കാട് എന്നിവിടങ്ങളിലാണ് ഇവർ സമരത്തിൽ പങ്കെടുത്തത്.

എടുത്തുപറയേണ്ടുന്ന മറ്റൊരാൾ ശ്രീമതി ദേവകി നരിക്കാട്ടിരിയാണ്. നമ്പൂതിരി സമുദായ നവീകരണ പ്രവർത്തനങ്ങളിൽ ഇവർ സജീവമായി പങ്കെടുത്തു. ഗാന്ധിജിയുടെ കൂടെ വാർദ്ധയിലെ ആശ്രമത്തിൽ 3 വർഷക്കാലം അന്തേവാസിയായി കഴിയാൻ ഇവർക്ക് കഴിഞ്ഞു എന്നത് പ്രത്യേകം എടുത്ത പറയേണ്ടതുണ്ട്.

വെള്ളിനേഴിക്കാരനല്ലെങ്കിലും ശ്രീ.വി.ആർ. മേനോൻ ഈ പ്രസ്ഥാനവുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങൾ പ്രത്യേകം പരാമർശമർഹിക്കുന്നു. ഉല്പതിഷ്ണുക്കളായ മറ്റു പലരും ദേശീയ പ്രസ്ഥാനത്തിന്റെ വിവിധ പ്രവർത്തനമേഖലകളായിരുന്ന അയിത്തോച്ചാടനം, ഗ്രന്ഥശാലാപ്രസ്ഥാനം, ഖാദി പ്രചരണം, മദ്യവർജ്ജനം തുടങ്ങിയ രംഗങ്ങളിൽ പ്രവർത്തിച്ചിട്ടുണ്ട്.

സ്വാതന്ത്ര്യ സമരത്തിൽ സജീവമായി പങ്കുവഹിച്ച ശ്രീ തേലക്കാട് ശങ്കരനാരായണൻ നമ്പൂതിരിയും ശ്രീമതി ദേവകി നരിക്കാട്ടിരിയും മാത്രമാണ് ഈ ശൃംഖലയിൽ ഇന്ന് ജീവിച്ചിരിക്കുന്നവർ. നാടിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി പൈശാചികമായ മർദ്ദനവും അവർണ്ണനീയമായ കഷ്ടപ്പാടുകളുമേറ്റുവാങ്ങിക്കൊണ്ട് ത്യാഗധീരതയോടെ പോരാടിയ ധീരദേശാഭിമാനികളുടെ ആത്മാഭിമാനം നിറഞ്ഞ രണസ്മരണകൾ നെഞ്ചേറ്റിക്കൊണ്ട് നാടിന്റെ നവ ചരിത്ര നിർമ്മിതിയിൽ നമുക്ക് ഒട്ടേറെ കുതിച്ച് മുന്നേറാനുണ്ട്. ഇതിന് ആവേശവും ഊർജ്ജവും പകരാൻ പൂർവ്വഗാമികളുടെ ഈ ഉജ്ജ്വല ചരിത്രം ഉപയോഗപ്പെടുത്തേണ്ടതുണ്ട്.

സാമൂഹ്യ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ

ദേശീയസ്വാതന്ത്ര്യ സമരകാലത്ത് ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ഒറ്റപ്പാലം താലൂക്ക് കമ്മറ്റിയാണ് ഈ പ്രദേശത്ത് നേരിയ തോതിലുള്ള സംഘടനാപ്രവർത്തനങ്ങൾ നടത്തുന്നത്. ടി.വി.ചാത്തുകുട്ടി നായർ, വാപ്പാല ശങ്കരനാരായണ മേനോൻ, കയറാട്ട് കുട്ടപ്പനായർ, ഒറ്റപ്പാലം സുന്ദരയ്യർ എന്നിവരാണ് ഈ പ്രദേശവുമായി ആദ്യകാലത്ത് ബന്ധപ്പെട്ടിരുന്ന രാഷ്ട്രീയ സംഘടനാ പ്രവർത്തകർ.

വളരെ പരിമതമായ പ്രവർത്തനമാണ് ഇവിടെ സംഘടിപ്പിക്കപ്പെട്ടിരുന്നത്. അതിരഹസ്യമായി ദേശീയ പതാക ഉയർത്തുക, ഖദർ നൂൽനൂൽപ്പ് പ്രചരിപ്പിക്കുക എന്നിവയായിരുന്നു പ്രവർത്തന രീതികൾ. ചേലനാട്ട് ഗോപാലമേനോൻ മാസ്റ്റർ ഈ പ്രദേശത്തെ ആദ്യകാല ഖദർ പ്രചാരകനായിരുന്നു. മൊത്തത്തിൽ വളരെ ദുർബലമായ സ്വാധീനമാണ് ഈ പ്രവർത്തനങ്ങൾക്ക് ജനങ്ങൾക്കിടയിലുണ്ടാക്കാൻ കഴിഞ്ഞതെങ്കിൽപോലും തുടർന്നുവന്ന ഗ്രന്ഥശാലാ പ്രസ്ഥാനത്തിന് ആവേശകരമായ അടിത്തറ പാകാൻ ഇതിന് കഴിഞ്ഞിട്ടുണ്ട്.

കർഷക സമരങ്ങളുടെ പശ്ചാതലത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രവർത്തനങ്ങളും നൂറ്റാണ്ടിന്റെ മദ്ധ്യകാലത്തോടുകൂടി ആരംഭിച്ചു. ശ്രീ. പി.ടി. ഭാസ്ക്കരപണിക്കരാണ് ഈ പ്രദേശത്ത് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് അടിത്തറ ഇട്ടവരിൽ പ്രമുഖൻ. സാംസ്ക്കാരിക കേരളത്തിന് ഈ ഗ്രാമം സംഭാവന നൽകിയ അതുല്യനായ പ്രതിഭാശാലിയാണ് ശ്രീ. പി.ടി. ഭാസ്ക്കരപണിക്കരെന്നത് അഭിമാനപൂർവ്വം നമുക്ക് പറയാൻ കഴിയും. ഈ പ്രദേശത്ത് വിദ്യാലയങ്ങളെ പടുത്തുയർത്തി കൊണ്ടുവരുന്നതിൽ മലബാർ ഡിസ്ട്രിക്ട് ബോർഡ് പ്രസിഡണ്ടു കൂടിയായിരുന്ന ഇദ്ദേഹം അനുപമമായ പങ്കാണ് വഹിച്ചത്. ശ്രീ മലപ്പുറം കൃഷ്ണൻകുട്ടി മാസ്റ്റർ, ചേലനാട്ട് മാധവമേനോൻ, നേരത്തെ പ്രസ്താവിച്ച കർഷക സംഘം നേതാക്കന്മാർ എന്നിവരുടെ ത്യാഗപൂർണ്ണമായ പ്രവർത്തനത്തിലൂടെയാണ് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം ഇവിടെ വേരു പിടിക്കുന്നത്.

സാമൂഹ്യ സംഘടനകളുടെ ചുമതലകൾകൂടി രാഷ്ട്രീയ പ്രസ്ഥാനങ്ങൾ തന്നെ ഏറ്റെടുത്തു പ്രവർത്തിക്കുന്ന ഒരു പാരമ്പര്യമാണ് ഇവിടെയുള്ളത്. സാമൂഹ്യ ഉച്ചനിചത്വങ്ങൾക്കെതിരെ ദേശീയ പ്രസ്ഥാനത്തിന്റെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റേയും നേതൃത്വത്തിൽ ചെറുത്തു നിൽപ്പുകളും മുന്നേറ്റങ്ങളും ഉണ്ടായിട്ടുണ്ട്.

സാംസ്ക്കാരികമായ ഉണർവ്വ്

1928 ൽ തന്നെ പഞ്ചായത്തിൽ വായനശാല തുടങ്ങി. അടക്കാപുത്തൂർ കുന്നത്തുമനയുടെ പത്തായപ്പുരയിൽ ഏകദേശം രണ്ടായിരം പുസ്തകങ്ങളുള്ള ഒരു വായനശാലയായിരുന്നു ഇത്. ജാതിവ്യത്യാസങ്ങൾക്കതീതമായി എല്ലാവർക്കും ഈ വായനശാലയിൽ പ്രവേശനം ഉണ്ടായിരുന്നു.1928 ൽ ഇതൊരു വലിയ കാര്യംതന്നെയായിരുന്നു. മാതൃഭൂമി, മനോരമ, മലയാളരാജ്യം, ദീപിക എന്നീ മലയാള പത്രങ്ങളും ആനന്ദവികടൻ, സ്വദേശിമിത്രം എന്നീ തമിഴ് പത്രങ്ങളും ഇവിടെ വരുത്തിയിരുന്നു. മനുഷ്യരെല്ലാം ഒരുപോലെ, എല്ലാവരും പണിയെടുത്തു ജീവിക്കണം

എന്നായിരുന്നു വായനശാലയുടെ മുദ്രാവാക്യം. വായനശാലയുടെ ഭാഗമായി ഏഴ് ചർക്കകളും മൂന്ന് നെയ്ത്തു തറികളും പത്തായപ്പുരയിൽ സജ്ജമാക്കിയിരുന്നു. കാറൽമണ്ണ, ശ്രീകൃഷ്ണപുരം എന്നീ വായനശാലകളുമായി ഈ വയനശാലക്ക് ബന്ധമുണ്ടായിരുന്നു. 1930 നും 60 നും ഇടയിലാണ് പഞ്ചായത്തിലെ മിക്ക വായനശാലകളും ക്ലബ്ബുകളും ഉയർന്നു വന്നത്. അടക്കാപുത്തൂർ നെഹ്രുസ്മാരക വായനശാല, വോളിബോൾ ക്ലബ്ബ്, വെള്ളിനേഴിയിലെ മഹാത്മാ വായനശാല, ഡോ: ചേലനാട്ട് അച്ചുതമേനോൻ സ്മാരക വായനശാല, കുറ്റാനശ്ശേരി വായനശാല, കുറുവട്ടൂർ വായനശാല, കുളക്കാട് വായനശാല എന്നിവ പ്രത്യേകം എടുത്തു പറയേണ്ടതുണ്ട്. ആദ്യകാലത്ത് ജനപങ്കാളിത്തത്തോടുകൂടി പല അനുബന്ധ പ്രവർത്തനങ്ങളും വായനശാലകൾ നടത്തിയിരുന്നു. വെള്ളിനേഴിയിലെ തൂലിക, അടക്കാപുത്തൂരിലെ ഉദയ തുടങ്ങിയ കൈയെഴുത്ത് മാസികകളും വളരെ വിശാലമായി സംഘടിപ്പിക്കപ്പെട്ടിരുന്ന കവി, കാഥിക സമ്മേളനങ്ങളും സവിശേഷമായ ചില പ്രവർത്തനങ്ങളായിരുന്നു. സമ്പന്നമായ ഭൂതകാലത്തിന്റെ പൈതൃകവുമേന്തിക്കൊണ്ട് ദൈന്യതയുടെ ഇടവഴികളിലൂടെ ഈ പ്രസ്ഥാനം ഇന്ന് വേച്ചുവേച്ച് നടക്കുകയാണ്.

ഈ നൂറ്റാണ്ട് മറ്റു പലപ്രദേശങ്ങളിലുമെന്ന പോലെ നമ്മുടെ പഞ്ചായത്തിലും വിദ്യാഭ്യാസ രംഗത്ത് ഒരു മുന്നേറ്റമുണ്ടായകാലഘട്ടമാണ്. നൂറ്റാണ്ടിന്റെ ആരംഭദശയിലും അതിനു മുമ്പുമായി കരുമാനാം കുറിശ്ശി പൊക്കാളത്ത് എഴുത്തശ്ശന്മാരുടെ പരിശ്രമങ്ങളിലൂടെ വെള്ളിനേഴി, അടക്കാപുത്തൂർ, കുറുവട്ടൂർ പ്രദേശങ്ങളിൽ നിലത്തെഴുത്ത് പള്ളിക്കൂടങ്ങൾ ആരംഭിച്ചിരുന്നു. എഴുത്തുപള്ളിയെന്നാണ് ഇവയെ വിളിച്ചിരുന്നത്. വെള്ളിനേഴിയിലെ എഴുത്തു പള്ളി ഒളപ്പമണ്ണ മനയുടെ നേതൃത്വത്തിൽ 1913 ൽ തന്നെ സ്വന്തം കെട്ടിടമുള്ള വിദ്യാലയമായി മാറി. അടക്കാപുത്തൂരും കുറുവട്ടൂരും ഒക്കെത്തന്നെ ആദ്യകാല എഴുത്തുപള്ളികൾ പരിണമിച്ചാണ് ഇന്നുള്ള യു.പി., എൽ.പി. സ്ക്കൂളുകൾ രൂപം കൈണ്ടത്. മലബാർ ഡിസ്ട്രിക്ട് ബോർഡ് പ്രസിഡണ്ട് ശ്രീ. പി.ടി. ഭാസ്ക്കരപണിക്കരും ശ്രീ. ഒ.എം. നീലകണ്ഠൻ നമ്പൂതിരിപ്പാടും ശ്രീ. ഒ.എം.സിയും നേതൃത്വം കൊടുത്തു കൊണ്ട് വിദ്യാഭ്യാസ രംഗത്ത് ജനപങ്കാളിത്തത്തോടു കൂടി ഒരു പുതിയ കാൽവെപ്പ് തന്നെ നമുക്ക് രൂപപ്പെടുത്തിയെടുക്കാൻ കഴിഞ്ഞു.

മദ്രാസ് സർവ്വകലാശാല മലയാളവിഭാഗം തലവനായിരുന്ന ശ്രീ.ചേലനാട്ട് അച്ചുതമേനോൻ, മദ്രാസ് കോർട്ടിലെ ബാരിസ്റ്റർ ആയിരുന്ന സ്വാമിനാഥൻ, മദിരാശി സർവ്വകലാശാലയിൽ രസതന്ത്രം പ്രൊഫസറും ഗ്രന്ഥകർത്താവുമായ തമ്മെ പി.ഭാസ്ക്കരപ്പണിക്കർ, തമ്മെ പി.കൊച്ചുണ്ണിപണിക്കർ, ഡോക്ടർ പുളിയക്കോട്ടിൽ മാലിനി, മലബാറിൽ നിന്ന് എം.എൽ. പാസായ ആദ്യത്തെ വ്യക്തിയും ഡിസ്ട്രിക്ട് ജഡ്ജി.യുമായിത്തീർന്ന പൊതുവാട്ടിൽ തമ്മെ കുണ്ടുണ്ണി പണിക്കർ, തുടങ്ങിയ അക്കാഡമിക് പ്രതിഭകളെ ഈ നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ തന്നെ ലോകത്തിന് കാഴ്ച വെക്കാൻ ഈ ഗ്രാമത്തിന് കഴിഞ്ഞിട്ടുണ്ട്. ഇതിനൊരു മറുവശമുണ്ടായിരുന്നു. വിരലിലെണ്ണാവുന്ന ചിലരെ മാറ്റി നിർത്തിയാൽ വിദ്യാഭ്യാസരംഗത്തേക്ക് വ്യാപകമായി കടന്നുവരാൻ പിന്നോക്ക വിഭാഗത്തിനും സ്ത്രീകൾക്കും കഴിയാത്ത ഒരു സാമൂഹ്യ സാംസ്ക്കാരിക ചുറ്റുപാട്, ഭൂപരിഷ്ക്കരണം വരെ ഈ ഗ്രാമത്തിൽ നിലനിന്നിരുന്നു. ഒരു ഹയർ സെക്കണ്ടറി സ്ക്കൂളടക്കം രണ്ട് ഹൈസ്ക്കൂളുകളും മൂന്ന് യു.പി. സ്ക്കൂളുകളും എട്ട് എൽ.പി. സ്ക്കൂളുകളും അടങ്ങുന്ന നമ്മുടെ പഞ്ചായത്തിലെ ഇന്നത്തെ വിദ്യാഭ്യാസ മേഖല സ്ഥാപനങ്ങളുടെ എണ്ണത്തിന്റെ കാര്യത്തിൽ താരതമ്യേന സമ്പന്നമാണ്. വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്താൻ ഇനിയും ഏറെ കാര്യങ്ങൾ ചെയ്യുതീർക്കാനുണ്ട്.

രാജ്യത്തിന്റെ പൊതു ചരിത്രത്തിന്റെ ഭാഗമായി നമ്മുടെ പഞ്ചായത്തിൽ ഈ നൂറ്റാണ്ടിൽ ഉണ്ടായ പ്രധാനപ്പെട്ട ചരിത്ര സംഭവങ്ങളെ വിശകലനം ചെയ്യാനുള്ള ഒരു പരിശ്രമമാണ് ഇവിടെ നടത്തിയത്. ഇതിനാവശ്യമായ അടിസ്ഥാന വിവരങ്ങൾ ശേഖരിച്ചത് കാരണവന്മാരുമായി മൂന്നു സംഘങ്ങൾ നടത്തിയ ചർച്ചകളിലൂടെയും, ലഭ്യമായ ചരിത്ര രേഖകളുടെ പരിശോധനയിലൂടെയുമാണ്. ഇത് ഒരു അവസാന ശ്രമമല്ല എന്നതിനാൽ ഒട്ടേറെകുറവുകളും പോരായ്മകളും ഈ പ്രതിപാദനത്തിന് സംഭവിച്ചിട്ടുണ്ടായിരിക്കും. ചർച്ചകളിലൂടെ ചരിത്രാഖ്യാനത്തെ സമ്പുഷ്ഠമാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ചരിത്ര രേഖ സെമിനാറിനു മുമ്പാകെ സമർപ്പിക്കുന്നു.



ഭൂവിഭവങ്ങൾ - വിശകലനം

പ്രാദേശികവിഭവങ്ങളെ ആസൂത്രണ പ്രവർത്തനങ്ങളിൽ സമർത്ഥമായി ഉപയോഗപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. ഇതിനാദ്യമായി വിഭവങ്ങളെ ശാസ്ത്രീയമായി പട്ടികപ്പെടുത്തുകയും വിശകലനം ചെയ്യുകയും ചെയ്യേണ്ടതുണ്ട്. വളരെയേറെ സമയവും വൈദഗ്ദ്ധ്യവും ആവശ്യപ്പെടുന്ന ഈ പ്രവർത്തനങ്ങൾ ചുരുങ്ങിയ സമയത്തിനകം പ്രാദേശികമായ സാദ്ധ്യതകളെ ഉപയോഗപ്പെടുത്തി ഏറ്റെടുക്കുക എന്ന വെല്ലുവിളിയാണ് നമ്മുടെ മുന്നിലുള്ളത്. നവംബർ ഒമ്പതാം തിയ്യതി രണ്ടു പഠന സംഘങ്ങൾ പഞ്ചായത്ത് പ്രദേശത്തിന്റെ തെക്കുവടക്കും കിഴക്കുപടിഞ്ഞാറും പഠനപര്യടനം നടത്തിയതിൽ നിന്ന് ലഭിച്ച വസ്തുതകളാണ് ഈ വിശകലത്തിന് അടിസ്ഥാനം.

അക്ഷാംശം 11° 4' 8" (പതിനൊന്ന് ഡിഗ്രി, നാല് മിനുട്ട്, എട്ടു സെക്കന്റിനും) രേഖാംശം 75° 49' 36" (എഴുപത്തഞ്ച് ഡിഗ്രി ; നാല്പത്തൊമ്പത് മിനുട്ട്; മുപ്പത്തിയാറ് സെക്കന്റിനും) അടുത്ത് പാലക്കാട് ജില്ലയുടെ വടക്കുപടിഞ്ഞാറ്റത്തേക്ക് മാറികിടക്കുന്ന പ്രദേശമാണ് നമ്മുടെ പഞ്ചായത്ത്. കേരളത്തിലെ ഭൂമിയുടെ പൊതുവായ കിടപ്പനുസരിച്ച് കിഴക്കു നിന്ന് പടിഞ്ഞാറോട്ട് ചെരിഞ്ഞാണ് നമ്മുടെ ഭൂപ്രദേശവും സ്ഥിതി ചെയ്യുന്നത്.

തെക്കു പൂക്കോട്ടുകാവ്, തൃക്കടീരി പഞ്ചായത്തുകളും വടക്ക് വടക്കേപുഴയും(തൂതപുഴ) പടിഞ്ഞാറ് ചെർപ്പുളശ്ശേരി തൃക്കടീരി പഞ്ചായത്തുകളും കിഴക്ക് ശ്രീകൃഷ്ണപുരം പഞ്ചായത്തുമാണ് ഈ പഞ്ചായത്തിന്റെ അതിർത്തികൾ.

ഭൂപ്രകൃതി

മലനാട്, ഇടനാട്, തീരപ്രദേശം തുടങ്ങിയ കേരളത്തിലെ പൊതുപ്രകൃതി വിഭാഗങ്ങളിൽ കേരളത്തിലെ പൊതുപ്രകൃതി വിഭവങ്ങളിൽ ഇടനാടിലാണ് നമ്മുടെ പഞ്ചായത്ത് ഉൾപ്പെടുന്നത്. പഞ്ചായത്തിനെ ഭൂപ്രകൃതിയനുസരിച്ച് നാലായി തരം തിരിക്കാം.

1. മലകളും കുന്നുകളും
2. കുന്നിൻ ചെരിവുകൾ
3. ഉയർന്ന സമതലം (പറമ്പ്)
4. വയലുകൾ (താഴ്ന്ന സമതലം)

(1) മലകളും കുന്നുകളും

പഞ്ചായത്തിന്റെ ആകെ വിസ്തൃതി ആറായിരത്തി അഞ്ഞൂറ്റി നാല്പത്തിരണ്ട് ദശാംശം എട്ട് മുന്ന് ഏക്കറാണ് (6542.83 ഏക്കർ). ഇതിൽ താരതമ്യേന ചെറിയൊരു ശതമാനമാണ് മലകളുടേയും കുന്നുകളുടേയും വിസ്തൃതി. തെക്കേക്കുന്ന്, അമ്പലംകുന്ന്, കാറലംകുന്ന്, പ്ലാക്കൂട്ടംകുന്ന്, കടുക്കാംകുന്ന്, കിഴക്കേക്കരകുന്ന്, ചങ്ങലോട്ടുപാറ, നെല്ലിപ്പറ്റകുന്ന് എന്നീ കുന്നുകളും ദൂരത്തുമല, ചെറുമല, പന്തലങ്ങാടൻ മല, കുളക്കാടൻ മലയിലെ കൂമ്പൻകുന്നാണ് ഈ പഞ്ചായത്തിലെ ഏറ്റവും ഉയരമുള്ള പ്രദേശം. ജലലഭ്യതയുടെ കാര്യത്തിൽ കുന്നിൻ പ്രദേശങ്ങൾ വളരെ പിന്നിലാണ്. മുൻകാലങ്ങളിൽ സമൃദ്ധമായ ജലസമ്പത്തോടുകൂടിയ ചോലകൾ ഇവിടങ്ങളിലുണ്ടായിരുന്നു. എന്നാൽ ഇന്ന് അവയിൽ ഒന്നിൽ പോലും നീരുറവകളില്ല. കൂമ്പൻചോലയിൽ മാത്രം ഒരു ചെറിയ നീരുറവയുണ്ട്. മണ്ണിന് ജലംസംഭരിക്കാനുള്ള കഴിവ് നഷ്ടപ്പെടുന്നു എന്നതാണ് ഇവിടുത്തെ ഏറ്റവും വലിയ പരിസ്ഥിതി പ്രശ്നം. കുന്നുകൾ മൊട്ടകുന്നുകളായി രൂപാന്തരപ്പെടുകയാണ്. മണ്ണൊലിപ്പ് അതിരൂക്ഷമാണ്. മേൽമണ്ണ് ഒലിച്ചുപോയതിനു ശേഷമുള്ള ഉന്തൻപാറകളും കരിമ്പാറക്കൂട്ടങ്ങളും ബലമുള്ള വെട്ടുകല്ലുമാണ് ഈ പ്രദേശങ്ങളിലുള്ളത്.

തേക്ക്, മരുത്, കയ്നി തുടങ്ങിയ കാട്ടുമരങ്ങളും; കരിമ്പനയും ഇവിടെ കാണുന്നു. കുളക്കാടൻ മല ഏകദേശം നൂറേക്കറോളം വരും. ഇത് സർക്കാർ വനഭൂമിയാണ്. ഇവിടെ കാട്ടുമരങ്ങളുണ്ട്. അതോടൊപ്പം അക്കേഷ്യ നട്ടുവളർത്തിയിട്ടുമുണ്ട്.

കുരങ്ങ് (മൊച്ച, ചെറ്യേക്ക്) മയിൽ, മുള്ളൻപന്നി, കാട്ടുപന്നി മുതലായവയെ പ്രത്യേകിച്ച് കുളക്കാടൻ മലയിൽ കണ്ടുവരുന്നു. കുരങ്ങ് വൃക്ഷഫലങ്ങളേയും പന്നി മറ്റു വിളകളേയും വ്യാപകമായി ആക്രമിച്ച് നശിപ്പിക്കുന്നുണ്ട്.

(2) കുന്നിൻ ചെരിവുകൾ

വളരെ ഗണ്യമായ ഭൂവിസ്തൃതിയുള്ള പ്രദേശമാണ് കുന്നിൻ ചെരിവുകൾ. വ്യാപകമായി പുരയിടങ്ങളും തോട്ടങ്ങളുമായി ഈ ഭൂവിഭാഗത്തെ ഉപയോഗപ്പെടുത്തുന്നുണ്ട്. താരതമ്യേന ഫലഭൂയിഷ്ഠതയുള്ള ചുവന്ന ലാറ്ററൈറ്റ് മണ്ണാണ് ഇവിടെയുള്ളത്. രൂക്ഷമായ മണ്ണൊലിപ്പ് ഇവിടത്തെ പ്രധാന പ്രശ്നം. ഭൂമി തട്ടുതട്ടായി തിരിക്കാത്തതും സ്ഥലജലമാനേജ്മെന്റിന് ഒരു ഉപാധിയും സ്വീകരിക്കാത്തതും ഈ പ്രശ്നത്തിന്റെ ഗൗരവം വർദ്ധിക്കുന്നു. ജനങ്ങൾക്ക് ഇതിന്റെ പ്രാധാന്യത്തെപ്പറ്റി യാതൊരു ബോധവുമില്ല എന്നാണ് കണ്ടെത്തുന്നത്. താരതമ്യേന ജലലഭ്യത കുറഞ്ഞ പ്രദേശമാണിത്. എന്നാൽ ചില പോക്കറ്റുകളിൽ സമൃദ്ധമായ ജലവിഭവങ്ങളുണ്ട്. വീട്ടുവളപ്പിലെ വൃക്ഷങ്ങളും നട്ടു വളർത്തുന്ന തെങ്ങ്, റബ്ബർ തുടങ്ങിയവയാണ് പ്രധാനപ്പെട്ട സസ്യസമ്പത്ത്. വളർത്തു മൃഗങ്ങളും നാടൻ പക്ഷികളുമാണ് പ്രധാനമായും ജൈവ സമ്പത്തിൽപ്പെടുന്നത്. വെട്ടുകൽകൃഷി വ്യവസായിക അടിസ്ഥാനത്തിൽ ഇവിടെ പ്രവർത്തിക്കുന്നുണ്ട്.

(3) ഉയർന്ന സമതലം (പറമ്പ്)

പഞ്ചായത്തിന്റെ വിസ്തൃതിയിൽ ഏറ്റവും കൂടുതൽ ഭാഗം ഉൾക്കൊള്ളുന്നത് ഈ വിഭാഗത്തിലാണ്. പശിമയുള്ള ചുവന്ന ലാറ്ററൈറ്റ് മണ്ണാണ് ഇവിടെ ഉള്ളത്. വെട്ടുകല്ലുകളും ചീങ്കണ്ണിപ്പാറകളും ഇടക്കിടക്ക് ഉണ്ട്. താരതമ്യേന മൺപാളികൾക്ക് കനം കൂടുതലുള്ള പ്രദേശമാണിത്. കാലവർഷം പിൻവാങ്ങുന്നതോടുകൂടി ഈ പ്രദേശത്ത് ജലക്ഷാമം അതിരൂക്ഷമാണ്. മണ്ണൊലിപ്പും, സ്ഥലജല മാനേജ്മെന്റിന്റെ അഭാവവും പ്രശ്നം രൂക്ഷമാകുന്നു. പറമ്പിലെ വേലികൾ കരിങ്കൽ മതിലുകൾക്കും, കമ്പിവേലികൾക്കും വഴിമാറിക്കൊണ്ടിരിക്കുന്നു. ഇത് ഒരു പരിസ്ഥിതി പ്രശ്നമായി രൂപം കൊള്ളാനുള്ള സാഹചര്യം നിൽക്കുകയാണ്. തോട്ട വിളകളും വീട്ടു വൃക്ഷങ്ങളുമാണ്. ഈ മേഖലയിലെ പൊതുവായ സസ്യവരണം. പരമ്പരാഗതമായി നിർവ്വഹിക്കുന്ന വെറ്റില കൃഷി പ്രത്യേകം എടുത്തുപറയേണ്ടതാണ്.

(4) വയലുകൾ (താഴ്ന്ന സമതലം)

പതിനേഴ് പാടശേഖരങ്ങളിലായി ഏകദേശം ആയിരത്തി നാന്നൂറ്റി പതിനെട്ട് ഏക്കർ (1418) സ്ഥലമാണ് ഈ മേഖലയിൽ ഉൾപ്പെടുന്നത്. ഇതിൽ ഒരുപൂവ്വൽ നിലങ്ങളും, ഇരുപൂവ്വൽ നിലങ്ങളും, മൂപ്പൂവൽ നിലങ്ങളുമുണ്ട്. ഭക്ഷ്യ ധാന്യത്തിന്റെ ഉല്പാദനം നടക്കുന്നത് ഈ മേഖലയിലാണ്. ഫലഭൂയിഷ്ഠതയുള്ള ചേറാണ് ഇവിടെയുള്ളത്. മൺകനം തീരെ കുറവാണ്. ചേറിന് തൊട്ടുതാഴെ വെട്ടുകല്ലിന്റെ ഒരു തട്ട് ഉണ്ട്.

സസ്യാവരണം

മുഖ്യ സസ്യാവരണം നെല്ലാണ്. ചില സ്ഥലങ്ങളിൽ വാഴയും മറ്റ് തോട്ടവിളകളും കാണാം. പോതുവെ ജലലഭ്യത കൂടുതലുള്ള മേഖലയാണിത്. പക്ഷെ വിള ഭൂമി എന്ന നിലയിൽ രണ്ടാം വിളക്ക് ജലക്ഷാമം പൊതുവിൽ അനുഭവപ്പെടുന്നുണ്ട്. ജലസ്രോതസ്സുകൾ അവഗണിക്കപ്പെടുന്നു എന്നുള്ളതാണ് മുഖ്യമായ പ്രശ്നം. വയൽ കുളങ്ങളും തോടുകളുംഉപയോഗ്യ ശൂന്യമായി കൊണ്ടിരിക്കുന്നു.

വയലുകളിൽ മണ്ണൊലിപ്പ് വളരെയേറെയുണ്ട്. വരമ്പുകൾ ബലപ്പെടുത്താത്ത കൃഷിരീതിയാണ് ഇന്നധികവും കാണുന്നത്. അതുകൊണ്ട് സസ്രോബുങ്ങളിലൂടെ രൂപപ്പെടുവന്ന ജീവകദായകമായ മേൽമണ്ണ് തോടുകളിലൂടെ, പുഴകളിലൂടെ സമുദ്രങ്ങളിൽ എത്തിച്ചേരും.നമുക്ക് സംഭവിക്കുന്ന ഗൗരവമാർന്ന ഈ നഷ്ടത്തെക്കുറിച്ച് വേണ്ടത്ര ബോധം തീരെ നടക്കുന്നില്ല. പൊതു നീർച്ചാലുകളുടെ അഭാവം ഈ മേഖലയുടെ മുഖ്യപ്രശ്നമാണ്.

ജലവിഭവം

ഏകദേശം ആറുകിലോമിറ്റർ നീളം ഈ പഞ്ചായത്തിന്റെ വടക്കൻ അതിർത്തിയിലൂടെ ജലവിഭവ സമ്പന്നമായ തൂതപുഴ (വടക്കെപുഴ) ഒഴുകുന്നു. ഇതിനിടയിൽ പുഴയിൽ അഗാധമായ രണ്ട് കയങ്ങളുണ്ട്. പക്ഷെ ദൗർഭാഗ്യകരമെന്ന് പറയട്ടെ പുഴയിലെ ദലവിഭവത്തിന്റെ ഭരണപരമായ യാതൊരു അവകാശവും നമ്മുടെ പഞ്ചായത്തിനില്ല. പഞ്ചായത്തിലുള്ള മറ്റൊരു ജലസ്രോതസ്സാണ് തോടുകളും കൈത്തോടുകളും. ചെറുതും വലുതുമായി പന്ത്രണ്ടു തോടുകളുണ്ട്. ഇവ എല്ലാകൂടി മുപ്പത്തിനാലര കിലോമീറ്റർ നിളമുണ്ട്. ഏകദേശം ധനു, മകരമാസം വരെ ഇവയിൽ വെള്ളമൊഴുകാറുണ്ട്. പുളിയൻ തോട്, കുണ്ടൻതോട്,അടക്കാപുത്തൂർ തോട് എന്നിവയിൽ താരതമ്യേന കൂടുതൽ ജലസമ്പത്തുകളുണ്ട്. പഞ്ചായത്തിൽ ഒമ്പത് പൊതുകുഴൽ കിണറുകളും നാല്പത്തിനാല് പൊതുകിണറുകളും, പന്ത്രണ്ടു പൊതു കുളങ്ങളുമുണ്ട്. സ്വകാര്യ മേഖലയിൽ ധാരാളം കുളങ്ങളുണ്ട്. വെള്ളിനേഴിയിലെ രണ്ട്

കാറികളിൽ വലിയ അളവിൽ ജലസമ്പത്തുണ്ട്. വെള്ളിനേഴിയിൽ വളരെ ദുർബല്യങ്ങളോടുകൂടിയ ഒരു ശുദ്ധജല പദ്ധതിയുണ്ട്. ഭൂഗർഭജലസമ്പത്തിന്റെ കാര്യത്തിലും ഈ പഞ്ചായത്ത് സമ്പന്നമാണെന്നുതന്നെ പറയാം. ജലസമ്പത്തിനെ ശാസ്ത്രീയമായി സംരക്ഷിക്കാനും ഉപയോഗപ്പെടുത്താനുമുള്ള ബോധപൂർവ്വമായ ശ്രമങ്ങൾ നടക്കാത്തതിനാൽ ഈ മേഖല വളരെ വിപൽക്കരമായ ഘട്ടത്തെ നേരിട്ടുകൊണ്ടിരിക്കുകയാണ്.

കാലാവസ്ഥ

മഴക്കാലം, തണുപ്പുകാലം, വേനൽക്കാലം, എന്നീ കാലാവസ്ഥാ ഭേദങ്ങളാണ് ഇവിടെ അനുഭവപ്പെടുന്നത്. ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ കാലവർഷവും ഒക്ടോബർ, നവംബർ മാസങ്ങളിൽ തുലാവർഷവും ലഭിക്കുന്നു. മഴയുടെ സിംഹഭാഗം കാലവർഷക്കാലത്താണ് കിട്ടുന്നത്. തുലാവർഷം താരതമ്യേന ദുർബലമാണ്. കേരളത്തിൽ ശരാശരി 3000 മില്ലീമീറ്റർ മഴ ലഭിക്കുന്നു. 2329 മില്ലീമീറ്റർ മഴയാണ് പാലക്കാട് ശരാശരിയായി ലഭിക്കുന്നത്. ഇതിനോട് ഏകദേശം അടുത്തു നിൽക്കുന്ന വർഷപാതമാണ് നമ്മുടെ പഞ്ചായത്തിന് ലഭിച്ചുകൊണ്ടിരിക്കുന്നത്. വേനൽ അതികഠിനമായി അനുഭവപ്പെടുന്ന മാസങ്ങളാണ് ഫെബ്രുവരി, മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങൾ. ഡിസംബർ, ജനുവരി മാസങ്ങൾ തണുപ്പുകാലമാണ്. ഈ കാലത്ത് തീരെ മഴ കിട്ടാറില്ല. വേനൽകാലത്ത് അപൂർവ്വമായി മഴ കിട്ടാറുണ്ട്. സാങ്കേതികമായി കാർഷിക കാലാവസ്ഥാ ഉപ വിഭാഗങ്ങളിൽ സെന്ററൽ മിഡ്‌ലാന്റ് മേഖലയിലാണ് നമ്മുടെ പഞ്ചായത്ത് ഉൾപ്പെടുന്നത്.

പരിസ്ഥിതി

പരിസ്ഥിതി പ്രശ്നങ്ങളെ കുറിച്ച് കൃത്യമായ അവബോധമില്ല എന്നതാണ് ഈ രംഗത്തെ ഏറ്റവും വലിയ വെല്ലുവിളി. ഭൂപ്രകൃതിക്ക് നിരക്കാത്ത കൃഷി രീതികൾ, പ്രകൃതി വിഭവങ്ങളുടെ അശാസ്ത്രീയമായ ചൂഷണം, വന്യ ജീവികളുടെ നാശം തുടങ്ങിയവ പരിസ്ഥിതി പ്രശ്നങ്ങൾക്ക് നിദാനമായിട്ടുണ്ട്. പണ്ടുകാലത്ത് കുളക്കാടൻ മലയിൽ പുലി, നരി തുടങ്ങിയ ജൈവസമ്പത്തിന്റേയും നിബിഡമായ സസ്യസമ്പത്തിന്റേയും വൻശേഖരമുണ്ടായിരുന്നു.

ക്രഷർ യൂണിറ്റ് സസ്യജാലങ്ങളുടെ നാശം, വായു മലിനീകരണം തുടങ്ങിയ അനേകം പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ഇത്തരം പ്രകൃതിവിഭവ ചൂഷണം കൂടുതൽ ശാസ്ത്രീയമാക്കേണ്ടതുണ്ട്. കുളക്കാടൻ മലയിലെ സർക്കാർ വനഭൂമിയിലും താഴ്വരപ്രദേശങ്ങളിലും വ്യാപകമായി അക്കേഷ്യ നട്ടുപിടിപ്പിച്ചിട്ടുണ്ട്. ഇതുകാരണം ജലസ്രോതസ്സുകൾ വറ്റിപ്പോവുകയും കരിമ്പനകൾ കൂട്ടത്തോടെ ഉണങ്ങുകയും ഉണ്ടായിട്ടുണ്ട്. അക്കേഷ്യ മരത്തിന്റെ പൂമ്പൊടി ആസ്ത്മക്ക് കാരണമാകുന്നു.

എല്ലാ ഭൂവിഭാഗങ്ങളിലും രൂക്ഷമായി അനുഭവപ്പെടുന്ന മണ്ണൊലിപ്പ് അടിയന്തിരമായി തിരിച്ചറിയപ്പെടേണ്ട, പരിഹരിക്കപ്പെടേണ്ട അതിഗൗരവമാർന്ന പരിസ്ഥിതി പ്രശ്നമാണ്. വ്യത്യസ്തങ്ങളായ ഇനങ്ങളിൽപെട്ട ധാരാളം ശുദ്ധജല മത്സ്യങ്ങൾ കൂട്ടത്തോടെ ചത്തൊടുങ്ങുന്നു. കണ്ണൻ (ബ്രാൽ) എന്ന ശുദ്ധജലമത്സ്യത്തെ ഇന്ന് കാണാനില്ല. അശാസ്ത്രീയമായ രാസവള കീടനാശിനി പ്രയോഗങ്ങളാവാം ഈ ദുരവസ്ഥയ്ക്ക് കാരണം. തവളകൾ, ഞാഞ്ഞൂലുകൾ തുടങ്ങിയവയെപ്പോലും ഇതു ബാധിക്കുന്നു.

കൺവെട്ടത്തിലെ പക്ഷിമൃഗാദികൾ

മൃഗങ്ങൾ	പക്ഷികൾ
ആട്, പശു, എരുമ കാള, ആന, നായ, പട്ടി പോത്ത്, മൊച്ച, പന്നി, മുള്ളൻപന്നി, മുയൽ, പൂച്ച വെരുക്, കീരി, കുറുക്കൻ	അമ്പലപ്രാവ്, കാക്ക, കോഴി, താറാവ്, പ്രാവ്, മൈന, തത്ത നീലക്കോൽവാലൻ, കുയിൽ, തൂക്കണാംകുരുവി, തിത്തിരിപ്പക്ഷി, പൂത്താൻ കീരി, കുരുത്തോലവാലൻ പക്ഷി, മയിൽ, പുള്ളിക്കുയിൽ ഇരട്ടവാലൻ, വേഴാമ്പൽ, കുളക്കോഴി, കാട, ചപ്പിലക്കോഴി,, മരംകൊത്തി, പഞ്ചവർണ്ണക്കിളി, പൊൻമാൻ, കാലൻകോഴി, കൂമൻ നത്ത്, ചകോരം, കൊക്ക്, കറുത്ത കൊക്ക്, പൊകണ, വേഴാമ്പൽ

കുളക്കാടൻ - അടക്കാപുത്തൂർ റോഡിന്റെ ഇരുവശവും ടിപ്പുസുൽത്താന്റെ കാലത്ത് നട്ടുവളർത്തിയ വൻതണൽ മരങ്ങൾ മുറിച്ചുമാറ്റപ്പെട്ടിട്ടുണ്ട്. റോഡുനിർമ്മാണവുമായി ബന്ധപ്പെട്ട് മരങ്ങളുടെ കീഴിലുള്ള മണ്ണ് വെട്ടിയെടുത്തും മറ്റും മരങ്ങൾ പുഴങ്ങി വീഴുന്ന വിധമാക്കി പരിസ്ഥിതിക്ക് പ്രശങ്ങൾ സൃഷ്ടിക്കുന്നു. അവശേഷിക്കുന്ന മരങ്ങളെങ്കിലും നിലനിർത്തേണ്ടത് അത്യന്താപേക്ഷിതമാണ്. ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, പൊതുജനങ്ങൾ എന്നിവർക്ക് പരിസ്ഥിതി ബോധവൽക്കരണം നടത്തേണ്ടതാണ്.

കാഞ്ഞിരപ്പുഴ പദ്ധതിയുടെ കനാലുകളും നീർച്ചാലുകളും പാരിസ്ഥിതിക പ്രശ്നമായി ആവശേഷിക്കുന്നു. പ്രകൃതിദത്തമായ നീരുറവുകൾ ഈ പദ്ധതി കാരണം വറ്റിപ്പോയിട്ടുണ്ട്. മഴയുടെ അളവിന്റെ കുറവ് മഴയെ ആശ്രയിച്ച് കഴിയുന്ന കർഷകനെ പ്രതിസന്ധിയിലാക്കുന്നു. സാമൂഹ്യ വനവൽക്കരണം എല്ലാ അർത്ഥത്തിലും പൊതുജനോപകാരപ്പദമായ രീതിയിൽ നടപ്പിലാക്കാൻ ജനകീയാസൂത്രണത്തിന് അതിനോടനുബന്ധിച്ച് നടത്തുന്ന ജനജാഗരണ പരിപാടികൾക്കും കഴിയുമെന്ന് കരുതുന്നു.

ജനവിഭവത്തേയും ജലവിഭവത്തേയും ഉപയോഗപ്പെടുത്തിക്കൊണ്ട് വികസന പ്രവർത്തനങ്ങൾക്ക് രൂപം നൽകാൻ ഈ ആസൂത്രണ പ്രവർത്തനത്തിലൂടെ നമുക്ക് കഴിയണം. ഇതിന് പ്രാദേശിക വിഭവങ്ങളെ കൂടുതൽ ശാസ്ത്രീയമായി പട്ടികപ്പെടുത്തേണ്ടതുണ്ട്. വരും കാലങ്ങളിൽ നമുക്ക് ഈ രംഗത്ത് ഏറ ചെയ്യാൻ കഴിയുമെന്ന് ആശിക്കുന്നു.

ആശംസകളോടെ

QUADS COMPUTERS

SREEKRISHNAPURAM



കൃഷിയും ജലസേചനവും

വെള്ളിനേഴി പഞ്ചായത്തിൽ ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ തന്നെ കാർഷികവൃത്തി പ്രധാന പ്രവൃത്തിയായും ജീവിതമാർഗ്ഗമായും സ്വീകരിച്ചു വന്നിരുന്നു. ആരംഭഘട്ടത്തിൽ നെല്ലും അല്പം കിഴങ്ങുവർഗ്ഗങ്ങളും കൃഷിചെയ്തിരുന്ന ഒരുപ്പൂവൽ, ഇരുപ്പൂവൽ നിലങ്ങളും തെങ്ങും, കവുങ്ങും, മാവും, പ്ലാവും, ഇടക്ക് കുരുമുളകും വെറ്റിലയും കൃഷിചെയ്തു വന്ന കുടിയിരുപ്പുകളും ഇടചേർന്നു നിന്നതായിരുന്നു.

ഭൂമി ദേവസ്വവും ബ്രഹ്മസ്വവും ആയിരുന്നു. വളരെ കുറച്ചു മറ്റു ജന്മികളും ഇല്ലാതിരുന്നില്ല. കൃഷി തികച്ചും കാലവർഷത്തെ മാത്രം ആശ്രയിച്ചായിരുന്നു. യഥാർത്ഥ കൃഷിക്കാരായ വയലിലെ പ്രവർത്തികൾ നടത്തിയിരുന്നവരും ഇടത്തട്ടുകാരായ കാണാവകാശികളും ഭൂമിയുടെ ഉടമസ്ഥന്മാരെന്ന ജന്മിമാരും അടങ്ങിയതായിരുന്നു ഈ മേഖല. ഇതിൽ പാടത്തു പണിയെടുക്കുന്നവരുടെ അദ്ധ്വാനഫലം അനുഭവിക്കാൻ വ്യവസ്ഥാപിതമായി നിശ്ചയിക്കപ്പെട്ടമാതിരിയാണ് കാണാവകാശികളും ജന്മികളും നിലനിന്നത്. ജന്മികളും കാർഷിക മേഖലയിലെ ജോലികളിലേർപ്പെട്ടുവന്ന കൃഷിക്കാരനും കർഷക തൊഴിലാളികളും തമ്മിൽ കാര്യസ്ഥന്മാർ, കാണാവകാശികൾ എന്നീ രണ്ടു ഇടനിലക്കാർ മുഖാന്തിരം മാത്രമേ ബന്ധപ്പെടാൻ കഴിഞ്ഞിരുന്നുള്ളൂ. ഇതിനാൽ ജന്മികളെന്ന മേൽത്തട്ടുകാരും കർഷകതൊഴിലാളികളെന്ന ഒരെളിയ വർഗ്ഗവും ഇടത്തരക്കാരുടെ ഒരു മദ്ധ്യനിരയും ഉയർന്നു വന്നു. ഇതുകാരണം കൃഷിഭൂമിയിലെ ഉൽപാദനവസ്തുവിതരണത്തിൽ ഒരു വിപരീതമാറ്റം വന്നുചേർന്നു. അതായത് ഉൽപാദനത്തിൽ യാതൊരു ബന്ധവും ഇല്ലാത്ത വലിയൊരു സമൂഹത്തെ തീറ്റിപ്പോറ്റേണ്ടുന്ന ചുമതല കർഷകനിൽ മാത്രം വന്നു നിന്നു. ഈ കർഷകനാകട്ടെ കാർഷിക മേഖലയിൽ യാതൊരുവിധ പുതുമകളും വന്നുഭവിക്കാതെ തുടങ്ങിയേടത്തുതന്നെ അവസാനിപ്പിക്കേണ്ടതായി വന്നു. ഉൽപാദനചിലവും ഉൽപന്നവും തമ്മിൽ വലിയ വിടവ് ഉണ്ടായി. ഇതുകാരണം കർഷകതൊഴിലാളിക്ക് ഒരു നാരായം നെല്ലിന് വരെ പകലന്തിയോളം പണിയെടുക്കേണ്ട അവസ്ഥ നിലവിൽവന്നു. തീരെ അസന്തുഷ്ടരും അപര്യാപ്ത വേതനത്താൽ ദുരിതത്തിലകപ്പെട്ടവരുമായ ഈ വിഭാഗം ഈ അവസ്ഥയിൽനിന്നുകൊണ്ടുതന്നെ ഈ വ്യവസ്ഥിതിക്കെതിരായി ചിന്തിക്കാനും പ്രതികരിക്കാനും തുടങ്ങി. പാട്ടബാക്കികേസുകളും, പാട്ടക്കോടതികളും ഒഴിപ്പിക്കലുകളും മർദ്ദനമുറകളും ഈ അവസ്ഥയിൽ സാധാരണമായിരുന്നു.

ഇതിന്നെതിരായ ഒരു പ്രസ്ഥാനം ഉരുത്തിരിഞ്ഞ് വരുകയും വെള്ളിനേഴി ഗ്രാമം ഇവർക്കൊപ്പം നിലകൊള്ളുകയുമാണുണ്ടായത്. ജന്മിത്തം അവസാനിക്കയും ഭൂമി സർക്കാറിൽ നിക്ഷിപ്തമാവുകയും ചെയ്തു.

കർഷകർ ഇത്തരത്തിൽ ജന്മികളിൽ നിന്നും മോചനം നേടിയെങ്കിലും അത് ഉൽപാദനമേഖലയിൽ ഗുണപരമായ ഒരു മാറ്റമാണ് വരുത്തിയതെന്ന് തറപ്പിച്ചു പറയാൻ വയ്യ.

നെല്ല്

പഞ്ചായത്തിലെ ഇന്നത്തെ കാർഷിക മേഖലയിൽ ഏതുകൊണ്ടും മുൻഗണന നെൽകൃഷിക്കുതന്നെയാണ്. ഏകദേശം 1418 ഏക്കർ സ്ഥലത്ത് നെൽകൃഷി നടത്തി വരുന്നു. ഇതിൽ വിരിപ്പ് 1418 ഏക്കറും മുണ്ടകൻ 1100 ഏക്കറും പുഞ്ച 200 ഏക്കറും വരുമെന്നാണ് കണക്ക്. 3 വിളകളിലും കൂടി സുമാർ 2300 ടൺ നെല്ലാണ് ഇവിടെ ഉൽപാദിപ്പിക്കപ്പെടുന്നത്. ഈ മേഖലയിൽ ഇപ്രദേശത്തു നിന്നു ലഭിക്കുന്ന പച്ചിലവളങ്ങളും, കാലിവളങ്ങളും ഈയിടയായി അയൽ സംസ്ഥാനങ്ങളിൽ നിന്നും വരുന്ന കോഴി, ആട് വളങ്ങളും ആണ് നൈസർഗ്ഗികവളമായി ഉപയോഗിച്ചു വരുന്നത്. ജീവാണുവളം പ്രചാരത്തിൽ വന്നുകൊണ്ടിരിക്കുന്നതേയുള്ളൂ.

പ്രധാനമായി നേർവളങ്ങളായ യൂറിയ, പൊട്ടാഷ്, മസൂരിഫോസ് എന്നിവ ഉപയോഗിക്കാനാണ് താല്പര്യം കാണുന്നത്. ഈപ്രദേശത്ത് ആകെ ചെലവായ 175000 കിലോ രാസവളങ്ങളിൽ ഏകദേശം 125000 കിലോഗ്രാമും നെൽവയലുകളിലാണ് ഉപയോഗിക്കപ്പെട്ടിരിക്കുന്നത്. 1993-94 ൽ നിന്ന് 94-95 ലേക്ക് കടന്നപ്പോൾ വിലവർദ്ധനവു കാരണം 32000 കിലോവിന്റെ കുറവാണ് കാണിച്ചത്. 1995-96 ൽ ഉപയോഗം 181000 കിലോഗ്രാം ആയി ഉയർന്നു. ശരാശരി ഒരുവർഷം 32 ലിറ്റർ ദ്രവകീടനാശിനികളും 1600 കിലോഗ്രാം ഖരകീടനാശിനികളും ഉപയോഗിക്കപ്പെട്ടിരിക്കുന്നു. കുമിൾ നാശിനികളും ജൈവകീടനാശിനകളും രംഗത്തുണ്ട്.

നാടൻ വിത്തിനങ്ങൾ

പരമ്പരാഗതമായി ഗ്രാമീണ കർഷകർ ഉപയോഗിച്ചു വന്നിരുന്ന പല നാടൻ നെൽവിത്തിനങ്ങൾ ഇന്ന് വംശനാശം നേരിട്ടുകൊണ്ടിരിക്കുകയാണ്. അത്യുൽപ്പാദനശേഷിയുള്ള വിത്തിനങ്ങളല്ല ഇവയിൽ പലതുമെങ്കിലും, ഉയർന്ന രോഗപ്രതിരോധശേഷി ഇവക്കുണ്ട്. എന്നാൽ നാടൻ വിത്തിനങ്ങളെ പരിപാലിക്കേണ്ടതും ഇവയെ വംശനാശത്തിൽനിന്ന് രക്ഷിക്കേണ്ടതും അത്യന്താപേക്ഷിതമാണ്.

നെൽവിത്തിലെ കാരണവന്മാർ

തവളക്കണ്ണൻ	ചിറ്റേനി	നവര	അരുവക്കാലി
അന്നച്ചെമ്പാൻ	തെക്കൻചീര	കുമ്പളം	കറുത്തുണ്ടൻപാല
വെളുത്തിരിക്കഴമ	പറമ്പുവട്ടൻ	പാറൻചിറ്റേനി	വെളുത്തുണ്ടൻപാല
കഴമ	ചേറ്റാടി	താനിയൻ	ഓണവട്ടൻ
ചെങ്കഴമ	ചുവന്നചേറ്റാടി	വട്ടൻ	കട്ടമോടൻ
ആര്യൻ	കവുങ്ങിൻപൂത്താട	ചെറുവെള്ളരി	അരിക്കിലാരി.
പൊന്നാര്യൻ	ചുവന്നമുണ്ടകൻ		

തെങ്ങ്

നെല്ലിന്റെ തൊട്ടടുത്തസ്ഥാനം തെങ്ങുകൃഷിക്കാണ്. സുമാർ 1000 ഏക്കർസ്ഥലത്ത് 50000 ത്തിനടുത്ത് തെങ്ങുകളാണിവിടെ കണക്കാക്കപ്പെട്ടിരിക്കുന്നത്. വീട്ടുവളപ്പുകളിൽ മറ്റുഫലവൃക്ഷങ്ങളായ പ്ലാവ്, മാവ്, പുളി എന്നിവയുമായി ഒരു സമ്മിശ്രവിളയായിട്ടാണ് ഇതിൽ ഏറിയ പങ്കും. തനിവിളയായി ശാസ്ത്രീയ വിളയിൽ കൃഷിചെയ്യുന്നിടങ്ങളിൽ ശരാശരി 100 തേങ്ങ പ്രതിശീർഷം ലഭിക്കുമ്പോൾ വീട്ടുവളപ്പുകളിൽ മറ്റു വിളകളോട് മൽസരിച്ചു വളരുന്നവ വളരെ താഴ്ന്ന ഏകദേശം 35 തേങ്ങയാണ് തരുന്നത്. ഇത് വിരൽ ചൂണ്ടുന്നത് തെങ്ങുകൃഷിയിൽ ഒരു ശാസ്ത്രീയ അവബോധം വളർത്തേണ്ടതിന്റെ ആവശ്യകതയിലേക്കാണ്. തെങ്ങുകൃഷിയിടങ്ങളിൽ കാണപ്പെടുന്ന മറ്റൊരു ന്യൂനത വളരെ അടുപ്പിച്ചു വെക്കുന്നതുകൊണ്ട് സൂര്യപ്രകാശത്തിന്റെ കുറവുകാരണമുണ്ടാകുന്ന ഉല്പാദനകുറവാണ്. ഉല്പാദനക്ഷമത വർദ്ധിപ്പിക്കാനായി നല്ലൊരു ജലപരിപാലന രീതിയും ആവശ്യമത്രേ.

തേങ്ങ ഉല്പാദനത്തിൽ കേരളം, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളുടെ പങ്ക് (ശതമാനത്തിൽ)

വർഷം	കേരളം	തമിഴ്നാട്
1951-56	69.88	10.83
1961-66	67.55	15.09
1969-74	65.59	25.60
1974-78	58.39	18.93
1979-81	51.72	22.34
1982-85	48.19	23.25
1990-91	43.63	-

കേരളത്തിലെ നെൽകൃഷി സംബന്ധിച്ച വിശദാംശങ്ങൾ

വർഷം	വിത	ഉല്പാദനം	ഉല്പാദനക്ഷമത
	വിസ്തീർണ്ണം (1000 ഹെക്ടർ)	(1000 ടൺ)	(കി.ഗ്രാം)
1973-74	894	1257	1440
1980-81	802	1272	1587
1985-86	678	1173	1729
1990-91	559	1086	1942
1991-92	541	1060	1959
1992-93	537	1084	2018
1993-94	507	1004	1977
1994-95	503	978	1943

അവലംബം: സംസ്ഥാന പ്ലാനിംഗ് ബോർഡ്.

റബ്ബർ

റബ്ബർകൃഷി വളരെവേഗം ഈപ്രദേശത്തേക്ക് വ്യാപിച്ചു വരുകയാണ്. നെൽകൃഷി മേഖലയായിരുന്ന ഞാറ്റുപള്ള്യാലുകളും വീട്ടുവളപ്പുകളും മറ്റു ഒരുപ്പു നിലങ്ങളും റബ്ബർതോട്ടങ്ങളായി കഴിഞ്ഞു. RRI - 105 ആണ് വ്യാപകമായി പ്രചാരമുള്ള ഇനം. താരതമ്യേന മെച്ചപ്പെട്ട ഉല്പാദനക്ഷമതയുമുണ്ട്. തോട്ടങ്ങളിൽ വെച്ചുതന്നെ ഷീറ്റാക്കുന്ന പ്രവണത, പാൽ നേരിട്ട് വിപണനം നടത്തുന്ന രീതിയിലേക്ക് നീങ്ങുകയാണ്.

വാഴകൃഷി

നേന്ത്രവാഴകൃഷിയാണ് ഈയിടയായി ഈ പ്രദേശത്തേക്ക് കടന്നുവന്നിരിക്കുന്നത്. പണ്ടു കിണറുകളിൽ നിന്നും കുളങ്ങളിൽ നിന്നും ഏത്തംകൊണ്ട് വെള്ളം തേവി ആഴംകൂടിയ ചാലുകളിലായിരുന്നു ഓണത്തിന് വെട്ടാൻതക്കവണ്ണം നേന്ത്രവാഴകൃഷി ചെയ്തിരുന്നത്. എന്നാൽ ഇന്ന് നെൽവയലുകളിൽ നേരിട്ടു വാഴവെച്ച് മണ്ണുകൂനകളാക്കിയാണ് കൃഷിചെയ്യുന്നത്. ഇതിന് സാധാരണ കുംഭവാഴ എന്നു പറയുന്നു. ഇത് ചെർപ്പുളശ്ശേരി മാർക്കറ്റിൽ വിറ്റഴിക്കാൻ എളുപ്പമായതിനാലും താരതമ്യേന കുറഞ്ഞ അളവിൽ മാത്രം തൊഴിലാളികളേ ആവശ്യമുള്ളു എന്നതിനാലും നല്ല ലാഭം പ്രതീക്ഷിക്കാവുന്നതിനാലും നെൽവയലുകളിലേക്ക് വാഴകൃഷി വ്യാപിക്കുന്ന പ്രവണതയാണുള്ളത്.

മരച്ചീനി

ഒരുകാലത്ത് വളരെ വ്യാപകമായി കൃഷിചെയ്യുവന്ന മറ്റൊരു വിളയാണ് മരചീനി. ഇപ്രദേശത്ത് ഒരു ഇടവേളയിൽ ഒട്ടുവളരെ പ്രോസസ്സ് ചെയ്യുന്ന മില്ലുകൾ സ്ഥാപിക്കപ്പെടുകപോലുമുണ്ടായി. കാലാവസ്ഥയുടെ പ്രതികൂലാവസ്ഥ കാരണം ഈ സ്റ്റാർച്ച് മില്ലുകൾ ഫലപ്രദമായി പ്രവർത്തിപ്പിക്കുവാൻ കഴിയുകണ്ടായില്ല. അതിനുശേഷം കുറച്ചുവർഷം കൂടി പിടിച്ചുനിന്ന ഈ വിള പാടെ അവഗണിക്കുവാൻ കാരണം മിക്കപറമ്പുകളും തോട്ടവിളകളായ തെങ്ങും റബ്ബറും വെക്കുക കാരണം സ്ഥലം ലഭ്യമല്ലാതായിരിക്കുന്നു. ഏകദേശം 100 ഏക്കർ സ്ഥലത്താണ് മരച്ചീനികൃഷി.

കവുങ്ങ്, കുരുമുളക്, വെറ്റില

കുറുവട്ടൂർ, തിരുവാഴിയോട്, വെള്ളിനേഴി പ്രദേശങ്ങളിലാണ് കവുങ്ങ്കൃഷി അധികം കണ്ടുവരുന്നത്. കവുങ്ങുകൾ മിക്കവാറും ഒരു സമ്മിശ്രവിളയായിട്ടാണ് കൃഷിചെയ്യുന്നത്. കുരുമുളകും വെറ്റിലയും ഈ തോട്ടങ്ങളിലാണ് അധികവും. മംഗള മുതലായ പുതിയ ഇനങ്ങളും കാസർക്കോട് നാടനും, സൗത്ത് കെനറായിനവും ഇവിടെ എത്തിചേർന്നിരിക്കുന്നു. വിപണന സൗകര്യങ്ങളുമുണ്ട്. സാമാന്യം മെച്ചപ്പെട്ട വിലയാണ് ലഭിക്കുന്നത്. ഏകദേശം 200 ഏക്കറിൽ കൃഷിചെയ്യുവരുന്നു.

കുരുമുളക്കൃഷി ഒറ്റവിളയായി ഇവിടെ കൃഷിചെയ്യപ്പെടുന്നില്ല. വീട്ടുവളപ്പുകളിൽ സമ്മിശ്രവിളയായിട്ടാണ് ഈ സംരംഭം നടന്നുവരുന്നത്. പന്നിയൂർ - 1, കരിമുണ്ട എന്നിവ ഒരിക്കൽ പരീക്ഷിച്ചുനാക്കുകയുണ്ടായി. കുരുമുളക് കൃഷിയിൽ വാട്ടരോഗം വന്നുപെട്ടത് ഈ കൃഷിക്ക് ഒരു തിരിച്ചടിയായി. ഏകദേശം 200 ഏക്കറിൽ കൃഷിചെയ്യുവരുന്നു. മാവ്, പ്ലാവ്, മുരിങ്ങ എന്നീ വീട്ടുവൃക്ഷങ്ങളിലാണ് കുരുമുളക്കൊടി പിടിപ്പിക്കുന്നത്.

ചേന

ചേന മറ്റൊരു ഇടവിളയാണ്. ഓണക്കാലമാണ് ചേനക്ക് ആവശ്യകതയുള്ള കാലം. ഏകദേശം എല്ലാ വീട്ടുവളപ്പുകളിലും ചേന കണ്ടുവരുന്നു. ധനുമാസത്തിലെ വെളുത്തവാവു ദിവസം ചേന നടുന്നത് ഒരു രീതിതന്നെ. ഏകദേശം 500 ഏക്കർ കൃഷി നടക്കുന്നു.

ഇഞ്ചി, മഞ്ഞൾ

ഇഞ്ചിയും മഞ്ഞളും ഇവിടെ ഉല്പാദിപ്പിക്കപ്പെടുന്നുണ്ട്. ഇഞ്ചി ഇപ്പോഴും ചുക്കിനായിട്ടാണ് കൃഷി ചെയ്യുന്നത്. വിപണനത്തിന് പ്രയാസമില്ല. സാമാന്യം നല്ല വിലയും കിട്ടുന്നു. മഞ്ഞൾകൃഷി വ്യാപകമാണെങ്കിലും ഒരു വ്യാപാരത്തിനുതകുംവിധം വളർന്നിട്ടില്ല. ഈ പ്രദേശത്തെ മണ്ണിൽ ഇഞ്ചിയും മഞ്ഞളും നന്നായി വിളവു തരുന്നു.

മാവ്

മാവ് പലതരങ്ങളുണ്ട്. മൽഗോവ, കിളിമൂക്കൻ, അൽഫോൻസ, നീലം, കാലേപ്പാട്ട്, പൊട്ടൽമ, ബനേശൻ, പെരിയകുളം i, റുമാനി എന്നീ വെദേശിക ഇനങ്ങളും നാടൻ ഇനങ്ങളും ഉണ്ട്. പുളിമാവുകളും, ഗോമാവുകളും, കോട്ടമാവുകളും ഇപ്പോൾ റോഡുവക്കിൽ മാത്രമെ കാണുന്നുള്ളു. മാങ്ങ വളരെ ലാഭകരമായ ഒരു വിളയാണ്.

കാർഷിക മേഖലയിലെ ഉല്പാദനക്ഷമത

പ്രധാന വിളകളായ നെല്ലും, നാളികേരവും സർവ്വവ്യാപകം തന്നെ. എങ്കിലും നെൽകൃഷിയോ, തെങ്ങുകൃഷിയോ ജീവിതോപാധിയായി സ്വീകരിച്ച് വർത്തിക്കുന്ന കുടുംബങ്ങൾ വിരലിലെണ്ണാവുന്നത് മാത്രമാണ്. കാർഷിക വൃത്തിയിൽ ഈയിടയായി സാർവ്വത്രിക വിദ്യാഭ്യാസം നേടിയ ചെറുപ്പക്കാരെ ആകർഷിക്കത്തക്ക ഒരു അന്തസ്സ് ഉൾക്കൊണ്ടതായി കാണുന്നില്ല. കാർഷികവൃത്തി അഭ്യസ്തവിദ്യരുടെ ഇടയിൽ തികച്ചും പ്രാകൃതമായ ഒരു തൊഴിലായിട്ടാണ് അംഗീകരിക്കപ്പെട്ടിരിക്കുന്നത്. ഇതുകാരണം ബൗദ്ധികമായി നിലവാരം പുലർത്തുന്ന ഒരു കൂട്ടം യുവാക്കളെ ഗ്രാമത്തിൽ മുഖ്യതൊഴിലായ കാർഷിക മേഖലയിൽ തളച്ചിടാൻ കഴിയുന്നില്ല. വളരെ പഴഞ്ചനായ കൃഷിരീതികളും, കഠിനമായ കായികാദ്ധ്വാനവും, വൃത്തിഹീനമായ പരിതസ്ഥിതികളും, സാമൂഹ്യചുറ്റുപാടുകളിൽ അംഗീകരമില്ലായ്മയും യുവജനങ്ങളെ ഈ മേഖലയിൽ നിന്നും അകറ്റി നിർത്തിയതായി കാണുന്നു. ഭാഗികമായ യന്ത്രവൽക്കരണം നടപ്പിലാക്കുവാൻ കൃഷി ലാഭകരവും, കൂടുതൽ ഉല്പാദനക്ഷമവും, കുറഞ്ഞ അദ്ധ്വാനഭാരം കാരണം യുവാക്കളെ ആകർഷിക്കത്തക്കതും, ആയിത്തീരുമെന്നും അതുവഴി കർഷകൻ സാമൂഹ്യമായി അംഗീകരിക്കപ്പെടുമെന്നും പ്രതീക്ഷിക്കാം. ഉഴവു യന്ത്രങ്ങളും, കൊയ്ത്ത്, മെതിയന്ത്രങ്ങളും പതുക്കെ കടന്ന് എത്തിതുടങ്ങി. നടീൽ യന്ത്രങ്ങൾ പരീക്ഷണ ഘട്ടത്തിലാണ്. യന്ത്രവൽക്കരണം നമ്മുടെ ഭൂമിശാസ്ത്രപരമായ പ്രത്യേക സാഹചര്യത്തിൽ വിജയിക്കുമോ എന്ന് കർഷകന് സംശയമാണ്.

ഇത്തരം കാരണങ്ങളാൽ അല്പം അവഗണിക്കപ്പെട്ടു കിടക്കുന്ന കാർഷിക മേഖലകളിൽ ഉല്പാദനം മന്ദീഭവിച്ചു നിൽക്കുകയാണ്. കാർഷിക മേഖലയിൽ സംഘടിതമായ ഒരു മുന്നേറ്റം നടത്താനും കൃഷിയെ കർഷന്റെ മനസ്സിലേക്ക് വീണ്ടും സന്നിവേശനം നടത്താനുമായി ബോധപൂർവ്വമായ ശ്രമം അത്യന്താപേക്ഷിതമാണ്.

ജലസേചനം

ഒരിക്കൽ മഴയെ മാത്രം ആശ്രയിച്ച് നടത്തിയിരുന്ന ജലസേചനം, അരുവികളും, കിണറുകളും, കുളങ്ങളും, ഏത്തക്കൊട്ടകളും, കൈക്കൊട്ടക കടന്ന് ചെറിയ പമ്പുസെറ്റുകളും വൻകിട ജലസേചന പദ്ധതികളും വരെ എത്തിനിൽക്കുകയാണ്. ഈപ്രദേശത്തെ മിക്ക വൻകുളങ്ങളും അവഗണിക്കപ്പെട്ടു നാശത്തിന്റെ വക്കിലാണ്. നിലവിലുള്ള പഴയ തോടുകളാവട്ടെ വെറും അധിക ജലനിർഗ്ഗമനം മാത്രം ഉദ്ദേശിച്ച് ഉരുത്തിരിഞ്ഞ് വന്നവയാണ്. അതിനാൽ അവയെ ജലസേചന മാർഗ്ഗമായി രൂപാന്തരപ്പെടുത്തേണ്ടതുണ്ട്. ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതിന്റെ ആവശ്യകത എന്നത്തേക്കാളും ഇന്ന് പ്രസക്തമായിരിക്കുന്നു. ജലസേചനത്തിന് ഇതുവരെയായി വെള്ളിനേഴിയിൽ ഒന്നും അടക്കാപുത്തൂരിൽ രണ്ടും ഞാളാകുർശ്ശിയിൽ ഒന്നും ക്രോസ്ബാറുകൾ പരമ്പരാഗത തോടുകളിൽ മൈനർ ഇറിഗേഷൻ വകുപ്പു നിർമ്മിച്ചിരിക്കുന്നു. തികച്ചും പൊട്ടിപ്പൊളിഞ്ഞ് ഉപയോഗശൂന്യമായി കിടക്കുന്ന ഇവയുടെ ആയക്കട്ട് പ്രദേശം ഏകദേശം 205 ഹെക്ടറാണ്. ഈ പ്രദേശത്ത് 13 പൊതുകുളങ്ങളുണ്ട്. വെള്ളിനേഴിയിൽ രണ്ടും വടക്കൻ വെള്ളിനേഴിയിൽ ഒന്നും കുറ്റാനശ്ശേരിയിൽ രണ്ടും, കുറുവട്ടൂർ, തിരുനാരായണപുരം, തിരുവാഴിയോട് എന്നിവടങ്ങളിൽ ഒന്നു വീതവും കുളക്കാട്ട് രണ്ടും അടക്കാപുത്തൂരിൽ മൂന്നുമാണ് നിലവിലുള്ളത്. നെല്ലിപ്പറ്റക്കുളം, അയ്യപ്പൻക്കുളം, ചരകുളം, ചെറുങ്ങാട്ടുകുളം, കരിരാട്ട്കുളം,മായംകുളം, പൂളകുളം, കരിങ്കറകുളം, മുണ്ടക്കോട്ടുകുളം, പുഴാകുളം, ചരക്കുളം, കുന്നത്തുമനകുളം എന്നിവയാണ് കുളങ്ങൾ. 4.99 ഏക്കർ വിസ്തൃതിയും 220 ഏക്കർ ആയക്കട്ട് ഏരിയയുമുണ്ട്.

വാർഡ് നമ്പർ	കുളങ്ങളുടെ പേര്	ആയക്കട്ട് ഏക്കർ	വിസ്തീർണ്ണം
I	നെല്ലിപ്പറ്റക്കുളം	20 ഏ	29 സെ
	അയ്യപ്പൻകുളം	10 ഏ	17 സെ
II	ചരക്കുളം	20 ഏ	45 സെ
III	ചെറുങ്ങാട്ട്കുളം	30 ഏ	60 സെ
IV	കരിരാട്ടുകുളം	.10 ഏ	22 സെ
V	മായംകുളം	15 ഏ	39 സെ
VI	പൂളകുളം	20 ഏ	35 സെ
VII	കരിങ്കറകുളം	15 ഏ	20 സെ
	മുണ്ടക്കോട്ടുകുളം	20 ഏ	10 സെ
VIII	പുഴാകുളം	10 ഏ	1.02 ഏ
	ചെരകുളം	20 ഏ	54 സെ
	കുന്നത്തുമനകുളം	50 ഏ	1.26 ഏ

പഞ്ചായത്തിൽ ആകെയുള്ള 13 തോടുകളും കൂടി ആകെ 34.5 കിലോമീറ്ററോളം വരും. ഇതിൽ രണ്ടു കിലോമീറ്റർ മാത്രമേ ബണ്ടുകെട്ടി സംരക്ഷിക്കപ്പെട്ടിട്ടുള്ളൂ. കുണ്ടംതോട്, പുളിയൻതോട്, മുണ്ടേങ്ങാട് തോട്, അടക്കാപുത്തൂർ കൈത്തോട്, ശേഖരീപുരം കൈത്തോട്, അരേങ്ങലം തോട്, കല്ലംതോട്, അമ്പലം കൈത്തോട്, പാറക്കോട് തോട്, എടയാറ്റിങ്ങൽപുരം തോട്, കരിങ്കറത്തോട്, ഞാളാകുർശ്ശി വെള്ളിനേഴി തോട്, അത്തിപ്പറ്റതോട് എന്നിവയാണ് 13 തോടുകൾ.

ക്രമ നമ്പർ	തോടിന്റെ പേര്.	നീളം	വീതി	സംരക്ഷിക്കപ്പെട്ട തോടിന്റെ നീളം	ചെല വഴിച്ച തുക.
1.	കുണ്ടംതോട് (പകരാവൂർപാടം - ആറാട്ടുകടവ്)	9 Km	8 മീ	500 മീ	35000 രൂ.
2.	പുളിയൻതോട്. (തിരുവാഴിയോട്ട് നിന്ന് തുടങ്ങി - കോരഞ്ചിറ കുറുവട്ടൂർ വഴി മുറിയങ്കണ്ണി പുഴ)	12 km	8 മീ	1 കിമി	
3.	മുണ്ടേങ്ങാട്ട് തോട് (പുതുക്കൊള്ളിപ്പടി - കുറ്റാനശ്ശേരി)	2 km	4 മീ	-	-
4.	അടക്കാപുത്തൂർ തോട് (പൊതി - അരയമംഗലം)	3.5 km	10 മീ	500 മീ	
5.	ശേഖരീപുരം കൈത്തോട് (അടക്കാപുത്തൂർ)	0.5 km	4 മീ	-	-
6.	അരയമംഗലം കൈത്തോട് (അടക്കാപുത്തൂർ)	0.3 km	4 മീ	-	-
7.	കല്ലംതോട് (തിരുവാഴിയോട്)	0.5 km	4 മീ	-	-
8.	അമ്പലം കൈത്തോട്. (തിരുവാഴിയോട് അമ്പലം)	1 km	4 മീ	-	-
9.	പാറക്കോട്ട് തോട് (മണൽതൊടി കുറ്റാനശ്ശേരി)	0.7 km	4 മീ	-	-
10.	എടയാറ്റിങ്ങൽപുറം തോട് (വെള്ളിനേഴി)	2.5 km	4 മീ	-	-
11.	ഞാളാകുർശ്ശി - വെള്ളിനേഴി	1 km	4 മീ	-	-
12.	കരിങ്കറതോട് (കുറുവട്ടൂർ - മണ്ണാരണ്ടി)	1 km	4 മീ	-	-
13.	അത്തിപ്പറ്റത്തോട്. വെള്ളിനേഴി.	0.5 km	4 മീ	-	-

വൻകിട ജലസേചന പദ്ധതിയായ കാഞ്ഞിരപ്പുഴ പദ്ധതിയുടെ ഇടതുകനാൽ 4000 മീ ഈ പഞ്ചായത്തിലൂടെ കടന്നു പോകുന്നു. ഇതിന്റെ ആയക്കട്ടുപ്രദേശം 245 ഹെക്ടറായാണ് കണക്കാക്കിയിരിക്കുന്നത്. അണക്കെട്ടിന്റെ ചോർച്ചകാരണം സംഭരണശേഷി മുഴുവനും ഉപയോഗിക്കാൻ കഴിയാത്തതും കനാലിന് അറ്റകുറ്റപ്പണികൾ നടത്താനാവശ്യമായ തുക ലഭ്യമല്ലാത്തതും കാരണം ഇവിടെ വെള്ളം എത്തിയിട്ടില്ല. കനാലിന്റെ പ്ലാനിങ്ങിലെ പാളിച്ചയും നിർമ്മിതിയിലെ തകരാറുകളും കാരണം വെള്ളം പുഞ്ചപ്പാടം ഭാഗത്തെത്തി നിൽക്കുകയാണ്. വെള്ളിനേഴിയിൽ ആറാട്ടുകടവിലുള്ള ഒരു ലിഫ്റ്റ് ഇറിഗേഷൻ പ്രോജക്കും നിശ്ചലമായി കിടക്കുകയാണ്. ജലസേചനത്തിനായി കൃഷിഭവൻ മുഖാന്തിരം കിണറുകളും പമ്പുസെറ്റുകളും ലഭ്യമാക്കിയിട്ടുണ്ട്. കേര കർഷക സമിതി മുഖാന്തിരം 12 കിണറും 27 മോട്ടോർ പമ്പുസെറ്റും സ്ഥാപിക്കുന്നതിന് നടപടികളെടുത്തു വരുന്നു.

കാർഷിക ഉല്പന്നങ്ങളുടെ വിലയും വിപണനവും

നെല്ലു സംസ്ക്കരിക്കുന്ന യാതൊരു പദ്ധതികളും ഇതുവരെ നിലവിലില്ലാതിരുന്ന ഈ പ്രദേശത്തു ഇതുമായി ബന്ധപ്പെട്ട 11 നെല്ലുകുത്തു മില്ലുകളും ഒരു പുതിയ അവിൽ മില്ലും മാത്രമാണ് ഉള്ളത്. അതിനാൽ എന്നെങ്കിലും മിച്ചമാവുന്ന നാമമാത്രമായ നെല്ല് ഇടത്തട്ടുകാരിലൂടെയാണ് വിപണനം നടത്തുന്നത്. നാളികേരത്തിന്റെ കാര്യവും മറിച്ചല്ല. എങ്കിലും വെള്ളിനേഴിയിലും, ചെർപ്പുളശ്ശേരിയിലും, അടക്കാപുത്തൂരിലും ഉള്ള എക്ട്സ്പല്ലർ മില്ലുകളിൽ കൊപ്ര വിപണനം നടത്താൻ കഴിയുന്നു. എങ്കിലും തേങ്ങ തെങ്ങിൻ മുകളിൽ നിൽക്കുന്ന അവസ്ഥയിൽത്തന്നെ വിപണനം നടത്തുന്നതാണ് പൊതുപ്രവണത. ഈയിടെയായി തേങ്ങ വെട്ടിത്തൂക്കി വിപണനം നടത്തുന്ന രീതിയും ആരംഭിച്ചിട്ടുണ്ട്. ബാക്കിയുള്ള വിളവുകളിൽ മലഞ്ചരക്കുകളായ കുരുമുളക്, ഇഞ്ചി മുതലായവ ചെർപ്പുളശ്ശേരി മാർക്കറ്റിൽ വിൽക്കാവുന്നതാണ്. ബാക്കിയുള്ള കാലിക കാർഷിക ഉൽപ്പന്നങ്ങൾ അതതു മാർക്കറ്റിലെത്തിക്കുന്നു.

റബ്ബർ മാർക്കറ്റിങ്ങ് ഇവിടെ വലിയ പ്രശ്നമല്ല. ഏകദേശം 283 പേരുള്ള ഒരു റബ്ബർ ഉല്പാദക സഹകരണ സംഘം ഉണ്ട്. ഈ സംഘം കർഷകരിൽ നിന്നും നേരിട്ട് റബ്ബർകറ അതേപടി സ്വീകരിക്കുന്നുണ്ട്. ധാരാളം പുതിയ റബ്ബർ വ്യാപാര കേന്ദ്രങ്ങളും നിലവിലുണ്ട്.

വിലനിലവാരം മിക്കവാറും നിശ്ചയിക്കപ്പെടുന്നത് പത്രപംക്തികളിലൂടെ അറിയപ്പെടുന്ന നിരക്കു പ്രകാരമാണ്.

കാർഷികബന്ധങ്ങൾ

പഞ്ചായത്തിൽ നാമമാത്ര കർഷകരായി 3670 ഉം ചെറുകിട കൃഷിക്കാരായി 2203 ഉം വൻകിടകർഷകരായി 368 ഉം പേർ ഉണ്ട്. ആകെയുള്ള 6542 ഏക്കറിൽ 1418 ഏക്കർ നിലവും 4805 ഏക്കർ പുരയിടവും 318 ഏക്കർ പുറമ്പോക്കുമാണ്. ഇതിൽ 183 ഏക്കർ കൃഷിയോഗ്യമായ തരിശും 28 ഏക്കർ കൃഷിയോഗ്യമല്ലാത്ത തരിശുമാണ്. ഇതിൽ സ്വയം പണിയെടുക്കുന്ന കർഷകർ 15% ഓളം വരും. ജനസംഖ്യയിൽ കർഷകതൊഴിലാളികളുടെ തോത് ഏകദേശം 10% ത്തോളം വരുമെന്നാണ് കരുതുന്നത്.

കൂലിസേവന വ്യവസ്ഥകൾ

ഒരു ജോടി കന്നുകളെ ഏകദേശം 3 മണിക്കൂർ പൂട്ടുന്നതിന് 150 രൂപയാണ് ഏര്. ബാക്കി നെൽകൃഷിപ്പണികൾക്ക് പുരുഷന് 70 ഉം സ്ത്രീക്ക് 50 ഉം ആണ് കൂലിനിരക്ക്. ട്രാക്ടറിന് മണിക്കൂറിന് 160 രൂപയും ടില്ലറിന് 130 രൂപയും ആയിട്ടുണ്ട്.

റബ്ബർ ടാപ്പിംഗിന് മരങ്ങളുടെ എണ്ണമനുസരിച്ചാണ് കൂലി. ഏകദേശം ഒരുമരത്തിന് 20 പൈസയാണ് ഇപ്പോൾ കൊടുത്തുവരുന്നത്. തേങ്ങ ഇടലിന് ഒരു നിശ്ചിത നിരക്ക് ഇല്ല. എങ്കിലും തെങ്ങൊന്നിന് കയറ്റക്കൂലിയായി 3 രൂപവരെ ഉണ്ട്. ഒരു തെങ്ങിന് ഒരു നാളികേരമായിരുന്നു മുൻകാലങ്ങളിൽ കൊടുത്തിരുന്നത്. തെങ്ങുകയറ്റയന്ത്രം രംഗത്തെത്തിയിട്ടുണ്ടെങ്കിലും അത് ഫലപ്രദമാണെന്ന് തോന്നുന്നില്ല.

വളപ്രയോഗം

നാടൻ പച്ചില വളങ്ങളുടെ ലഭ്യത വളരെ കുറഞ്ഞുപോയിട്ടുണ്ടെന്നതാണ് സത്യം. നിക്ഷിപ്ത വനഭൂമി നിയമപ്രകാരം ഇവിടെ നിലനിന്നിരുന്ന പൊതുകുന്നുകളും മലയും വനം വകുപ്പിന്റെ കയ്യിലാവുകയും അവിടെനിന്ന് പച്ചില ശേഖരിക്കുന്നത് നിരോധിക്കപ്പെടുകയും റബ്ബർ, തെങ്ങ് മുതലായ വിളകൾ പറമ്പുകളിലേക്ക് വ്യാപകമായി കടന്നുവരികയും ചെയ്തതാണ് ഇതിനു കാരണം. ഇതേ കാരണങ്ങൾ കൊണ്ടു തന്നെ കാലിവളർത്തലും കുറഞ്ഞു പോയി. അതിനാൽ പച്ചിലവളവും കാലിവളവും ലഭ്യമല്ലാത്ത ഒരവസ്ഥ സംജാതമായിട്ടുണ്ടെന്ന് പറയാം. ഇതു കാരണം ജൈവവളങ്ങൾ പുറം നാടുകളിൽ നിന്ന് ലോറിയിലാണ് വരുന്നത്. ഇപ്രദേശത്ത് ആകെ വർഷത്തിൽ 175000 കി.ഗ്രാം വരെ രാസവളം ഉപയോഗിക്കുന്നുവെന്ന് കാണാം. ഇത് സഹകരണ സംഘത്തിൽകൂടിയാണ് വിപണനം നടത്തുന്നത്. ജീവാണു വളപ്രയോഗ രീതിയും രംഗത്തേക്ക് എത്തിനോക്കുവാൻ തുടങ്ങിയിട്ടുണ്ട്.

രോഗങ്ങളും കീടങ്ങളും

നെൽകൃഷിയിൽ പ്രധാനമായും കുമിൾ രോഗങ്ങളാണ് കണ്ടു വരുന്നത്. ഇവക്കെതിരെ ചെമ്പുകലർന്ന കുമിൾ നാശിനികൾ ലഭ്യമാണ്.

തെങ്ങുകൾക്ക് മണ്ടചീയൽ രോഗം വളരെ വിരളമായെങ്കിലും കണ്ടു വരുന്നു. എന്നാൽ കവുങ്ങുകളിലും കുരുമുളകിലും മഹാളിരോഗം വ്യാപകമാണ്.

റബ്ബർകൃഷിയിലും വാഴക്കൃഷിയിലും ബാധിക്കുന്ന കുമിൾരോഗത്ത പ്രതിരോധിക്കാൻ ബോഡോമിശ്രിതം തളിക്കുന്നു.

ഇപ്രദേശത്തു നിന്നും കുമിൾരോഗങ്ങളെ അകറ്റി നിർത്തുവാൻ ആകാശത്തുനിന്ന് തെങ്ങും, കവുങ്ങും, കുരുമുളകും റബ്ബറും ഇടകലർന്ന് നിൽക്കുന്ന എല്ലാ പ്രദേശങ്ങളേയും ഒന്നിച്ച് ഹെലികോപ്ടർവഴി ബോർഡോമിശ്രിതം തളിച്ച് സംരക്ഷിക്കേണ്ടതാണ്.

വാഴയിൽ കാര്യമായി കണ്ടുവരുന്നത് കുറുനാമ്പു രോഗമാണ്. ഇത് നിയന്ത്രിക്കാൻ നീരൂറ്റികുടിക്കുന്ന കീടങ്ങളെ നിയന്ത്രിക്കുകയാണ് വേണ്ടത്.

നെൽകൃഷിയിൽ സർവ്വസാധാരണമാണ് ഓലചുരുട്ടി പുഴു, കുഴൽപ്പുഴു, ഈച്ച, തണ്ടുതുരപ്പൻ പുഴു എന്നിവയുടെ ശല്യം ഇടക്കാലത്ത് മുഞ്ഞരോഗവും പിടിപെടുകയുണ്ടായി. ഇവക്കെതിരെ ഫലപ്രദമായി കീടനാശിനികൾ പ്രയോഗിക്കുന്നുണ്ട്.

എന്നാൽ, കീടനാശിനികൾ ഇത്ര പ്രചാരത്തിലില്ലാത്ത കാലത്തും കർഷകർ കീടങ്ങളെ നിയന്ത്രിച്ചിരുന്നു. മഞ്ഞുവെള്ളമേറ്റു കിടക്കുന്ന നെൽച്ചെടികളിൽ കുളത്തിമുള്ള് ഇട്ടു വലിച്ചും, മുറംകൊണ്ടു വീശി പുഴുക്കളെ പിടിച്ച് കൂട്ടത്തോടെ നശിപ്പിച്ചുമാണ് കർഷകർ ഓലചുരുട്ടിപ്പുഴുവിനെപോലുള്ള കീടങ്ങളെ നേരിട്ടത്.

തെങ്ങുകൃഷിയിൽ കൊമ്പൻചെല്ലി, ചെമ്പൻചെള്ളി എന്നീ കീടങ്ങൾ കണ്ടുവരുന്നു. ഇത് വളരെ കുറഞ്ഞ തോതിലാണെങ്കിലും ശ്രദ്ധ അർഹിക്കുന്നു.

ഇപ്രദേശത്ത് കാട്ടുകുരങ്ങുകളുടെ അക്രമം കാരണം തെങ്ങുകളുടെ കായ് ഫലം നശിച്ചുപോവുന്നു. ഇവയെ ഫലപ്രദമായി നിയന്ത്രിച്ചേ പറ്റൂ. പാറ്റാടയും, എലിയും കൂടി നശിപ്പിക്കുന്ന തേങ്ങകൾക്ക് കയ്യും കണക്കുമില്ല.

ഇഞ്ചികൃഷിയിൽ സർവ്വസാധാരണം തണ്ടുതുരപ്പൻ പുഴുവിന്റെ ഉപദ്രവമാണ്.

വായ്പാ സൗകര്യങ്ങൾ

ഗ്രാമങ്ങളൂടെ ഗ്രാമമായ വെള്ളിനേഴിയിൽ വായ്പാ സൗകര്യങ്ങൾ തികച്ചും അപര്യാപ്തമാണ്. ഈ പഞ്ചായത്തിന്റെ ഒരറ്റത്ത് ചെർപ്പുളശ്ശേരി സർവ്വീസ് സഹകരണ ബാങ്കിന്റെ ശാഖയും, മറ്റെ അറ്റത്ത് ശ്രീകൃഷ്ണപുരം സർവ്വീസ് സഹകരണബാങ്കും പ്രവർത്തിക്കുന്നു. എന്നാൽ പഞ്ചായത്ത് തലത്തിൽ ഒരു സഹകരണ ബാങ്കോ ഗ്രാമീണബാങ്കോ തുടങ്ങണമെന്ന് ജനങ്ങളാഗ്രഹിക്കുന്നു. കനറാബാങ്കിന്റെ ഒരു ശാഖയും ഇവിടെ പ്രവർത്തിക്കുന്നുണ്ട്.

കർഷകസംരംഭങ്ങൾ

ഈ പ്രദേശത്ത് 17 നെല്ലുൽപ്പാദക സംഘങ്ങളും ഒരു കേരകർഷക സമിതിയും നിലവിൽ പ്രവർത്തിച്ചുവരുന്നു. നെല്ലുൽപ്പാദകസമിതികൾ തികച്ചും സജീവമാണെങ്കിലും കേരവികസനസമിതിയുടെ പ്രവർത്തനം തീരെ ഫലപ്രദമല്ല. റബ്ബർ ഉല്പാദകരുടെ ഒരു സംഘവും ഇവിടെ നല്ല നിലയിൽ പ്രവർത്തിക്കുന്നു.

നടപ്പു പദ്ധതികൾ : അവലോകനം

ഇപ്രദേശത്തെ സമഗ്രമായ കാർഷിക ഉല്പാദന വർദ്ധനവിനുതകുന്ന ഒട്ടുവളരെ ശാസ്ത്രീയ മുറകൾ ഇന്ന് ലഭ്യമാണ്. ഇതിനനുസൃതമായി നിരവധി പദ്ധതികൾ വിഭാവനം ചെയ്തിരിക്കുന്നു.

നെൽകൃഷി വികസനം - സമഗ്ര വിത്തുല്പാദന പരിപാടി

സമഗ്ര വിത്തുല്പാദന പരിപാടിയനുസരിച്ച് അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങൾ കൃഷിഭവനിലൂടെ രജിസ്റ്റർ ചെയ്ത കർഷകർക്ക് വിതരണം ചെയ്ത് അവരുല്പാദിപ്പിക്കുന്ന ഗുണമേന്മയുള്ള വിത്ത് ശേഖരിക്കുന്നതാണ് ഈ പരിപാടി. 1994 - 95 നു ശേഷം ഈ പരിപാടി നടന്നില്ല. ഈ പരിപാടിയോട് കർഷകർ താല്പര്യം കാണിക്കാത്തതും യഥാസമയത്ത് കൃഷിഭവനിൽ നിന്ന് മാതൃവിത്തുകൾ വിതരണം ചെയ്യാൻ കഴിയാത്തതും ഇതിനു കാരണമാണ്.

ആവർത്തന കൃഷിസമ്പ്രദായം അനുസരിച്ച് നിലവിലുള്ള രണ്ടു പൂവൽനെല്ലും, ഒരു പയറും കൃഷി ചെയ്യാവുന്ന ഒരു പദ്ധതി ആവിഷ്കരിച്ചിരുന്നു. പയർ വിത്ത് സമയത്ത് ലഭ്യമല്ലാത്തതിനാൽ ഈ പരിപാടി പ്രായോഗികമായില്ല.

സസ്യങ്ങളുടെ ജൈവവൈവിദ്ധ്യം

വൃക്ഷങ്ങൾ	വള്ളികൾ	ചെടികൾ	പുല്ലുകൾ
മാവ്, പ്ലാവ്, പുളി, കശുമാവ്, നെല്ലി വെട്ടി, പേരക്ക, നാരകം, കരിവേപ്പ്, തേക്ക്, വേങ്ങ, വീട്ടി, കൂവളം, അശോകം, ആര്യവേപ്പ്, പലകപ്പയ്യാന, താന്നി, പുന്ന, ഉറുവഞ്ചിക്കായ, അത്തി, ഇത്തി, അരയാൽ, പേരാൽ, പാവുട്ട, മഞ്ചാടി, പഞ്ഞിപ്പൂള, ഞാവൽ, മരുത്, ഇരുൾ, അണ്ണവഴുക്കി, ചപ്പങ്ങം, ഇലമംഗലം, ചടച്ചി, കൈനി, അയനി പ്ലാവ്, മുളംപ്ലാച്ചി, പ്ലാശ്, പേര്, പാറകം, ചുഴലിപ്പാറകം, പാല, മുള്ളീലം, കാരക്കൊന്ന, ഒടുക്, അണ്ണക്കര, അമ്പാഴം, മുരിക്ക്, മുരിങ്ങ, കാഞ്ഞിരം, ആമത്താൾ, ഉപ്പില, വേങ്ങ, അലറി, മഞ്ഞഅറളി, വാക, വഞ്ഞി, മഞ്ചാടി, കുമിഴ്, കുടകപ്പാല, കൊട്ടത്തറി, ആവൽ, പപ്പായ, കരിമ്പന, ഈറമ്പന, കൊടപ്പന, ഈന്ത്, തെങ്ങ്, കവുങ്ങ്, മുള, അകിൽ, നിലനാരകം, ചോരക്കൊട്ട.	പുളിയാരൽ, വെറ്റില, കുരുമുളക്, മത്തൻ, വെള്ളരി, കുമ്പളം, കയ്പ, പടവലം, നിത്യവഴുതിന, കൽക്കൊടി, അമർച്ചക്കൊടി, ഉഴിഞ്ഞ, കരളകം, ചിറ്റാമൃത്, കയ്പൻപടവലം, ആട്ടങ്ങ, നെയ്യുറുണിക്കായ, ബ്രഹ്മി, ശംഖുപുഷ്പം, പൂവാംകുറുന്നില, കഞ്ഞുണ്ണി, തിരുതാളി, ഉഴിഞ്ഞ, നന്നാറി, കടിത്തൂവ, നായ്ക്കുറണ, ഓണപ്പൂവള്ളി, വയറവള്ളി, ഈഞ്ഞ, കാട്ടുതിപ്പലി, വള്ളിപ്പാല, കോഴക്ക, പനഞ്ചി, ചണ്ണ, ചാവൽ, ചക്കരവള്ളി, കരിയചക്കവള്ളി, കാവത്ത്, നൂറ്റ, മൂക്കിഴങ്ങ്, കുമുള്ള്, കുളത്തിമുള്ള്, ഉഴിഞ്ഞാലുവള്ളി, അപ്പൂപ്പൻതാടി, ഉപ്പേരിക്കൊട്ട വള്ളി, പാടവള്ളി, കാഞ്ഞിരവള്ളി, വട്ടിയാരുവള്ളി, തടിയൻവള്ളി, കോഴിപയർ, വകരവള്ളി, പയർ, തവിഴാമ, കുന്നി, വേലിപ്പരത്തി, കുരുമുളക്, കക്കുംവള്ളി, കരളകം, ഉഴുന്ന്, മുതിര, തൊപ്പക്കായ. ചവിട്ടാപ്പൊട്ടി.	കൈത, കടലാടി, കുറുന്തോട്ടി, തുമ്പ, ചീനമുളക്, നന്ത്യാർവട്ടം, ചെണ്ടുമല്ലി, വാടാമല്ലി, കാശിതുമ്പ, തുളസി, കാട്ടുതുളസി, മലതൃത്താവ്, രാമതുളസി, തകര, പൊന്നാംതകര, കൊഴിഞ്ഞിൽ, പെരുക്, ചെമ്പരത്തി, മുല്ല, കാട്ടുമുല്ല, ആടലോടകം, വെള്ളീലവ, വയൽചുള്ളി, വാതംകൊല്ലി, കരിതെച്ചി, തെച്ചി, ഉണ്ടതെച്ചി, അരൂത, കോളാമ്പിപ്പൂ, എരുക്ക്, കാക്കാത്തൊണ്ടി, കോഴി ചിലമ്പൻ, ചെറുള, ചെറുവഴുതിന, ചുണ്ടങ്ങ, ഇടംപിരി, വലംപിരി, അമൽപൊരി, അടക്കാമണിയൻ, ഗരുഡക്കൊക്ക്, ഉമ്മത്ത്, നാറ്റപ്പ, മുഞ്ഞ, മുള്ളൻചീര, കോഴിച്ചീര, ഊരകം, കാടിക്കൂർക്ക, ഐങ്കോലം, പൂപ്പാതിരി, പിച്ചകം, ചെമ്പകം, കൃഷ്ണകണാന്തി, ഒടിച്ചുറ്റി, കാര, നിത്യകല്ല്യാണി, ഗന്ധരാജൻ, പനിനീർ, താള്. തകര, നിലപ്പന, കാട്ടുള്ളി, അരത്ത, മഞ്ഞൾ, കസ്തൂരി മഞ്ഞൾ, ഇഞ്ചി, കച്ചോലം, കൊട്ട, മുക്കുറ്റി, മോക്ഷമി, വെണ്ട, വഴുതിന, ചീര, കഞ്ഞിത്തൂവ, പൂളക്കിഴങ്ങ്, കൂവ, ചേമ്പ്, കൂർക്ക.	ചെങ്ങണപ്പുല്ല്, രാമച്ചം, കുതിരവാലി, സീതാമുടി, കണ്ണി, വെറ്റിലക്കെട്ട്, കറുക, മുത്തങ്ങ, നാറ്റപ്പുല്ല്, ഏപ്പൻപ്പുല്ല്, പുല്പായപ്പുല്ല്, വള്ളിപ്പുല്ല്.

ഇത്രയും സസ്യങ്ങൾ ഒരു സൂക്ഷ്മദൃക്കിന ഈ പ്രദേശത്തുനിന്നും തിരിച്ചറിയാനാവും. എന്നാൽ നമുക്ക പേരറിയാത്ത എണ്ണിയാലൊടുങ്ങാത്ത സസ്യങ്ങളും ഇവിടെ ഉണ്ട് എന്നത് പ്രസ്താവ്യമാണ്. ഇവയെല്ലാം ഇവിടെ വളരെക്കാലങ്ങളായി നിലനിന്നു വരുന്നു.

സർട്ടിഫൈഡ് സീഡ് പ്രോഗ്രാം പ്രകാരം കർഷകന് വിത്തിന് കിന്റലിന് 200 രൂപ ധനസഹായം കിട്ടുന്നു. ഈ വിത്തിനും കർഷകരുടെ ഇടയിൽ മതിപ്പില്ല. നെൽകൃഷിക്ക് ഇപ്പോൾ സെന്റിന് ഒരു രൂപ നിരക്കിൽ ഉല്പാദന ബോണസ്സ് ലഭിക്കുന്നുണ്ട്.

കീട നിയന്ത്രണത്തിന് സംയോജിത കീടനിയന്ത്രണ പരിപാടി അനുസരിച്ച് 30 കർഷകർക്ക് പരിശീലനം നൽകാൻ ആവശ്യമായ ഉപകരണങ്ങളും എത്തിയിട്ടുണ്ട്. കർഷകരെ ബോധവൽക്കരിക്കുന്നതിനുവേണ്ടി സെമിനാറുകളും ചർച്ചായോഗങ്ങളും നടത്തി വരുന്നു.

തെങ്ങു കൃഷിക്ക് എല്ലാ പദ്ധതികളും കേര വികസന സമിതി മുഖേനയാണ് നടത്തിവരുന്നത്. പുതുതായി 12 കിണറുകളും, 27 പമ്പുസെറ്റുകളും, ഒരു തെങ്ങുകയറ്റയന്ത്രവും, ഒരു റോക്കർസ്പ്രെയറും, മറ്റൊരു സ്പ്രെയറും, ഒരു കൊപ്രഡ്രയറും ഈ പദ്ധതിപ്രകാരം ലഭ്യമാണ്.

കമ്മ്യൂണിറ്റി ഇറിഗേഷൻ പ്രോഗ്രാം പ്രകാരം 85% സബ്സിഡിയോടെ 5 ഹെക്ടർ തെങ്ങും 10 ഗുണഭോക്താക്കളുമുണ്ടെങ്കിൽ ലഭ്യമാണ്. 30 സെന്റെങ്കിലും കേരകൃഷിയുള്ള ഒരു പട്ടികജാതിയിൽ പെടുന്ന കൃഷിക്കാരന് ഒരു കിണർകൂടി ലഭ്യമാണ്. ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി തെങ്ങുകൃഷി വികസനത്തിന് ശുപാർശ ചെയ്യാവുന്നതാണ്.

ഇഞ്ചികൃഷി പ്രദർശനത്തോട്ടത്തിനും പ്രോത്സാഹന സമ്മാനമായി 1200 രൂപവരെ കൊടുക്കുന്നു.

സുഗന്ധദ്രവ്യ. വൃക്ഷങ്ങളായ ഗ്രാമ്പൂ, പട്ട, ജാതി എന്നിവയുടെ തോട്ടങ്ങളുണ്ടാക്കാനും വിപുലീകരിക്കാനും പദ്ധതികൾ ആവിഷ്കരിച്ചിരുന്നു. തൈകളും, ധനസഹായവും നൽകിയിട്ടുണ്ട്.

കുരുമുളക്കൃഷി പുനരുദ്ധാരണത്തിനും പ്രദർശനതോട്ടത്തിനും രാസവളം, വള്ളികൾ എന്നിവയും 10 സെന്റു തോട്ടത്തിന് 140 രൂപ നിരക്കിൽ സഹായം നൽകി വരുന്നു.

കശുമാവ്കൃഷി വികസന പദ്ധതിപ്രകാരം 1600 ഒട്ടുതൈകളും സബ്സിഡിയായി 1600 രൂപയും ലഭ്യമാക്കി. കീടനാശിനിയും വളവും അടങ്ങുന്ന മിനികിറ്റും നൽകുകയുണ്ടായി.

കൃഷിഭവൻ മുഖേന പല പദ്ധതികളും നടപ്പിലാക്കുന്നുണ്ടെങ്കിലും അതൊന്നും പൂർണ്ണമായും നമ്മുടെ സാഹചര്യങ്ങൾക്ക് യോജിച്ചു വരുന്നില്ല. ഇതിന് ഉദാഹരണമായി കുരുമുളക്കൃഷിവ്യാപാരപദ്ധതികളെടുക്കാം. കുരുമുളകിന്റെ നടീൽവസ്തുക്കൾ പുറത്തുനിന്ന് ആവശ്യമില്ല. ഇവ കർഷകർ സ്വയം നിർമ്മിച്ചെടുക്കലാണ് പതിവ്. അതിനാൽ മേൽത്തട്ടിൽ നിന്നും അടിച്ചേൽപ്പിക്കപ്പെടുന്ന ഒട്ടുവളരെ കരുമുളക് കൂട തൈകൾ കൃഷിഭവൻ ഓഫീസിൽ കിടന്നു പാഴായിപ്പോകുന്നു. ഇതിനു മറ്റൊരു കാരണം നടീൽവസ്തുക്കൾ എത്തിച്ചേരുന്നത് അവയുടെ യഥാർത്ഥ നടീൽസമയം കഴിഞ്ഞശേഷം മാത്രമാണെന്നതാണ്. ഇതുപോലെ കാലവർഷം ആരംഭിച്ച് പാടം നടാൻതുടങ്ങുന്ന സമയത്താണ് സെയിഞ്ചവിത്ത് എത്തിച്ചേരുന്നത്. ഗുണമേന്മയില്ലാത്തതും ആവശ്യമില്ലാത്തതുമായ കീടനാശിനികളും കുമിൾനാശിനികളും കൃഷിഭവനിൽ വന്നടിയുന്നു. കൃഷിഭവനിലെ വിത്തും മറ്റും കടുത്ത നിർബന്ധം ചെലുത്തിയാലേ കർഷകർ വാങ്ങുന്നുള്ളൂ എന്നതാണ് അവസ്ഥ. കൃഷിഭവൻ ഒരു താണ വില്പനകേന്ദ്രമാവുന്നത് തടയണം.

ഇപ്രദേശത്ത് ലഭ്യമായ വിത്തുകൾ ഇവിടന്നുതന്നെ സംഭരിച്ച് വിതരണം നടത്തേണ്ടതാണ്. തെങ്ങ്, കവുങ്ങ്, മാവുകൾ, കുരുമുളക് എന്നിവ പ്രത്യേകിച്ചും. കൃഷി ഉദ്യോഗസ്ഥന്മാർ തികച്ചും സാങ്കേതിക വിദഗ്ദ്ധരായതിനാൽ വില്പന, അവയുടെ കണക്കെഴുത്ത് എന്നിവക്കായി ഓഫീസ് സമയം ഉപയോഗപ്പെടുത്തുന്നത് അശാസ്ത്രീയമാണ്. പദ്ധതികൾ പലപ്പോഴും വീതിച്ച് വീതിച്ച് കഥാവശേഷമാവുന്നത് അസൂത്രണത്തിലെ വലിയ പാളിച്ചയാണ്. അതുപോലെത്തന്നെ ഇന്നത്തെ നിലയിൽ ഓരോ വിളകൾക്കും പ്രത്യേകം പ്രത്യേകം നിസ്സാരതുകകൾ അനുവദിച്ച് പദ്ധതികൾ "വൻ കടലാസ്സുപദ്ധതി"കൾ ആയി മാറുന്നു എന്നതും ഒരു പൊതുദൗർബ്ബല്ല്യമാണ്.

നമ്മുടെ പഞ്ചായത്തിന്റെ കാർഷികരംഗത്തെ ചരിത്രം, ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ, മറ്റു ഭൗതികസാഹചര്യങ്ങൾ, ഇതിന്റെയെല്ലാം പശ്ചാത്തലത്തിൽ കാർഷികമേഖല നേരിടുന്ന പ്രശ്നങ്ങളും, വെല്ലുവിളികളും താഴെ ചേർക്കുന്നു.

പ്രശ്നങ്ങൾ

- ❒ ജലസേചനത്തിന്റെ അപര്യാപ്തത.
- ❒ കൃഷി വിദഗ്ദ്ധരുടെ സേവനത്തിന്റെ അഭാവം.
- ❒ ആടുമാടുകളുടെ ശല്യം.
- ❒ വൈദ്യുതിയുടെ അഭാവം.
- ❒ കർഷകന്റെ ഐക്യകുറവ്.
- ❒ കാർഷികവൃത്തിയിലേർപ്പെട്ടിരിക്കുന്നവർക്ക് അംഗീകാരമില്ലായ്മ.
- ❒ സ്വാശ്രയശീലവും പരിശ്രമശീലവും ഇല്ലായ്മ.
- ❒ മേൽമണ്ണ് ഒലിച്ചുപോയതിനാൽ ഫലഭൂയിഷ്ഠത കുറവ്.
- ❒ കർഷകതൊഴിലാളികളുടെ കുറവ്.
- ❒ യന്ത്രോപകരണങ്ങളുടെ കുറവ്.
- ❒ എല്ലാ റോഡുവക്കിലും പാടങ്ങൾ നികത്തപ്പെടുന്നു.
- ❒ ജൈവവളങ്ങളുടെ കുറവ്.
- ❒ ഉല്പന്ന സംസ്ക്കരണത്തിനുള്ള അസൗകര്യം.
- ❒ പരമ്പരാഗത കൃഷിരീതിയിൽ നിന്നും വിട്ടുമാറാൻ കർഷകനുള്ള വൈമുഖ്യം.
- ❒ ഉല്പാദന കുറവ്.
- ❒ വിദ്യാസമ്പന്നരുടെ ബൗദ്ധികശേഷി കാർഷികരംഗത്ത് ലഭ്യമാകുന്നില്ല.
- ❒ സ്ഥലജലമാനേജ്മെന്റിന്റെ അഭാവം.
- ❒ വായ്പാസൗകര്യം ആവശ്യത്തിന് ലഭ്യമല്ല.
- ❒ വിളകൾക്ക് ഇൻഷുറൻസ് ഇല്ലായ്മ.

സാധ്യതകൾ

ജലസേചനം

ലിഫ്റ്റ് ഇറിഗേഷൻ

വെള്ളിനേഴി പഞ്ചായത്തിന്റെ വടക്കുഭാഗത്തുകൂടെ ഒഴുകിക്കൊണ്ടിരിക്കുന്ന പുഴയിൽ നിന്ന് വെള്ളം പമ്പുചെയ്ത് കാർഷികാവശ്യങ്ങൾക്ക് ഉപയോഗിക്കാൻ താഴെ പറയുന്ന സ്ഥലങ്ങളിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്.

വെള്ളിനേഴി മണ്ണാത്തിക്കടവ്, കുറ്റാനശ്ശേരി കുന്നത്തറകടവ്, വടക്കൻവെള്ളിനേഴി കൊളങ്കരകടവ്, കുറ്റാനശ്ശേരി മുറിയംകണ്ണി, പന്തലംകാടൻമല മേലെകടവ്.

ക്രോസ്ബാറുകൾ

തോടുകളിൽ താഴെപറയുന്ന സ്ഥലങ്ങളിൽ ക്രോസ്ബാറുകൾ നിർമ്മിക്കാവുന്നതാണ്.

കുണ്ടംതോട്	വെള്ളിനേഴി	പുളിക്കൽതോട്
കളത്തുംപാടം		മണ്ണാരണ്ടിതോട്
		അമ്പലപരിസരം

വടക്കൻ വെള്ളിനേഴി

കോരഞ്ചിറ വെള്ളച്ചാട്ടത്തിന് മുകൾവശം	തിരുവാഴിയോട്	മണ്ണംകാട്ടിൽപടി
കടിയറ്റ അമ്പലത്തോട്		കണ്ണന്തൊടി
		പുളിയൻതോട്

കുറുവട്ടൂർ

പൊതിതോട്	അടക്കാപുത്തൂർ	കരിമ്പനക്കുണ്ട്
പത്തായപുര പടി		കൊല്ലത്തുപടി
കരണംകാട്ടിൽ പടി		അഞ്ചില്ലത്തു പടി

കുളക്കാട്

ഞളാകുർശ്ശി തോട്	ഞാളാകുർശ്ശി
മുണ്ടുപാലം തോട്	

കുളങ്ങൾ

താഴെ പറയുന്ന കുളങ്ങൾ വിപുലീകരിച്ച് ജലസേചനത്തിന് ഉപയുക്തമാക്കാം.

കാരകുളം	കുറ്റാനശ്ശേരി	അയ്യപ്പൻകുളം	കല്ലുംപുറം
അലറിയോട്ട് കുളം		കുന്നത്തൊടികുളം	
ചേറങ്ങോട് കുളം		കുമഴയിൽകുളം	
വങ്കൻതൊടി കുളം		പടിഞ്ഞാറ്റികുളം	
മാളിയക്കൽ കുളം		നറുക്കാട്ടുകുളം	
ചോലെ കുളം		പാറകുളം	
ചേനക്കോടു കുളം		തെക്കുംപുറംകുളം	

ചിറക്കുളം	വടക്കൻ വെള്ളിനേഴി.	വട്ടോള്ളികുളം	തിരുവാഴിയോട്
മല്ലിയൂർ അയ്യപ്പൻകാവ് കുളം		പൂളകുളം	
വേട്ടേക്കാരൻ കാവ് കുളം		പുത്തൻകുളം	
കടവത്തുമന ക്ഷേത്രകുളം -		നിറക്കാട്ടുകുളം	
കളരിക്കൽ പാടത്തെ കുളം -		ഇയ്യളകുളം	
കളത്തിൽ പാടത്ത് കുളം		മഠത്തിൽകുളം	
പടിഞ്ഞാറെ പാടത്ത് തിരുത്തിക്കണ്ടം കുളം		മുണ്ടൻകുളം	
		ചേറുംകുടികുളം	
		അമ്പലകുളം	

അമ്പല കുളം	അടക്കാപുത്തൂർ	കതിരാട്ടുകുളം	കുറുവട്ടൂർ.
ചെരകുളം		പാക്കാട്ടുകുളം	
പൊഴാകുളം		മേലെ കളായികുളം	
മങ്ങാട്ടുകുളം		നായാടികുളം	

മണൽത്തൊടികുളം	കുളക്കാട്.	മായൻകുളം	തിരുനാരായണപുരം
കളത്തിൽ പെരുമ്പിലാവിൽകുളം		ഉത്രത്തിൽകാവ്കുളം	
കരിങ്കറകുളം			
കിഴക്കെകരിങ്കറകുളം			
ചൊക്കത്തുപള്ളിയാൽകുളം			

ട്രാക്ടർ ട്രാക്കുകൾ

തൊഴിലാളികളുടെ ദൗർല്ലഭ്യം പരിഹരിക്കാനും കൃഷി ലാഭകരമാക്കാനും യന്ത്രവൽക്കരണം കൂടിയേ തീരൂ. എന്നാൽ ഇന്ന് പാടങ്ങളിലേക്ക് ട്രാക്ടർ ഇറക്കാനുള്ള സൗകര്യങ്ങളില്ല. അതുകൊണ്ട് എല്ലാ പാടശേഖരങ്ങളിലേക്കും ട്രാക്ടർ ഇറക്കാനുള്ള ട്രാക്കുകൾ നിർമ്മിക്കണം.

ഉല്പാദനക്ഷമത വർദ്ധിപ്പിക്കാൻ

- ❒ ഗ്രൂപ്പ് ഫാമിംഗ് നടപ്പിലാക്കുക
- ❒ കൂട്ടുമുണ്ടകം ഒഴിവാക്കുക
- ❒ കാർഷിക യന്ത്രസാമഗ്രികൾ പാടശേഖരസമിതികൾക്ക് കൃഷിഭവൻ മുഖാന്തിരം ഏർപ്പാടാക്കുക.
- ❒ കാർഷിക യന്ത്രസാമഗ്രികൾ വാങ്ങാൻ കർഷകർക്ക് സബ്സിഡി നൽകുക.
- ❒ വളവും വിത്തും സൗജന്യമായി വിതരണം നൽകുക.
- ❒ ഉല്പാദനശേഷി നശിച്ച തെങ്ങുകൾ വെട്ടിമാറ്റി പുതിയ അത്യുല്പാദനശേഷിയുള്ള തൈകൾ സബ്സിഡിയോടുകൂടി നൽകുക.
- ❒ കവുങ്ങ്, കുരുമുളക്, വെറ്റില, എന്നിവയുടെ കൃഷിക്ക് അത്യുല്പാദനശേഷിയുള്ള നടീൽവസ്തുക്കളും വളവും ലഭ്യമാക്കുക.
- ❒ കാർഷിക ആവശ്യങ്ങൾക്ക് വൈദ്യുതമോട്ടോറുകൾക്ക് ചാർജ്ജ് ഒഴിവാക്കുക.
- ❒ കൃഷി ആവശ്യത്തിന് മണ്ണെണ്ണ പെർമിറ്റ് അനുവദിക്കുക.
- ❒ യന്ത്രസാമഗ്രികൾ സംഘടിതമായി വാങ്ങി ഉപയോഗിക്കാൻ കർഷകരെ പ്രാപ്തരാക്കണം.
- ❒ കർഷകർക്ക് സാങ്കേതിക പരിശീലനം നൽകണം.
- ❒ വെറ്റില, കവുങ്ങ്, ഇഞ്ചി, തെങ്ങ്, കശുമാവ്, കുരുമുളക് എന്നീ കൃഷികൾ പ്രോത്സാഹിപ്പിക്കാൻ സബ്സിഡി നൽകണം.
- ❒ കുറഞ്ഞ പലിശക്ക് വായ്പകൾ ലഭ്യമാക്കണം.
- ❒ പാടശേഖര സമിതികളെ സജീവമാക്കണം.
- ❒ കൃഷിസ്ഥലങ്ങൾ തരിശിടാതിരിക്കാൻ കർഷകരിൽ സമ്മർദ്ദം ചെലുത്തുക.
- ❒ ഒരു വിത്തും, ഒരു കൃഷി സമ്പ്രദായവും നടപ്പിലാക്കുക.
- ❒ കർഷകർക്ക് പ്രോത്സാഹന സമ്മാനങ്ങൾ വിതരണം ചെയ്യണം.
- ❒ നെൽകൃഷിക്കുള്ള ബോണസ് തുക വർദ്ധിപ്പിച്ച് യഥാസമയം ലഭ്യമാക്കുക.
- ❒ ജൈവകീടനാശിനികളെ കുറിച്ച് ബോധവൽക്കരണം നടത്തുക.

കൃഷിവിദഗ്ദ്ധരുടെ അഭാവം:

- ❒ വെള്ളിനേഴി പഞ്ചായത്ത് കൃഷിഭവൻ പഞ്ചായത്തിലെ മുഴുവൻ കൃഷിക്കാർക്കും സൗകര്യപ്രദമായ സ്ഥലത്തല്ല സ്ഥിതിചെയ്യുന്നത്.
- ❒ കൃഷിഭവൻ വെള്ളിനേഴി പഞ്ചായത്താപ്പീസ് പിസരത്തേക്ക് മാറ്റി സ്ഥാപിക്കണം.
- ❒ കൃഷിഭവന് ആവശ്യമായ കെട്ടിടസൗകര്യങ്ങൾ ഉണ്ടാക്കണം.
- ❒ മണ്ണ് പരിശോധിക്കാനും പരിശോധിച്ചതിന്റെ റിസൽട്ട് കർഷകർക്ക് എത്തിച്ചുകൊടുക്കാനും ഏർപ്പാടാക്കുക.
- ❒ നെൽകൃഷി വിപുലപ്പെടുത്തുന്നതിനുള്ള ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.
- ❒ യഥാസമയം രോഗനിർണ്ണയം നടത്താനും ചികിത്സാവിധികൾ നിർണ്ണയിക്കാനും ഉള്ള സൗകര്യം ഉണ്ടാക്കുക.
- ❒ കൃഷി ഉദ്യോഗസ്ഥന്മാർക്ക് കാർഷിക വൃത്തിയിലുള്ള പ്രായോഗിക പരിജ്ഞാനം ഉണ്ടാക്കുക.

ആടുമാടുകളുടെ ശല്ല്യം:-

- ❒ അലഞ്ഞുതിരിഞ്ഞ് നടക്കുന്നതും വിളകൾ നശിപ്പിക്കുന്നതുമായ കന്നുകാലികളെ പിടിച്ചുകെട്ടാനുള്ള നിയമം കാര്യക്ഷമമായി നടപ്പാക്കുക.

- ❒ പഞ്ചായത്ത് ആലത്തൊഴുത്ത് അറ്റകുറ്റപ്പണി' തീർക്കുക.
- ❒ പഞ്ചായത്തിൽ ഒരു ആലത്തൊഴുത്ത് കാവൽക്കാരനെ നിയമിക്കുക.
- ❒ ഇത്തരത്തിൽ ആലത്തൊഴുത്തിൽ കെട്ടുന്ന കന്നുകാലികൾക്ക് ഈടാക്കുന്ന പിഴ കാലാനുസൃതമായി പരിഷ്ക്കരിക്കുക.
- ❒ ഇത്തരത്തിൽ ഈടാക്കുന്ന പിഴയിൽ നിന്ന് ഒരു ഭാഗം വിളനാശം സംഭവിച്ച കൃഷിക്കാരന് നൽകുക.

സാമൂഹ്യ അംഗീകാരമില്ലായ്മ:-

- ❒ ഇത് പരിഹരിക്കാൻ കാർഷികവൃത്തിയെ വിദ്യാഭ്യാസവുമായി ബന്ധപ്പെടുത്തണം.
- ❒ യന്ത്രവൽക്കരണം ഫലപ്രദമായി നടപ്പിലാക്കണം.

സ്വാശ്രയശീലം വളർത്തണം:-

- ❒ ഓരോ കുടുംബത്തിനും ആവശ്യമുള്ള പച്ചക്കറി സ്വയം ഉൽപ്പാദിപ്പിക്കുക.
- ❒ പച്ചക്കറി വിത്തുകൾ (അത്യുൽപ്പാദനശേഷിയുള്ളത്) വിതരണം ചെയ്യാൻ സംവിധാനം ഉണ്ടാവണം.
- ❒ ഒരു വീട്ടിൽ ഒരു പച്ചക്കറിത്തോട്ടം എന്നത് ഒരു മുദ്രാവാക്യമായി പഞ്ചായത്ത് ഏറ്റെടുക്കുക.
- ❒ പച്ചക്കറി ഉൽപ്പാദക മാർക്കറ്റിങ്ങ് സൊസൈറ്റി സ്ഥാപിക്കുക.

മണ്ണൊലിപ്പ് - ഫലഭൂയിഷ്ഠത:-

- ❒ ചെരിവുള്ള ഭൂമികൾ തട്ടുതട്ടുകളാക്കി വെള്ളം, ആഴ്ന്നിറങ്ങുന്നതിനും, മണ്ണൊലിപ്പ് തടയുന്നതിനും പഞ്ചായത്തടിസ്ഥാനത്തിൽ ബൃഹദ്പദ്ധതി ആവിഷ്ക്കരിച്ചു നടപ്പിലാക്കണം.
- ❒ വിള പരിവർത്തനം നടത്തിയും കോണ്ടൂർ ബണ്ടുകളും മറ്റും ഏർപ്പെടുത്തിയും മണ്ണിന്റെ ഫലഭൂയിഷ്ഠത ഉയർത്തണം.
- ❒ രണ്ടു വിളകൾക്കിടയിൽ പയർ - ഉഴുന്ന് - ഡെയിഞ്ച പരിക്രമണം നടത്തണം.
- ❒ മണ്ണിന്റെ നഷ്ടപ്പെട്ട വീര്യം വീണ്ടെടുക്കാനായി ജൈവവള പ്രയോഗം കാര്യക്ഷമമാക്കണം.
- ❒ അമ്ലവീര്യം കൂടിയ ഈ പ്രദേശത്ത് കുമ്മായവസ്തുക്കൾ വിതരണം ചെയ്യണം.
- ❒ പഞ്ചായത്തടിസ്ഥാനത്തിൽ അഗ്രോക്ലിനിക്കുകൾ സ്ഥാപിക്കണം.
- ❒ പഞ്ചായത്തിന്റെ മുഴുവൻ ഏരിയയും ഉൾപ്പെടുത്തി നീർതടപദ്ധതി നടപ്പിലാക്കണം.
- ❒ പുലിക്കൽ 'വാട്ടർഷെഡ്' പദ്ധതി നടപ്പിലാക്കുക.

ബണ്ടുകൾ

തോടുകളുടെ സൈഡ് കെട്ടി തോടും - പാടവും സംരക്ഷിക്കുക.

ഇടവഴികൾ

കൃഷിയിടങ്ങളിൽ നിന്ന് കറ്റ മുതലായവ കൊണ്ടു പോവാനും തോൽ, വളം മുതലായവ കൊണ്ടുവരാനും പരിസരപ്രദേശങ്ങളിലുള്ള ഇടവഴികൾ വീതികൂട്ടി സംരക്ഷിക്കണം.

കാഞ്ഞിരപ്പുഴ ജലസേചനപദ്ധതി

- ❒ കാഞ്ഞിരപ്പുഴ പദ്ധതിയുടെ പരമാവധി സംഭരണ വിതാനം 95.5 മീറ്റർ എന്നത് 97.5 മീറ്റർ ആക്കി ഉയർത്താൻ ഉടനടി തീരുമാനമെടുക്കണം.
- ❒ കനാലുകളുടെ അറ്റകുറ്റപണികൾ തീർക്കുന്നതിനാവശ്യമായ ഫണ്ട് ലഭ്യമാക്കണം.
- ❒ തുപ്പനാട് അണകെട്ടി കാഞ്ഞിരപ്പുഴയുടെ കനാലിൽ വെള്ളം എത്തിക്കാനുള്ള പരിപാടി നടപ്പിലാക്കണം.
- ❒ കനാലിന്റെ അറ്റകുറ്റപണികൾക്ക് അനുവദിക്കുന്ന ഫണ്ട് കർഷകരുടെ ജനകീയ സംരംഭങ്ങളുപയോഗിച്ച് ഫലപ്രദമായി ഉപയോഗിക്കുക.

സർക്കാർ വനഭൂമി

കുളക്കാടൻ മലയിൽ നിലവിലുള്ള സർക്കാർ വനഭൂമിയിൽ ഇപ്പോൾ അക്കേഷ്യയാണ് നടുപിടിപ്പിച്ചിരിക്കുന്നത്. ഈ അക്കേഷ്യക്കാടുകൾ വെട്ടിമാറ്റി ഔഷധ സസ്യത്തോട്ടങ്ങൾ വെച്ചു പിടിപ്പിക്കേണ്ടതാണ്.

പ്രകൃതി ഈ അനുഗ്രഹങ്ങളെല്ലാം കനിഞ്ഞു ചൊരിഞ്ഞിരിക്കുന്ന ഈ പ്രദേശം കൂടുതൽ ഹരിതാഭമായിത്തീരട്ടെ എന്നും കർമ്മം ചെയ്യാനായി സമാധാന പ്രേമികളായ കർഷക സമൂഹത്തിന് സകലവിധ ഉണർവ്വും ആവേശവും ഭവിക്കട്ടെ എന്നും ആശംസിച്ചുകൊണ്ട് സമ്പത്തുൽപ്പാദന മേഖലയായ ഈ രംഗത്ത് പുതിജീവൻ കൈവരാൻ ഈ മുഹൂർത്തം ഉപയോഗിക്കുമെന്ന് പ്രത്യാശിച്ചുകൊണ്ട് കൃഷിയെ സംബന്ധിച്ച ഈ റിപ്പോർട്ട് ചർച്ചയ്ക്കും, പരിഗണനയ്ക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

Best Compliments from

POLYDONE

PLASTIC CONVERSIONS PRIVATE LTD.
VELLINEZHI. Phone: 682266

Manufactures and Suppliers of Pharmaceutical Containers



മൃഗസംരക്ഷണവും മത്സ്യബന്ധനവും

മൃഗസംരക്ഷണമേഖല എന്നു വെച്ചാൽ പാലുൽപ്പാദനം മാത്രമാണെന്ന അബദ്ധധാരണ പരക്കെ നിലനിൽക്കുന്നുണ്ട്. വാസ്തവത്തിൽ നമ്മുടെ ജീവിതത്തിന്റെ എല്ലാമേഖലകളേയും സ്പർശിക്കുന്ന ഒന്നാണ് മൃഗസംരക്ഷണ പ്രവർത്തനങ്ങൾ. പോഷക പ്രധാനമായ പാൽ, മാംസം, മുട്ട എന്നീ ഭക്ഷ്യവസ്തുക്കൾ ലഭ്യമാക്കുന്നതിലൂടെ ജനങ്ങളുടെ ആരോഗ്യനിലവാരം ഉയർത്തുന്നതിനു പുറമേ വ്യാവസായികാവശ്യത്തിനുള്ള തുകൽ, എല്ല്, ഔഷധ വ്യവസായത്തിനുള്ള ഹോർമോണുകൾ, വാക്സിനുകൾ, പരീക്ഷണശാലയിലേക്കുള്ള മൃഗങ്ങൾ കാർഷിക മേഖലക്കാവശ്യമായ ജൈവവളം, ബയോഗ്യാസ്, നിലം ഒരുക്കുന്നതിനും ഭാരം വലിക്കുന്നതിനുമുള്ള മൃഗശക്തി എന്നിവയും പ്രദാനം ചെയ്യുന്നത് ഈ മേഖലയാണ്. ധാരാളം തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുന്ന ഒരു മേഖലകൂടിയാണിത. വ്യാപകമായി സ്രികൾക്കും കുട്ടികൾക്കും അടക്കം ഈ മേഖലയിൽ തൊഴിൽ ചെയ്യാനാവും. കന്നുകാലി സമ്പത്തിന്റെ സിംഹഭാഗവും ഗ്രാമപ്രദേശത്തെ ചെറുകിട നാമമാത്ര കർഷകരുടെ കയ്യിലായതുകൊണ്ട് ഈ മേഖലയുടെ വികസനം ഗ്രാമീണ സമ്പദ്വ്യവസ്ഥയെ ശക്തമാക്കുന്നു.

പാലുൽപ്പാദനരംഗം

പരമ്പരാഗതമായി കൃഷിയുടെ അനുബന്ധ തൊഴിലായി പശു, എരുമ, ആട് എന്നീ കറവ ഉരുക്കളെ നമ്മുടെ പഞ്ചായത്തിൽ വളർത്തി വരുന്നുണ്ട്. ഇന്നും പരമ്പരാഗത സങ്കേതങ്ങളിൽത്തന്നെയാണ് ഇവയെ വളർത്തുന്നത്. പ്രധാനമായ ലക്ഷ്യം വീട്ടാവശ്യത്തിനുള്ള പാലുൽപ്പാദനമാണ്. 1996 ലെസ്ഥിതി വിവരക്കണക്കുകൾ അനുസരിച്ച് പ്രതിവർഷ പാലുൽപ്പാദനം 5 മുതൽ 6½ ലക്ഷം ലിറ്റർ വരും. ഇതിന് 55 മുതൽ 72 ലക്ഷം രൂപയുടെ മൂല്യം കണക്കാക്കാം. ഉൽപാദനത്തിൽ പകുതിയും സ്വന്തം വീട്ടാവശ്യത്തിനുപയോഗിക്കുന്നു. ബാക്കി പകുതിയാകട്ടെ അയൽ വീടുകളിലും, ചായക്കടകളിലും, ഹോട്ടലുകളിലും വിൽക്കപ്പെടുന്നു. വളരെ അപര്യാപ്തമായ ഈ വിപണി ഉൽപ്പാദനത്തെ പ്രതികൂലമായി ബാധിക്കുന്നു.

പഞ്ചായത്തിൽ ആകെ 1112 പശുക്കളും, 45 എരുമകളും, 1547 ആടുകളുമാണുള്ളത്. ഈ വളർത്തു മൃഗങ്ങളിൽ അത്യുൽപാദനശേഷിയുള്ള പുത്തൻ ഇനങ്ങൾ നാമമാത്രമായിട്ടേയുള്ളൂ. റബറിന്റേയും മറുവിളകളുടേയും വ്യാപനത്തിലൂടെ മേച്ചിൽപ്പുറങ്ങൾ തീരെയില്ലാത്ത സ്ഥിതിയാണുള്ളത്.

കാലിത്തീറ്റയുടെ ഉൽപ്പാദനവും വിപണനവും ഇന്ന് ദേശീയ അന്തർദ്ദേശീയ കമ്പനികളുടെ കയ്യിലാണ്. ഇവരുടെ ഉൽപ്പന്നങ്ങൾക്ക് വളരെ ഉയർന്ന വിലയാണ്; വളരെ താഴ്ന്ന ഗുണനിലവാരവും. മൃഗപരിപാലനത്തിൽ മുഖ്യപങ്ക് തീറ്റയിനത്തിലാണ് എന്നതിനാൽ മേഖലയുടെ സമഗ്രവികസനത്തിന് ഈ രംഗത്തെ, സ്ഥാപിതതാല്പര്യക്കാരിൽ നിന്നും മോചിപ്പിക്കേണ്ടിയിരിക്കുന്നു. 1418 ഏക്കർ സ്ഥലത്ത് വിരിപ്പുകൃഷിയും 1100 ഏക്കർ സ്ഥലത്ത് മുണ്ടകൻ കൃഷിയും നടക്കുന്ന നമ്മുടെ പഞ്ചായത്തിൽ വലിയ അളവ് വൈക്കോൽ ഉല്പാദിക്കപ്പെടുന്നുണ്ട്. ഇതിനു പുറമേ കാലിത്തീറ്റയുടേയും, തീറ്റപ്പുല്ലിന്റേയും ഉൽപ്പാദനരംഗത്തേക്ക് നമ്മുടെ ശ്രദ്ധ അടിയന്തിരമായി തിരിയേണ്ടതുണ്ട്.

മാംസോൽപ്പാദനരംഗം

നമ്മുടെ പഞ്ചായത്തിൽ അറവുശാലകളും മാംസവിപണനകേന്ദ്രങ്ങളും നിലവിലില. മാംസ ഉപഭോഗത്തെക്കുറിച ആധികാരികമായ വിവരങ്ങൾ ലഭ്യമല്ലെങ്കിലും ആളോഹരി മാംസ ഉപഭോഗം വളരെ വളരെ കുറവാണ്. തലച്ചുമടായി വളരെ കുറഞ്ഞ അളവിൽ ഒന്നോ രണ്ടോ വ്യക്തികൾ മാംസം കോണ്ടുനടന്നു വിൽക്കുന്നുണ്ട. അടുത്ത പഞ്ചായത്തായ ചെർപ്പുളശ്ശേരിയിലെ മാർക്കറ്റിനെ ആണ് മാംസത്തിനുവേണ്ടി ഇപ്രദേശത്തുകാർ കാര്യമായി ആശ്രയിക്കുന്നത്. ആയിരത്തി അഞ്ഞൂറിലധികം ആടുകളും ആറുകോഴിവളർത്തുകേന്ദ്രങ്ങളും പഞ്ചായത്തിലുണ്ടെങ്കിലും ഇടത്തട്ടുകാരിലൂടെ ഇവ കച്ചവടം ചെയ്യപ്പെടുകയാണ്. ആഭ്യന്തരമായ ഒരു വിപണിയും ഉപഭോഗവും ഈ കാര്യത്തിൽ നിലനിൽക്കുന്നില. മാംസ ഉൽപാദനരംഗത്ത വളരെ സംഭാവന ചെയ്യാൻ കഴിയുന്ന പന്നി, മുയൽ എന്നിവയെ ഇവിടെ വ്യാപകമായി വളർത്തുന്നില്ല. താറാവു വളർത്തലും തീരെയില്ല. വീടുകളിൽ വ്യാപകമായി

കാണാനാവുന്നത് കോഴിവളർത്തലാണ്. ഇതും പരമ്പരാഗത പ്രക്രിയ മാത്രമായി നിലനിൽക്കുകയാണ്. മാംസോൽപ്പദനരംഗത്ത് ഒട്ടേറെ സാധ്യതയുള്ള ഒരു പ്രദേശമാണിത്.

കോഴിവളർത്തൽ

വ്യാവസായികാടിസ്ഥാനത്തിൽ ആറ് ഇറച്ചിക്കോഴി (ബ്രോയ്ലർ) വളർത്തൽ കേന്ദ്രങ്ങൾ ഇവിടെയുണ്ട്. പ്രതിവർഷം 10,000 കോഴികളെ ഇവിടെനിന്നും വിൽക്കുന്നു. ഇടത്തട്ടുകാരുടെ വ്യാപകമായ ചൂഷണമാണ ഈ രംഗത്തുനടക്കുന്നത്. കോഴിക്കുഞ്ഞുങ്ങളെ സപ്ലൈ ചെയ്യുന്നതുമുതൽ കോഴിത്തീറ്റ, പാകമായ കോഴികളുടെ വിപണനം തുടങ്ങി എല്ലാ കാര്യങ്ങളിലും ഇടത്തട്ടുകാർ കർഷകരെ ആവോളം ചൂഷണം ചെയ്യുന്നുണ്ട്. സ്വയംതൊഴിൽ സംരംഭം എന്ന നിലയിലും സഹകരണാടിസ്ഥാനത്തിലും ഈ രംഗത്ത് നമുക്ക് ഏറെ മുന്നോട്ടുപോകാൻ കഴിയും.

നാടൻകോഴികളെ ഇവിടെ ഏതാണ്ടെല്ലാ വീടുകളിലും വളർത്തുന്നുണ്ട്. അടുക്കളയിലെയും വയലിലേയും അവശിഷ്ടങ്ങളാണ് ഇവയുടെ പ്രധാന ഭക്ഷ്യോപാധി. കാര്യമായ ശ്രദ്ധയും പരിചരണവും കൊടുക്കാതെ വളരെ സ്വാഭാവികമായി വളരുന്ന ഒരു കൂട്ടമാണ് ഇവ. ഈ രംഗത്ത് ആവുന്നത്ര സംഘടിതമായ പരിശ്രമങ്ങൾ ഇറക്കിക്കൊണ്ടുവരേണ്ടതുണ്ട്. അറുപതുകളിൽ നടത്തി വർഗ്ഗോദ്ധാരണ പ്രവർത്തനങ്ങളിലൂടെ ഉരുത്തിരിഞ്ഞുവന്ന അറുപതാംകോഴി, മുള്ളൻകോഴി, കഴുത്തിൽ തൊപ്പയില്ലാത്തകോഴി, കൊത്തുകോഴി, ആര്യൻച്ചൂട്ടൻ-രാജപാളയം എന്നീ മിശ്ര ഇനങ്ങളും അവിടവിടെ കാണുന്നുണ്ട്.

മൃഗസംരക്ഷണ വകുപ്പിലൂടെ ഇടക്കിടെ വിതരണം ചെയ്യപ്പെടുന്ന ഗിരിരാജൻ കോഴികുഞ്ഞുങ്ങൾ വേണ്ടത്ര പ്രായമാവാത്തതുകൊണ്ടും മറു കാരണങ്ങളാലും വളരെ പെട്ടെന്ന ചത്തൊടുങ്ങുന്നു. ഇത വളരെ പ്രയാസകരമായ അനുഭവമാണ് കർശകർക്കുണ്ടാക്കുന്നത്.

മുട്ടയുൽപ്പാദന രംഗം

നാടൻ കോഴികളെ മാത്രമാണ ഈരംഗത്ത ആശ്രയിക്കുന്നത. ഇവയുടെ ശരാശരി പ്രതിവർഷ ഉൽപാദനം 30 ആണ്. ഇത് വളരെ അപര്യാപ്തമാണ്. ഈ രംഗത്തെ ആവശ്യം നിറവേറ്റുന്നതിന് അന്യ സംസ്ഥാനങ്ങളെയാണ് ഇപ്പോൾ ആശ്രയിക്കുന്നത്.

ജൈവവളം

പരിസ്ഥിതി പ്രശ്നങ്ങൾ തീരെ ഉണ്ടാക്കാത്തതും മണ്ണിന്റെ ഘടനാപരമായ സവിശേഷതകളെ നിലനിർത്താനും ഗുണപരമാക്കാനും സഹായിക്കുന്നതുമായ ജൈവവളം മൃഗപരിപാലനത്തിലൂടെ കിട്ടുന്ന മികച്ച ഉൽപ്പന്നമാണ്. ഈ രംഗത്ത് പരമ്പരാഗതമായ ചില സംവിധാനങ്ങൾ മാത്രമേ നിലവിലുള്ളു. ശാസ്ത്രീയമായ സങ്കേതങ്ങൾ പ്രയോഗിക്കാൻ ഈ മേഖലയിൽ നമുക്ക് വലിയ സാധ്യതകളുണ്ട്. അശാസ്ത്രീയമായ വളക്കുഴികളും മറ്റും ഗുരുതരമായ പരിസരശുചിത്വ പ്രശ്നങ്ങളാണ് ഇപ്പോൾ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്.

ജൈവഊർജ്ജ രംഗം

പഞ്ചായത്തിൽ 14 ഗോബർഗ്യാസ് പ്ലാന്റുകളുണ്ട്. എല്ലാ വാർഡുകളിലും ആവശ്യത്തിന് വൈദ്യുതി എത്താത്ത ഈ പഞ്ചായത്തിൽ ബയോഗ്യാസ് പ്ലാന്റുകൾക്ക് വലിയ സാധ്യതയുണ്ട്. ഗ്യാസ് എടുത്തതിനുശേഷമുള്ള വളം കൂടുതൽ മൂല്യവത്താണ്.

പഞ്ചായത്തിൽ ആകെ 48 കാളകളും, 45 എരുമകളും, 268 പോത്തുകളു ഉണ്ട്. നിലമുഴുന്നതിനുവേണ്ടി വ്യാപകമായി ഇവയെ ഉപയോഗപ്പെടുത്തുന്നുണ്ട്. ഈ രംഗത്തേക്ക് ട്രാക്ടറുകളും ട്രില്ലറുകളും വ്യാപിച്ചു കൊണ്ടിരിക്കുകയാണ്.

പഞ്ചായത്തിലെ മൃഗസംരക്ഷണ സ്ഥാപനങ്ങൾ

പഞ്ചായത്തിൽ 1986 മുതൽ ഒരു ഐസിഡിപി സബ്സെന്റർ പ്രവർത്തിക്കുന്നുണ്ട്. ഇവിടെ ലൈവ് സ്റ്റോക്ക ഇൻസപെകറും ഉണ്ട. കൃത്രിമ ബീജദാനം, പ്രതിരോധ കുത്തിവയപുകൾ തുടങ്ങിയ സേവനങ്ങൾ ഇവിടെ ലഭ്യമാക്കിയിരുന്നു.

1995 - 96 വർഷത്തിലാണ് പഞ്ചായത്തിൽ കുളക്കാട് കേന്ദ്രമാക്കി മൃഗാശുപത്രി അനുവദിച്ചത്. ഒരു വെറ്റിനറി സർജൻ, ഒരു ലൈവസ്റ്റോക്ക ഇൻസപെകർ, ഒരു അറൻഡർ, ഒരു പാർട്ട ടൈം സ്വീപർ എന്നിവയാണ ഇവിടുത്തെ തസ്തികകൾ.

പഞ്ചായത്തിലെ കാലികളുടെ എണ്ണം വാർഡ് തിരിച്ച് പട്ടികയായി ചുവടെ കൊടുക്കുന്നു.)

വാർഡ് നമ്പർ	വാർഡിന്റെ പേര്	നാടൻകാള		സങ്കരയിനംകാള		പശു നാടൻ		പശുസങ്കരം		എരുമ		പോത്ത്	ആട്	പന്നി	താറാവ്
		വംശ വർദ്ധനവ്	മറ്റുള്ളവ	വംശ വർദ്ധനവ്	മറ്റുള്ളവ	കറവ ഉള്ളത്	കറവ ഇല്ലാത്തത്	കറവ ഉള്ളത്	കറവ ഇല്ലാത്തത്	കറവ ഉള്ളത്	കറവ ഇല്ലാത്തത്				
1.	വെള്ളിനേഴി	2	-	-	-	107	5	-	-	5	-	53	257	59	-
2.	വടക്കൻവെള്ളിനേഴി	-	8	-	-	37	21	17	10	-	3	58	57	60	-
3.	കുറ്റാനശ്ശേരി	-	4	-	-	64	3	38	12	-	-	68	204	42	-
4.	കുറുവട്ടൂർ	1	-	-	-	19	13	46	17	4	3	24	171	18	-
5.	തിരുനാരായണപുരം	1	13	-	-	19	10	45	10	-	1	26	101	66	-
6.	തിരുവാഴിയോട്	-	2	-	-	28	8	48	34	8	6	38	196	40	3
7.	കുളക്കാട്	1	6	-	4	55	23	52	22	5	2	8	88	11	-
8.	അടക്കാപുത്തൂർ	-	5	-	-	43	14	115	33	5	-	18	364	145	-
9.	കല്ലുംപുറം	-	6	-	-	29	34	37	38	3	-	33	129	15	-
	ആകെ	5	44	-	4	401	131	398	176	30	15	326	1567	456	3

പഞ്ചായത്തിലെ മൃഗസംരക്ഷണ സ്ഥാപനങ്ങൾ

പഞ്ചായത്തിൽ 1986 മുതൽ ഒരു ഐസിഡിപി സബ്സെന്റർ പ്രവർത്തിക്കുന്നുണ്ട്. ഇവിടെ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടറും ഉണ്ട്. കൃത്രിമ ബീജദാനം, പ്രതിരോധ കുത്തിവയ്പ്പുകൾ തുടങ്ങിയ സേവനങ്ങൾ ഇവിടെ ലഭ്യമാക്കിയിരുന്നു.

1995 - 96 വർഷത്തിലാണ് പഞ്ചായത്തിൽ കുളക്കാട് കേന്ദ്രമാക്കി മൃഗാശുപത്രി അനുവദിച്ചത്. ഒരു വെറ്റിനറി സർജൻ, ഒരു ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ, ഒരു അറ്റൻഡർ, ഒരു പാർട്ട് ടൈം സ്വീപ്പർ എന്നിവയാണ് ഇവിടുത്തെ തസ്തികകൾ.

ഡിസ്പെൻസറിയിൽ ഇപ്പോഴുള്ള സൗകര്യങ്ങൾ തീരെ പര്യാപ്തമല്ല. മൃഗങ്ങളെ കടത്തിനിർത്തി പരിശോധിക്കാനുള്ള കൂട്, ഓഫീസ് ഫർണീച്ചർ, അത്യാവശ്യ മരുന്നുകൾ എന്നിവപോലും ഇവിടെയില്ല. ഈ ആശുപത്രിയെ വികസിപ്പിക്കേണ്ടത് ആവശ്യമാണ്.

എട്ടാം പദ്ധതി പ്രവർത്തനങ്ങൾ അവലോകനം

എട്ടാം പദ്ധതിക്കാലത്ത് മൃഗസംരക്ഷണ മേഖലയിൽ നടപ്പിലാക്കിയതും ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതുമായ പരിപാടികളുടെ അവലോകനമാണ് ഇവിടെ നടത്താൻ ശ്രമിക്കുന്നത്. ശ്രീകൃഷ്ണപുരം, ചെർപ്പുളശ്ശേരി ആശുപത്രികൾ വഴിയാണ് ഈ പഞ്ചായത്ത് വിവിധ പദ്ധതികൾ നടപ്പാക്കിയിരുന്നത്. 91 - 92 ൽ കുറ്റാനശ്ശേരി പൊട്ടത്തിൽച്ചാളകോളനിയിൽ ഒരുജോടി പോത്തിൻ കുട്ടികൾക്ക് 2000/- രൂപ വെച്ച് 10 പേർക്ക് സഹായം നൽകി. 1994 - 95 ൽ പകുതി സബ്സിഡി നൽകിക്കൊണ്ട് കോഴിയൊന്നിന് 15 രൂപ നിരക്കിൽ 120 കോഴികളെ വിതരണം ചെയ്തു.

നടപ്പുപദ്ധതികൾ

ഗോരക്ഷാക്യാമ്പ്, പേവിഷ നിർമ്മാർജ്ജന പദ്ധതി, പ്രകാരം പകുതി വിലക്ക് ആന്റി റാബിസ് വാക്സിനേഷൻ, 50% സബ്സിഡി നൽകി 4 രൂപ നിരക്കിൽ കുളമ്പ് രോഗത്തിനെതിരെ പ്രതിരോധ കുത്തിവെപ്പ്, കാലിവസന്ത നിർമ്മാർജ്ജന പദ്ധതി കോഴികൾക്കുള്ള പ്രതിരോധ കുത്തിവെപ്പുകൾ, കൃത്രിമ ബീജാദാനം ചികിത്സാ സൗകര്യങ്ങൾ എന്നിവയാണ് നടപ്പു പദ്ധതികൾ.

പ്രശ്നങ്ങൾ

മൃഗപരിപാലന രംഗത്തെ പ്രശ്നങ്ങളെ പട്ടികപ്പെടുത്തുകയാണ്.

- മേച്ചിൽപ്പുറങ്ങളുടെ കുറവ്.
- കാലിത്തീറ്റയുടെ വിലവർദ്ധനവ്.
- പാൽ വിപണന സൗകര്യം ഇല്ലായ്മ.
- മൃഗസംരക്ഷണ സേവനങ്ങളുടെ അഭാവം.
- അറവുശാലകളും, മാംസവിപണന കേന്ദ്രങ്ങളും ഇല്ലായ്മ.
- കാലിത്തീറ്റയുടെ ഉൽപ്പാദനത്തിനുള്ള സംവിധാനം ഇല്ലായ്മ.
- കോഴിത്തീറ്റയുടെ വിലവർദ്ധനവ്.
- കോഴി വളർത്തലിന്റെ വിവിധ തലങ്ങളിലുള്ള വിപണനവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന ഇടത്തട്ടുകാരുടെ കടുത്ത ചൂഷണം.
- മുട്ടയുൽപ്പാദന രംഗത്ത് നാടൻകോഴികളെ ആശ്രയിക്കുന്ന സ്ഥിതി.
- മെച്ചപ്പെട്ടയിനം മുട്ടക്കോഴികളെ വളർത്താനുള്ള സാഹചര്യം ഇല്ലായ്മ.
- ജൈവവളങ്ങളെയും ജൈവാവിശിഷ്ടങ്ങളെയും ശാസ്ത്രീയ വിധത്തിൽ സംഭരിക്കാനും സംസ്ക്കരിച്ചെടുക്കാനുമുള്ള പരിമിതി.

- ബയോഗ്യാസ് പ്ലാന്റിന്റെ എണ്ണക്കുറവ്.
- മൃഗപരിപാലനത്തിലെ ആധുനിക സങ്കേതങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മ.
- കന്നുകാലികളുടെ അകസിക മരണം മൂലമുണ്ടാകുന്ന നഷങ്ങളിൽ നിന്ന ഫലപ്രദമായ പരിരക്ഷ കർഷകർക്ക കിട്ടുന്നില്ല.
- ഈ മേഖലയിലുള്ള കർഷകർക്ക് വേണ്ടത്ര അംഗീകാരമില്ലായ്മ.

സാധ്യതകളും പരിഹാര നിർദ്ദേശങ്ങളും

- പഞ്ചായത്തടിസ്ഥാനത്തിൽ ക്ഷീരസഹകരണ സംഘം രൂപീകരിക്കണം.
- വാർഡുതോറും ഓരോ ഡയറി യൂണിറ്റുണ്ടാക്കണം.
- മാതൃകാ കാലിത്തൊഴുത്തുണ്ടാക്കാൻ സഹായം നൽകണം.
- പ്രാദേശിക തലത്തിൽ ചെറുകിട കാലിത്തീറ്റ യൂണിറ്റുകളുണ്ടാക്കി സാങ്കേതിക നിർദ്ദേശങ്ങളും സഹായവും നൽകുക.
- സൈലോകൾ പ്രോത്സാഹിപ്പിക്കുക.
- ആധുനിക മൃഗപരിപാലന സങ്കേതങ്ങളിൽ കർഷകർക്ക് സമഗ്രമായ ബോധവൽക്കരണം നൽകാനുള്ള സംവിധാനം ഉണ്ടാക്കുക. ഇതിനുവേണ്ടി വിദഗ്ദ്ധരേയും ജനങ്ങളേയും പങ്കെടുപ്പിച്ചുകൊണ്ടു ജനകീയ സമിതി രൂപീകരിക്കണം.
- പന്നി, മുയൽ, ഇറച്ചിക്കോഴി, ആട്, തുടങ്ങിയ മാംസദായക ജീവികളെ വളർത്തുന്നതിന് അനുയോജ്യമായ പദ്ധതികൾക്ക് രൂപം കൊടുക്കുക.
- ശാസ്ത്രീയമായ അറവുശാല സ്ഥാപിക്കണം. ഇതിനോടനുബന്ധിച്ച് മാംസവിപണനം, കാലിത്തീറ്റ, കോഴിത്തീറ്റ നിർമ്മാണം, വിപണനം, കറവുമാടുകൾ, ഇറച്ചി, മുട്ടക്കോഴിക്കുഞ്ഞ്, പാകമായ കോഴി, മുട്ട എന്നിവയുടെ വിപണനം, എല്ലുപൊടി നിർമ്മാണം വിപണനം, തുകൽ സംസ്ക്കരണം തുടങ്ങി എല്ലാ അവശിഷ്ടങ്ങളേയും, സംസ്ക്കരിക്കൽ അടക്കമുള്ള ഒരു യൂണിറ്റ് സഹകരണാടിസ്ഥാനത്തിൽ ഉണ്ടാക്കണം.
- തീറ്റപ്പുൽ കൃഷിക്ക് പ്രോത്സാഹനം നൽകുക - കൃഷിയോഗ്യ തരിശ് സ്ഥലത്ത് തീറ്റപ്പുൽകൃഷി വ്യാപകമാക്കുക - വൈക്കോൽ സംപുഷ്ടീകരണം നടത്തുക. മാംസ്യം കൂടുതലുള്ള പയറു വർഗ്ഗത്തിൽപ്പെട്ട സസ്യങ്ങളും ശീമക്കൊന്നയും കൃഷി ചെയ്യുക.
- മരച്ചീനികൃഷി വ്യാപിപ്പിക്കുക. മരച്ചീനിയും തേങ്ങാപ്പിണ്ണാക്കും അടിസ്ഥാനപ്പെടുത്തി കാലിത്തീറ്റ നിർമ്മാണം.
- കോഴിവളർത്തൽ യൂണിറ്റുകൾക്ക് ധനസഹായവും സാങ്കേതിക സഹായവും നൽകുക.
- വീട്ടുവളപ്പിലെ കോഴികൃഷി (Backyard Poultry) വിപുലമായി നടപ്പാക്കുക.
- Egger നഴ്സറികൾ (മുട്ടക്കോഴിക്കുഞ്ഞുങ്ങൾ) സ്ഥാപിക്കുക.
- ജൈവവളം സംഭരിക്കാനും സംസ്ക്കരിക്കാനും ബയോഗ്യാസ് ഉണ്ടാക്കാനുമുള്ള അനുബന്ധ യൂണിറ്റുകൾ ഓരോവീട്ടിലും ആരംഭിക്കുക.
- കന്നുകാലികളിലെ വന്ധ്യത നിർമ്മാർജ്ജനം ചെയ്യാനുള്ള പദ്ധതി നടപ്പാക്കുക.
- പേവിഷബാധ നിർമ്മാർജ്ജനം ചെയ്യുക. വളർത്തുനായ്ക്കൾക്ക് പേവിഷബാധക്കെതിരായ കുത്തിവെപ്പു നടത്തുക. ലൈസൻസിങ്ങ് നിർബന്ധമാക്കുക. അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കാൻ പരിപാടി തയ്യാറാക്കുക. പഞ്ചായത്തിനെ പേവിഷമുക്തമാക്കാനുള്ള ആസൂത്രിത ശ്രമം ആവശ്യമാണ്.
- കന്നുകാലികളിൽ ഭൂരിഭാഗവും ചെറുകിട നാമമാത്ര കർഷകരുടെ കൈവശമാണ്. ഉയർന്ന പ്രീമിയം തുക മൃഗങ്ങളെ ഇൻഷ്വർ ചെയ്യുന്നതിൽ നിന്നും ഇവരെ പിന്തിരിപ്പിക്കുന്നു. ഇതിനുപരിഹാരമായി പഞ്ചായത്തിലെ മൊത്തം വളർത്തുമൃഗങ്ങളേയും കുറഞ്ഞപ്രീമിയത്തിൽ ഇൻഷ്വർ ചെയ്യാനുള്ള പദ്ധതി നടപ്പാക്കുക.
- ആടുകളുടെ വംശോദ്ധാരണത്തിന് തലശ്ശേരിയൻ, ജമുനാപാരി എന്നീ നല്ലയിനങ്ങളുടെ കൊറ്റനാടുകളെ വിതരണം ചെയ്യുക.

- ❒ കർഷകർക്ക് അംഗീകാരമായി അവാർഡുകളേർപ്പെടുത്തുക.
- ❒ നിലവിലുള്ള മൃഗാശുപത്രി വികസിപ്പിക്കുക:-
  - സ്വന്തം കെട്ടിടം നിർമ്മിക്കുക.
  - ICDP സബ്സെന്റർ മാറ്റിസ്ഥാപിക്കുക.
  - ക്ലിനിക്കൽ പരിശോധനക്കായി മൈക്രോസ്ക്കോപ്പുംലബോറട്ടറി ഉപകരണങ്ങളും, ഫ്രിഡ്ജും ആശുപത്രിയിൽ സജ്ജമാക്കണം.
  - ടെലിഫോൺ സൗകര്യം ഏർപ്പെടുത്തണം.
  - ക്യാമ്പ് ഡിസ്പെൻസറി നടത്തുന്നതിനും, മൃഗസംരണ സേവനങ്ങൾ കർഷകരുടെ വീട്ടുപടിക്കൽ എത്തിക്കുന്നതിനുമായി ഒരു വാഹനം ലഭ്യമാക്കണം.
  - അത്യാവശ്യ മരുന്നുകൾ എപ്പോഴും ആശുപത്രിയിൽ ലഭ്യമാക്കുന്നതിനുള്ള നടപടി വേണം.

ഈ സാധ്യതകളേയും പരിഹാര നിർദ്ദേശങ്ങളേയും ചർച്ചചെയ്ത് സമ്പുഷ്ടമാക്കാനും, നടപടികളും പദ്ധതികളും രൂപീകരിച്ച് പ്രവർത്തന രംഗത്തിറങ്ങി ഈ മേഖലയെ സമ്പന്നമാക്കാനും നമുക്കു കഴിയേണ്ടതുണ്ട്

മത്സ്യബന്ധനം

തോടുകളും പുഴകളും കുളങ്ങളും സമൃദ്ധമായി ഈ പഞ്ചായത്തിലുണ്ടെങ്കിലും മത്സ്യബന്ധനം ഇന്നിവിടെ ഒരു തൊഴിലല്ല. ഒരു കാലത്ത് മത്സ്യം പിടിക്കൽ ചില കുടുംബങ്ങളുടെ ഉപജീവനമാർഗ്ഗമായിരുന്നു. നാടൻ മത്സ്യങ്ങൾ ഇന്ന് കൂട്ടത്തോടെ ചത്തൊടുങ്ങിക്കൊണ്ടിരിക്കുകയാണ്. കണ്ണൻ (ബ്രാൽ) മൊയ്ല്, പരൽ, കുറുന്തല, ആരൽ, മനിഞ്ഞിൽ എന്നീ ഇനങ്ങളെല്ലാം വ്യാപകമായി വംശനാശഭീഷണിയുടെ വക്കത്താണ്. കാർഷിക മേഖലയിലെ പുത്തൻവള കീടനാശിനികളുടെ ഉപയോഗമാണോ ഇതിനു കാരണമെന്ന ബലമായ സംശയമുണ്ട്.

ശുദ്ധജലമത്സ്യകൃഷിക്ക് ചില സാധ്യതകളെല്ലാം നമ്മുടെ പഞ്ചായത്തിലുണ്ട്. ഈ രംഗത്ത് പഞ്ചായത്തിന്റെയോ സംസ്ഥാന സർക്കാരിന്റെയോ ഒരു സ്ക്കീമുകളും നിലവിലില്ല. ഈ സാഹചര്യത്തിൽ നമ്മുടെ പൊതു കുളങ്ങളേയും ജലസ്രോതസ്സുകളേയും ഉപയോഗപ്പെടുത്തിക്കൊണ്ട് സാധ്യമായ രൂപത്തിൽ മത്സ്യകൃഷി നമുക്ക് നടത്താവുന്നതാണ്. ഇതോടൊപ്പം സ്വകാര്യ ജലസ്രോതസ്സുകളെ ഇത്തരം ആവശ്യങ്ങൾക്കുപയോഗപ്പെടുത്താനും കഴിയണം. വെള്ളിനേഴിയിലെ രണ്ടുസ്വകാര്യ കോറികൾ, ആറാംവാർഡിലെ മലപ്പുറം കുളം, ഇയ്യംകുളം, മുണ്ടൻ കുളം, ഏഴാം വാർഡിലെ മണൽത്തടിക്കുളം, കളത്തിൽപെരുമ്പിലാവിൽക്കുളം, പടിഞ്ഞാറേ കരിങ്കറക്കുളം, കിഴക്കേകരിങ്കറക്കുളം എന്നിവയാണ് പ്രമുഖ സ്വകാര്യ ജലസ്രോതസ്സുകൾ.

പൊതുകുളങ്ങളുടെ വിവരങ്ങൾ

ക്രമ നമ്പർ	വാർഡ്	കുളത്തിന്റെ പേര്	വിസ്തീർണ്ണം	
			ഏക്കർ	സെന്റ്
1.	I	നെല്ലിപറ്റകുളം	0	29
2.		അയ്യപ്പൻകുളം	0	17
3.	II	ചെറകുളം	0	10
4.	III	ചെറുങ്ങാട്ട്കുളം	0	45
5.	IV	കതിരാട്ടുകുളം	0	22
6.	V	മായംകുളം	0	39

ക്രമ നമ്പർ	വാർഡ്	കുളത്തിന്റെ പേര്	വിസ്തീർണ്ണം	
			ഏക്കർ	സെന്റ്
7.	VI	പുളകുളം	0	35
8.	VII	കരിങ്കറകുളം	0	20
9.		മുണ്ടകോട്ട്കുളം	0	10
10.	VIII	കുന്നത്തുമനകുളം (അമ്പലക്കുളം)	1	26
11		ചെരകുളം	0	54
12		പുഴാകുളം	1	02
		ആകെ	5	09

നിർദ്ദേശങ്ങൾ

- ❒ മത്സ്യകൃഷിപ്രോത്സാഹിപ്പിക്കാൻ ഒരു കൃഷി സംരംഭക സഹായസമിതി പഞ്ചായത്തടിസ്ഥാനത്തിൽ രൂപീകരിക്കുക. കൃഷിക്കാവശ്യമായ സാങ്കേതിക നിർദ്ദേശങ്ങൾ നൽകുക.

- പൊതുകുളങ്ങളേയും ജലസ്രോതസ്സുകളേയും മത്സ്യം വളർത്താൻ ഉപയോഗപ്പെടുത്തുക.
- സ്വകാര്യ കുളങ്ങളിലും മറ്റും മത്സ്യകൃഷിതുടങ്ങാൻ പ്രേരിപ്പിക്കുക. ആവശ്യമായ സഹായങ്ങൾ പഞ്ചായത്ത് ചെയ്യുകൊടുക്കുക.

ഇത്രയും നിർദ്ദേശങ്ങളാണ് ഈ രംഗത്ത് മുന്നോട്ടുവെയ്ക്കാനുള്ളത്. വലിയൊരു വികസന സാധ്യതകളൊന്നും ഈ രംഗത്ത് നമുക്കില്ലെങ്കിലും സാധ്യമായ രൂപത്തിൽ ഈ മേഖലയെ സമ്പന്നമാക്കാൻ അർത്ഥപൂർണ്ണമായ നടപടികൾ കൂട്ടമായി ഏറ്റെടുക്കാനും നടപ്പാക്കാനും നമുക്ക് കഴിയണമെന്ന് പ്രത്യാശിച്ചുകൊണ്ട് ഈ റിപ്പോർട്ട് സമർപ്പിക്കുന്നു.

മംഗളാശംസകളോടെ

ഐശ്വര്യ പ്രിന്റേഴ്സ്

തിരുവാഴിയോട്

എല്ലാവിധ പ്രിന്റിംഗ് വർക്കുകളും ഉത്തരവാദിത്തത്തോടുകൂടി ചെയ്തുകൊടുക്കുന്നു.

കല്ല്യാണക്കത്തുകൾ, ബുക്ക് ബൈൻഡിങ്ങ്, റബ്ബർസീൽ, ലെറ്റർ പാഡ്,
പോസ്റ്റർ പ്രിന്റിങ്ങിന് പ്രത്യേകസംവിധാനം, സ്ക്രീൻ പ്രിന്റിങ്ങ് etc.

ഐശ്വര്യ പ്രിന്റേഴ്സ് - തിരുവാഴിയോട്.



വ്യവസായം

പൊതുവെ കാർഷികമേഖലയുമായി ബന്ധപ്പെട്ടുകിടക്കുന്ന ഈ പഞ്ചായത്തിൽ വ്യവസായങ്ങൾ വളരെ കുറവാണ്. വ്യവസായങ്ങൾക്ക് സാധ്യതകളുണ്ടെങ്കിലും വേണ്ടത്ര ശ്രമങ്ങൾ ഈ രംഗത്ത് നടന്നിട്ടില്ല.

പൊതുമേഖലയിൽ ഒരു വ്യവസായം പോലും ഈ പഞ്ചായത്തിലില്ല. വൻകിട വ്യവസായങ്ങളുമില്ല. കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ ചെറുകിടവ്യവസായ സംരംഭങ്ങളെന്ന നിലയിൽ ഏറ്റവുമധികം സ്ഥാപിക്കപ്പെട്ടിട്ടുള്ളത് നെല്ലുകുത്തു മില്ലുകളാണ്. ഫർണീച്ചർ വ്യവസായം, മരമില്ല്, ഓയിൽമിൽ, പ്ലാസ്റ്റിക് വ്യവസായം, കരിങ്കൽ ക്രഷർ എന്നിങ്ങനെയുള്ള മറ്റ് സംരംഭങ്ങളുൾപ്പെടെ ആകെയുള്ള ചെറുകിട വ്യവസായ സ്ഥാപനങ്ങളുടെ എണ്ണം 28 ആണ്. ഇവയിൽ ഭൂരിഭാഗവും മുതൽമുടക്ക് കുറഞ്ഞ വളരെ ചെറിയ സ്ഥാപനങ്ങളാണ്. ഇവയുടെ വാർഷിക ടേണോവർ സംബന്ധിച്ച വ്യക്തമായ കണക്കുകൾ ലഭ്യമല്ല.

പരമ്പരാഗത മേഖലയിൽ നെയ്ത്ത്, ഓട്ടുപാത്ര-കൗതുകവസ്തു നിർമ്മാണം, ഇരുമ്പുപണി, മരപ്പണി, എന്നിങ്ങനെയുള്ള തൊഴിലുകളിൽ ഏർപ്പെട്ടിട്ടുള്ള ധാരാളം കുടുംബങ്ങൾ ഈ പഞ്ചായത്തിലുണ്ട്. അങ്ങേയറ്റം വൈദഗ്ദ്ധ്യം ആവശ്യമുള്ള ആധുനിക സർജിക്കൽ ഉപകരണങ്ങളുടെ നിർമ്മാണത്തിലേർപ്പെട്ടിട്ടുള്ള ഇരുമ്പുപണിക്കാരും, ആറന്മുളകണ്ണാടിയെ വെല്ലുന്ന അടയ്ക്കാപുത്തൂർ കണ്ണാടികൾ നിർമ്മിക്കുന്ന വിദഗ്ദ്ധരായ ഓടുവാർപ്പുകാരും ഇക്കൂട്ടത്തിൽ എടുത്തുപറയപ്പെടേണ്ടവരാണ്. ഗുണനിലവാരമുള്ള പൂട്ടുകളും കത്രികകളും ഇവിടെ നിർമ്മിക്കപ്പെടുന്നുണ്ട്. പാലക്കാട്ടുള്ള കുമാർ ഇൻഡസ്ട്രീസിന് കാർഷികോപകരണങ്ങൾ നിർമ്മിച്ചുകൊടുക്കുന്ന ഇരുമ്പു പണിക്കാരുടെ ഒരു അനുബന്ധയൂണിറ്റും നിലവിലുണ്ട്. കൂടുതൽ ആളുകൾക്ക് തൊഴിൽ ലഭിക്കുന്ന രീതിയിൽ ഈ യൂണിറ്റിനെ വികസിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. കഥകളികോപ്പ് നിർമ്മാണം, മൺപാത്ര നിർമ്മാണം, പായ്നെയ്ത്ത് തുടങ്ങിയവ കൂടി ഉൾപ്പെടുന്ന ഈ പരമ്പരാഗത കൈത്തൊഴിൽ മേഖലയാകെ വിപണന സൗകര്യങ്ങളുടെ അപര്യാപ്തമൂലം പ്രതിസന്ധിയെ നേരിടുകയാണ്.

ഖാദിമേഖലയിൽ ആരംഭിച്ച തീപ്പെട്ടി, നൂൽനൂൽപ്പ് എന്നിങ്ങനെയുള്ള വ്യവസായങ്ങൾ ഒക്കെത്തന്നെ പൂർണ്ണമായും തകർന്ന നിലയിലാണ്. ദേശീയപ്രസ്ഥാനങ്ങൾക്കും മുന്നേറ്റങ്ങൾക്കും ഒട്ടേറെ സംഭാവനകൾ നൽകിയ ഈ പ്രദേശത്ത് ഖാദി പ്രസ്ഥാനം പരാജയപ്പെട്ടത് വളരെയധികം ഖേദകരമാണ്. അസംസ്കൃതവസ്തുക്കളുടെ ദൗർലഭ്യവും വിപണിയിൽ മത്സരിക്കാൻ കഴിയാത്തതും ഖാദിസ്ഥാപനങ്ങളുടെ പരാജയകാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നു.

റബ്ബർ, കരിങ്കല്ല്, വെട്ടുകല്ല്, കാർഷികോല്പന്നങ്ങൾ എന്നിവയാണ് ഇവിടെ ലഭ്യമായിട്ടുള്ള അസംസ്കൃത വസ്തുക്കൾ. റബ്ബർ അടിസ്ഥാനമാക്കിയിട്ടുള്ള ഒറ്റ വ്യവസായവും നമ്മുടെ പഞ്ചായത്തിലില്ല. കരിങ്കൽ ക്വാറികളിലും അനുബന്ധമേഖലകളിലും ഏതാണ്ട് 100 തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. ഇവരുടെ കൂലിനിരക്ക് പൊതുവെ മെച്ചപ്പെട്ടതാണ്. ജനസാന്ദ്രത കൂടിയ പ്രദേശങ്ങളിൽ ക്വാറികളും മെറ്റൽ ക്രഷറുകളും പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. മെറ്റൽ ക്രഷറുകളിൽ നിന്നുള്ള പരിസരമലിനീകരണം ഫലപ്രദമായി തടയാത്തപക്ഷം കാർഷിക മേഖലയെ - പ്രത്യേകിച്ചും റബ്ബർ - ദോഷകരമായി ബാധിക്കാനിടയുണ്ട്.

കെട്ടിട നിർമ്മാണ മേഖലയിലേക്കാണ് കൂടുതൽ തൊഴിലാളികൾ ആകർഷിക്കപ്പെട്ടിട്ടുള്ളത്. അതേ സമയം കർഷകത്തൊഴിലാളികളെ വേണ്ടത്രകിട്ടാത്ത അവസ്ഥയും നിലവിലുണ്ട്. കെട്ടിട നിർമ്മാണങ്ങളിൽ അധികവും വിദേശ പണത്തെ ആശ്രയിച്ചിട്ടുള്ളതായതുകൊണ്ട് ശാശ്വതമായ തൊഴിൽസാദ്ധ്യത ഈ രംഗത്ത് ഉറപ്പുവരുത്തുവാൻ കഴിയില്ല. ഇത്തരം തൊഴിലാളികളുടെ അദ്ധ്വാനശേഷിയെ ഉപയോഗപ്പെടുത്തുന്ന സംരംഭങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു.

പ്ലാസ്റ്റിക് പാത്ര നിർമ്മാണരംഗത്ത് നാലു സ്ഥാപനങ്ങൾ സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. ഈ മേഖലയിൽ ഏകദേശം 70 പേർ ജോലി ചെയ്യുന്നുണ്ട്. വൈദ്യുതി പ്രതിസന്ധി കാരണം വിപണനസാദ്ധ്യതകൾക്കനുസരിച്ച് ഉല്പാദനം വർദ്ധിപ്പിക്കാൻ കഴിയാത്തത് വ്യവസായികൾ നേരിടുന്ന വലിയ പ്രശ്നമാണ്.

അസംസ്കൃതവസ്തുക്കളുടെ ലഭ്യത വിദൂരങ്ങളെ ആശ്രയിച്ചായതുകൊണ്ടും ധാരാളം വിഷമങ്ങൾ ഈ വ്യവസായരംഗത്തുണ്ട്.

കാർഷികോല്പന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങളിൽ പ്രധാനപ്പെട്ടവയായിരുന്നു ഇരുപത് വർഷങ്ങൾക്ക് മുമ്പ് ഇവിടെ പ്രവർത്തിച്ചിരുന്ന രണ്ട് സ്റ്റാർച്ച് ഫാക്ടറികൾ. ഏകദേശം നൂറ് തൊഴിലാളികൾ ഇവിടെ ജോലിചെയ്തിരുന്നു. പല കാരണങ്ങൾകൊണ്ടും പിടിച്ചുനിൽക്കാൻ കഴിയാതെ ഈ വ്യവസായം പൂർണ്ണമായും നശിക്കുകയാണുണ്ടായത്.

സ്വകാര്യമേഖലയിൽ എണ്ണമില്ലുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും വ്യാവസായികാടിസ്ഥാനത്തിൽ വിപണനം നടത്തുന്ന ഒറ്റ സംരംഭം മാത്രമേയുള്ളൂ. ഈ മേഖലയിൽ കേന്ദ്രീകൃതമായി നാളികേരം സംഭരിച്ച് കൊപ്ര ഉണക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയാണെങ്കിൽ ധാരാളം തൊഴിൽ സാധ്യതകളുണ്ടാകും.

വിപണിയെക്കുറിച്ചുള്ള വ്യക്തമായ ധാരണകളില്ലാതെ ആരംഭിക്കുന്ന വ്യവസായങ്ങൾ തകർന്നുപോയ കഥകൾ ധാരാളമുണ്ട്. ശരിയായ ദിശയിലുള്ള വിദഗ്ദ്ധോപദേശങ്ങൾ സംരംഭകർക്ക് ലഭ്യമായാലേ ഇത്തരത്തിലുള്ള 'വ്യവസായമരണങ്ങൾ' തടയാനാവു.

വ്യവസായ സംരംഭങ്ങൾക്കാവശ്യമായ വായ്പാസൗകര്യങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മയും തെറ്റിദ്ധാരണകളും സർക്കാർ സ്ഥാപനങ്ങളിൽ നിന്നുള്ള സഹായത്തെക്കുറിച്ചുള്ള മുൻ വിധികളും കാരണം സ്വകാര്യ സംരംഭകർ ഇപ്പോഴും മടിച്ചുനിൽക്കുന്ന ഒരവസ്ഥയുണ്ട്. വിവിധ വ്യവസായങ്ങളുടെ സാദ്ധ്യതകളെക്കുറിച്ച് വേണ്ടത്ര അറിവില്ലാത്തതും, വ്യവസായ സംരംഭങ്ങൾക്ക് സഹായകമാവുന്ന വിദ്യാഭ്യാസത്തിന്റെ പോരായ്മയും, ആവശ്യമായ ഉപദേശങ്ങൾക്ക് നിലവിലുള്ള സംവിധാനങ്ങൾ വേണ്ടത്ര പ്രയോജനപ്പെടുത്താത്തതും ഈ രംഗത്തെ പിന്നോക്കാവസ്ഥക്ക് കാരണമാണ്.

സർക്കാർ ഓഫീസുകളിലെ കേന്ദ്രീകൃതമായ അഴിമതിക്ക് കീഴടങ്ങിക്കൊണ്ടുവേണം പലകാര്യങ്ങളും നേടിയെടുക്കാൻ എന്ന് സംരംഭകരിൽ നിന്നും വ്യാപകമായ പരാതിയുണ്ട്.

വ്യാവസായികമായി വളരെയധികം പിന്നോക്കം നിൽക്കുന്ന ഈ പ്രദേശത്ത് നിലവിലുള്ള സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി കൂടുതൽ വ്യവസായങ്ങൾ വളർന്നുവരേണ്ടതുണ്ട്. പഞ്ചായത്തിലെ ലഭ്യമായ അസംസ്കൃതവസ്തുക്കളും വിഭവശേഷിയും പ്രയോജനപ്പെടുത്തുന്ന, വൈദ്യുതി കുറച്ചു ഉപയോഗിക്കുന്ന, മലിനീകരണം ഇല്ലാത്ത, കൂടുതൽ തൊഴിലവസരങ്ങളുള്ള വ്യവസായങ്ങളായിരിക്കണം ഇവ.

പ്രശ്നങ്ങൾ

1. വൈദ്യുതി ദൗർലഭ്യം പുതിയ വ്യവസായ സംരംഭങ്ങളെ നിരുത്സാഹപ്പെടുത്തുന്നു. നിലവിലുള്ള വ്യവസായങ്ങൾക്ക് ഇതേ കാരണം കൊണ്ടുതന്നെ വിപണന സാദ്ധ്യതകൾക്കനുസരിച്ച് ഉല്പാദനം വർദ്ധിപ്പിക്കാനാവുന്നില്ല. പുതിയ വ്യവസായ സ്ഥാപനങ്ങൾക്ക് വൈദ്യുതി ലഭിക്കാൻ വളരെയധികം താമസം നേരിടുന്നുണ്ട്.
2. പരമ്പരാഗത കൈത്തൊഴിൽ മേഖലകളിൽ (കൈത്തറി, മരപ്പണി, ഇരുമ്പുപണി, ഓടുവാർപ്പ്, കഥകളികോപ്പ് നിർമ്മാണം, മൺപാത്രനിർമ്മാണം, പായനെയ്ത്ത്) വിപണന സൗകര്യങ്ങളുടെ അപര്യാപ്തത നിലനിൽക്കുന്നുണ്ട്. വിപണികൾ കണ്ടെത്തിയവർ തന്നെ ഇടത്തട്ടുകാരുടെ ചൂഷണത്തിന് വിധേയരാണ്.
3. ആധുനിക യന്ത്രസാമഗ്രികൾ കൂടി ഉപയോഗിച്ച് ഉല്പാദനം വർദ്ധിപ്പിക്കാനോ, നിർമ്മാണം കൂടുതൽ ലാഭകരമാക്കാനോ ഈ തൊഴിൽ മേഖല കൂടുതൽ ആകർഷകമാക്കാനോ ഉല്പാദനം വർദ്ധിപ്പിക്കാനോ കഴിഞ്ഞിട്ടില്ല. യന്ത്രസാമഗ്രികളുടെ അഭാവം കാരണം ചില ഉല്പന്നങ്ങളുടെ നിർമ്മാണ പ്രക്രിയ ഇവിടെത്തന്നെ പൂർത്തീകരിക്കാൻ കഴിയുന്നില്ല. ഇതിനുവേണ്ടി മറ്റു പലയിടങ്ങളിലും അലയേണ്ടിവരുന്നതുമൂലം സമയ നഷ്ടവും സാമ്പത്തികനഷ്ടവും വരുന്നുണ്ട്.
4. വനിതകളുടെ അദ്ധ്വാനശേഷിയേയും ഒഴിവു സമയത്തേയും പ്രയോജനപ്പെടുത്തുന്ന സംരംഭങ്ങളുടെയും കേന്ദ്രീകൃതമായ നേതൃത്വത്തിന്റെയും അഭാവം.
5. കരിങ്കൽ ക്രഷർ പോലുള്ള വ്യവസായങ്ങൾ ഉയർത്തുന്ന മലിനീകരണ പ്രശ്നങ്ങൾക്ക് ഫലപ്രദമായ പരിഹാരങ്ങൾ നടപ്പിലാക്കപ്പെട്ടിട്ടില്ല.
6. വ്യവസായ സബ്സിഡി യഥാസമയം ലഭിക്കായ്ക.
7. പ്ലാസ്റ്റിക് പോലുള്ള വ്യവസായങ്ങൾക്ക് അസംസ്കൃത വസ്തുക്കൾ ലഭിക്കുന്നതിൽ നേരിടുന്ന ബുദ്ധിമുട്ട്.
8. ഈ പ്രദേശത്ത് സുലഭമായ അസംസ്കൃത വസ്തുക്കളും കാർഷികോല്പന്നങ്ങളും ഉപയോഗിച്ചുള്ള വ്യവസായങ്ങൾ

കുറവാണ്.

9. വ്യവസായ സംരംഭങ്ങളെ സഹായിക്കാനുള്ള വിവിധ സ്ക്കീമുകളെ കുറിച്ചുള്ള അറിവില്ലായ്മ.

10. ഔദ്യോഗിക സ്ഥാപനങ്ങളിലെ അഴിമതി.

11. വേണ്ടത്ര വായ്പാ സൗകര്യങ്ങളില്ല. സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്ന് വേണ്ടത്ര സഹകരണം ലഭിക്കുന്നില്ല.

12. പ്രവർത്തന മൂലധനത്തിന്റെ അഭാവം.

സാദ്ധ്യതകൾ

1. വൈദ്യുതി ദൗർലഭ്യം പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ ഊർജ്ജിതപ്പെടുത്തുക. ചെർപ്പുളശ്ശേരിയിൽ സബ്സ്റ്റേഷൻ നിർമ്മിക്കുക.

2. പരമ്പരാഗത കൈത്തൊഴിൽ മേഖലയിൽ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ഊർജ്ജ ഉപഭോഗം കുറയ്ക്കുന്നതിനുമുള്ള വിദഗ്ദ്ധ പഠനം I.R.T.C. പോലുള്ള ഗ്രാമീണ സാങ്കേതിക ഗവേഷണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടത്തുക.

3. മരപ്പണി, ഇരുമ്പ്പണി, ഓട്വാർപ്പ്, എന്നീ മേഖലകളിലെ വിദഗ്ദ്ധതൊഴിലാളികളുടെ സഹകരണാടിസ്ഥാനത്തിലുള്ള ഒരു കേന്ദ്രീകൃതസ്ഥാപനം രൂപീകരിക്കുക. ആധുനിക യന്ത്രസാമഗ്രികളും മറ്റു സൗകര്യങ്ങളും ഇവിടെ ഏർപ്പെടുത്തണം. (വെൽഡിങ്ങ് യൂനിറ്റ്, ബഫിംഗ്, ഗ്രൈന്റിങ്ങ്, ലെയ്ത്ത്, വുഡ്ക്രാഫ്റ്റ് ലെയ്ത്ത്, പ്ലെയ്നർ, ചൂള എന്നിവ).

4. കാലാനുസൃതമായി വിപണന സാദ്ധ്യതകൾ കൂടുതലുള്ള ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് പരമ്പരാഗത കൈത്തൊഴിൽ വിദഗ്ദ്ധരെ പ്രോത്സാഹിപ്പിക്കുക. ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിൽ വേണ്ട സഹായം ലഭ്യമാക്കുക.

5. തകർച്ച നേരിട്ടുകൊണ്ടിരിക്കുന്ന നെയ്ത്തു വ്യവസായത്തിന്റെ പ്രശ്നങ്ങൾ പ്രത്യേകം പഠിച്ച് വിപുലമായ ഒരു തൊഴിൽമേഖലയാക്കി വളർത്തിയെടുക്കുക.

6. വ്യവസായ സംരംഭങ്ങൾക്കാവശ്യമായ മുഴുവൻ വിവരങ്ങളും വിശദമായ ഒരു സർവ്വേയുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് കേന്ദ്രത്തിൽ ശേഖരിക്കുക. വ്യവസായ സംരംഭകർക്ക് ഒരു റഫറൻസായി ഈ വിവരങ്ങൾ ലഭ്യമാവണം.

7. പ്രാദേശികമായി ലഭ്യമായ റബ്ബർ, അടക്ക, നാളികേരം, മരച്ചീനി, ഇഞ്ചി, കൂവ, മഞ്ഞൾ, ഓല, ചകിരി തുടങ്ങിയ കാർഷികോല്പന്നങ്ങൾ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ തുടങ്ങുന്നതിന് പ്രോത്സാഹനം നൽകുക.

8. പാൽ സംഭരണത്തിനും സംസ്ക്കരണത്തിനും ഒരു യൂണിറ്റ് ആരംഭിക്കുക. ഇത് അടക്കാപുത്തൂർ സെന്ററിലാവുകയാണെങ്കിൽ സംഭരണത്തിനും വിതരണത്തിനും കൂടുതൽ സൗകര്യങ്ങളുണ്ട്.

9. വനിതകളുടെ അദ്ധ്വാനശേഷിയേയും ഒഴിവു സമയത്തേയും പ്രയോജനപ്പെടുത്തുന്ന വനിതാ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുക. ചിപ്സ്, അച്ചാറുകൾ, സ്ക്വാഷ്, ജാം, കൗതുക വസ്തുക്കൾ, റെഡിമെയ്ഡ് വസ്ത്രങ്ങൾ, വ്യാവസായികാടിസ്ഥാനത്തിലുള്ള കോഴി, കാട വളർത്തൽ തുടങ്ങിയവ ഉദാഹരണം.

10. വൻകിട ഇലക്ട്രോണിക് വ്യവസായങ്ങൾക്ക് ആവശ്യമായ സർക്യൂട്ട് ബോർഡുകൾ നിർമ്മിച്ചു നൽകുന്ന പരിശീലനം നൽകപ്പെട്ട അനുബന്ധ യൂണിറ്റുകൾക്കുള്ള സാദ്ധ്യതകളുണ്ട്.

11. ഇവിടെ സുലഭമായ കരിങ്കല്ലിന്റെ മറ്റു വ്യവസായ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുക. ഹോളോ ബ്രിക്സ്, കരിങ്കൽടൈൽസ്, എന്നിവ നിർമ്മിക്കുക.

12. കാർഷിക മേഖലയെ ദോഷകരമായി ബാധിക്കാത്ത പ്രദേശത്ത് മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുക. കാർഷികമായി ഉല്പാദനക്ഷമമല്ലാത്ത പ്രദേശങ്ങൾക്കായിരിക്കണം മുൻഗണന.

13. ഇപ്പോൾ അക്കേഷ്യ നട്ടിപിടിപ്പിച്ചിട്ടുള്ള വനംവകുപ്പിന്റെ കീഴിലുള്ള പ്രദേശങ്ങളിൽ വ്യാവസായികാടിസ്ഥാനത്തിൽ ഔഷധച്ചെടികളും തേക്ക്, മാഞ്ചിയം പോലുള്ള മരങ്ങളും ഫലവൃക്ഷങ്ങളും നട്ടുപിടിപ്പിക്കുക.

14. ഒഴുകുന്ന വെള്ളം ആവശ്യമുള്ള വ്യവസായങ്ങൾക്ക് അനുയോജ്യമായ സ്രോതസ്സാണ് വടക്കേപ്പുഴ (കരിമ്പുഴ). കാർഷിക മേഖലയെ ദോഷകരമായി ബാധിക്കാത്ത വിധത്തിലുള്ള, മലിനീകരണ പ്രശ്നങ്ങളിലില്ലാത്ത വ്യവസായങ്ങൾ സ്ഥാപിക്കുകയാണെങ്കിൽ, ശീതീകരണം പോലുള്ള ആവശ്യങ്ങൾക്ക് പമ്പ്ചെയ്യുന്ന വെള്ളം ആവശ്യം കഴിഞ്ഞാൽ കാർഷിക മേഖലയിലെ ജലസേചനത്തിന് തിരിച്ചുവിടാവുന്നതാണ്.

15. വൻകിട വ്യവസായങ്ങൾക്ക് സഹായകമായി പ്രവർത്തിക്കുന്ന അനുബന്ധ യൂണിറ്റുകൾക്ക് സാദ്ധ്യതയുണ്ട്.

16. ചെറുകിട സംരംഭങ്ങൾക്ക് പ്രവർത്തന മൂലധന വായ്പകൾ ലഭ്യമാക്കണം.

17. ശ്രീകൃഷ്ണപുരം വികസന ബ്ലോക്കിന്റെയും കനറാബാങ്ക് വെള്ളിനേഴി ശാഖയുടെയും സംയുക്ത സംരംഭമായി ഫിനിക്സ് മോൾഡേർസ് എന്നപേരിൽ വടക്കൻ വെള്ളിനേഴിയിൽ ഒരു D.W.C.R.A.** യൂണിറ്റ് ഏപ്രിൽ മുതൽ പ്രവർത്തിച്ചു വരുന്നുണ്ട്. ഇതിന് ആവശ്യമായ അസംസ്കൃത സാധനവും ധനസഹായവും നൽകി ഇതിനെ പരിപോഷിപ്പിക്കേണ്ടതാണ്.

വ്യാവസായിക വളർച്ചയുടെ പ്രാരംഭദശ പിന്നിടാത്ത ഈ പ്രദേശത്ത് ഒട്ടേറെ സാദ്ധ്യതകൾ ഈ രംഗത്തുണ്ടെന്നാണ് ജനകീയാസൂത്രണ പരിപാടികളോടനുബന്ധിച്ചു നടന്ന പ്രവർത്തനങ്ങളിൽ നിന്ന് മനസ്സിലാവുന്നത്. ഗ്രാമസഭകളിൽ ഒട്ടേറെ ക്രിയാത്മക നിർദ്ദേശങ്ങൾ ഈ രംഗത്തുയർന്നു വരികയുണ്ടായി. വികസനസാക്ഷരരായ ജനങ്ങളുള്ള ഈ പ്രദേശത്ത് ചെറുകിട കുടിൽവ്യവസായങ്ങൾക്ക് വളരെയധികം സാദ്ധ്യതകളുണ്ട്. കാർഷികോല്പന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ, വനിതകൾക്ക് ധാരാളം തൊഴിലവസരങ്ങൾ ലഭിക്കുന്ന റെഡിമെയ്ഡ് വസ്ത്രനിർമ്മാണം പോലുള്ള വീടുകളിലേക്ക് വികേന്ദ്രീകരിച്ച് നടത്താവുന്ന വ്യവസായങ്ങൾ എന്നിവക്ക് കൂടുതൽ ഊന്നൽ നൽകേണ്ടതുമുണ്ട്.

ആശംസകളോടെ

പ്രിയദർശിനി ഓയിൽ & അവിൽ മിൽ

തിരുവാഴിയോട്

Phone:- 661544 **Prop:- ഇ. വിജയൻ.**

വയറിംഗ് സാമഗ്രികൾ, സീലിങ്, ടേബിൾ ഫാൻ
"ധാര" മോട്ടോറുകൾ, മിക്സി, ഗ്രൈന്റർ, ഹോട്ട് പോയിന്റ്, സ്റ്റൗ മുതലായവയ്ക്ക്

വന്ദനം ഇലക്ട്രിക്കൽസ് & ഹോം അപ്ലയൻസസ്

മെയിൻ റോഡ്, തിരുവാഴിയോട്.



വിദ്യാഭ്യാസം

കുന്നുകളും മലകളും തോടുകളും നിറഞ്ഞ, ഗതാഗതസൗകര്യങ്ങൾ വളരെ കുറഞ്ഞ, ഒരു ഗ്രാമപ്രദേശത്തിന്റെ സാദ്ധ്യതകൾ വെച്ചുനോക്കുമ്പോൾ, താരതമ്യേന വളരെ ഉയർന്ന വിദ്യാഭ്യാസനിലവാരവും അവബോധവും ആദ്യകാലം മുതൽ നിലനിന്നിരുന്ന പഞ്ചായത്താണ് നമ്മുടേത്. അടുത്ത കാലത്ത് നടന്ന സാക്ഷരതാപ്രവർത്തനങ്ങൾക്ക് വളരെ മുമ്പുതന്നെ ഉയർന്നസാക്ഷരതാ നിലവാരമാണ് ഇവിടെ ഉണ്ടായിരുന്നത്. ദേശീയ പ്രസ്ഥാനത്തോടും പിന്നീടു വന്ന മറ്റു ജനകീയ പ്രസ്ഥാനങ്ങളോടും സമുദായപരിഷ്ക്കരണ പ്രസ്ഥാനങ്ങളോടും ആഭിമുഖ്യം പ്രകടിപ്പിച്ചിരുന്ന ഈ പ്രദേശത്തെ ജന്മികുടുംബങ്ങളിലെ ഉൽപതിഷ്ണുക്കളായ ഒട്ടേറെ ആളുകളുടെ സംഭാവന ഇക്കാര്യത്തിൽ വളരെ വലുതാണ്.

സ്ഥാപനാധിഷ്ഠിതമായ വിദ്യാഭ്യാസത്തിന് നമ്മുടെ പഞ്ചായത്തിൽ ഏതാണ്ട് ഒന്നേകാൽ നൂറ്റാണ്ടിന്റെ ചരിത്രമുണ്ട്. വെള്ളിനേഴിയിലെ ഒളപ്പമണ്ണമനപോലുള്ള ജന്മികുടുംബങ്ങൾ കുട്ടികളെ പഠിപ്പിക്കുന്നതിനായി ചില നാട്ടെഴുത്തച്ഛന്മാരെ ഏർപ്പാടാക്കിയിരുന്നു. തുടർന്ന് മറ്റു ചില ഉന്നത കുടുംബങ്ങളിലെ കുട്ടികളും ഈ കേന്ദ്രങ്ങളിൽ അദ്ധ്യയനം തുടങ്ങി. അതോടുകൂടി ഇവക്ക് പൊതുവിദ്യാഭ്യാസകേന്ദ്രങ്ങളെന്ന നില വന്നു. ഇങ്ങനെയാണ് വെള്ളിനേഴി, കുറുവട്ടൂർ, അടക്കാപുത്തൂർ എലിമെന്ററി സ്ക്കൂളുകൾ നിലവിൽ വരുന്നത്.

1876 ൽ അടക്കാപുത്തൂരും 1885 ൽ വെള്ളിനേഴിയിലും 1896 ൽ കുറുവട്ടൂരും 1905 ൽ കുളക്കാട്ടും പള്ളിക്കൂടങ്ങൾ ആരംഭിച്ചു. അടക്കാപുത്തൂരും കുളക്കാട്ടും പൊക്കാളത്ത് എഴുത്തച്ഛന്മാരും കുറുവട്ടൂരിൽ കുർശ്ശിത്തൊടി അച്ചുതനെഴുത്തച്ഛനും ആയിരുന്നു ആദ്യത്തെ അദ്ധ്യാപകർ. വിദ്യാഭ്യാസ രംഗത്തുണ്ടായ ഈ ആദ്യകാലശ്രമങ്ങൾക്കുശേഷം എടുത്തുപറയത്തക്ക നേട്ടങ്ങൾ 1920 കളിലുണ്ടായി. ഏറ്റവുമധികം ആളുകൾ ഉന്നതബിരുദങ്ങളെടുത്തതും ഒരു വനിത (ശ്രീ മാലിനി) ഇംഗ്ലണ്ടിൽ പോയി ഡോക്ടറേറ്റ് എടുത്തതും ഒക്കെ ഈ കാലത്താണ്. വിദ്യാലയങ്ങൾ സ്ഥാപിക്കാനുള്ള സംഘടിതമായ ശ്രമങ്ങൾ പിന്നീട് നടക്കുന്നത് 1940 കളിലും 50 കളിലുമാണ്. തിരുനാരായണപുരത്ത് ശങ്കരത്ത് ആച്ചുതരകനും കുറ്റാനശ്ശേരി കാരയിൽ പ്രദേശത്ത് വെങ്ങാലിൽ കിഴക്കേകളം പത്മനാഭമേനോനും ചാമകുന്നത്ത് എളാർതൊടി അപ്പുതരകനും അടക്കാപുത്തൂർ പൊതിയിൽ പുളിയക്കോട് കുട്ടികൃഷ്ണമേനോനും തിരുവാഴിയോട് ചെമ്മോത്ത് കുഞ്ഞികുട്ടത്തരകനും എൽ.പി.സ്ക്കൂളുകൾ തുടങ്ങി. കുറ്റാനശ്ശേരിയിൽ എലിമെന്ററി സ്ക്കൂൾ വീണതിനെ തുടർന്ന് ഒളപ്പമണ്ണ നീലകണ്ഠൻ നമ്പൂതിരിപ്പാടിന്റെയും തിരുവാഴിയോട് ചൊക്കത്ത് തേയാണ്ടത്ത് ചൊക്കുണ്ണിതരകന്റെയും നേതൃത്വത്തിൽ യു.പി. സ്ക്കൂൾ തുടങ്ങി. കുറുവട്ടൂർ കല്ലുംപുറത്ത് ആ പ്രദേശത്തിന്റെ പിന്നോക്കാവസ്ഥ പരിഗണിച്ച് കുറുവട്ടൂർ സൗത്ത് സ്ക്കൂളും നിലവിൽ വന്നു. വെള്ളിനേഴി എലിമെന്ററി സ്ക്കൂളിനോടനുബന്ധിച്ച് 1956 ൽ മലബാർ ഡിസ്ട്രിക്ട് ബോർഡ് സെക്കന്ററി വിദ്യാഭ്യാസവും 1990 ൽ കേരള സർക്കാർ ഹയർ സെക്കന്ററി വിദ്യാഭ്യാസവും നടത്താൻ അനുമതി നൽകി. അടക്കാപുത്തൂരിൽ 1958 ൽ മലബാർ ഡിസ്ട്രക്ട് ബോർഡ് പ്രസിഡണ്ടായിരുന്ന ശ്രീ പി.ടി. ഭാസ്കരപ്പണിക്കരുടെയും പുളിയക്കോട്ട് കുട്ടികൃഷ്ണമേനോന്റെയും നെതൃത്വത്തിൽ ഹൈസ്ക്കൂൾ സ്ഥാപിച്ചു. ഒരു ജനകീയ സമിതിയാണ് ഈ സ്ക്കൂളിന്റെ പ്രവർത്തനം നടത്തുന്നത്. വെള്ളിനേഴി പഞ്ചായത്തിൽ ഏറ്റവും കൂടുതൽ കാമ്പസ് വിസ്തീർണ്ണമുള്ളത് ഈ സ്ക്കൂളിനാണ്.

ഈ ഔപചാരിക വിദ്യാഭ്യാസസ്ഥാപനങ്ങൾക്കു പുറമെ (പട്ടിക 1) പ്രീ പ്രൈമറി രംഗത്ത് ഒരു സ്വകാര്യ സ്ഥാപനവും, ഒരു അനംഗീകൃത പ്രൈമറി സ്ക്കൂളും ഒന്നാം വാർഡിൽ ഉണ്ട്. കൂടാതെ 5 സ്വകാര്യ ട്യൂഷൻ സെന്ററുകളും 4 ടൈപ്പ്റൈറ്റിങ്ങ് ഇൻസ്റ്റിറ്റ്യൂട്ടുകളും 3 തയ്യൽ പരിശീലന കേന്ദ്രങ്ങളും ഈ പഞ്ചായത്തിലുണ്ട്. 15 അംഗൻവാടികളും പ്രർത്തിക്കുന്നു.

ഉയർന്ന വിദ്യാഭ്യാസ നിലവാരത്തിന്റെയും സാക്ഷരതയുടെയും കഴിഞ്ഞ കാലത്തെക്കുറിച്ച് അഭിമാനം കെള്ളുമ്പോൾത്തന്നെ ഇന്നത്തെ ശോചനീയാവസ്ഥ പരിശോധനാവിധേയമാക്കേണ്ടതുണ്ട്. വിദ്യാഭ്യാസ നിലവാരത്തിന്റെ ഏകദേശ സൂചനയാണ് S.S.L.C. വിജയ ശതമാനം. പഞ്ചായത്തിലെ രണ്ടു ഹൈസ്ക്കൂളുകളിലും വിജയശതമാനം കുറഞ്ഞു വരികയാണ്.

വെള്ളിനേഴി ഗ്രാമപഞ്ചായത്ത് വികസന രേഖ

പട്ടിക - 1

വെള്ളിനേഴി പഞ്ചായത്തിലെ വിദ്യാലയങ്ങളുടെ എണ്ണം (വാർഡ് തിരിച്ച്)

	വാർഡുകൾ								
	1	2	3	4	5	6	7	8	9
എൽ.പി.സ്ക്കൂളുകൾ	1	1	ഇല്ല	1	1	1	1	1	1
യു.പി.സ്ക്കൂളുകൾ*	ഇല്ല	ഇല്ല	1	ഇല്ല	ഇല്ല	1	ഇല്ല	1	ഇല്ല
ഹൈസ്ക്കൂളുകൾ	1*	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	1	ഇല്ല
ഹയർ സെക്കണ്ടറി സ്ക്കൂൾ	1	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല

* യു.പി.സ്ക്കൂളിലെല്ലാം എൽ.പി.വിഭാഗവും, ഈ ഹൈസ്ക്കൂളിൽ യു.പി.വിഭാഗവും ഉണ്ട്.

വെള്ളിനേഴി ഗവ: ഹൈസ്ക്കൂൾ ഹയർ സെക്കണ്ടറി സ്ക്കൂളായി ഉയർത്തിയെങ്കിലും വേണ്ടത്ര സൗകര്യങ്ങളില്ലാതെ വീർപ്പുമുട്ടുകയാണ്. ഒട്ടേറെ പുരോഗമന വിദ്യാഭ്യാസ വീക്ഷണങ്ങളുടെ പിൻബലത്തിൽ ഒരു റസിഡൻഷ്യൽ സ്ക്കൂളായി ക്രമേണ ഉയർന്നുവരണം എന്ന സ്വപ്നത്തോടെ സ്ഥാപിക്കപ്പെട്ട അടക്കാപുത്തൂർ ഹൈസക്കൂളും ഒട്ടേറെ വിഷമങ്ങൾ നേരിടുന്നുണ്ട്. അദ്ധ്യാപക നിയമനത്തിലും പ്രവർത്തനരീതികളിലുമെല്ലാം മാതൃകയായിരുന്ന ഈ സ്ക്കൂളിൽ ഒരു കാലത്ത് 80 ശതമാനത്തിലധികം S.S.L.C. വിജയമുണ്ടായിരുന്നു. ഇന്നത് 30 ൽ എത്തിനിൽക്കുന്നു. ഈ രണ്ടു സ്ക്കൂളുകളുടെയും പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രത്യേക താല്പര്യമെടുത്തുകൊണ്ടുള്ള പ്രവർത്തനങ്ങൾ ജനകീയാസൂത്രണ പരിപാടികൾക്കൊപ്പമുള്ള മുന്നേറ്റങ്ങളിൽ നിന്നുണ്ടാവണം.

അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും സംബന്ധിച്ച വിവരങ്ങൾ

സ്ക്കൂൾ വിഭാഗം	അദ്ധ്യാപകർ			വിദ്യാർത്ഥികൾ		
	ആണ്	പെണ്ണ്	ആകെ	ആണ്	പെണ്ണ്	ആകെ
ഹൈസ്ക്കൂൾ	26	18	44	599	592	1191
യു.പി.സ്ക്കൂൾ	18	36	54	788	742	1530
എൽ.പി.സ്ക്കൂൾ	12	30	42	560	532	1092

പ്രശ്നങ്ങൾ

1. പട്ടികയിൽ നിന്ന് വ്യക്തമാവുന്നത് പോലെ ആകെയുള്ള 13 വിദ്യാലയങ്ങളിൽ 12 എണ്ണത്തിനും വേണ്ടത്ര ഫർണീച്ചറില്ല. 8 എണ്ണത്തിനും ആവശ്യമായ കെട്ടിടങ്ങളുമില്ല. പലയിടത്തും വേണ്ടത്ര കളിസ്ഥലവുമില്ല. വെള്ളിനേഴി GLPS ൽ ഒരു അദ്ധ്യാപകന്റെ ഒഴിവ് ഇപ്പോഴും നിലനിൽക്കുന്നു. പല സ്ക്കൂളുകളിലും കുടിവെള്ള സൗകര്യം കുറവാണ്.
2. വെള്ളിനേഴി ഹയർ സെക്കണ്ടറി സ്ക്കൂളിൽ അടിസ്ഥാന സൗകര്യങ്ങൾ തീരെയില്ല.
3. സർക്കാർ സ്ക്കൂളുകളിൽ പ്രത്യേകിച്ചും കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടക്കുന്നില്ല.
4. വെള്ളിനേഴി GLP സ്ക്കൂളിനു സ്വന്തമായ കെട്ടിടവും സ്ഥലസൗകര്യവും ഇനിയും ലഭ്യമല്ല.
5. അദ്ധ്യാപകരെ അദ്ധ്യാപനേതര ജോലികൾക്ക് നിയോഗിക്കുന്നുണ്ട്. ഇതിനു പുറമേയുള്ള സാധാരണ സംഘടനാ പ്രവർത്തനങ്ങൾ കൂടിയാവുമ്പോൾ വളരെയധികം അദ്ധ്യയന ദിവസങ്ങൾ നഷ്ടപ്പെടുന്നു. ഈയൊരവസ്ഥ പഠനനിലവാരത്തെ പ്രത്യക്ഷത്തിൽ ഗുരുതരമായി ബാധിക്കുന്നുണ്ട്.
6. പഞ്ചായത്തിലെ വടക്കുകിഴക്കൻ മേഖലകളിലെ വിദ്യാർത്ഥികൾക്ക് ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിന് വളരെ ദൂരത്തുള്ള ശ്രീകൃഷ്ണപുരം ഹൈസ്ക്കൂളിനെ ആശ്രയിക്കേണ്ടി വരുന്നു (ശരാശരി 6 കി.മീ. ദൂരം).

പട്ടിക - 2

സ്ക്കൂളിന്റെ പേര്	ഉടമസ്ഥത	കുട്ടികളുടെ എണ്ണം			അദ്ധ്യാപകരുടെ എണ്ണം	കെട്ടിട സൗകര്യം വേണ്ടത്ര	ഫർണീച്ചർ വേണ്ടത്ര	ശുദ്ധ ജല ലഭ്യത	കാമ്പസ് വിസ്തീർണ്ണം	കളി സ്ഥലത്തിന്റെ വിസ്തീർണ്ണം	മൂത്രപ്പുര സൗകര്യം
		ആൺ	പെൺ	ആകെ							
1. AUPS.കുറ്റാനശ്ശേരി.	എയിഡഡ്	156	159	375	14	ഉണ്ട്	ഇല്ല	ഉണ്ട്	2.30 ഏക്കർ	1.30 ഏക്കർ	ഉണ്ട്
2. ESTM ALPS.വെള്ളിനേഴി.	"	55	53	108	4	ഇല്ല	ഇല്ല	ഉണ്ട്	90 സെന്റ്	55 സെന്റ്	ഉണ്ട്
3. ALPS.തിരുനാരായണപുരം.	"	41	44	85	4	ഇല്ല	ഇല്ല	ഇല്ല	82 സെന്റ്	70 സെന്റ്	ഇല്ല
4. ALPS.പൊതി.	"	34	45	79	4	ഉണ്ട്	ഇല്ല	ഇല്ല	1 ഏക്കർ	50 സെന്റ്	ഇല്ല
5. AUPS.അടക്കാപുത്തൂർ	"	403	353	756	25	ഇല്ല	ഇല്ല	ഇല്ല	3 ഏക്കർ	2.5 ഏക്കർ	ഉണ്ട്
6. GLPS.വെള്ളിനേഴി.	സർക്കാർ	80	52	132	3	ഉണ്ട്	ഉണ്ട്	പര്യാപതമല്ല	1 ഏക്കർ	40 സെന്റ്	ഉണ്ട്
7. H.S.അടക്കാപുത്തൂർ.	എയിഡഡ്	346	290	636	27	ഉണ്ട്	ഇല്ല	ഉണ്ട്	10 ഏക്കർ	2.5 ഏക്കർ	ഉണ്ട്
8. GLPS.തിരുവാഴിയോട്.	സർക്കാർ	49	53	102	4	ഇല്ല	ഇല്ല	ഉണ്ട്	1 ഏക്കർ	30 സെന്റ്	ഉണ്ട്
9. ALPS.കുറുവട്ടൂർ.	എയിഡഡ്	31	36	67	4	ഇല്ല	ഇല്ല	ഇല്ല	50 സെന്റ്	24 സെന്റ്	ഇല്ല
10. SALPS.കുറുവട്ടൂർ.	"	43	46	89	4	ഇല്ല	ഇല്ല	ഉണ്ട്	57 സെന്റ്	20 സെന്റ്	ഇല്ല
11. ALPS.കുളക്കാട്.	"	57	49	106	4	ഉണ്ട്	ഇല്ല	ഉണ്ട്	20 സെന്റ്	-	ഉണ്ട്
12. GHS.വെള്ളിനേഴി.	സർക്കാർ	520	572	1092	34	ഇല്ല	ഇല്ല	പര്യാപ്തമല്ല	6.35 ഏക്കർ	2.15 ഏക്കർ	പര്യാപ്തമല്ല
13. MUPS.തിരുവാഴിയോട്.	എയിഡഡ്	132	114	246	8	ഇല്ല	ഇല്ല	ഉണ്ട്	2.25 ഏക്കർ	1 ഏക്കർ	ഉണ്ട്.

SC/ST വിദ്യാർത്ഥികളെ സംബന്ധിച്ച വിവരങ്ങൾ

	ആകെ SC/ST വിദ്യാർത്ഥികൾ ആൺ/പെൺ	തോറ്റുപഠിക്കുന്നവർ ആൺ/പെൺ	പഠനം നിർത്തിയവർ ആൺ/പെൺ
ഹൈസ്ക്കൂൾ തലം	96/121	16/13	6/2
യു.പി. തലം	106/99	20/123	2/1
എൽ.പി. തലം	83/84	15/5	-

	തോൽക്കുന്നവരുടെ ശതമാനം		പഠനം നിർത്തിയവരുടെ ശതമാനം	
	SC/ST ആൺ/പെൺ	മറ്റുള്ളവർ ആൺ/പെൺ	SC/ST ആൺ/പെൺ	മറ്റുള്ളവർ ആൺ/പെൺ
ഹൈസ്ക്കൂൾ	16.6/10.7	13.5/9.1	6.2/1.6	5.9/4.2
യു.പി.	18.8/12.1	10.1/5.6	1.8/1.0	1.6/0.15
എൽ.പി.	18.0/5.9	3.1/1.1	-	0.5/0.7

7. പട്ടികജാതി/വർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾ ഇപ്പോഴും വിദ്യാഭ്യാസപരമായി പിന്നിലാണ്. പ്രൈമറി ക്ലാസുകളിൽ തോൽക്കുന്നവരുടെ ശതമാനക്കണക്ക് ഇക്കാര്യം വ്യക്തമാക്കുന്നു. സാമൂഹ്യമായ പിന്നോക്കാവസ്ഥ തന്നെയാണ് ഇതിനു കാരണം.

8. ഹൈസ്ക്കൂളിലെത്തുന്ന വിദ്യാർത്ഥികളുടെ സാക്ഷരതാ നിലവാരം തന്നെ വളരെ മോശമാണ്. S.S.L.C. വിജയശതമാനം കുറഞ്ഞു വരുന്നു. അദ്ധ്യാപന നിലവാരം മോശമാണെന്ന് വ്യാപകമായി പരാതിയുണ്ട്.

9. ഹൈസ്ക്കൂളുകളിലെ അച്ചടക്കനിലവാരം വളരെ മോശമാണ്.

10. ദൂരത്തുള്ള ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളിലേക്ക് പോകുന്ന കുട്ടികളുടെ എണ്ണം വർദ്ധിച്ചുവരുന്നു. അതേ സമയം പഞ്ചായത്തിലെ സാധാരണ സ്ക്കൂളുകളിൽ കുട്ടികളുടെ എണ്ണം തികയാത്തതുമൂലം ഡിവിഷൻ ഫാൾ ഭീഷണി നിലനിൽക്കുന്നു.

11. നിലവിലുള്ള വിദ്യാഭ്യാസ രീതിയും പാഠ്യവിഷയങ്ങളും പ്രാദേശികമായ വികസനത്തെക്കൂടി സഹായിക്കുന്ന രീതിയിലോ, കുട്ടികൾക്ക് തൊഴിൽമേഖലകളെക്കുറിച്ച് വേണ്ടത്ര ധാരണകൾ കൊടുക്കുന്ന രീതിയിലോ അല്ല.

12. അംഗൻവാടികളിൽ തീരെ സൗകര്യമില്ല. കളിക്കോപ്പുകളില്ല.

13. പ്രൈമറി വിദ്യാലയങ്ങളിൽ പെൺകുട്ടികളുടെ എണ്ണം ആൺകുട്ടികളുടേതിനേക്കാൾ കുറവാണ്. എന്നാൽ 91ലെ സെൻസസ് അനുസരിച്ച് ആറു വയസ്സിനു താഴെയുള്ള കുട്ടികളിൽ പെൺകുട്ടികളാണ് കൂടുതൽ. ഈ വൈരുദ്ധ്യം പരിശോധിക്കേണ്ടതാണ്.

സാദ്ധ്യതകൾ

1. കെട്ടിടം. ഫർണീച്ചർ, പഠനോപകരണങ്ങൾ, അദ്ധ്യാപകർ, ലൈബ്രറി, കളിസ്ഥലം, കുടിവെള്ള സൗകര്യം, ചുറ്റുമതിൽ, മൂത്രപ്പുര തുടങ്ങിയ വിദ്യാലയങ്ങളുടെ ആവശ്യങ്ങൾക്കെല്ലാം ഉടൻ പരിഹാരം കാണുക. സർക്കാർതലത്തിലും പ്രാദേശികമായി ജനകീയതലത്തിലും ഇതിനു വേണ്ട കാര്യങ്ങൾ ചെയ്യുക. വെള്ളിനേഴി ഹൈസ്ക്കൂളിന് കൂടുതൽ ക്ലാസ്മുറികളും, വെള്ളിനേഴി GLP സ്ക്കൂളിന് സ്വന്തം കെട്ടിടവും അടിയന്തരാവശ്യങ്ങളാണ്.

2. വിദ്യാർത്ഥികളുടെ സാക്ഷരതാ നിലവാരം പ്രൈമറി തലം മുതൽ വിവിധ ഘട്ടങ്ങളിൽ പരിശോധിക്കുക. ഓരോ 'ടേം' അവസാനത്തിലും പഞ്ചായത്ത് തലത്തിൽ എല്ലാ ക്ലാസ്സുകളിലും പൊതു പരീക്ഷ നടത്തുക.

3. ഓരോ സ്ക്കൂളുമായി ബന്ധപ്പെട്ട് പി.ടി.എകൾ മാതൃസംഗമങ്ങൾ തുടങ്ങിയ ഒത്തുചേരലുകൾ ഇടയ്ക്കിടെ സംഘടിപ്പിക്കുക. ജനകീയ സമിതികൾ രൂപീകരിക്കുക. വിദ്യാഭ്യാസനിലവാരം വിലയിരുത്തുന്നതിനും, വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും, സ്ക്കൂളിന്റെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും സഹായകമാവുന്ന വിശാലവേദികളായി ഇവ ഫലപ്രദമായി പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

4. ഹൈസ്ക്കൂളുകളോടനുബന്ധിച്ച് കമ്പ്യൂട്ടർ പരിശീലനവും, അഭിരുചിക്കനുസരിച്ചുള്ള കൈത്തൊഴിൽ പരിശീലനവും നൽകാനുള്ള സംവിധാനങ്ങളുണ്ടാക്കുക.

5. പഠനനിലവാരത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക ക്ലാസ്സുകൾ ഏർപ്പെടുത്തുക. സന്നദ്ധ പ്രവർത്തകരുടെയും വിരമിച്ച അദ്ധ്യാപകരുടേയും സേവനം ഇതിനായി ഉപയോഗപ്പെടുത്തുക.

6. കൃഷി ഒരു നിർബന്ധ പാഠ്യവിഷയമാക്കുക. സ്ക്കൂളുകളിൽ "യുവകർഷക ക്ലബ്ബു'കൾ രൂപീകരിച്ച് സ്ക്കൂൾ വളപ്പിൽ പച്ചക്കറികൾ കൃഷിചെയ്യുക. സ്വന്തം വീടുകളിൽ കൃഷി ചെയ്യാനാഗ്രഹിക്കുന്ന ഹൈസ്ക്കൂൾ വിദ്യാർത്ഥികൾക്ക് ശാസ്ത്രീയമായ കൃഷിരീതികളെക്കുറിച്ചുള്ള നിർദ്ദേശങ്ങളും വിത്തുകളും സ്ക്കൂളുകൾ വഴിതന്നെ ലഭ്യമാക്കുക

8. എൽ.പി. സ്ക്കൂളുകളോടനുബന്ധിച്ച് എല്ലാ സൗകര്യങ്ങളോടും കൂടിയ പ്രീ-പ്രൈമറി ക്ലാസ്സുകളാരംഭിക്കുക.

9. പ്രൈമറി സ്ക്കൂളുകളിൽ ഓരോ അഡീഷണൽ അദ്ധ്യാപകനെക്കൂടി നിയമിക്കുക. യു.പി.സ്ക്കൂളുകളിൽ ക്ലാർക്കിനെയും എൽ.പി. സ്ക്കൂളുകളിൽ പ്യൂണിനെയും നിയമിക്കുക.

10. വിദ്യാർത്ഥികൾക്ക് തൊഴിൽ മേഖലകളെക്കുറിച്ച് വേണ്ടത്ര വിവരങ്ങൾ നൽകുന്നതിനായി ഹൈസ്ക്കൂളുകളിൽ കരിയർ ഗൈഡൻസ് സെല്ലുകൾ രൂപീകരിക്കുക. വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന ആളുകളെക്കൊണ്ട് വിദ്യാർത്ഥികൾക്ക് ക്ലാസുകൾ എടുപ്പിക്കുക.

11. ഉപരിപഠനത്തിന് സാമ്പത്തികാനുകൂല്യങ്ങളൊന്നും ഇല്ലാതെ നിർദ്ധനരായ വിദ്യാർത്ഥികൾക്കും പിന്നോക്ക വിഭാഗങ്ങളിൽ പെട്ടവർക്കും വേണ്ട സഹായങ്ങൾ ചെയ്യാൻ ഹൈസ്ക്കൂളുകൾ ഒരു കേന്ദ്രമായിത്തീരണം. പഴയ പാഠപുസ്തകങ്ങളും മറ്റും കേന്ദ്രീകൃതമായി സംഭരിച്ച് ആവശ്യക്കാർക്ക് ലൈബ്രറി മാതൃകയിൽ നൽകാനും സംഭാവനകൾ സ്വരൂപിച്ച് ഒരു സഹായനിധി രൂപീകരിക്കാനും കഴിയും.

12. പഞ്ചായത്ത് തലത്തിൽ സ്ക്കൂൾ കോംപ്ലക്സുകൾ പതിവായി വിളിച്ചുചേർത്ത് പ്രശ്നങ്ങൾ ചർച്ചചെയ്യുക. അദ്ധ്യാപകർക്കു വേണ്ട പരിശീലനം നൽകുക.

13. റേഡിയോ, ടി.വി. തുടങ്ങിയ മാദ്ധ്യമങ്ങളുടെ ഗുണപരമായ വശങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് വിജ്ഞാനപ്രദമായ പരിപാടികൾ വിദ്യാർത്ഥികൾക്ക് കേൾക്കാനും കാണാനും സൗകര്യമുണ്ടാക്കുക. സ്ക്കൂളുകളിൽ റേഡിയോയും ടെലിവിഷനും ലഭ്യമാക്കുക.

14. പഞ്ചായത്തടിസ്ഥാനത്തിൽ സ്ക്കൂൾതല കലാ-കായിക-പ്രവൃത്തിപരിചയ പ്രദർശന മേളകൾ സംഘടിപ്പിക്കുക. പ്രൈമറി സ്ക്കൂളുകളിൽ കലാകായികാദ്ധ്യാപനത്തിന് അദ്ധ്യാപകരെ ഏർപ്പെടുത്തുക.

15. അംഗൻവാടികൾ കൊച്ചുകുട്ടികളുടെ മാനസിക ശാരീരിക വികസനത്തിനുതകുന്ന കേന്ദ്രങ്ങളാക്കുക. വേണ്ടത്ര കളിക്കോപ്പുകൾ ലഭ്യമാക്കുക. പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തുക. അംഗൻവാടികളില്ലാത്ത പ്രദേശങ്ങളിൽ അംഗൻവാടികളാരംഭിക്കുക.

16. സാക്ഷരതാ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുക. ഇതിനായി ജനകീയ കമ്മിറ്റികൾ രൂപീകരിക്കുകയും ജനവിദ്യാ കേന്ദ്രങ്ങൾ സ്ഥാപിക്കുകയും വേണം. പഠിതാക്കൾക്ക് പഠനോപകരണങ്ങൾ സൗജന്യമായി നൽകുക. ഇൻസ്ട്രക്ടർമാർക്ക് അലവൻസ് നൽകുക. നവസാക്ഷരരുടെ പഞ്ചായത്തടിസ്ഥാനത്തിലുള്ള യോഗങ്ങൾ വിളിച്ചു ചേർത്ത് അവരുടെ കഴിവുകൾ പ്രകടിപ്പിക്കുന്നതിന് വേദിയെരുക്കുക.

17. പഞ്ചായത്തിൽ ഒരു ജൂനിയർ കോളേജും ഒരു തൊഴിലധിഷ്ഠിത സാങ്കേതിക വിദ്യാഭ്യാസസ്ഥാപനവും ആരംഭിക്കുക. വടക്കു കിഴക്കൻ മേഖലയിൽ ഒരു ഹൈസ്ക്കൂൾ സ്ഥാപിക്കുക.

18. വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് മികച്ചപ്രവർത്തനം കാഴ്ചവയ്ക്കുന്ന അദ്ധ്യാപകർക്ക് പഞ്ചായത്ത് തലത്തിൽ അംഗീകാരവും ബഹുമതിയും നൽകുക.

19. സ്ക്കൂൾ കെട്ടിടങ്ങൾ തകരുന്നതിന് ഒരു കാരണമായി നിലവിലുള്ള ക്ലാസ്മുറിയുടെ അളവുകൾ സംബന്ധിച്ച നിബന്ധനകൾ പലരും ചൂണ്ടിക്കാണിക്കുന്നു. 20 x 20 എന്ന അളവിനു പകരം വീതി കുറച്ച് നീളം കൂട്ടി 25 x 16 എന്ന അളവിൽ അതേ വിസ്തീർണ്ണം നിലനിർത്തുകയാണെങ്കിൽ കെട്ടിടത്തിനും മേൽക്കൂരക്കും കൂടുതൽ കെട്ടുറപ്പുണ്ടാകും. നിർമ്മാണച്ചെലവും കുറയും.

20. കായിക വിദ്യാഭ്യാസം എല്ലാ പ്രൈമറി വിദ്യാലയങ്ങളിലും നിർബന്ധമാക്കണം.

21. Uneconomic സ്ക്കൂളുകൾ നിർത്തലാക്കാനുള്ള തീരുമാനം സ്ഥിരമായി ഉപേക്ഷിക്കുക.



പൊതുജനാരോഗ്യം, കുടിവെള്ളം, പരിസര ശുചിത്വം

നിലവിലുള്ള അവസ്ഥ

ഒരു പ്രദേശത്തെ നിലവിലുള്ള ആരോഗ്യാവസ്ഥയെകുറിച്ച് മനസ്സിലാക്കുന്നതിന് താഴെ പറയുന്നകാര്യങ്ങൾ കണക്കാക്കുന്നത് അനിവാര്യമാണ്. പൊതുമരണനിരക്ക്, ശിശുമരണനിരക്ക്, മാതൃമരണനിരക്ക്, പ്രായഘടന, സാംക്രമിക-തൊഴിൽജന്യരോഗങ്ങൾ, ജീവിതദൈർഘ്യം, വൈകല്യനിരക്ക്, പോഷണ നിലവാരം, ആരോഗ്യരക്ഷാചിലവുകൾ, ആരോഗ്യസ്ഥാപങ്ങളുടെ പ്രവർത്തനം, മറ്റുചികിത്സാ സൗകര്യങ്ങൾ എന്നിവ.

പൊതുമരണനിരക്ക്

17950 ജനസംഖ്യയുള്ള നമ്മുടെ പഞ്ചായത്തിൽ 116 പേരാണ് കഴിഞ്ഞ സാമ്പത്തിക വർഷത്തൽ മരണമടഞ്ഞത്. ഇതിൽ നിന്നും നമ്മുടെ ഗ്രാമ പഞ്ചായത്തിന്റെ മരണനിരക്ക് 6.12 എന്നു കാണുന്നു. സംസ്ഥാന ശരാശരി മരണനിരക്ക് 5.9 ആണ്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 9 പേർ ആത്മഹത്യ ചെയ്യുവെന്നതും ശ്രദ്ധേയമാണ്.

ശിശുമരണനിരക്ക്

1995-96 വർഷത്തിൽ 284 ജനനം നടന്നതിൽ ഒരു കുട്ടിയും മരണമടഞ്ഞിട്ടില്ല. സംസ്ഥാന ശരാശരി 16 ആണെന്നു കാണുന്നു. ഇത് വളരെ ആശാവഹമായ കാര്യമാണ്.

മാതൃമരണനിരക്ക്

വെള്ളിനേഴി ഗ്രമപഞ്ചായത്ത് പരിധിയിൽ കഴിഞ്ഞ മൂന്നു വർഷമായി മാതൃമരണം രേഖപ്പെടുത്തി കാണുന്നില്ല. സംസ്ഥാന ശരാശരി ഒന്നിൽ താഴെ മാത്രമാണ്.

പ്രായഘടന

ഒരു വയസ്സിൽ താഴെയുള്ള 284 കുട്ടികളും 971 അഞ്ചു വയസ്സിൽ താഴെയുള്ള കുട്ടികളും ഈ ഗ്രാമ പഞ്ചായത്തിൽ ജീവിച്ചിരിക്കുന്നു. 6% ത്തോളം 60 വയസ്സിനു മുകളിൽ ഉള്ളവരും ജീവിക്കുന്നു.

സാംക്രമിക-തൊഴിൽജന്യ രോഗങ്ങളുടെ വ്യാപനം

സാംക്രമിക രോഗങ്ങളുടെ പട്ടികയിൽ 6 കുഷ്ഠരോഗങ്ങളും 3 മലമ്പനി രോഗങ്ങളും 43 വയറിളക്കരോഗങ്ങളുമാണ് കണ്ടെത്തിയത്.

കുഷ്ഠരോഗത്തിന് വിവിധൗഷധ ചികിത്സ നൽകി വരുന്നു. മലമ്പനിരോഗവും മറ്റു സംസ്ഥാനങ്ങളിൽ ജോലിചെയ്യുന്നവരിലാണ് കണ്ടെത്തിയത്. ഇതിനു ആവശ്യമായ ചികിത്സ നൽകുവാൻ സാധിച്ചു. വയറിളക്കരോഗത്തിന് പാനീയ ചികിത്സ നൽകുകയുണ്ടായി.

തൊഴിൽജന്യരോഗങ്ങളുടെ കണക്ക് കൃത്യമായി നമുക്ക് ലഭ്യമല്ല. എന്നാൽ കളള് ചെത്ത്, പാറപൊട്ടിക്കൽ തുടങ്ങിയ അപകടകരമായ തൊഴിൽ ചൊയ്യുനവരുടെ സംഖ്യ നമ്മുടെ പഞ്ചായത്തിൽ ധാരാളമാണ്. ശ്വാസകോശരോഗങ്ങളും സാധാരണമാണ്. ശുചിത്വമുള്ള കക്കൂസുകളുടെ കുറവുകാരണം വെളിമ്പ്രദേശങ്ങളിൽ മലവിസർജ്ജനം സാധാരണമാണ്. ഇവിടെ ഇതേകാരണം കൊണ്ട് കുടൽവിരകളും മറ്റു പരാദങ്ങളും കാണുന്നു.

ആയുർദൈർഘ്യം

ഈ ഗ്രാമപഞ്ചായത്തിൽ ശരാശരി ആയുർദൈർഘ്യം പുരുഷൻ 67 സ്ത്രീകൾ 69 ആണെന്ന് കാണുന്നു. എന്നാൽ 1992ലെ കണക്കനുസരിച്ച് സംസ്ഥാന ശരാശരി പുരുഷൻ 69 സ്ത്രീകൾ 71 എന്നു കാണുന്നു. ഈ പഞ്ചായത്തിൽ ആയുർദൈർഘ്യം കുറയാനുള്ള കാരണം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

വൈകല്യനിരക്ക്

ഈ ഗ്രാമ പഞ്ചായത്തിൽ 79 സ്ത്രീകളും 119 പുരുഷന്മാരും അടക്കം 198 അംഗവൈകല്യം സംഭവിച്ചവരെ കണ്ടെത്തിയിരിക്കുന്നു. ആദ്യകാലങ്ങളിലുണ്ടായ പോളിയോ രോഗം മൂലവും അപകടം മൂലവും ജന്മനാലുള്ള വൈകല്യം മൂലവുമാണ് ഇത്രയും പേർക്ക് അംഗവൈകല്യം ഉണ്ടായത്.

പോഷണനിലവാരം

കുട്ടികൾക്കുള്ള പോഷണ ആഹാര വിതരണ പരിപാടി പൊതുവെ തൃപ്തികരമാണ്. പഞ്ചായത്തതിർത്തിയിലെ അംഗൻവാടികൾ വഴി 769 പ്രീസ്ക്കൂൾ കുട്ടികൾക്കും പ്രൈമറി അപ്പർ പ്രൈമറി സ്ക്കൂളുകളിലെ കുട്ടികൾക്കും ഉച്ചഭക്ഷണം വിതരണം ചെയ്യുന്നു.

ആരോഗ്യ സ്ഥാപനങ്ങളുടെ പ്രവർത്തനം

വെള്ളിനേഴി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് 17950 ജനങ്ങളാണുള്ളത്. ഇവിടെ സർക്കാർതലത്തിലുള്ള 3 ആശുപത്രികളും ((1) പത്ത് കിടക്കയോടുകൂടിയ പ്രൈമറി ഹെൽത്ത് സെന്റർ അടക്കാപുത്തൂർ, (2) പ്രമറി ഹെൽത്ത് സെന്റർ വെള്ളിനേഴി, ആയുർവ്വേദ ആശുപത്രി കുറ്റാനശ്ശേരി.) സ്വകാര്യ മേഖലയിൽ ആയുർവ്വേദ രംഗത്ത് കുളക്കാട് "പൂന്തോട്ടം ആയുർവ്വേദാശ്രമവും" പ്രവർത്തിക്കുന്നു. രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കും കുടുംബക്ഷേമ പ്രവർത്തനങ്ങൾക്കും ഊന്നൽ കൊടുത്തുകൊണ്ട് അലോപ്പതി വിഭാഗത്തിൽ 4 ആരോഗ്യ കേന്ദ്രങ്ങളും പ്രവർത്തിക്കുന്നു. സഹകരണ മേഖലയിൽ വെള്ളിനേഴിയിൽ Group Co-operative Hospital പ്രവർത്തിച്ചിരുന്നു എങ്കിലും ഇന്ന് പ്രവർത്തിക്കുന്നില്ല. അലോപ്പതി വിഭാഗത്തിൽ രണ്ടും ആയുർവ്വേദ രംഗത്ത് പതിനൊന്നും മെഡിക്കൽഷോപ്പുകൾ പ്രവർത്തിക്കുന്നു. ആരോഗ്യ രംഗത്തെ ഈ സ്ഥാപനങ്ങളിൽ മൂന്ന് ഡോക്ടർമാരുടെ സേവനം ലഭ്യമാണ് എന്നാൽ പഞ്ചായത്തിന്റെ വിവിധ അതിർത്തികളിലായി സ്ഥിതിചെയ്യുന്ന സർക്കാർ സ്ഥാപനങ്ങൾ നാമമാത്രമായ വ്യക്തികൾക്ക് മാത്രമേ പ്രയോജനപ്പെടുന്നുള്ളൂ.. സർക്കാർ സ്ഥാപനങ്ങളിൽ മെഡിക്കൽ,. പാരാമെഡിക്കൽ വിഭാഗങ്ങളിലായി 24 പേർ പ്രവർത്തിക്കുന്നു. സ്വകാര്യ സ്ഥാപനമായ പൂന്തോട്ടം ആയുർവ്വേദാശ്രമത്തിൽ 6 പേർ പ്രവർത്തിക്കുന്നുണ്ട്. പാരമ്പര്യ വൈദ്യശാഖയിൽ ഇയ്യള വൈദ്യശാലയും, ഡോ:ശങ്കരൻകുട്ടിയും പ്രവർത്തിക്കുന്നു.

ആരോഗ്യ പ്രവർത്തന മേഖലയിൽ സമീപ പഞ്ചായത്തുകളെ അപേക്ഷിച്ച് നമ്മുടെ പഞ്ചായത്ത് മുൻപന്തിയിലാണ്.

ആരോഗ്യ രക്ഷാചിലവുകൾ

മരുന്നുകൾക്കും പ്രതിരോധരക്ഷാ മരുന്നുകൾക്കും, ഉപകരണങ്ങൾക്കുമായി 1,70,000 ത്തോളം രൂപ പ്രതിവർഷം ചിലവാക്കുന്നതായി കണക്കാക്കുന്നു. ജനസംഖ്യാനുപാതികമായി ഏകദേശം 9 രൂപ 20 പൈസ മാത്രം വരുന്ന ഈ തുക തുലോം തുച്ഛമാണ്. ഇത് 50 രൂപയായി വർദ്ധിപ്പിച്ചാൽ മാത്രമേ ഇന്നത്തെ ആരോഗ്യസ്ഥിതി നിലനിർത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനും സാധിക്കുകയുള്ളൂ. ശമ്പള ഇനത്തിൽ വരുന്ന ഒൻപതു ലക്ഷം രൂപ ഇതിനു പുറമേയാണ്.

മറ്റുചികിത്സാരീതികൾ

ആയുർവ്വേദ വിഭാഗത്തിൽപ്പെട്ട പാരമ്പര്യ ചികിത്സാരീതികൾ തിരുവാഴിയോട് ഒന്നും വെള്ളിനേഴി രണ്ടും ലഭ്യമാണ്. എന്നാൽ ഹോമിയോ, സിദ്ധ, യുനാനി പ്രകൃതി ചികിത്സാ വിഭാഗങ്ങളൊന്നും ഈ ഗ്രമപഞ്ചായത്തിൽ ലഭ്യമല്ല.

ആരോഗ്യപ്രവർത്തനവുമായി സഹകരിക്കുന്ന സന്നദ്ധ സംഘടനകൾ

അങ്ങിങ്ങ് ചില യുവജന സാംസ്ക്കാരിക സംഘടനകൾ ആരോഗ്യ രംഗവുമായി സഹകരിക്കുന്നു. യുവജന കലാവേദി കുളക്കാട്, പ്രിയദർശിനി ആർട്സ് & സ്പോർട്സ് ക്ലബ് വടക്കൻ വെള്ളിനേഴി, ആർട്സ് & സ്പോർട്സ് ക്ലബ് അടക്കാപുത്തൂർ എന്നീ സംഘടനകൾ വളരെ നല്ലനിലയിൽ ആരോഗ്യ രംഗവുമായി സഹകരിക്കുന്നു.

നിലവിലുള്ള പദ്ധതികൾ

ആരോഗ്യ രംഗത്ത് തുടർ പദ്ധതിയായി 13 പദ്ധതികൾ നടപ്പിലാക്കുന്നു. അവ.

- ദേശീയ AIDS നിയന്ത്രണ പദ്ധതി.
- ദേശീയ വയറിളക്ക രോഗനിയന്ത്രണ പദ്ധതി.
- ദേശീയ സാർവത്രിക രോഗപ്രതിരോധ പദ്ധതി.

- ദേശീയ കുടുംബാസൂത്രണ പദ്ധതി.
- ദേശീയ മന്തുരോഗ നിയന്ത്രണ പദ്ധതി.
- ഗിനിയാം വേ നിയന്ത്രണ പദ്ധതി.
- അയഡിന്റെ കുറവുകൊണ്ടുണ്ടാകുന്ന വൈകല്യങ്ങൾ നിയന്ത്രിക്കുന്ന ദേശീയ പദ്ധതി.
- ദേശീയ കുഷ്ഠരോഗ നിർമ്മാർജ്ജന പദ്ധതി.
- ദേശീയ മലമ്പനി നിർമ്മാർജ്ജന പദ്ധതി.
- ദേശീയ അന്ധതാ നിയന്ത്രണ പദ്ധതി.
- ദേശീയ ഗുഹ്യരോഗ നിയന്ത്രണ പദ്ധതി.
- ദേശീയ ക്ഷയരോഗ നിയന്ത്രണ പദ്ധതി.
- ദേശീയ ശുചിത്വ-ജലവിതരണ പദ്ധതി എന്നിവയാണ്.

പ്രാദേശികാടിസ്ഥാനത്തിൽ ആവശ്യമുള്ള എട്ടു പദ്ധതികളാണ് നമ്മുടെ പഞ്ചായത്തിൽ നടപ്പാക്കിവരുന്നത്.

ആരോഗ്യസംരക്ഷണത്തിൽ ഏറ്റവും പ്രധാന്യമർഹിക്കുന്നത് ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുക എന്നതാണ്. ശുദ്ധജലത്തിന്റെ അഭാവം 50% ത്തിലധികം പകർച്ചവ്യാധികൾക്കും കാരണമാകുന്നു.

ജലലഭ്യത

പഞ്ചായത്തിന്റെ വടക്കൻ അതിർത്തിയായി ഒഴുകുന്ന കുന്തിപ്പുഴ (തൂതപ്പുഴ) ഏതു സമയത്തും ജലസമൃദ്ധമാണ്. ഈ പഞ്ചായത്തിൽ 6 കി.മീ. ദൂരം ഈപുഴയുടെ സാന്നിദ്ധ്യമുണ്ട്. കൂടാതെ 12 ചെറുതും വലുതുമായ തോടുകൾ ഈ പഞ്ചായത്തിന്റെ പരിധിയിൽ വരുന്നു. 12 പൊതുകുളങ്ങൾ ഈ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നു.

കുടിവെള്ളത്തിന്റെ കാര്യത്തിൽ പൊതുവായി കുഴൽവഴി കുടിവെള്ളം നൽകുന്ന രണ്ടു പദ്ധതികളും 9 പൊതു കുഴൽകിണറുകളും 45 പൊതു കിണറുകളുമാണുള്ളത്. കൂടാതെ 50% ൽ അധികം വീടുകളിലും സ്വന്തമായി കിണറുകൾ സ്ഥാപിച്ചിട്ടുണ്ട്.

എന്നാൽ വേനൽക്കാലങ്ങളിൽ കുടിവെള്ളത്തിനും ശുചീകരണ പ്രവർത്തനങ്ങൾക്കും വളരെയധികം വിഷമം നേരിടുന്ന പ്രദേശമാണ് നമ്മുടെ പഞ്ചായത്ത്.

വിസർജ്ജ്യ നിർമ്മാർജ്ജന സൗകര്യങ്ങൾ

ഈ പഞ്ചായത്ത് പ്രദേശത്ത് 40% കുടുംബക്കാർ മാത്രമെ സ്വന്തമായി കക്കൂസ് നിർമ്മിച്ചിട്ടുള്ളൂ. 30% ജനങ്ങൾ സാമ്പത്തികശേഷി ഉള്ളവരെങ്കിലും ഇത്തരം ആരോഗ്യ പരിപാലനത്തെ പറ്റിയും ശുചിത്വത്തെക്കുറിച്ചും ബോധവാന്മാരല്ലാത്തതുകൊണ്ടും ധാരാളം ഒഴിഞ്ഞ സ്ഥലം ലഭ്യമായതുകൊണ്ടും കക്കൂസുകൾ നിർമ്മിച്ചിട്ടില്ല. ശേഷിക്കുന്നവർ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതുകൊണ്ടും അജ്ഞതകൊണ്ടും ശുചിത്വമുള്ള കക്കൂസുകൾ നിർമ്മിക്കുന്നതിന് കഴിവില്ലാത്തവരാണ്.

ഈ പ്രദേശത്തെ സംബന്ധിച്ച് പൊതു കക്കൂസുകൾക്ക് പ്രസക്തി തീരെയില്ല. എന്നാൽ യാത്രക്കാരുടെ സൗകര്യാർത്ഥം തിരുവാഴിയോട് പ്രദേശത്ത് Pay and use type latrine നിർമ്മിക്കാവുന്നതാണ്.

മേൽപറഞ്ഞ പ്രശ്നങ്ങൾക്ക് പരിഹാരമായി ആരോഗ്യ ബോധവൽക്കരണവും സാമ്പത്തിക സഹായവും സാങ്കേതിക ഉപദേശവും നൽകികൊണ്ട് ഈ പ്രശ്നത്തിന് പരിഹാരം കാണാവുന്നതാണ്.

മാലിന്യ നിർമ്മാർജ്ജനം

ഈ പഞ്ചായത്ത് പ്രദേശത്ത് മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിന് സൗകര്യങ്ങൾ ഒന്നും തന്നെ ഇല്ല. എല്ലാ അങ്ങാടികളോട് അനുബന്ധിച്ചും കുപ്പ തൊട്ടികൾ സ്ഥാപിക്കുകയും കുപ്പ ശരിയായ വിധത്തിൽ സംസ്ക്കരിക്കുന്നതിനുള്ള സൗകര്യങ്ങളേർപ്പെടുത്തുകയും ചെയ്യണം. തിരുവാഴിയോട് അഴുക്കുചാൽ പദ്ധതി വേണ്ടവിധത്തിൽ മൂടി സംരക്ഷിക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യണം.

കക്കൂസുകൾ, ചാണക തൊട്ടികൾ എന്നിവ ശരിയായ വിധത്തിൽ പരിപാലിക്കുന്നതിൽ വരുന്ന പോരായ്മ കൊതുക്, ഈച്ച തുടങ്ങിയ ചെറുപ്രാണികളുടെ വളർച്ചയിൽ മുഖ്യ പങ്കു വഹിക്കുന്നു. ഇതിനെതിരെ ബോധവൽക്കരണവും ശാസ്ത്രീയമായ കമ്പോസ്റ്റ് നിർമ്മാണവും പ്രചരിപ്പിക്കണം.

കുടിവെള്ളം

വെള്ളിനേഴി ഗ്രാമപഞ്ചായത്തിന്റെ കീഴിൽ ഏകദേശം 4414 വീടുകൾ ഉണ്ട്. അവയിൽ 50% ത്തിനും സ്വന്തമായി കിണറുകൾ ഉള്ളവരാണ്. എന്നാൽ വേനൽക്കാലങ്ങളിൽ കുടിവെള്ളം നമ്മുടെ പഞ്ചായത്തിന്റെ മുഖ്യ പ്രശ്നങ്ങളിൽ ഒന്നാണ്. പൊതുവായി കുഴൽ വഴി വെള്ളം നൽകുന്ന പദ്ധതി നമ്മുടെ പഞ്ചായത്തിൽ രണ്ടു വാർഡുകളിൽ മാത്രമാണുള്ളത്. വെള്ളിനേഴി ഒളപ്പമണ്ണ മനയുടെ പരിസരത്ത് കുഴൽ കിണർ കുഴിച്ച് പമ്പു ചെയ്ത് കുടിവെള്ള വിതരണം നടത്തിയിരുന്ന പദ്ധതിയാണ് ഒന്ന്. ഇത് 1982 തുടങ്ങി ഇന്ന് ഏകദേശം പ്രവർത്തനം നിലച്ച രൂപത്തിലാണ്. ഇതിൽ നിന്നും 14 പൊതു ടാപ്പുകളും 96 ഹൗസ് കണക്ഷനുകളും നൽകിയിരുന്നു. ഇത് വെള്ളിനേഴി ഒന്നാം വർഡിൽമാത്രം ഒതുങ്ങി നിൽക്കുന്നു. ശുദ്ധജല വിതരണത്തിനായി ഗ്രാമപഞ്ചായത്ത് പ്രതിവർഷം 1,60,000 ത്തോളം രൂപ ചിലവഴിക്കുന്നുണ്ട്. ഇതിൽ ലഭിക്കുന്ന പ്രയോജനം വിലയിരുത്തുമ്പോൾ ഇത് ഒരു വലിയ തുകയാണെന്ന് കാണാവുന്നാണ്.

അടുത്ത പദ്ധതി രണ്ടാം വാർഡിൽ ചാമകുന്ന് പ്രദേശത്ത് കുഴൽ കിണർ കുഴിച്ച് പമ്പു സ്ഥാപിച്ചതാണ്. ഇതിൽ 6 പൊതു ടാപ്പുകൾ നിലവിലുണ്ട്. ഇതിലും വേണ്ടത്ര വെള്ളം ലഭ്യമല്ല. ഒന്നാം വാർഡിലെ പദ്ധതിയുമായി ബന്ധിപ്പിച്ചെങ്കിലും വേണ്ടത്ര പ്രയോജനം ലഭിച്ചിട്ടില്ല.

വാർഡ്	ജലസ്രോതസ്സ്			
	കുഴൽ കിണർ	പൊതു കിണർ	ചോല	ജലവിതരണ പദ്ധതി
I	2	3	-	1
II	2	2	-	1
III	-	6	-	-
IV	-	5	-	-
V	1	6	-	-
VI	1	5	-	-
VII	2	7	4	-
VIII	-	8	2	-
IX	1	2	1	-
മൊത്തം	9	44	7	2

നിലവിലുള്ള പദ്ധതികൾ

ചെർപ്പുളശ്ശേരി കാളികടവുഭാഗത്തു നിന്നും തുടങ്ങി വിവിധ ഹരിജൻ കോളനികളെ ബന്ധിപ്പിച്ചുകൊണ്ട് ഒരു കുഴൽവെള്ളവിതരണ പദ്ധതിയുടെ പണി പുരോഗമിച്ചുവരുന്നു. ഈ പദ്ധതി വെള്ളിനേഴി ഒന്ന് രണ്ട് വാർഡുകളിലെ പദ്ധതികളുമായി ബന്ധിപ്പിക്കുമെന്ന് അറിയാൻ കഴിയുന്നു.

ആരോഗ്യകുടിവെള്ള പ്രശ്നത്തിലെ നിർദ്ദേശങ്ങളും സാദ്ധ്യതകളും

WARD I

വെള്ളിനേഴി ഗ്രൂപ്പ് കോ-ഓപ്പറേറ്റീവ് ആശുപത്രി ഗ്രാമപഞ്ചായത്ത് ഏറ്റെടുക്കുകയും ഗ്രാമപഞ്ചായത്തിലെ മറ്റ് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ നിന്നും ഡോക്ടറേയും അനുബന്ധ ജീവനക്കാരേയും ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിൽ

വെള്ളിനേഴി ഗ്രാമപഞ്ചായത്ത് വികസന രേഖ

നിയമിക്കുകയും ചെയ്യുക. അങ്ങാടിയോടനുബന്ധിച്ച് ഒരു പൊതു മൂത്രപ്പുര നിർമ്മിക്കണം. അങ്ങാടിയിൽ കുപ്പതൊട്ടി നിർമ്മിക്കുകയും അതു സംസ്ക്കരിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുകയും ചെയ്യണം.

ശുദ്ധജലവിതരണ പദ്ധതി വിപുലീകരിക്കുക. എടയാറ്റിങ്ങൽപ്പുറം, നെല്ലിപ്പറ്റകുന്ന്, പാറക്കുണ്ട് എന്നിവടങ്ങളിൽ അടിയന്തിര പ്രാധാന്യത്തോടെ കുഴൽ കിണർ കുഴിക്കണം. പൊതു കിണറുകൾ, കുളങ്ങൾ എന്നിവ അറ്റകുറ്റപ്പണി നടത്തുക.

WARD II

നിലവിലുള്ള IPP Sub-Centre വിപുലീകരിച്ച് പ്രാഥമികാരോഗ്യ കേന്ദ്രമാക്കണം. കിടത്തി ചികിത്സിക്കുന്നതിനാവശ്യമായ സൗകര്യം ഏർപ്പെടുത്തണം. വാർഡിലെ 50% വീടുകൾക്കും കക്കൂസുകളില്ലാത്തതിനാൽ അവ നിർമ്മിക്കുന്നതിനുള്ള സാമ്പത്തിക സഹായം അനുവദിക്കണം. പള്ളത്തു കോളനി, കടവത്തു കോളനി, മള്ളിയൂർ കോളനി പറക്കുന്ന് ഭാഗം, അംഗൻവാടിക്കു സമീപം, കളരിക്കൽ കോളനി എന്നിവടങ്ങളിൽ കുടിവെള്ളക്ഷാമം പരിഹരിക്കണം. ഇതിനായി ചാമക്കുന്ന് ശുദ്ധജലവിതരണ പദ്ധതി വിപുലീകരിക്കണം. പള്ളത്തുചാള ഹരിജൻ കോളനി, പറക്കുന്ന് അംഗൻവാടി, കളരിക്കൽ ചാള ഹരിജൻ കോളനി എന്നിവിടങ്ങളിൽ പൊതു കിണറുകൾ കുഴിക്കണം.

WARD III

കുറ്റാനശ്ശേരി F.W.C. യുടെ കെട്ടിടം നന്നാക്കണം. F.W.C.ൽ എത്യാവശ്യ മരുന്നുകൾ ലഭ്യമാക്കണം. ആയുർവ്വേദാശുപത്രിയിൽ കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുക. F.W.C.യിൽ രോഗപ്രതിരോധ കുത്തിവെപ്പു നടത്തിന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുക. അംഗൻവാടികളിലും സ്ക്കൂളുകളിലും ആരോഗ്യപരിശോധന ഉറപ്പു വരുത്തുക. കക്കൂസില്ലാത്ത മുഴുവൻ വീടുകൾക്കും കക്കൂസ് ലഭ്യമാക്കണം. കുട്ടികൾക്കുള്ള പോഷകാഹാരവിതരണം ഉറപ്പു വരുത്തുക. പേപ്പട്ടി വിഷബാധക്കെതിരെ കുത്തിവെപ്പ് സൗകര്യം ഏർപ്പെടുത്തുക. ഹോമിയോ ചികിത്സാ സൗകര്യം ഏർപ്പെടുത്തുക. ലബോറട്ടറി സൗകര്യം ഉറപ്പു വരുത്തുക. മുറിയൻകണ്ണി ശുദ്ധജല പദ്ധതി നടപ്പിലാക്കുക. കുറ്റാനശ്ശേരി ബാലവാടി, പടപ്പാറക്കുന്ന്, ചളിക്കുണ്ടിന് കിഴക്കുഭാഗം, ഭ്രാന്തൻ പള്ള്യാലിനു സമീപം അലറിയോട് കോളനി, കുറ്റാനശ്ശേരി സ്ക്കൂൾ പരിസരം, ശ്രീനിലയം തോട്ടത്തിനു സമീപം, പുത്തൻകുളം കരിയത്തൻക്കോട്ട, കുറ്റാനശ്ശേരി F.W.Centre,ചേറങ്ങോട്ടു കുളത്തിനു സമീപം എന്നിവടങ്ങളിൽ സാധാരണ കിണർ കുഴിക്കണം.

WARD IV

നിലവിൽ കക്കൂസില്ലാത്ത എല്ലാവർക്കും കക്കൂസ് നിർമ്മിക്കുന്നതിനുള്ള സഹായം അനുവദിക്കണം. പ്രാഥമികാരോഗ്യ കേന്ദ്രം വിപുലീകരിച്ച് രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തണം. മെഡിക്കൽ ഓഫീസർക്ക് താമസ സൗകര്യം ഏർപ്പെടുത്തണം. ആശുപത്രിയിൽ ശുദ്ധജല ലഭ്യത ഉറപ്പു വരുത്തണം. അറ്റകുറ്റ പണികൾ നടത്തണം. സ്റ്റാഫ്നേഴ്സിന്റെ തസ്തിക അനുവദിക്കണം. പേപ്പട്ടി വിഷബാധക്കെതിരെ കുത്തിവെപ്പ് ലഭ്യമാക്കണം. അലോപ്പതിയോടനുബന്ധിച്ച് ഹോമിയോ ചികിത്സാ യണിറ്റ് ഏർപ്പെടുത്തണം. പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിന് വാഹന സൗകര്യം ഏർപ്പെടുത്തണം. ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ നികത്തണം. മൊത്തം ജനങ്ങളുടെ പോഷകാഹാരക്കുറവ് നികത്തുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുകയും വേണം.

ആശുപത്രിക്കു സമീപം ALP സ്ക്കൂൾ, ഈഞ്ഞൻ കുന്ന് കോളനി, നെടുംകണ്ടം കുന്ന്, ചേരിക്കുണ്ട്, കള്ളിവളപ്പിൽ ഓപ്പത്ത് പടി എന്നിവടങ്ങളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കാൻ പന്തലങ്ങാടൻ പദ്ധതി, മുറിയംകണ്ണി ശുദ്ധജല പദ്ധതി എന്നിവ നടപ്പാക്കി ഈ ഭാഗങ്ങളിലേക്ക് പൈപ്പ് ലൈൻ നീട്ടണം. പൊതു കിണറുകൾ റിപ്പയർ ചെയ്ത് ഉപയോഗയോഗ്യമാക്കണം.

WARD V

ഹോമിയോ ആശുപത്രിയും സഹകരണാശുപത്രിയും സ്ഥാപിക്കണം. വിഷ ചികിത്സാ സംവിധാനം ഏർപ്പെടുത്തണം. പൊതു ശ്മശാനം ആവശ്യമാണ്. പകർച്ചവ്യാധിക്കെതിരെ കുത്തിവെപ്പുകൾ നടത്തണം. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വീടുകൾക്കും അംഗൻവാടികൾക്കും കക്കൂസ് അനുവദിക്കണം. പൊതു സ്ഥലങ്ങളിൽ കക്കൂസ്, മൂത്രപ്പുര എന്നിവ സ്ഥാപിക്കണം. മദ്യത്തിനെതിരെ ബോധവൽക്കരണം നടത്തണം. എയ്ഡ്സ് രോഗത്തിനെതിരെ ബോധവൽക്കരണം നടത്തണം. പന്തലങ്ങാടൻ മലയുടെ മുകളിൽ ടാങ്ക് കെട്ടി

കരിമ്പുഴയിൽ നിന്നും വെള്ളം പമ്പുചെയ്ത് പൈപ്പ് ലൈൻ വഴി അഞ്ചാം വാർഡിൽ എല്ലായിടത്തും വെള്ളം എത്തിക്കുവാനുള്ള പദ്ധതി നടപ്പാക്കുക. മല്ലംകോളനി, നീളിപറമ്പ് കോളനി, വടക്കേപുര കോളനി, എല്ലാ അംഗൻവാടികൾ എന്നിവയിൽ പുതിയ കിണറുകൾ സ്ഥാപിക്കണം. നിലവിലുള്ള പഞ്ചായത്തു കിണറുകൾ വൃത്തിയാക്കണം.

WARD VI

പോഷകാഹാരക്കുറവ് പരിഹരിക്കണം. എല്ലാവർക്കും കക്കൂസ് അനുവദിക്കണം. ആയിർവ്വേദാശുപത്രി, ഹോമിയോ ആശുപത്രി, IPP സബ് സെന്റർ, പ്രൈമറി ഹെൽത്ത് സെന്റർ എന്നിവ സ്ഥാപിക്കണം. GLP സ്ക്കൂളിൽ മൂത്രപ്പുരയും കക്കൂസും നിർമ്മിക്കണം. അനധികൃത മദ്യവിതരണം തടയണം. അഴുക്കുചാൽ പദ്ധതി സ്ലാബ് വെച്ച് മൂടണം. ചപ്പുചവറുകൾ നീക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം. ഹോട്ടലുകളിൽ പൊതുജനാരോഗ്യ പരിശോധനകൾ നടത്തണം.

ചാത്തൻകുന്ന് ശുദ്ധജലവിതരണ പദ്ധതി നടപ്പിലാക്കുക. പൊതു കിണറുകളും കുളങ്ങളും നന്നാക്കുക. പതിനെട്ടാംപടി, തിരുവാഴിയോട് സെന്റർ, GLP സ്ക്കൂൾ പരിസരം, കമ്മാൾത്തറ ലക്ഷംവീടു കോളനി, മലപ്പുറം കോളനി, തിരുവാഴിയോട് ഷാപ്പിൻപടി, കാപ്പിൻതൊടി പരിസരം അംഗൻവാടി കോരൻ പറമ്പിൽ, കുന്നത്ത് നേർക്കാട്ടുകുളം പരിസരം, തിരുവാഴിയോട് ശിവക്ഷേത്ര പരിസരം, എന്നിവടങ്ങളിൽ പൊതു കിണറുകളോ കുഴൽ കിണറുകളോ സ്ഥാപിക്കുക. ഇപ്പോൾ ഉപയോഗശൂന്യമായ കുളങ്ങളും കിണറുകളും നന്നാക്കണം.

WARD VII

കുളക്കാട് സെന്ററിൽ ആഴ്ചയിൽ മൂന്നു ദിവസമെങ്കിലും ഡോക്ടറുടെ സേവനം ഉറപ്പു വരുത്തണം. സബ് സെന്ററിലെ വൈദ്യുതിപ്രശ്നം പരിഹരിക്കണം. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് കക്കൂസുകൾ അനുവദിക്കണം. വിഷ ചികിത്സാകേന്ദ്രം ഏർപ്പെടുത്തണം. മെയിൻ റോഡിൽ ചപ്പുചവറുകൾ ഇടുന്നത് നിരോധിക്കണം. പൊതു കക്കൂസ്, മൂത്രപ്പുര എന്നിവ സ്ഥാപിക്കണം.

കിഴക്കേക്കരകുന്ന് കോളനി, കുളക്കാട് തെരുവ്, ലക്ഷം വീട് കോളനി, ഓടമ്പറകുന്ന്ചോല, ഞാളാക്കുറുശ്ശി, ഞെണ്ടിപ്പുറം കോർമ്മത്ത് പറമ്പ്, ശിവക്ഷേത്രത്തിനു സമീപം, കിഴക്കെ കുളത്തിനു സമീപം എന്നിവിടങ്ങളിൽ പൊതുകിണർ സ്ഥാപിക്കണം. കുളക്കാടൻ മലയിലെ ചോലവലുതാക്കി വെള്ളം സംഭരിച്ച് വാർഡിലെ എല്ലാഭാഗത്തും എത്തിക്കണം. ചാത്തൻ കുന്ന് പദ്ധതി നടപ്പിലാക്കണം.

WARD VIII

ആശുപത്രിയിൽ ഡോക്ടറെ നിയമിക്കണം. ആശുപത്രി കാർഡ്ലേസ് വൈദ്യുതീകരിക്കണം. ക്രഷർ നിർത്തലാക്കണം. പേപ്പട്ടി, പാമ്പ്, വിഷചികിത്സാ സൗകര്യം ഏർപ്പെടുത്തണം. PHC യിൽ ശീതികരണ സൗകര്യം ഏർപ്പെടുത്തണം. 6 മാസത്തിലൊരിക്കൽ മെഡിക്കൽ ക്യാമ്പ് നടത്തണം. പൊതു കുപ്പതൊട്ടി നിർമ്മിക്കണം. എല്ലാവീടുകൾക്കും കക്കൂസ് നിർമ്മിക്കണം. പാൻപരാഗ് നിർത്തലാക്കണം.

ആശുപത്രിക്ക് ശുദ്ധജലം എത്തിക്കണം. അമ്പലക്കുളം ശുദ്ധജലവിതരണ പദ്ധതി നടപ്പാക്കണം. UP സ്ക്കൂൾ പരിസരം, ചരക്കുളം, അമ്പലംകുന്ന്, പ്ലാക്കൂട്ടം, കാഞ്ഞിൽ കുന്ന് പൊതി എന്നിവടങ്ങളിൽ കുടിവെള്ളക്ഷാമം പരിഹരിക്കണം. വടക്കുംമുറി പുതുക്കുടി പടിക്കലെ കുളം വൃത്തിയാക്കണം. പ്ലാക്കൂട്ടം കോളനിയിലെ പൊതുകിണറിലേക്ക് വഴിവെട്ടണം. കാറൽമണ്ണ ശുദ്ധജല പദ്ധതി 8-ാം വാർഡിലേക്ക് എത്തിക്കണം. കാഞ്ഞികുന്ന് കോളനി, മുണ്ടോകുന്ന് പള്ള്യാൽ തെക്കെ അമ്പലം പരിസരം എന്നിവിടങ്ങളിൽ കുഴൽ കിണർ സ്ഥാപിക്കണം.

WARD IX

കുറുവട്ടൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ സ്ഥിരമായി ഡോക്ടറെ നിയമിക്കണം. രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള വാർഡും ജീവനക്കാർക്ക് താമസ സൗകര്യവും ഏർപ്പെടുത്തണം. ഈ പ്രദേശത്ത് ഒരു ഹോമിയോ ചികിത്സാ കേന്ദ്രം സ്ഥാപിക്കണം. കല്ലംപുറം പ്രദേശത്ത് ഒരു ആരോഗ്യ ഉപകേന്ദ്രം തുടങ്ങണം. കക്കൂസ് എല്ലാവർക്കും നിർമ്മിക്കുന്നതിനുള്ള സഹായം ചെയ്യണം. കുടിവെള്ള പ്രശ്നമുള്ള ഭാഗങ്ങളിൽ പൊതുകിണറുകൾ സ്ഥാപിക്കണം.

നിർദ്ദേശങ്ങൾ

1. നിലവിലുള്ള ആരോഗ്യ പ്രവർത്തന സ്ഥാപനങ്ങളുടെ സൗകര്യങ്ങൾ ഗ്രാമപഞ്ചായത്തിലെ എല്ലാ ഭാഗത്തും

ലഭ്യമാക്കുന്നതിന് ഇവയുടെ പ്രവർത്തനം പുനഃക്രമീകരണം നടത്തുക.

2. നിലവിലുള്ള സൗകര്യങ്ങൾ പൂർണ്ണമായി ഉപയോഗിക്കുന്നതിന് ആവശ്യമായ മരുന്ന് ഉപകരണങ്ങൾ ജീവനക്കാരുടെ അഭാവം എന്നിവ പരിഹരിക്കുന്നതിനും പൊതുജനാരോഗ്യ പ്രവർത്തനം പഞ്ചായത്തിന്റെ എല്ലാഭാഗത്തും നടപ്പാക്കുന്നതിനാവശ്യമായ യാത്ര സൗകര്യം ഏർപ്പെടുത്തുക.

3. വിവിധ ആരോഗ്യ വിഷയങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തുന്നതിന് ആരോഗ്യ പ്രവർത്തകർ, അംഗൻവാടികൾ, സ്ക്കൂളുകൾ, യുവജനസാംസ്ക്കാരിക സംഘടനകൾ എന്നിവരുടെ സേവനം ഉപയോഗപ്പെടുത്തുക.

4. പൊതുകിണറുകൾ, പൊതുകക്കൂസുകൾ എന്നിവ വൃത്തിയാക്കുന്നതിനും സംരക്ഷിക്കുന്നതിനും കാലാകാലങ്ങളിൽ വെള്ളം ശുദ്ധീകരിക്കുന്നതിനും ഇതിന്റെ സൗകര്യം ലഭിക്കുന്നവരിൽ നിന്നുതന്നെ സംരക്ഷണ സമിതികൾ രൂപീകരിക്കുക.

5. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് സന്നദ്ധ സംഘടനകളുടെ സഹകരണവും മേൽനോട്ടവും ഗുണഭോക്താവിന്റെ കായികാദ്ധ്വാനവും ഉറപ്പുവരുത്തി കക്കൂസുകൾ നിർമ്മിച്ചു കൊടുക്കുക.

6. പൊതു ടാപ്പുകളുടെ സംരക്ഷണത്തിനും പരിസര ശുചീകരണത്തിനും പൊതു സമിതികൾ ഏർപ്പെടുത്താവുന്നതാണ്.

7. രോഗപ്രതിരോധ ഔഷധങ്ങൾ സൂക്ഷിക്കുന്നതിന് ആവശ്യമായ ശീതീകരണ ശൃംഖല പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലേർപ്പെടുത്തുക. ആയുർവ്വേദ ആശുപത്രികളിൽ അവിടെ എത്തുന്ന രോഗികളുടെ പ്രത്യേകതകൾ തിരിച്ചറിഞ്ഞ് സ്ഥലത്തെ ഡോക്ടർമാർ നൽകുന്ന ആവശ്യം പരിഗണിച്ചുവേണം മരുന്ന് സർക്കാർ വിതരണം ചെയ്യുന്നത്. ഇപ്പോൾ ആവശ്യമില്ലാത്ത മരുന്നുകളും വരുന്നു.

8. ഹരിജൻ കോളനികളെ ബന്ധിപ്പിക്കുന്ന കാളികടവ് ശുദ്ധജലവിതരണ പദ്ധതിയിൽ ഗ്രാമപഞ്ചായത്തിലെ എല്ലാ കോളനികളെയും ഉൾപ്പെടുത്തുക. പ്രസ്തുത പദ്ധതിക്ക് പഞ്ചായത്തിലെ ഉയർന്ന പ്രദേശമായി കണക്കാക്കുന്ന കൂമ്പൻ പാറയിൽ ജലസംഭരണി നിർമ്മിക്കാവുന്നതാണ്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്തിലെ ജനവാസ കേന്ദ്രങ്ങളിൽ പൊതു ടാപ്പുകൾ നിർമ്മിക്കുക.

9. മലയിൽ ചോല, കുളക്കാടൻ മലയിൽ ചോല, പകരാവൂർ ചോല, കീഴില്ലത്ത് കളം ചോല, ഓടൻപാറ ചോല എന്നിവ കെട്ടി സംരക്ഷിച്ച് കുടിവെള്ള സ്രോതസ്സുകളാക്കാവുന്നതും പൈപ്പ് ലൈൻവഴി താഴ്ന്ന പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കാവുന്നതുമാണ്.


10. കുടിവെള്ളം രൂക്ഷമായ സമയങ്ങളിൽ കാഞ്ഞിരപുഴ ജലസേചന പദ്ധതി പോലുള്ളവയിൽ ജലം തുറന്നു വിടുന്നത് സമീപ പ്രദേശങ്ങളിൽ ഒരു പരിധിവരെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനു സഹായകമാവുന്നതാണ്. അതുപോലെ തന്നെ കരിമ്പുഴയിൽ നിന്നും വെള്ളം ശേഖരിച്ച് പഞ്ചായത്തിന്റെ എല്ലാ മേഖലകളിലും ജലസേചനം നടത്തുകവഴി കുടിവെള്ള പ്രശ്നത്തിനും ശുചീകരണ പ്രശ്നങ്ങൾക്കും പരിഹാരം കാണാവുന്നതാണ്.

11. മുറിയൻങ്കണ്ണി ശുദ്ധജല പദ്ധതി, പന്നലങ്ങാടൻ ശുദ്ധജലവിതരണ പദ്ധതി, ചാത്തൻകുന്ന് ശുദ്ധജലവിതരണ പദ്ധതി, അമ്പലകുളം ശുദ്ധജലവിതരണ പദ്ധതി. എന്നിവയുടെ സമഗ്ര സർവ്വേ നടത്തി ഗുണകരമാണെന്നു കാണുന്നവ നടപ്പിലാക്കാവുന്നതാണ്. ഭൂപ്രകൃതിയിൽ ഒറ്റപ്പെട്ടുകിടക്കുന്ന പ്രദേശങ്ങളിൽ ആവശ്യമെന്നു തോന്നുന്ന പക്ഷം പൊതു കുഴൽകിണറുകളോ പൊതികിണറുകളോ സ്ഥാപിക്കാവുന്നതാണ്.

12. നിലവിലുള്ള പൊതുകിണറുകൾ ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തി പൊതുജനങ്ങൾക്ക് ഉപയോഗപ്രദമാക്കാവുന്നതാണ്.

13. പൊതു കിണറുകളിൽ ലഭിക്കുന്ന വെള്ളം അണുവിമുക്തമാണെന്ന് ഉറപ്പു വരുത്തുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുക.

ആരോഗ്യത്തിന്റെയും കുടിവെള്ളത്തിന്റെയും, പരിസര ശുചിത്വത്തിന്റെയും പൊതുവിലുള്ള സ്ഥിതിയും, വിശകലനവും നടത്തിയതിന്റെ അടിസ്ഥാനത്തിൽ നടപ്പു പദ്ധതികളെ അവലോകനം ചെയ്യാനും പ്രശ്നങ്ങളെ പട്ടികപ്പെടുത്താനും സാദ്ധ്യതകളേയും നിർദ്ദേശങ്ങളേയും സമർപ്പിക്കാനുമാണ് ഇവിടെ ശ്രമിച്ചിരിക്കുന്നത്. സാർത്ഥകമായ ചർച്ചകൾ നടത്തി ഈ രംഗത്തെ സമ്പുഷ്ടമാക്കണമെന്നഭ്യർത്ഥിച്ചു കൊണ്ട് ഈ റിപ്പോർട്ട് സമർപ്പിക്കട്ടെ.



ഗതാഗതവും ഊർജ്ജവും

ഗതാഗതം

വെള്ളിനേഴി പഞ്ചായത്തിലെ അടക്കാപുത്തൂർ മുതൽ മംഗലാംകുന്ന് വരെ കടന്നു പോകുന്ന ചെർപ്പുളശ്ശേരി പാലക്കാട് പൊതുമരാമത്തുവക റോഡും തിരുവാഴിയോട് - മണ്ണാർക്കാട് റോഡിലെ സുമാർ 700 മീറ്റർ റോഡുമാണ് ഈ പഞ്ചായത്തിലെ ആദ്യഗതാഗത മാർഗ്ഗങ്ങൾ. അതിനുശേഷം പ്രമുഖ ജന്മികുടുംബമായ ഒളപ്പമണ്ണമനക്കാരുടെ ശ്രമത്തിന്റെ ഭാഗമായി വെള്ളിനേഴിവരെ ഗതാഗതസൗകര്യം ഉണ്ടായി. ശ്രീ.ഒ.എം. നീലകണ്ഠൻനമ്പൂതിരിപ്പാട് താമസിച്ചിരുന്ന ശ്രീനിലയത്തേക്ക് ശ്രീകൃഷ്ണപുരത്തുനിന്ന് അദ്ദേഹത്തിന്റെ ശ്രമത്തിന്റെ ഭാഗമായി ഒരു റോഡ് നിർമ്മിച്ചു. ആ റോഡാണ് പിന്നീട് ശ്രീകൃഷ്ണപുരം - മുറിയങ്കണ്ണി റോഡായി മാറിയത്. ഈ റോഡുകൾ സുമാർ 1940 കളിലാണ് ഉണ്ടായത്. അതുനുശേഷം 1950 കളിൽ വെള്ളിനേഴി-കുണ്ടൻതോട്ട് റോഡ്, കുളക്കട്-കുറുവട്ടൂർ റോഡ്, വെള്ളിനേഴി-മുറിയങ്കണ്ണി തുടങ്ങിയ റോഡുകൾ LD സ്കീമിലും, ജനങ്ങളുടെ ശ്രമദാനത്തിന്റേയും ഭാഗമായി പണിതീർത്ത് നിലവിൽ വന്നു.ഇതിനെ തുടർന്ന് ജനങ്ങളുടെ യാത്രാവശ്യങ്ങൾ കൂടി വന്നതിനാലും, മറ്റുമായി കൂടുതൽ റോഡുകൾ എന്ന ചിന്താഗതി ജനങ്ങളിൽ വളർന്നു വരാൻ തുടങ്ങി. ഇതോടൊപ്പം 1963 ൽ പുതിയ പഞ്ചായത്ത് ഭരണസമിതികൾ നിലവിൽവന്നതോടുകൂടി ഗ്രാമീണറോഡുകളുടെ ആവശ്യങ്ങൾ വളർന്നുവരാനും കൂടുതൽ റോഡുകൾ ഉണ്ടാകാനും ഇടയായി.

ഈ സ്ഥിതി വളർന്ന് 1995 ആയപ്പോഴേക്കും നമ്മുടെ പഞ്ചായത്തിൽ 130 കിലോമീറ്റർ റോഡ് ഉണ്ടായി. ഇതിൽ ശ്രീകൃഷ്ണപുരം-മുറിയംകണ്ണി റോഡ് 7 കിലോമീറ്റർ ഉള്ളതിൽ 5 കി.മി. പഞ്ചായത്ത് ടാർ ചെയ്യുകയും പഞ്ചായത്തിന്റേയും ജനങ്ങളുടേയും ശ്രമത്തിന്റെ ഫലമായി 8 മീറ്റർ വീതിയോടുകൂടി പൊതുമരാമത്തുവകപ്പ് ഏറ്റെടുക്കുകയും, 1982 ൽ മാങ്ങോട്-വെള്ളിനേഴി റോഡും അടക്കാപുത്തൂർ-കല്ലുവഴി റോഡും പൊതുമരാമത്തുവകുപ്പ് ഏറ്റെടുക്കുകയും ചെയ്തു. ആ പഞ്ചായത്തിലെ ജനങ്ങളുടെ വലിയ ആഗ്രഹമായ മുറിയംകണ്ണി പുഴക്ക് പാലവും, റോഡ് പുനരുദ്ധാരണവും ഇപ്പോഴും സ്വപ്നമായി നിലനിൽക്കുന്നു. ഇന്ന് നിലവിലുള്ള പഞ്ചായത്ത് റോഡുകളിൽ കുളക്കാട്-കുറുവട്ടൂർ റോഡ്, വെള്ളിനേഴി -മുറിയംകണ്ണി റോഡ് (600 മീറ്റർ) മാത്രമാണ് ടാർ റോഡായി ഉള്ളത്. 1983 ൽ RLEGP പദ്ധതിയിൽ ബ്ലോക്കിൽ ആദ്യമായി ടാർ ചെയ്ത റോഡാണ് വെള്ളിനേഴി - മുറിയംകണ്ണി റോഡ് രണ്ടര കിലോമീറ്റർ മെറ്റൽ ചെയ്തിട്ടുണ്ട്. ബാക്കിയുള്ള എല്ലാ പഞ്ചായത്തു റോഡുകളും മൺറോഡുകളാണ്.

റോഡിന്റെ സ്വഭാവം	നീളം
പൊതുമരാമത്തു റോഡ്	18.00 കി.മീ.
പഞ്ചായത്ത് ടാർ റോഡ്	5.1 കി.മീ.
മെറ്റൽ റോഡ്	2.5 കി.മീ.
മണ്ണ് റോഡ്	122. 400 കി.മീ.
ആകെ (PWD ടാർ റോഡ് ഒഴികെ)	130.00 കി.മീ.

പഞ്ചായത്തിൽ റോഡുകൾ കുറേ വന്നിട്ടുണ്ടെങ്കിലും ജനങ്ങൾക്കാവശ്യമായ ഗതാഗതത്തിന് മിക്ക റോഡുകളും ഇന്ന് ഉപകാരപ്രദമല്ല. നിലവിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾ കാലാകാലം നടത്തുവാൻ പഞ്ചായത്തിന്റെ സാമ്പത്തികപരാധീനത അനുവദിക്കുന്നില്ല. പല റോഡുകളും നമ്മുടെ പഞ്ചായത്തിലെ തോടുകളുടെ ബാഹുല്ല്യം കാരണം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല.

കഴിഞ്ഞ 10 വർഷമായി ജവഹർ റോസ്ഗർ പദ്ധതി ഫണ്ട് പഞ്ചായത്തുകർക്ക് നേരിട്ടനുവദിക്കുന്നതു കൊണ്ടാണ് കുറെ പുതിയ റോഡുകൾ നിർമ്മിക്കാൻ കഴിഞ്ഞത്. കുറെ റോഡുകൾ പുനരുദ്ധാരണ പ്രവർത്തനം നടത്താനും കഴിഞ്ഞിട്ടുണ്ട്. JRY റോഡുകൾ പലതും 8 മീറ്റർ വീതിയുള്ളതാണ്. പഞ്ചായത്ത് അൺടൈഡ് ഫണ്ട് ഉപയോഗിച്ച് ചിലറോഡുകൾ പണിതിട്ടുണ്ട്. പൊതുമരാമത്തുവകുപ്പ് റോഡുകളിൽ മാത്രമാണ് ഇന്ന് അത്യാവശ്യം ബസ്സുകളുള്ളത്. മറ്റു ഭാഗങ്ങളിലേക്കെല്ലാം ജനങ്ങൾ ഓട്ടോ-ടാക്സികളെയാണ് ആശ്രയിക്കുന്നത്.

നിലവിലുള്ള റോഡുകൾക്ക് വീതികുറവുകാരണം പാതച്ചാലുകളിലൂടെ ഒഴുകേണ്ട മഴവെള്ളം ഇന്ന് റോഡുകളിലൂടെയാണ് ഒഴുകിക്കൊണ്ടിരിക്കുന്നത്. ഇതുകാരണം റോഡ് കുത്തിയൊലിച്ചുപോയി ഗതാഗത യോഗ്യമല്ലാതാകുന്നു. വീതികുറവിനുള്ള പ്രധാന പ്രശ്നം ഭൂമി തുണ്ടംതുണ്ടമായി നാമമാത്ര ഭൂവുടകളുടെ കൈവശമാണ് എന്നതുകൊണ്ട് റോഡിന് ആവശ്യമായ വീതിയിൽ സ്ഥലം ലഭ്യമാക്കാൻ ഇപ്പോഴും പ്രയാസം അനുഭവപ്പെടുന്നു. റോഡിനു സ്ഥലം വിടുകയെന്ന പ്രധാനപ്പെട്ട കാര്യം ചെയ്യാൻ ജനങ്ങളെ തയ്യാറാക്കുന്ന പ്രവർത്തനം ആവശ്യമാണ്. ഭൂമിയുടെ കയറ്റിറക്കവും കുത്തിയൊലിപ്പിന് കാരണമാണ്.

J.R.Y.

ക്രമ നമ്പർ	പ്രവൃത്തിയുടെ പേര്	അടങ്കൽ തുക	ചിലവായ തുക	പൂർത്തീകരിച്ചോ-ഇല്ലയോ	
1.	അടക്കാപുത്തൂർ U.P.School-ചരക്കുളം റോഡ് .റിപ്പയർ	7,000	7,000	പൂർത്തീകരിച്ചു	1587 മീ.
2.	ചാമക്കുന്ന്-കാട്ടിലയ്യപ്പൻ റോഡ് റിപ്പയർ	7,000	7,000	"	550 മീ.
3.	വെള്ളിനേഴി സെന്റർ-മുറിയംകണ്ണി റോഡ് റിപ്പയർ	20,000	20,000	"	2500 മീ.
4.	ശ്രീകൃഷ്ണാപുരം-മുറിയംകണ്ണി റോഡ് റിപ്പയർ	15,000	15,000	"	2500 മീ.
5.	പുത്തംകുളം-മുണ്ടേങ്കാട് റോഡ് റിപ്പയർ	5,000	5,000	"	500 മീ.
6.	തിരുവാഴിയോട് H.S. റോഡ് റിപ്പയർ	5,000	5,000	"	1000 മീ.
7.	വെള്ളിനേഴി ഹൈസ്ക്കൂൾ-ഞാളാകുർശ്ശി റോഡ് റിപ്പയർ	6,000	6,000	"	1000 മീ.
8.	കുളക്കാട്-കുറുവട്ടൂർ റോഡ്,	2,10,000	2,10,000	"	3000 മീ.
9.	അടക്കാപുത്തൂർ-പൂതക്കാട് റോഡ്, നിർമ്മാണം	50,000	50,000	"	600 മീ.
10.	കുളക്കാട്-കുറുട്ടൂർ റോഡ് സോളിങ്ങ്	75,000	75,000	"	3000 മീ.
11.	ചാമക്കുന്ന്- കുറുവട്ടൂർ റോഡ്, ഫോർമേഷൻ	60,000	60,000	"	-
12.	മണ്ണാരാണ്ടിതോടിന് നടപ്പാലവും, അപ്രോച്ച് റോഡും.	30,000	30,000	"	-
13.	ചരകുളം-നിർമ്മാണം	92,300	92,300	"	-
14.	നെല്ലിപ്പാറകുളം പുതുക്കി പണിയൽ.	70,000	70,000	"	-
15.	നെടുകണ്ടം ഹരിജൻ കോളനി കിണർ നിർമ്മാണം.	15,000	15,000	"	-
16.	കാരയിൽ കോളനിയിൽ കിണർ നിർമ്മാണം.	15,000	15,000	"	-
17.	മുണ്ടുപാലം തോടിനു കുറുകെപാലം.	40,000	40,000	"	-
18.	ചിറക്കൽ തോട് നടപ്പാലം.	35,000	35,000	"	-
19.	ബഗ്ലാക്കുന്ന്-കാപ്പിൽ തൊടി നടശ്രാത.	30,000	30,000	"	1000 മീ.
20.	പള്ളിയാൽകുളം പരിസരം കിണർ നിർമ്മാണം.	30,000	30,000	"	-
21.	തെരുവ്-മുതലമൂക്കൻ കടവ് നടപ്പാത ഫോർമേഷൻ.	25,000	25,000	"	1000 മീ.
22.	ഞാളാകുർശ്ശി പാടം-ട്രാകടർ വഴി.	15,000	15,000	"	-
23.	കുറുവട്ടൂർ IADPC കോളനി കിണർ.	20,000	20,000	"	-
24.	കുറുവട്ടൂർ IHDPC കോളനി T.V. കിയോസ്ക് നിർമ്മാണം.	20,000	20,000	"	-
25.	ഞാളാകുർശ്ശി-വെള്ളിനേഴി നടപ്പാത നിർമ്മാണം.	40,000	40,000	"	1000 മീ.
26.	പൊതി-ആലുംകുന്ന് റോഡ് ഫോർമേഷൻ.	75,000	75,000	"	-
27.	തൊടി കുളങ്ങര പടി-കയ്യംപുറം നടപ്പാത.	40,000	40,000	"	-
28.	വെള്ളിനേഴി സെന്റർ-കാട്ടിലയ്യപ്പൻ റോഡ്.	75,000	75,000	"	-
29.	തിരുവാഴിയോട് ലക്ഷം വീട് നടപ്പാത നന്നാക്കൽ.	25,000	25,000	"	-
30.	കരിങ്കര കുളം നന്നാക്കൽ.	60,000	60,000	"	-
31.	അടക്കാപുത്തൂർ നടപ്പാലം.	12,000	12,000	"	-
32.	കനാൽ തെണ്ടിയം കുന്ന് നടപ്പാത ഫോർമേഷൻ.	35,000	35,000	"	1000 മീ.
33.	കുറ്റാനശ്ശേരി തെരുവ് പുത്തൻകുളം റോഡ് ഫോർമേഷൻ.	1,00,000	1,00,000	"	-
34.	വെള്ളിനേവി സെന്റർ-മുറയംകണ്ണി റോഡ്, സോളിങ്ങ്.	1,10,000	1,10,000	"	-
35.	പഞ്ചായത്താഫീസ്-മെയിന്റനൻസ്.	25,000	25,000	"	-
36.	പൊട്ടത്തിൽ കോളനി കിണർ നിർമ്മാണം.	15,000	15,000	"	-
37.	ചേരുകുഴി ബണ്ട് നിർമ്മാണം.	30,000	30,000	"	-
38.	കോട്ടകാട്ടിൽ ചിറ ബണ്ടു നിർമ്മാണം.	15,000	15,000	"	-

ക്രമ നമ്പർ		അടങ്കൽ തുക	കൊടുത്ത തുക	ബാക്കി
	വീട് നിർമ്മാണം			
1.	25 വീടുകൾ.	2,77,5000	1,84,800	92,700
	കക്കൂസുകളുടെ നിർമ്മാണം.			
1.	49 എണ്ണം.	58,800	57,000	1,800
	അൺടൈഡ്			
1.	കുറ്റാനശ്ശേരി ആയുർവ്വേദ ആശുപത്രി നിർമ്മാണം.	1,50,000	1,46,141	3,859
2.	ഹരിജനങ്ങൾക്ക് നിർമ്മിച്ചു കൊടുത്ത കക്കൂസ് 30 എണ്ണം.	60,000	60,000	-
3.	50 വീട് വയറിങ്ങ് ചെയ്യാൻ.	15,000	15,000	-
4.	105 കക്കൂസുകളുടെ നിർമ്മാണം.	2,10,000	2,10,000	-
5.	സാംസ്ക്കാരിക നിലയം വൈദ്യുതീകരിക്കാൻ.	15,000	15,000	-
6.	87 കക്കൂസുകളുടെ നിർമ്മാണം.	2,17,500	2,17,500	-
7.	60 വീടുകൾ വയറിങ്ങ് ചെയ്യാൻ.	30,000	26,332	3,668
8.	പ്ലാക്കുട്ടം കോളനി റോഡ് നിർമ്മാണം.	16,000	16,000	-
9.	കുറുവട്ടൂർ ഓയിൽ എച്ച് കോളനി റോഡ് നിർമ്മാണം.	13,000	13,000	-

വില്ലേജ് റോഡ് മെയിന്റനൻസ് ഗ്രാന്റ്

വർഷം	വരവ്	ചിലവ്
91-92	76,707 ഓപ്പനിംഗ് ബാലൻസ് അടക്കം.	18,931
92-93	87,269 "	45,713
93-94	71,379 "	35,218
94-95	66,962 "	36,094
95-96	62,217 "	23,891
	3,64,534	38,326
	As on 31.3.96	As on 31.3.96

മൈനർ ഇറിഗേഷൻ ഗ്രാന്റ്.

വർഷം	വരവ്	ചിലവ്	ബാലൻസ്
91-92	5,580	ഇല്ല	5,580
92-93	7,780	3,000	4,780
93-94	6,980	ഇല്ല	6,980
94-95	6,980	2,907	6,273
95-96	8,473	2,922	5,551
		Balance on 31.3.96	5,551.00

വി.ടി.സി. ഗ്രാന്റ് - വെഹിക്കിൾ ടാക്സ് കോമ്പൻസേഷൻ ഗ്രാന്റ്.

വർഷം	വരവ്	ചിലവ്	ബാലൻസ്
91-92	38,504.00		38,504.00
91-92	75,670.00	7,342.00	68,328.00
92-93	68,328.00		68,328.00
93-94	68,328.00		68,328.00
94-95	68,328.00		68,328.00
95-96	4,03,189.00		4,03,189.00

റോഡ് ആവശ്യമാണെങ്കിൽ പോലും സ്ഥലം വിട്ടുകൊടുക്കാനുള്ള സന്നദ്ധത പല പ്രദേശത്തും കാണുന്നില്ല. ഇതിനെല്ലാം ജനങ്ങളുടെ ബോധത്തിൽ ഒരു മാറ്റം ആവശ്യമാണ്. അതുപോലെത്തന്നെ റോഡ് ജനങ്ങളുടേതാണ് എന്ന ബോധം ഇപ്പോഴില്ല. റോഡ് വൃത്തിയാക്കാനും ഗതാഗതയോഗ്യമാക്കുവാനും തനിക്കുകൂടി ബാദ്ധ്യതയുണ്ട് എന്ന തോന്നൽ ജനങ്ങൾക്ക് ഉണ്ടാക്കാൻ കൂടി കഴിഞ്ഞാൽ ഇന്നുള്ള പല പ്രശ്നങ്ങളും ഒഴിവാക്കാൻ സാധിക്കും.

നിലവിലുള്ള റോഡുകൾ വീതി കുറവായവ വീതി കൂട്ടുകയും രണ്ടു ഭാഗത്തുമുള്ള ചാലുകൾ നിർബന്ധമാക്കുകയും, വീതിയുള്ള റോഡുകൾ മെറ്റൽ ചെയ്ത് ടാർ ചെയ്യുകയും ആവശ്യമായ സ്ഥലങ്ങളിൽ പാലങ്ങൾ നിർമ്മിക്കുകയും ചെയ്താൽ ഇന്നത്തെ ശോച്യാവസ്ഥ ഒരു പരിധിവരെ പരിഹരിക്കാം.

റോഡുകൾ - പ്രശ്നങ്ങൾ

PWD റോഡുകൾ

1. മണ്ണാർക്കാട് റോഡിൽ തിരുവാഴിയോട് ജംഗ്ഷൻ മുതൽ ഹരിജൻ സോസൈറ്റി വരെയുള്ള ഭാഗം വീതികൂട്ടി ഓവുപാലം നിർമ്മിച്ച് ഫിൽ ചെയ്യുക.
2. ശ്രീകൃഷ്ണപുരം കരിങ്കല്ലത്താണി റോഡ് (വഴി മുറിയങ്കണ്ണി) പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തെങ്കിലും കാര്യമായ പണി നടക്കുന്നില്ല. മുറിയങ്കണ്ണി പുഴക്ക് പാലം നിർമ്മിച്ച് റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തി നടത്തുക.
3. മാങ്ങോട് - വെള്ളിനേഴി റോഡ് ചാലുകൾ നന്നാക്കി റീടാർ ചെയ്യുക.

പഞ്ചായത്ത് റോഡുകൾ

1. വെള്ളിനേഴി - മുറിയങ്കണ്ണി റോഡ്: ജനങ്ങൾക്ക് വളരെയധികം ഉപകാരപ്രദമായ റോഡാണ്. എൺപതുകളുടെ ആദ്യം NREP പദ്ധതിയിൽ വീതി കൂട്ടുകയും സൈഡ് കെട്ടുകയും ചെയ്തു. തുടർന്ന് JRY പദ്ധതിയിലും

വെള്ളപൊക്ക ദുരിതാശ്വാസ പദ്ധതിയിലും സുമാർ 3 കി.മീ. മെറ്റൽ ചെയ്യുകയും 600 മീ. ടാർ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ വെള്ളപൊക്ക ദുരിതാശ്വാസ ഫണ്ട് പ്രകാരം 1.5 കി.മീ. ടാർ പണി നടന്നുവരുന്നു. ഈ റോഡ് മുറിയങ്കണ്ണിവരെ മെറ്റൽ ചെയ്ത് ടാർ ചെയ്യണം.

2. കുളക്കാട് കുറുവട്ടൂർ റോഡ്: JRY പദ്ധതിയിൽ ടാർ ചെയ്തതാണ്. ചാലുകളുടെ അപര്യാപ്തത ഉണ്ട്. ചാലുകൾ വൃത്തിയാക്കി റീടാർ ചെയ്യണം.

3. അടക്കാപുത്തൂർ - കുറ്റാനശ്ശേരി റോഡ് (വഴി കുണ്ടുള്ളിപറമ്പ്). ഈ റോഡ് പൂർത്തിയായിട്ടില്ല. പല പദ്ധതികളിലായി കുറച്ചുഭാഗങ്ങൾ പണികഴിഞ്ഞു. മുണ്ടുപാലത്ത് JRY പദ്ധതിയിൽ പാലം നിർമ്മിച്ചു. പണി ബാക്കിയുള്ള സ്ഥലത്ത് വീതികൂട്ടുകയും മെറ്റൽ ചെയ്ത് ടാർ ചെയ്യുകയും വേണം. അടക്കാപുത്തൂർ, കുളക്കാട്, കുറുവട്ടൂർ, വടക്കൻ വെള്ളിനേഴി, കുറ്റാനശ്ശേരി വാർഡുകളെ ബന്ധിപ്പിക്കുന്നു.

4. തണ്ണീർപന്തൽ - തിരുവാഴിയോട് റോഡ്: പണി പൂർത്തിയായിട്ടില്ല. JRY പദ്ധതി പ്രകാരവും വെള്ളപൊക്ക ദുരിതാശ്വാസ ഫണ്ടിലും കൂടി 1,70,000 രൂപ അനുവദിച്ചിട്ടുണ്ട്. എല്ലാ ഭാഗത്തും 8 മീ. വീതിയുണ്ടാക്കുകയും, അമ്പലത്തോടിന് പാലവും കാഞ്ഞിരപ്പുഴ സബ് കനാലിന് പാലം വീതി കൂട്ടുകയും, പാറമേൽ പടിയിൽ മെയിൻ കനാലിന് പാലം നിർമ്മിച്ച് മെറ്റൽ ചെയ്ത് ടാർ ചെയ്യുകയും വേണം. കുറുവട്ടൂർ, തിരുനാരായണപുരം, തിരുവാഴിയോട്, കുറ്റാനശ്ശേരി എന്നീ വാർഡുകളെ ബന്ധിപ്പിക്കുന്നു.

5. അടക്കാപുത്തൂർ - പൂതക്കാട് റോഡ്: JRY പദ്ധതിയിൽ വീതികൂട്ടി സൈഡ് കെട്ട് നടത്തിയതാണ്. ചാലുകൾ ശരിയാക്കി മെറ്റൽ ചെയ്ത് ടാർ ചെയ്യണം. തൃക്കാടീരി പഞ്ചായത്തിലെ വീരമംഗലം, പൂതക്കാട് ഭാഗത്തെ ജനങ്ങൾക്കു കൂടി ഉപയോഗപ്രദമാണ്.

6. ഞാളാകുർശ്ശി - കുറുവട്ടൂർ റോഡ് (വഴിവക്കാലക്കാവ്) പണി പൂർത്തിയായിട്ടില്ല. ഞാളാകുർശ്ശി ഭാഗത്ത് 8 മീ. വീതിയിൽ പാടം വിട്ടു കൊടുത്തിട്ട് വർഷം 3 കഴിഞ്ഞു. പലഭാഗങ്ങളിലും വീതി കുറവുണ്ട്. കയറ്റിറക്കം ധാരാളമുള്ള റോഡാണ്. വീതി കൂട്ടി ചാലുകൾ നന്നാക്കി ടാർ ചെയ്യണം. 7 - 4 - 9 വാർഡുകൾക്ക് ഉപയോഗപ്രദമാണ്.

7. കുറുവട്ടൂർ - ചാമക്കുന്ന് റോഡ് - കുറെ ഭാഗത്ത് 8 മീ. വീതിയുണ്ട്. ബാക്കിഭാഗം കൂടി 8 മീ. ആക്കി ടാർ ചെയ്യണം. 4 - 2 - 1 വാർഡുകളെ ബന്ധിപ്പിക്കുന്നു.

8. വെള്ളിനേഴി - കാട്ടിലയ്യപ്പൻ റോഡ് : റോഡ് ഉണ്ടെങ്കിലും കുണ്ടൻ തോടിന് പാലമില്ലാത്തതു കാരണം തീരെ ഉപയോഗപ്രദമല്ല. JRY പദ്ധതിയിൽ പണി നടത്തിയതാണ്. ബാക്കി കൂടി 8 മീ. വീതി ഉണ്ടാക്കി കുണ്ടൻതോടിന് പാലവും നിർമ്മിച്ച് ടാർ ചെയ്യണം. 1 - 2 വാർഡുകളെ ബന്ധിപ്പിക്കുന്നു.

9. കുളക്കാട് - കല്ലുവഴി റോഡ്: വീതിയുണ്ട്. സൈഡ് കെട്ടി വെള്ളം തിരിച്ചു വിട്ട് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കണം. പൂക്കോട്ടു പഞ്ചായത്തിനെ ബന്ധിപ്പിക്കുന്ന റോഡ്.

10. വെള്ളിനേഴി - കരുമാനാംകുർശ്ശി: RLEGP പദ്ധതിയിൽ ടാർ ചെയ്തതാണ്. വീതിയുണ്ട്. റീടാർ ചെയ്യണം.

11. ഞാളാകുർശ്ശി - വെള്ളിനേഴി ഹൈസ്ക്കൂൾ റോഡ്: പണി പൂർത്തിയായിട്ടില്ല. JRY പദ്ധതി പ്രകാരം കുറച്ചു തുക അനുവദിച്ചിട്ടുണ്ട്. വീതി കുറവാണ്. 1 - 7 വാർഡുകളെ ബന്ധിപ്പിക്കുന്നു.

12. കുളക്കാട് കുറുവട്ടൂർ റോഡ് - തിരുവാഴിയോട് റോഡ്. ലക്ഷം വീട് വഴി പോകുന്ന ഈ റോഡ് വീതി വളരെ കുറവാണ്. കുറെ ഭാഗം ഹരിജൻ വോൽഫയർ ഡിപ്പാർട്ടുമെന്റ് മെറ്റൽ ചെയ്തിട്ടുണ്ട്. വീതി കൂട്ടി ടാർ ചെയ്യണം. 6 - 9 - 7 വാർഡുകളെ ബന്ധിപ്പിക്കുന്നു.

13. തിരുവാഴിയോട് ലക്ഷം വീട് - മുറിയങ്കണ്ണി റോഡ്: ചാക്യാം കാവ് വഴി പോകുന്ന ഈ റോഡ് വീതി കുറവാണ്. കയറ്റിറക്കമുണ്ട്. മുറിയങ്കണ്ണി റോഡ്വരെ പണി കഴിഞ്ഞിട്ടില്ല. വീതി കൂട്ടി പണി പൂർത്തിയാക്കുകയും തോടിന് പാലം നിർമ്മിക്കുകയും ചെയ്ത് മെറ്റൽ ചെയ്ത് ടാർ ചെയ്യണം. 4 - 9 വാർഡുകളെ ബന്ധിപ്പിക്കുന്നു.

14. വെള്ളിനേഴി - കുണ്ടോളളിപ്പറമ്പ് റോഡ്: ചങ്ങലോട്ടുപാറ, കരിയാട്ടിൽപടി വഴി പോകുന്ന ഈ റോഡിന്റെ പണി പൂർത്തിയായിട്ടില്ല. വീതി വളരെ കുറവാണ്. വീതി കൂട്ടി തോടിന് പാലം നിർമ്മിച്ച് ഗതാഗതയോഗ്യമാക്കണം. 1 - 4 വാർഡുകളെ ബന്ധിപ്പിക്കുന്നു.

15. കുറ്റാനശ്ശേരി പുത്തൻകുളം റോഡ്: കുറ്റാനശ്ശേരി തെരുവ്, മുണ്ടേങ്ങോട് വഴി പോകുന്ന റോഡ് പൂർത്തീകരിച്ചിട്ടില്ല. JRY പദ്ധതിയിൽ 90,000 രൂപ അനുവദിച്ചിട്ടുണ്ട്. വീതി കുറവാണ്. വീതി കൂട്ടി മുണ്ടേങ്ങോട്ടിൽ പാലം കെട്ടി മെറ്റൽ ചെയ്ത് ടാർ ചെയ്യണം. 5 - 3 വാർഡുകളെ ബന്ധിപ്പിക്കുന്നു.

16. അടക്കാപുത്തൂർ യുപി സ്ക്കൂൾ - ചരക്കുളം - ഹൈസ്ക്കൂൾ റോഡ് മലയരികിലെ റോഡാണ്. അതുകാരണം വെള്ളത്തിന്റെ കുത്തിയൊലിപ്പ് ധാരാളമുണ്ട്. ആവശ്യമായ വീതികൂട്ടി ചാലുകൾ വൃത്തിയാക്കി സംരക്ഷിക്കണം.

17. ചാമക്കുന്ന് - കാട്ടിലയ്യപ്പൻ റോഡ്: ഈ റോഡ് മലയും കുന്നുമുള്ള പ്രദേശത്തുകൂടി പോകുന്നതാണ്. വെള്ളത്തിന്റെ കുത്തി ഒലിപ്പുമുണ്ട്. സൈഡ് വീതി കൂട്ടി ടാർ ചെയ്യണം.
18. തിരുവാഴിയോട് കനാൽ - തെങ്ങിയാംകുന്ന് റോഡ്: പണി പൂർത്തിയായിട്ടില്ല. JRY പദ്ധതിയിൽ തുടങ്ങിയ റോഡാണ്, വീതി കുറവുണ്ട്. ചാലുകൾ ഇല്ല. 6 - 9 വാർഡുകളെ ബന്ധിപ്പിക്കുന്നു. സൈഡ് കെട്ടി വിപുലപ്പെടുത്തണം.
19. കാന്തളൂർ - എടയാറ്റിങ്ങൽപുറം റോഡ്: പണി പൂർത്തിയായിട്ടില്ല. വീതി വളരെ കുറവാണ്. കയറ്റങ്ങൾ കുറച്ച് പാടത്തെ പണി പൂർത്തിയാക്കണം.
20. കുറുവട്ടൂർ - കുറ്റാനശ്ശേരി തെരുവ് റോഡ്: പാലകുർശ്ശി പടി വഴി പോകുന്ന ഈ റോഡ് തെരുവ് വരെ പണി പൂർത്തിയാക്കണം. തോടിന് പാലം നിർമ്മിക്കണം.
21. മുറിയങ്കണ്ണി റോഡ് - ശ്രീകൃഷ്ണപുരം കുന്ന് റോഡ്: (ശ്രീനിലയം വഴി): തോടുവരെ മാത്രമുള്ള റോഡ് ശ്രീകൃഷ്ണപുരം കുന്നത്തേക്ക് നീട്ടി തോടിന് പാലം കെട്ടി ഗതാഗതയോഗ്യമാക്കണം.
22. തിരുവാഴിയോട് - ഉത്രത്തിൽകാവ് റോഡ്: കനാൽ കഴിഞ്ഞാൽ ഗതാഗതമല്ലാത്ത ഈ റോഡ് ഉത്രത്തിൽ കാവിന് സമീപത്ത് കൂടി മുറിയങ്കണ്ണി റോഡിലേക്ക് ബന്ധിപ്പിക്കണം. വീതി കുറവാണ്.
23. തിരുവാഴിയോട് - ചേറുംകുടി റോഡ്: ഈ റോഡ് അമ്പലത്തിന് സമീപം വന്നു നിൽക്കുന്ന റോഡിലേക്ക് ബന്ധപ്പെടുത്തണം.
24. പൊതി സ്ക്കൂൾ - പൂതക്കാട് റോഡ്: (അമ്പലം കുന്ന്) JRY പദ്ധതി പ്രകാരം കുറച്ചു റോഡും, തോടിന് പാലവും പണി തീർത്തിട്ടുണ്ട്. ബാക്കി ഭാഗം പണി പൂർത്തികരിച്ച് മെറ്റൽ ചെയ്യണം.
25. തുടിക്കുളങ്ങര - കല്ലുംപുറം റോഡ്: JRY പദ്ധതി പ്രകാരം കുറച്ച് പണി തീർത്തു വീതികുറച്ചു ഈ റോഡ് കല്ലുംപുറത്തേക്ക് നീട്ടി പണി പൂർത്തീകരിക്കണം.
26. മല്ലിയൂർ കോളനി - ചരകുളം റോഡ്: വീതി കൂട്ടി പണി പൂർത്തീകരിക്കണം.
27. പൊതി സ്ക്കൂൾ - പൂക്കോട്ടുകാവ് (ചെറുമല വഴി) ഇത് പൂർത്തിയാക്കണം.
28. ശ്രീകൃഷ്ണപുരം കുന്ന് കടവത്ത് കോളനി റോഡ് വീതി കൂട്ടണം.
29. മുറിയൻകണ്ണി റോഡ് - വെള്ളിനേഴി - കുറുവട്ടൂർ റോഡ്: കണ്ണംതൊടി പടിയിൽനിന്ന് വെള്ളിനേഴി കുറുവട്ടൂർ റോഡിലേക്ക് ബന്ധപ്പെടുത്തുകയും തോടിന് പാലം നിർമ്മിക്കുകയും വേണം.
30. കുണ്ടോളളിപ്പറമ്പ് - വക്കാലക്കാവ്: അൺടൈഡ് പദ്ധതിയിൽ ഉൾപ്പെടുത്തി പാറക്കുറങ്ങരവരെ പണി പൂർത്തീകരിച്ചിട്ടുണ്ട്. ഇത് വീതി കൂട്ടി വക്കാലക്കാവ് റോഡുമായി ബന്ധപ്പെടുത്തണം.
31. തിരുവാഴിയോട് - ബംഗ്ലാകുന്ന് - ശ്രീകൃഷ്ണപുരം ആശുപത്രി റോഡ് വീതി കൂട്ടി സൈഡ് കെട്ടി വിപുലീകിരിക്കണം.
32. കുറുവട്ടൂർ ആശുപത്രി - പാടം റോഡ് പാടത്തേക്ക് ട്രാക്കർ ഇറങ്ങാൻ തക്കവണ്ണം വീതി കൂട്ടി നന്നാക്കണം.
33. അടിയോടി പടി - തവളക്കോട് റോഡ് കനാൽവരമ്പ് വരെ ബന്ധിപ്പിക്കുകയുംവീതി കൂട്ടുകയും വേണം.
34. ഞാളാകുർശ്ശി - പാറക്കൽതോട് റോഡ് വീതികൂട്ടി തോടിന് പാലം നിർമ്മിച്ച് കുറുവട്ടൂർ 4 സെന്റ് കോളനിയുമായി ബന്ധപ്പെടുത്തണം.
35. കുളക്കാട് - ചേർക്കിൻതോട് വീതികൂട്ടി തോടിന് പാലം നിർമ്മിച്ച് ശിവക്ഷേത്രവുമായി ബന്ധപ്പെടുത്തണം.
36. തിരുനാരായണപുരം സ്ക്കൂൾ - മല്ലംതോട് റോഡ് വീതികൂട്ടി തോടിന് പാലം നിർമ്മിച്ച് കനാൽ റോഡുമായി ബന്ധപ്പെടുത്തണം.
37. തിരുവാഴിയോട് ലക്ഷംവീട് - കല്ലുംപുറം സ്ക്കൂൾ റോഡ് വീതികൂട്ടി കയറ്റങ്ങൾ കുറച്ച് നന്നാക്കണം.
38. ശ്രീകൃഷ്ണപുരം - മുറിയൻകണ്ണി റോഡ് - കോരഞ്ചിറ റോഡ് വീതി കൂട്ടണം.
39. പുത്തൻകുളം - പച്ചിലാംങ്കോട്ട് കോളനിറോഡ് വീതികൂട്ടി മെറ്റൽ ചെയ്യുകയും പുഴവരെ നീട്ടുകയും വേണം.
40. അടക്കാപുത്തൂർ യു.പി. സ്ക്കൂൾ - അരയമംഗലം റോഡ് വീതി കൂട്ടണം.
41. തെക്കെ പൊന്നിൽ പടി - അടക്കാപുത്തൂർ ഹൈസ്ക്കൂൾ റോഡ് പൂർത്തീകരിക്കണം.

പുതിയ റോഡുകൾ - നടപ്പാതകൾ

1. തിരുവാഴിയോട് 18-ാം പടി റോഡും ശിവക്ഷേത്രം റോഡുമായി ബന്ധിപ്പിക്കുന്ന ലിങ്ക് റോഡ് നിർമ്മിക്കുക.
2. മുറിയംകണ്ണി റോഡിൽ നിന്ന് കാരയിൽ കോളനി വഴി കുറ്റാനശ്ശേരി തെരുവിലേക്ക് റോഡ് നിർമ്മിക്കുക.



വെള്ളിനേഴി ഗ്രാമപഞ്ചായത്ത് വികസന രേഖ

3. പട്ടുതൊടി റോഡിൽ നിന്ന് പച്ചിലാം കോളനി റോഡ് നിർമ്മിക്കുക.
4. കുറ്റാനശ്ശേരി - മുതലമൂർഖൻകടവുവരെ (വഴി ഹെൽത്ത് സെന്റർ) റോഡ് നിർമ്മിക്കുക.
5. മുറിയംകണ്ണി റോഡിൽ നിന്ന് ചേന്നംകോട് പാടത്തേക്കുള്ള റോഡ്.
6. മുറിയംകണ്ണി-പുന്നടിപ്പാടം റോഡിൽ നിന്ന്.
7. മുറിയംകണ്ണി-ചാത്തൻപാറ റോഡ്.
8. ചാമക്കുന്ന് വേട്ടേക്കാരൻ കാവ് റോഡ്.
9. തണ്ണീർപന്തൽ-പൊടിക്കണ്ടാ റോഡ്.
10. ചാമക്കുന്ന്-കൂട്ടപ്പാടം റോഡ്.
11. ചരക്കുളം-പാറക്കുന്ന് റോഡ്.
12. തിരുവാഴിയോട്-നറുക്കാട്ടുകുളം റോഡ്.
13. അടക്കാപുത്തൂർ ചരക്കുളം - ആശുപത്രി റോഡ്.
14. ചെമ്മണൂർ - ഞാളാകുർശ്ശി റോഡ്.
15. മുറിയംകണ്ണി റോഡിൽ നിന്ന് പൊട്ടത്തിൽ കോളനി വഴി ശ്രീനിലയം റോഡിലേക്ക് റോഡ്.
16. മുറിയംകണ്ണി റോഡിൽ നിന്ന് മാമ്പ്രവഴി വെള്ളിനേഴി റോഡിലേക്ക് റോഡ് നിർമ്മിക്കുക.
17. കുറ്റാനശ്ശേരി തെരുവ് - കരിപ്പാടത്ത് പള്ള്യാൽ റോഡ്.
18. കുളികുർശ്ശി കാവ് മുതൽ പാടം വരെ റോഡ്.
19. കനാൽ മുതൽ മുള്ളത്ത് പാടം വരെ റോഡ്.
20. തെരുവ് പുത്തൻകുളം റോഡിൽ നിന്ന് പുഴവരെ റോഡ്.
21. തീപ്പെട്ടിക്കമ്പനി പരിസരത്തുനിന്ന് കറുത്താത്ത് ഭാഗത്തെ ഇടവഴി റോഡാക്കുക.
22. തിരുവാഴിയോട് - മനക്കലെപാടം റോഡ്.
23. ബംഗ്ലാകുന്ന് മുതൽ ചോഴിയത്തുപാടം വരെ റോഡ് നിർമ്മിക്കുക.
24. തിരുവാഴിയോട് സെന്ററിൽ നിന്ന് മഹാത്മ സ്ക്കൂൾ വഴി കാപ്പിൽ കുന്നത്തേക്ക് റോഡ്.
25. തിരുവാഴിയോട് താഴത്തു നിന്ന് ബംഗ്ലാകുന്ന് വരെയുള്ള പഴയ റോഡ് മെറ്റൽ ചെയ്ത് ഗതാഗതം യോഗ്യമാക്കുക.
26. ചേറുംകുടി അമ്പലം തെക്കേപ്പാടം റോഡ്.
27. തിരുവാഴിയോട് നറക്കാട്ടുകുളം മുതൽ 18-ാം പടിവരെ ലിങ്ക് റോഡ്.
28. അടക്കാപുത്തൂർ ഹൈസ്ക്കൂൾ - മുന്നൂർക്കോട് റോഡ്.
29. കാഞ്ഞിക്കുന്ന് കോളനി - കരണംകാട് റോഡ്.
30. അടക്കാപുത്തൂർ റേഷൻഷോപ്പ് - തെക്കെകുന്ന് റോഡ്.
31. തണ്ണീർപന്തൽ - പൊണ്ണൻകല്ല് റോഡ്.
32. മുറിയംകണ്ണി റോഡിൽ നിന്ന് തിരുനാരായണപുരം 4 സെന്റ് കോളനി വഴി പന്തലങ്ങാടൻ മല റോഡ്.
33. ചെറുകണ്ടത്ത് പടി കനാൽ ബണ്ടിൽ നിന്ന് പാടത്തേക്കുള്ള വഴി.
34 തെക്കുംപുറം കോളനി റോഡിൽ നിന്ന് വടക്കോട്ട് മുണ്ടങ്കോട്ട് ഇടവഴി.
35. തെക്കീട്ടിൽ പള്ളിയാൽ - കുമഴയിൽ പള്ളിയാൽ ഇടവഴി.
36. മുറിയങ്കണ്ണി റോഡിൽ നിന്ന് വളന്താം പടി വഴി മണ്ണാട്ടിൽ പടിവരെയുള്ള വഴി.
37. എടയാറ്റിങ്ങൽപ്പുറം റോഡു മുതൽ എറകുന്നത്ത് പടി വഴി പാടത്തേക്കുള്ള വഴി വീതികൂട്ടി കൈത്തോടിന് പാലം നിർമ്മിച്ച് ഗതാഗതയോഗ്യമാക്കണം.
38. കുറുപ്പത്തുകുണ്ട് പടിക്കൽ നിന്നും മുണ്ടംകോട്ടുപടി പാടം വരെയുള്ള ഇടവഴി.
39. കല്ലുംപുറത്തുനിന്നും മണ്ണാരണ്ടിവരെ ജീപ്പ്റോഡ്.
40. അമ്പലം കുന്ന് - ചെറുമല - കയ്യഞ്ചീരിവഴി റോഡ്.
41. ഞാളാകുർശ്ശി - ഹൈസ്ക്കൂൾ റോഡിൽനിന്ന് - കലമണ്ഡലം രാമൻകുട്ടി നായരുടെ പടിവഴി പാടത്തേക്ക് റോഡ്.

42. ചമ്മനൂർ പാറേക്കാട് പീടികപരിസരത്തുനിന്ന് - ഞാളാകുർശ്ശി അംഗൻവാടി പരിസരത്തേക്ക് റോഡ്.
43. ഞാളാകുർശ്ശി റോഡ് - പുത്തൻ വീട്ടിൽ പടിവഴി പാടത്തേക്ക് റോഡ്.
44. വടക്കേരവളപ്പിന്റെ പരിസരത്തുകൂടി ഖാദർപടിയിലേക്കുള്ള ഇടവഴി.
45. കുളക്കാട് ശിവക്ഷേത്രത്തിൽനിന്ന് പാടത്തേക്കുള്ള ഇടവഴി.
46. മഠത്തിൽപടിയിൽ നിന്ന് അഞ്ചില്ലത്തുപടിയിലേക്കുള്ള ഇടവഴി.
47. കോർമത്തുപറമ്പ് ഇടവഴി.
48. കിഴക്കേകളം പരിസരത്തുനിന്ന് - തോട്ടത്തിൽ വാസുവിന്റെ വീട്ടുവളപ്പു പരിസരത്തുകൂടി പോകുന്ന ഇടവഴി.
49. പൂന്തോട്ടം ഹോസ്പിറ്റൽ - കിഴക്കേകരകുന്ന് - കുഞ്ഞിരാമൻ ചെട്ട്യാരുടെ വളപ്പിന്റെ പരിസരത്തുകൂടെ പോകുന്ന ഇടവഴി.
50. കൊല്ലത്ത് ഇടവഴി - കുളക്കാട്.
51 മല്ലത്തു കോളനി - ശ്രീകൃഷ്ണപുരം മുറിയംകണ്ണി റോഡ് - തിരുനാരായണപുരം.
52. അടിയോടിപ്പടി - തവളക്കോട് - പുളിയക്കോട്ടിൽ കൃഷ്ണൻകുട്ടിതരകന്റെ പടിവഴി പാടത്തേക്ക് റോഡ്.

താഴെ കാണുന്ന ഇടവഴികൾ നന്നാക്കണം

53. ശ്രീകൃഷ്ണപുരം - ഇടിയൽ കല്ല്.
54. ചരക്കുളം - പറംക്കുന്ന് അംഗൻവാടി.
55. കുണ്ടംതോട് - ആലുംകുന്ന്.
56. ശ്രീകൃഷ്ണപുരം കുന്ന് - മണിയംകോട് വഴി - ചാമക്കുന്ന് സ്ക്കൂൾ.
57. വേട്ടെക്കരൻ കാവ് - ചാമകുന്ന് സ്ക്കൂൾ.
58. അങ്ങാടിപ്പാറ - കൊട്ടിലിങ്ങൽ പാടം.
59. ആലുംപാറ - മതിലകത്ത് പാടം.
60. പറക്കുന്ന് - കാക്കാകയം.
61. അടുക്കത്ത് പറമ്പ് - പടിഞ്ഞാറെപ്പാടം.
62. വാഴത്തൊടി - തെക്കെപാടം.
63. കാട്ടിലയ്യപ്പൻ - കൊളങ്കരക്കടവ്.
64. ദൂരത്തുമല - കാട്ടിലയ്യപ്പൻ.
65. ആലംകുന്ന് - മതിലകത്തുപാടം.
66. കടവത്തചാള - കോന്തത്ത് ഇടവഴി.
67. മള്ളിയൂർ ചാള - വട്ടോള്ളി ഇടവഴി.
68. മഠത്തൽ പടി. - പറക്കുന്ന് അംഗൻവാടി.
69. ശ്രീകൃഷ്ണപുരം കുന്ന് - ഇടിയൻകല്ല്.

നടപ്പാലങ്ങൾ

1. പാലകുർശ്ശി കിഴക്കേതോടിന്.
2. പുലിക്കൽ തോടിന് അമ്പലത്തിനു കിഴക്കുവശം.
3. പാറത്തോടിന് ചേനംകോട് പാടത്തേക്ക്.
4. പാറത്തോടിന് നടുമ്പോക്ക് പാടത്തുനിന്ന് വടക്കിനട പാടത്തേക്ക്.
5. കുടക്കുർണ്ണി പാടത്തേക്കും വടക്കെക്കളം പാടത്തേക്കും.
6. പുളിയം തോടിന് മാളിയക്കൽ പാടത്തേക്ക്.
7. ആലുംപാറ - ചങ്ങിണിക്കോട്ടുകാവ് വഴിയിൽ കുണ്ടൻതോടിന്.
8. കൂട്ടപ്പാടം - മളിയക്കൽ കോളനിയിലേക്ക്.

9. ഞാളാകുർശ്ശി - കുളക്കാടു പാടം തോടിന്.
10. കുളക്കാട് കാതർപടി ഭാഗത്ത്.
11. പുത്തൻവീട്ടിൽ പടി ഭാഗത്ത്.
12. കോരഞ്ചിറക്ക് താഴെ.
13. കാക്കശ്ശേരി ഇടവഴിയിലേക്ക്.
14. കുളക്കാട് അല്ലിത്തൊടിപടി കൈത്തോടിന്.

ബസ്സ് വെയിറ്റിംഗ് ഷെഡ്ഡുകൾ

1. കുളക്കാട് പഞ്ചായത്താഫീസിനു മുൻവശം.
2. മുറിയങ്കണ്ണിയിൽ ഒരു ബസ്സ് വെയിറ്റിംഗ് ഷെഡ്ഡ്.
3. കുറ്റാനശ്ശേരി സ്ക്കൂളിനു സമീപം.
4. കുറുവട്ടൂർ ആശുപത്രി പരിസരം.
5. പുത്തൻകുളം.
6. ഉത്രത്തിൽകാവ് പരിസരം.
7. അടക്കാപുത്തൂർ യു.പി. സ്ക്കൂൾ.
8. കാഞ്ഞിക്കുന്ന് കോളനി.
9. ഹൈസ്ക്കൂൾ പരിസരം.
10. കൂടത്തൊടി പരിസരം.
11. ആശുപത്രി പരിസരം.
12. കുളക്കാട് പൂന്തോട്ടം ആയുർവ്വേദാശ്രമം ഹോസ്പിറ്റൽ.

ഊർജ്ജം

വെള്ളിനേഴി പഞ്ചായത്തിൽ ഇലക്ട്രിസിറ്റി അടുത്തകാലത്താണ് വ്യാപകമായി എത്തിയിട്ടുത്. മുമ്പ് കാറൽമണ്ണയിൽ നിന്ന് ശ്രീകൃഷ്ണപുരത്തേക്കുള്ള 11 KV ലൈൻ വെള്ളിനേഴി പഞ്ചായത്തിൽ കൂടി കടന്നു പോയിരുന്നു എന്നുമാത്രം. അതിനുശേഷം വെള്ളിനേഴി, തിരുവാഴിയോട്, കുറുവട്ടൂർ, കുറ്റാനശ്ശേരി കുളക്കാട്, അടക്കാപുത്തൂർ, തിരുനാരായണപുരം പ്രദേശങ്ങളിൽ വൈദ്യുതി എത്തി. എങ്കിലും ഇന്നും വൈദ്യുതി എത്താത്ത പ്രദേശങ്ങളുണ്ട്. ഇലക്ട്രിസിറ്റി ബോർഡിന്റെ നിയന്ത്രണം ഇതിനൊരു കാരണമാണ്. പഞ്ചായത്തിലെ എല്ലാഭാഗത്തും അനുഭവപ്പെടുന്ന വോൾട്ടേജ് കമ്മി അതിരൂക്ഷമായ ഒരു പ്രശ്നമാണ്. ഇത് പരിഹരിക്കപ്പെടണം. പോസ്റ്റുള്ള പല റോഡുകളിലും തെരുവു വിളക്കുകൾ സ്ഥാപിച്ചിട്ടില്ല. ഉള്ളവ സ്ഥിരമായും കൃത്യമായും കത്തുന്ന സ്വഭാവമില്ല. ഹരിജൻ കോളനികൾ, വീടുകൾ എന്നിവയിൽ പലതും വയറിംഗ് കാത്തുകിടക്കുന്നുണ്ടെങ്കിലും കണക്ഷൻ കിട്ടിയിട്ടില്ല. നിലവിലുള്ള പോസ്റ്റുകളും, ലൈനും പലപ്രദേശത്തും ജനങ്ങൾക്ക് വളരെയധികം ഭീതിയുണ്ടാക്കുന്ന സ്ഥിതിയിലാണ്. ഈ രീതിയിലുള്ള ചെറിയ കാര്യങ്ങൾ പോലും പരിഹരിക്കുവാൻ ഡിപ്പാർട്ടുമെന്റിന് താല്പര്യമില്ല. വൈദ്യുതി എത്താത്ത സ്ഥലത്തേക്ക് വൈദ്യുതി എത്തിക്കുവാനും നിലവിലുള്ള വോൾട്ടേജ് ക്ഷാമം പരിഹരിക്കാനാവശ്യമായ സ്ഥലങ്ങളിൽ ട്രാൻസ്ഫോർമർ വെക്കുകയും ഉള്ളതിന് ശക്തി കൂട്ടുകയും വേണം. ജനങ്ങളുടെ ഒരു അവശ്യ വസ്തുവായി മാറിയിട്ടുള്ള വൈദ്യുതിയുടെ കാര്യത്തിന് കുറച്ചുകൂടി മുന്തിയ പരിഗണന കൊടുക്കേണ്ടതുണ്ട്. കാർഷികോല്പാദനത്തിന്റെ കാര്യത്തിന് വൈദ്യുതി ഇന്ന് അത്യാവശ്യ ഘടകമായി മാറിയിട്ടുണ്ട്. ഈ ഗൗരവം വൈദ്യുതിയുടെ ഉല്പാദനത്തിനും, വിതരണത്തിനും ഇനിയും വന്നിട്ടില്ല എന്നതാണ് യാഥാർത്ഥ്യം.

ഇന്നത്തെ ഊർജ്ജ പ്രതിസന്ധി നമ്മുടെ കഴിവുകൾ ഉപയോഗപ്പെടുത്തി എങ്ങിനെ മറികടക്കാമെന്ന് പരിശോധിക്കേണ്ടതാണ്. ഊർജ്ജ പ്രതിസന്ധിയെ കുറിച്ച് ചിന്തിക്കുമ്പോൾ ഇന്ന് പ്രധാനമായും വൈദ്യുതോർജ്ജത്തെ മാത്രമാണ് കണക്കാക്കുന്നത്. പ്രകൃതിയിലെ ഊർജ്ജത്തിന്റെ അടിസ്ഥാന ഉറവിടം സൂര്യനാണ്. വൈദ്യുതോർജ്ജ ഉല്പാദനത്തിനായി ആശ്രയിക്കുന്ന ജലശക്തി പ്രകൃതിയിലെ ജലലഭ്യതയെ ആശ്രയിച്ചിരിക്കുന്നു. ജലത്തിന്റെ അവസ്ഥാഭേദത്തിൽ വരുന്ന താളപ്പിഴകൾ മഴയുടെ ലഭ്യതയിൽ കുറവ് വരുത്തുന്നു. പ്രകൃതിയിൽ വരുന്ന ഈ താളപ്പിഴകളെ നേരിടുവാൻ ഇന്ന് ഉപാധികളില്ല. അതിനാൽ ജലശക്തിയെ ആശ്രയിച്ചുള്ള വൈദ്യുതോല്പാദനവും കുറയുന്നു. ഉല്പാദനം കുറയുകയും ഉപഭോഗം കൂടുകയും ചെയ്യുന്ന ഇന്നത്തെ സാഹചര്യത്തിൽ ഊർജ്ജോല്പാദനത്തിനായി നമുക്ക് മറ്റു പോംവഴികൾ ആലോചിക്കേണ്ടിയിരിക്കുന്നു.

ഈ പ്രദേശത്ത് ഊർജ്ജദായകങ്ങളായ പല പ്രകൃതിദത്ത വസ്തുക്കളും ധാരാളമായി കാണപ്പെടുന്നു. ഹരിതസസ്യങ്ങൾ സൗരോർജ്ജത്തെ രാസോർജ്ജമാക്കി മാറ്റുന്നു. ഈ ഊർജ്ജമാണ് വിറക്, കൽക്കരി, പെട്രോളിയം, ജൈവവാതകം, മണ്ണെണ്ണ എന്നിവയിൽ നിന്നും ലഭിക്കുന്നത്. ഈ ഇന്ധനങ്ങൾ കത്തുമ്പോൾ അവയിലെ ഊർജ്ജം പ്രകാശമായും താപമായും നമുക്കു ലഭിക്കുന്നു. ഈ ഊർജ്ജത്തെ എത്രയും കാര്യക്ഷമമായി ഉപയോഗിക്കുകയാണു ഊർജ്ജ പ്രതിസന്ധി തരണം ചെയ്യുന്നതിനുള്ള ഒരു പ്രധാന ഉപാധി.

ഗ്രാമ പ്രദേശമായ വെള്ളിനേഴിയിൽ താപോർജ്ജത്തിന്നായി പ്രധാനമായും വിറകാണ് ഉപയോഗിക്കുന്നത്. വിറക് കത്തിക്കുമ്പോൾ ഉണ്ടാകുന്ന ചൂടിന്റെ മുക്കാൽ പങ്കിലധികവും പാഴായി പോവുകയാണ്. നാണ്യവിളകൾ പ്രകൃതിയുടെ ഭൂരിഭാഗവും കൈയടക്കുമ്പോൾ ഈ ഇന്ധനത്തിന്റെ ലഭ്യത വളരെവേഗം കുറഞ്ഞുവരുന്നു. സാധാരണ ജനങ്ങൾക്കിടയിൽ നെല്ലുപുഴുങ്ങുക, സദ്യയൊരുക്കുക എന്നീ വലിയ അളവിലുള്ള ഊർജ്ജാവശ്യങ്ങൾക്ക് വിറകുമാത്രമാണഭയം. അതുകൊണ്ട് വിറകു ലഭ്യത വർദ്ധിപ്പിക്കാനാവശ്യമായ ബോധവൽക്കരണം ജനങ്ങൾക്കിടയിൽ നടത്തേണ്ടതാണ്. തെങ്ങുല്പന്നങ്ങൾ, ചാണകവരളി, ഉണങ്ങിയ ചപ്പുചവറുകൾ എന്നിവയും കാര്യക്ഷമമായി ഉപയോഗിക്കാവുന്ന ഇന്ധനങ്ങളാണ്. വിറകിനുമാത്രം ഉപയോഗിക്കാവുന്ന പാഴ്മരങ്ങൾ വെച്ചുപിടിപ്പിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ആരംഭിക്കേണ്ടതാണ്. ഇത് ഫലവൃക്ഷങ്ങൾ വിറകിനുപയോഗിക്കുന്നത് ഒരു പരിധിവരെ തടയും. അതേ സമയം പുകയില്ലാത്ത അടുപ്പുകൾ ദക്ഷത വർദ്ധിപ്പിക്കാൻ സഹായിക്കുന്നുവെന്ന വസ്തുത ബോധവൽക്കരണത്തിലൂടെ പ്രായോഗികമാക്കാനും ശ്രമിക്കണം. ഇവയുടെ ഉപയോഗം അടുക്കളയിലെ കരി, പുക, കുറക്കുകയും അങ്ങിനെ കുടുംബിനികളുടെ ആരോഗ്യം വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

ഊർജ്ജാവശ്യത്തിനായി ഉപയോഗിക്കുന്ന മറ്റൊരു ഇന്ധനമാണ് മണ്ണെണ്ണ. പ്രകൃതിയിൽ നിന്നും കിട്ടുന്ന ഈ ഹൈഡ്രോ കാർബൺ സംസ്ക്കരണ വിതരണ മേഖലകളിലൂടെ കടന്നു വരുമ്പോൾ ഉപഭോക്താവിന് കൂടുതൽ വില നൽകേണ്ടിവരുന്നു. പാചകാവശ്യത്തിനുവേണ്ടി ഉപയോഗിക്കുന്ന മണ്ണെണ്ണ പാഴാവാതെ നോക്കേണ്ടതാണ്. ദക്ഷത കൂടിയ സ്റ്റൗവ്വുകൾ ഉയോഗിച്ച് ഇത് പരിഹരിക്കാം. ഇത്തരം സ്റ്റൗവ്വുകൾക്ക് അംഗീകാരവും പ്രചരണവും നൽകി വിപണി വർദ്ധിപ്പിക്കേണ്ടതാണ്.

പാചകാവശ്യത്തിനു വേണ്ടി ഉപയോഗിക്കുന്ന മറ്റൊരു ഊർജ്ജ സ്രോതസ്സാണ് ഗ്യാസ്. സിലിണ്ടറുകളിൽ നിറക്കുന്നതിനും വിതരണം ചെയ്യുന്നതിനും കൂടിയുള്ള വില ഉപഭോക്താവിന് നൽകേണ്ടി വരുന്നു. എങ്കിലും ഉയർന്ന ഇന്ധനമൂല്യവും സ്റ്റൗവിന്റെ ഊർജ്ജക്ഷമതയും പുക, കരി എന്നിവയുടെ അഭാവവും ഇതിനെ വീട്ടമ്മമാരുടെ പ്രിയപ്പെട്ട ഊർജ്ജ സ്രോതസസാക്കി മാറ്റി. എന്നാൽ ലഭ്യതയിലുള്ള തടസ്സങ്ങളും വിഷമങ്ങളും കാരണം പൂർണ്ണമായും ആശ്രയിക്കാൻ പറ്റാത്ത സ്ഥിതിയിലാണ്.

നാമമാത്രമായിട്ടാണെങ്കിലും, വൈദ്യുതി, ആശ്രയിച്ചും പാചകം നിലവിലുണ്ട്. എന്നാൽ പൂർണ്ണമായും ആശ്രയിക്കാൻ പറ്റാത്ത സാഹചര്യമാണ്. കന്നുകാലികളുടെ സംരക്ഷണഭാരം ബയോഗ്യാസ് സമ്പ്രദായത്തേയും പ്രതികൂലമായി ബാധിക്കുകയാണ്. ആകെ കൂടി നിരീക്ഷണത്തിൽ വിറകുമാത്രമാണ് സർവ്വസാധാരണമായ ഊർജ്ജസ്രോതസ്സ്.

ഊർജ്ജ ഉപഭോഗം സംബന്ധിച്ച വിവരങ്ങൾ

ആകെ വീടുകൾ	4414
വൈദ്യുത കണക്ഷൻ ലഭിച്ച വീടുകൾ	1500
മണ്ണെണ്ണ പെർമിറ്റുകളുടെ എണ്ണം	277
വിതരണം ചെയ്യുന്ന മണ്ണെണ്ണ	13464 lts.
മണ്ണെണ്ണ ഉപയോഗിച്ചു പ്രവർത്തിക്കുന്ന പമ്പുസെറ്റുകൾ	200
ഗ്യാസ് കണക്ഷൻ	100
പുകയില്ലാ അടുപ്പുകൾ	100
ഒരു വർഷത്തിൽ ഉപയോഗിക്കുന്നവിറക്	4000 ടൺ

തെരുവു വിളക്കുകൾ

(a). വേപ്പർ ലാംപ്	-	4.
(b). ഫ്ലൂറസെന്റ് ലാംപ്	-	9.
(c) ബൾബ്	-	141.

ഒരു വർഷത്തെ വൈദ്യുത ചാർജ്ജ്	-	Rs. 22,782/-

ഊർജ്ജ രംഗത്തെ മുഖ്യപ്രശ്നങ്ങൾ

1. വോൾട്ടത കുറവ്, തുടരെത്തുടരെയുള്ള അപ്രഖ്യാപിത പവർകട്ടുകൾ.
2. വോൾട്ടേജ് സ്റ്റെബിലൈസറുകൾ വ്യാപകമായി വ്യക്തികൾ ഉപയോഗിക്കുന്നതിലൂടെയുള്ള വോൾട്ടതാ പ്രശ്നങ്ങൾ.

3. വിറകു ലഭ്യതയുടെ പ്രശ്നങ്ങൾ - വനനശീകരണം - നാണ്യവിളത്തോട്ടങ്ങൾ.
4. തെരുവു വിളക്കുകളുടെ അപര്യാപ്തത.
5. ഗ്യാസ്, മണ്ണെണ്ണ എന്നിവയുടെ പൊതുവിതരണ രീതിയിലെ അപാകതകൾ.
6. പാഴായി പോകുന്ന പാചകോർജ്ജം.

സാദ്ധ്യതകൾ

1. ഊർജ്ജ ലാഭമുള്ള വൈദ്യുത ദീപങ്ങളും മറ്റു ഉപകരണങ്ങളും പ്രചരിപ്പിക്കുക.
2. ലൈനുകൾ വൃക്ഷശാഖകളിൽ തട്ടി ഉണ്ടാകുന്ന വൈദ്യുതി പ്രസരണ നഷ്ടം തടയുക.
3. കാറ്റ്, സൗരോർജ്ജം എന്നിവ വഴി പ്രവർത്തിക്കുന്ന ഉപകരണങ്ങൾ പ്രചരിപ്പിക്കുക.
4. പന്തളങ്ങാടൻ മല. കുളക്കാടൻ മല എന്നിവയുടെ മുകളിൽ കാറ്റാടി യന്ത്രം സ്ഥാപിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുക. ഈ പ്രദേശത്ത് പ്രത്യേകമായി അനുഭവപ്പെടുന്ന കാറ്റ് ഇതിനു സഹായകമാണ്.
5. പുകയില്ലാത്ത അടുപ്പുകൾ, ബയോഗ്യാസ് പ്ലാന്റുകൾ എന്നിവക്ക് സബ്സിഡിയും ഉപയോഗിക്കുന്നതിന് പരിശീലനവും നൽകുക.
6. വനനശീകരണം തടയുക. തരിശായി കിടക്കുന്ന സ്ഥലങ്ങളിൽ പലതരം വൃക്ഷങ്ങൾ നട്ടു പിടിപ്പിക്കുക.
7. പ്രഷർ കുക്കർ, കച്ചിപ്പെട്ടി എന്നിവ വ്യാപകമാക്കാനുള്ള നടപടികൾ സ്വീകരിക്കുക.
8. സുഭിക്ഷമായി ലഭിക്കുന്ന സൗരോർജ്ജത്തെ പരമാവധി ഉപയോഗപ്പെടുത്തുക. സൗരോർജ്ജ വിളക്കുകൾ, ഹീറ്ററുകൾ എന്നിവ നിർമ്മിച്ച് വിതരണം നടത്തുക.
9. മണ്ണെണ്ണ, ഗ്യാസ് എന്നിവയുടെ പൊതുവിതരണ രീതിയിലുള്ള ന്യൂനതകൾ പരിഹരിക്കുക.
10. മീറ്റർ റീഡിങ്ങ് സമ്പ്രദായം കാര്യക്ഷമമാക്കി ഉപയോഗിക്കുന്ന വൈദ്യുതിക്കുമാത്രം തുക ഈടാക്കുക.
11. മണ്ണെണ്ണ, പെട്രോൾ, വനങ്ങൾ എന്നിവയെ ആസ്പദമാക്കി പ്രകൃതി സംരക്ഷണ ക്ലാസ്സുകൾ നടത്തുക.
12. മേൽ പറഞ്ഞ പ്രവർത്തനങ്ങൾ ഒക്കെ ഉൾപ്പെടുത്തി കൊണ്ടുള്ള സമഗ്ര ഊർജ്ജാസൂത്രണ പരിപാടി ആവിഷ്കരിക്കുക.

ആശംസകളോടെ

ശീ ശാരദാ സാരി സെന്റർ & ശ്രീലക്ഷ്മി സ്റ്റോഴ്സ്

തിരുവാഴിയോട്


Prop:- OYES BROTHERS

PHONE RES:- 661323

പൂഞ്ഞോല ട്രേഡിങ്ങ് കമ്പനി

റബ്ബർ വ്യാപാരം - തിരുവാഴിയോട്

റബ്ബറിന് ഗ്രേഡനുസരിച്ച് വില നൽകുന്നതാണ്. കൂടാതെ റബ്ബർ ടാപ്പിങ്ങിനാവശ്യമായ എല്ലാവിധ സാമഗ്രികളും മിതമായ നിരക്കിൽ ലഭിക്കുന്നതാണ്.



ഭവന നിർമ്മാണവും സാമൂഹ്യക്ഷേമവും

ഭവന നിർമ്മാണം

ഭക്ഷണവും വസ്ത്രവും കഴിഞ്ഞാൽ മനുഷ്യന്റെ ഏറ്റവും പ്രധാനപ്പെട്ട പ്രാഥമികാവശ്യമാണ് പാർപ്പിടം. കൂട്ടുകുടുംബ വ്യവസ്ഥ അവസാനിച്ചുകൊണ്ടിരിക്കുന്ന ഈ അവസ്ഥയിൽ സ്വന്തമായി ഒരു വീട് എന്ന സ്വപ്നം സാക്ഷാൽക്കരിക്കാൻ കഴിയാത്ത നിരവധി കുടുംബങ്ങൾ ഈ പഞ്ചായത്തിലുണ്ട്. ചെറുകിട കർഷകരും, കർഷക - കാർഷികേതര തൊഴിലാളികളും, പിന്നോക്ക - പട്ടികജാതി വിഭാഗക്കാരുമാണ് ജനസംഖ്യയിൽ ഭൂരിഭാഗവും. നിത്യജീവിതത്തിനു തന്നെ വരുമാനമില്ലാത്ത ഇത്തരക്കാർക്ക് സ്വന്തമായി ഒരു വീട് നിർമ്മിക്കുക എന്നത് വലിയൊരു ബാദ്ധ്യതയാണ്.

പട്ടികജാതിയിൽ പെട്ടവർക്ക് സർക്കാർ നടപ്പാക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി സൗജന്യമായി വീടു വെച്ചുകൊടുക്കുന്ന പരിപാടി നടന്നുകൊണ്ടിരിക്കുന്നുണ്ട്. വരുന്ന ഏതാനും വർഷങ്ങൾ കൊണ്ട് ഈ പഞ്ചായത്തിലെ പട്ടികജാതിക്കാർക്ക് മുഴുവൻ സ്വന്തമായി വീടുവെച്ചുകൊടുക്കാൻ കഴിയും. എന്നാൽ മുൻ വർഷങ്ങളിൽ പണിത വീടുകൾ പലതും നശിച്ചു കൊണ്ടിരിക്കുന്ന അവസ്ഥ ഇന്നു നിലവിലുണ്ട്. ഫണ്ടിന്റെ അപര്യാപ്തത കൊണ്ട് ഗുണനിലവാരം കുറഞ്ഞ സാമഗ്രികൾ ഉപയോഗിച്ചതും, കരാർ അടിസ്ഥാനത്തിൽ പണികൾ നടത്തിയതും ഇതിനു കാരണമാണ്. ഗുണനിലവാരമുള്ള വീടുകൾ നിർമ്മിക്കാൻ ആവശ്യമായ ഫണ്ട് ഉപയോഗിച്ച് പെട്ടെന്നു നശിച്ചു പോകാത്ത വീടുകൾ നിർമ്മിച്ചാൽ മാത്രമേ ഈ അവസ്ഥ മാറുകയുള്ളൂ.

മറ്റു വിഭാഗത്തിൽ പെട്ടവർക്ക് വീടു വെക്കാൻ ഹഡ്കോയുടെ സഹായത്തോടെ കേരള സർക്കാർ സന്നദ്ധ സംഘടനകളിലൂടെ നടപ്പിലാക്കിയിരുന്ന പുനരധിവാസ ഭവനവായ്പാപദ്ധതി നിരവധി ആളുകൾ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. അതിനുശേഷം നടപ്പിലാക്കിയ കൈരളി ഭവനനിർമ്മാണ പദ്ധതി ഒരു ഗഡുമാത്രം വിതരണം ചെയ്ത് അടുത്തഗഡു കിട്ടാതെ 8 വർഷമായി പണിപൂർത്തിയാക്കാൻ കഴിയാത്ത 25 കുടുംബങ്ങൾ ഈ പഞ്ചായത്തിലുണ്ട്. അതിനുശേഷം നടപ്പിൽ വന്ന രാജീവ് ദശലക്ഷം പരിപാടി ഗഡുക്കൾ വിതരണം ചെയ്യുന്നതിലെ കാലതാമസം കൊണ്ടും, ഓഫീസ് നടപടി ക്രമങ്ങൾ വരുത്തുന്ന കാലതാമസം കൊണ്ടും അനാകർഷമായി തീർന്നിരിക്കുന്നു. കുറഞ്ഞ പലിശനിരക്കിൽ സബ്സിഡിയോടുകൂടിയ ദീർഘകാലവായ്പകൾ ആവശ്യാനുസരണം വിതരണം ചെയ്യാനുള്ള ഒരു സമഗ്ര പദ്ധതി ഗ്രാമപഞ്ചായത്തുകളിലൂടെ നടപ്പിലാക്കിയാൽ നിരവധി കുടുംബങ്ങളുടെ പാർപ്പിട പ്രശ്നം പരിഹരിക്കാനാകും.


ഓലപ്പുരകളിൽ താമസിക്കുന്ന ആയിരത്തോളം കുടുബങ്ങൾ ഇന്നും നമ്മുടെ പഞ്ചായത്തിലുണ്ട്. വർഷാവർഷം പുരകെട്ടിമേയുക എന്നത് വലിയ സാമ്പത്തിക ബാദ്ധ്യതയുള്ള കാര്യമാണ്. ഓലപ്പുരകൾ നിർമ്മാർജ്ജനം ചെയ്യാനുള്ള ഒരു പദ്ധതി ഈ പഞ്ചായത്തിൽ ഉടനെ ആരംഭിക്കേണ്ടിയിരിക്കുന്നു.

ഭവന നിർമ്മാണ വായ്പാസഹകരണ സംഘം നമ്മുടെ പഞ്ചായത്തിലില്ല. സംഘങ്ങളിൽ നിന്നും ലഭിക്കുന്ന വായ്പക്കുള്ള ഉയർന്ന പലിശനിരക്ക് സാധാരണക്കാർക്ക് താങ്ങാൻ കഴിയാത്തതാണ്. ഒറ്റപ്പാലം കാർഷിക വികസന ബാങ്ക് 49 പേർക്ക് മൊത്തം 1827590 രൂപ ഭവന വായ്പ നടത്തിയിരിക്കുന്നു. ശ്രീകൃഷ്ണപുരം ഭവന നിർമ്മാണ സഹകരണ സംഘം 9 പേർക്ക് 366000 രൂപ നൽകി.

പഴയ രീതിയിലുള്ള വീടുകളിൽ നിന്നും വ്യത്യസ്തമായി കോൺക്രീറ്റ് വീടുകൾ നിർമ്മിക്കുന്ന പ്രവണത ഉയർന്ന വരുമാനക്കാരുടെ ഇടയിൽ കാണുന്നുണ്ട്. മരത്തിന്റെ വിലക്കൂടുതൽ ഇതിന് ഒരു കാരണമാണ്. നിർമ്മാണ തൊഴിലാളികൾക്ക് ഇവിടെ ക്ഷാമം ഇല്ലെങ്കിലും ചില കാലങ്ങളിൽ അനുഭവപ്പെടാറുണ്ട്. നിർമ്മാണത്തൊഴിലാളികൾ അന്യ നാടുകളിൽ പോയി ജോലി ചെയ്യുന്നുണ്ട്.

നമ്മുടെ പഞ്ചായത്തിലെ വീടുകളെ സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

വാർഡ്	ഓലപ്പുരകൾ	ഓടുമേഞ്ഞ വീടുകൾ	കോൺക്രീറ്റ് വീടുകൾ	മറ്റുള്ളവ (ഷീറ്റ്)	വിവിധ ഭവനനിർമ്മാണ പദ്ധതികളിലൂടെ നിർമ്മിച്ചവ
1	122	540	37	2	10
2	105	360	7	5	9
3	134	338	10	3	15
4	134	460	10	3	18
5	100	402	65	2	20
6	116	293	14	4	25
7	94	341	34	2	20
8	167	339	29	3	22
	972	3073	206	24	139



ആകെ വീടുകൾ 4414

പരിഹാര മാർഗ്ഗങ്ങൾ

- ഭവന രഹിതരായ കുടുംബങ്ങൾക്ക് സൗജന്യമായി വീടു വെച്ചു നൽകുക.
- സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്നവർക്ക് സൗജന്യമായി വീടു വെച്ചു നൽകുക.
- ഓല മേഞ്ഞ വീടുകൾ ഓടു മേയാൻ ധനസഹായം നൽകുക.
- വീടു വെക്കാൻ സ്ഥലമില്ലാത്തവർക്ക് ഭൂമി വിതരണം ചെയ്യുക. നിലവിലുള്ള 4 സെന്റ് കോളനികളിൽ ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി തിരിച്ചെടുത്ത് അർഹതയുള്ളവർക്ക് വിതരണം ചെയ്യണം.
- ലക്ഷം വീടുകൾ അറ്റകുറ്റപ്പണി നടത്തി താമസയോഗ്യമാക്കുക.
- കുറഞ്ഞ പലിശനിരക്കിൽ സബ്സിഡിയോടുകൂടി സർക്കാർ നടപ്പാക്കുന്ന ഭവന നിർമ്മാണ പദ്ധതി ആവശ്യക്കാർക്കെല്ലാം കിട്ടാനുള്ള സൗകര്യം ഉണ്ടാക്കുക. നടപടി ക്രമങ്ങൾ ലഘൂകരിച്ച് ഇതിന്റെ ചുമതല ഗ്രാമ പഞ്ചായത്തുകളെ ഏല്പിക്കണം.
- പഞ്ചായത്തിൽ സ്വന്തമായി ഒരു ഭവനനിർമ്മാണ സഹകരണ സംഘം ഉണ്ടാക്കി കുറഞ്ഞ പലിശനിരക്കിൽ ദീർഘകാല വായ്പകൾ നൽകാനുള്ള സംവിധാനം ഉണ്ടാക്കുക. പലിശ നിരക്കു കുറക്കാൻ സഹകരണ സംഘങ്ങൾക്ക് സാദ്ധ്യമല്ലാത്തതുകൊണ്ട് അതിനുള്ള തുക സർക്കാരിൽ നിന്നും കൊടുക്കുക.
- കുറഞ്ഞ ചിലവിലുള്ള വീടു നിർമ്മാണത്തിന് പ്രോത്സാഹനം കൊടുക്കണം. സെമിനാറുകളും മറ്റും നടത്തി പ്രചരണം നടത്തി അത്തരം വീടു വെക്കുന്ന ദുർബല വിഭാഗക്കാർക്ക് ധനസഹായം നൽകണം.

- ഭവന നിർമ്മാണത്തിന് ഉപയോഗിക്കുന്ന സാധനങ്ങൾ പരമാവധി വിലകുറച്ചു ലഭിക്കുന്നതിന് ഭവന നിർമ്മാണ സഹകരണ സംഘത്തിന്റെ സേവനം വിപുലീകരിക്കുക.
- പട്ടിക ജാതിക്കാർക്ക് നിർമ്മിച്ചുകൊടുക്കുന്ന വീടുകൾക്കുള്ള സഹായധനം കൂട്ടുകയും ദീർഘകാലം നിലനിൽക്കുന്ന വീടുകൾ പണിയുകയും ചെയ്യുക.
- കൈരളീ ഭവന നിർമ്മാണ പദ്ധതിയിൽ ആദ്യഗഡു ലഭിച്ച് വർഷങ്ങളായി അടുത്ത ഗഡുലഭിക്കാതെ കാത്തിരിക്കുന്നവർക്ക് ഉടനടി സാമ്പത്തിക സഹായം നൽകുക.

സാമൂഹ്യക്ഷേമം

ദാരിദ്ര്യരേഖക്കു താഴെയുള്ള ജനങ്ങളെ ഉദ്ധരിക്കുന്നതിനുവേണ്ടി കേന്ദ്ര സംസ്ഥാന സർക്കാരുകൾ ആവിഷ്ക്കരിച്ചു നടപ്പാക്കുന്ന നിരവധി പദ്ധതികൾ ഇന്നു നിലവിലുണ്ട്. കോടിക്കണക്കിനു രൂപ ഓരോ വർഷവും ചിലവിടുന്നുണ്ടെങ്കിലും നടത്തിപ്പിലെ അപാകതകൾ കാരണം അർഹതയുള്ള പലർക്കും ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല. ശ്രീമതി ഇന്ദിരാഗാന്ധിയുടെ കാലത്ത് നടപ്പാക്കിയ IRDP പദ്ധതി കൊണ്ട് നിരവധി കുടുംബങ്ങൾ ജീവിതമാർഗ്ഗം കണ്ടെത്തിയിട്ടുണ്ട്. എങ്കിലും ഈ പദ്ധതി വളരെയധികം ദുരുപയോഗപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഗ്രാമവികസനത്തിനുവേണ്ടി കേന്ദ്ര സർക്കാർ ചിലവഴിക്കുന്ന ഫണ്ടിന്റെ സിംഹഭാഗവും വഴിമാറി പോകുന്നു എന്നു കണ്ടതാണ് അധികാരവികേന്ദ്രീകരണത്തെക്കുറിച്ച് ചിന്തിക്കാൻ ശ്രീ. രാജീവ് ഗാന്ധിയെ പ്രേരിപ്പിച്ചത്. സാമൂഹ്യക്ഷേമ പദ്ധതികളുടെ നടത്തിപ്പിൽ ജനകീയവൽക്കരണം അത്യന്താപേക്ഷിതമാണ്.

സംസ്ഥാന സർക്കാർ നടപ്പാക്കിയ വിവിധ പെൻഷൻ പദ്ധതികളും ക്ഷേമനിധി ആനുകൂല്യങ്ങളും അർഹരായ പലർക്കും ലഭിക്കുന്നില്ല. പദ്ധതികളെ കുറിച്ചുള്ള അറിവില്ലായ്മ, ഉദ്യോഗസ്ഥരിൽ അധികാരം കേന്ദ്രീകരിച്ചതുമൂലം അർഹതയുള്ളവർക്കു പലർക്കും കിട്ടായ്ക, അനുഭവിച്ചവർക്കു പോലും സമയത്ത് കിട്ടാതിരിക്കൽ തുടങ്ങിയവ ഇത്തരം പരിപാടികളുടെ ന്യൂനതകളാണ്.

വിവധ പദ്ധതികളെ കുറിച്ചുള്ള അറിവില്ലായ്മ വലിയൊരു പ്രശ്നമാണ്. പട്ടികജാതി വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന പല പദ്ധതികളും ആവശ്യക്കാർ അറിയുന്നില്ല. തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന വനിതാ വികസന കോർപ്പറേഷൻ, പിന്നോക്കജാതി വികസന കോർപ്പറേഷൻ എന്നിവയുടെ പ്രവർത്തനത്തെ കുറിച്ച് ഭൂരിപക്ഷം ആളുകളും അജ്ഞരാണ്. ത്രിതല പഞ്ചായത്തുകൾ വഴി ഇത്തരം ക്ഷേമ പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്.

കഴിഞ്ഞകാലങ്ങളിൽ നമ്മുടെ പഞ്ചായത്തിൽ നടപ്പാക്കിയ വിവധ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

I.R.D.P.

ദാരിദ്രരേഖക്കു താഴെയുള്ള കുടുംബങ്ങളെ ഉദ്ധരിക്കുന്നതിനു വേണ്ടി കേന്ദ്രസർക്കാർ നടപ്പാക്കുന്ന പദ്ധതിയാണ് I.R.D.P. സ്വയംതൊഴിൽ കണ്ടെത്തുന്നതിന് സബ്സിഡിയോടകൂടിയ വായ്പ ഈ പദ്ധതിയിൻ കീഴിൽ വിതരണം ചെയ്യുന്നു. I.R.D.P. സർവ്വെ പ്രകാരം ദാരിദ്രരേഖക്കു താഴെയുള്ളവരുടെ വിവരം താഴെ ചേർക്കുന്നു.

വാർഡ് No.	സർവ്വെ പ്രകാരം കണ്ടെത്തിയ കുടുംബങ്ങൾ	ഇതിൽ SC ST കുടുംബങ്ങൾ	നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ചവർ	ഇതിൽ SC/ST	സഹായംലഭിച്ചതു വഴി ദാരിദ്ര രേഖക്കു മുകളിൽ എത്തിയ കുടുംബങ്ങൾ	ദാരിദ്രരേഖക്കു താഴെയുള്ള കുടുംബങ്ങൾ
1	151	47	17	7	15	136
2	101	36	23	10	20	81
3	142	46	28	9	23	119
4	135	49	28	17	25	110
5	126	45	10	4	10	116
6	182	46	15	7	15	167
7	191	47	17	8	15	176
8	164	39	13	7	12	152
9	131	28	-	-	-	131

ട്രൈസം

18 മുതൽ 35 വയസ്സുവരെയുള്ള യുവതീവുവാക്കൾക്ക് സ്വയംതൊഴിൽ പരിശീലനം നൽകുന്നതിനുള്ള പരിപാടിയാണ് ട്രൈസം. ഈ പഞ്ചായത്തിൽ ട്രൈസം തൊഴിൽ പരിശീലനം നേടിയവരുടെ വിവരം.

വാർഡ് നമ്പർ	പരിശീലനം വിഷയത്തിന്റെ പേര്	പരിശീലനം ലഭിച്ചവരുടെ എണ്ണം	സ്വയംതൊഴിൽ കണ്ടെത്തിയവരുടെ എണ്ണം	ഇതര തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ	അപേക്ഷിക്കുന്നവർ
1	ഇലക്ട്രിക്കൽ ഉപകരണങ്ങളുടെ റിപ്പയർ	2	-	2	-
2	"	1	-	1	-
3	ഫുഡ് പ്രൊസസിങ്ങ്	10	10	-	-
	പ്ലാസ്റ്റിക് കേൻ വർക്ക്	1	-	1	-
4	ഫുഡ് പ്രൊസസിങ്ങ്	2	2	-	-
	പ്ലാസ്റ്റിക് കേൻ വർക്ക്സ്	1	-	1	-
5	കംപോസിങ്ങ് & പ്രിന്റിങ്ങ്	1	-	1	-
6	ടൈപ്പ് റൈറ്റിങ്ങ്	1	-	1	-
7	ഖാദി വീവിങ്ങ്	2	2	-	-
8	-	-	-	-	-

D.W.C.R.A.

സ്ത്രീകളുടെ ഉന്നമനത്തിനുവേണ്ടി പത്തോ അതിലധികമോ സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്ന തൊഴിൽ സംരംഭമാണ് D.W.C.R.A. വോള്ളിനേഴി പഞ്ചായത്തിൽ ഈ പദ്ധതിക്കു കീഴിൽ വരുന്ന സംരംഭങ്ങളുടെ എണ്ണം.

വാർഡ്	തൊഴിൽ സംരംഭത്തിന്റെ ഇനം	ആരംഭിച്ച വർഷം	പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം	പ്രവർത്തനക്ഷമത സംബന്ധിച്ച കുറിപ്പ്
1.	കരിങ്കൽ ക്വാറി യൂണിറ്റ്	1988 89	16	പ്രവർത്തിക്കുന്നുണ്ട്
1.	ആടു വളർത്തൽ യൂണിറ്റ്	1989-90	14	"
2.	പ്ലാസ്റ്റിക് മോൾഡേഴ്സ്	1984-85	16	"
2.	ബാഗ് നിർമ്മാണം	1988-89	13	"
3.	കൈത്തറി നെയ്ത്ത്	1984-85	17	പ്രവർത്തിക്കുന്നില്ല
3.	ഫുഡ് പ്രൊസസിങ്ങ് യൂണിറ്റ്	1992-93	12	പ്രവർത്തിക്കുന്നുണ്ട്
4.	ഇല്ല	-	-	-
5.	അമ്പ്രല അസംബ്ലിങ്ങ്	1988-89	10	"
6.	ഇല്ല	-	-	-
7.	കൈത്തറി യൂണിറ്റ്	1995-96	14	"
8.	ഇല്ല	-	-	-
9.	ഇല്ല	-	-	-

R.A.P.

ഗ്രാമീണ കൈത്തൊഴിൽ ചെയ്യുന്നവർക്ക് ആധുനിക തൊഴിലുപകരണങ്ങൾ നൽകുന്ന പരിപാടിയാണ്. I.R.D.P. സർവ്വെ പ്രകാരം ഇത്തരക്കാരുടെ കണക്ക് താഴെ കൊടുക്കുന്നു.

വാർഡ് No.	IRDP സർവ്വെ പ്രകാരം ഗ്രാമീണ കൈത്തൊഴിൽകാരുടെ എണ്ണം	സഹായംലഭിച്ചവരുടെ എണ്ണം	ഇനി സഹായത്തിന് അർഹതയുള്ളവരുടെ എണ്ണം
1	28	3	20
2	24	4	20
3	35	2	30
4	42	2	40
5	22	1	21
6	46	2	40
7	26	2	20
8	45	4	40
9	17	-	10

IRDP യിൽ സഹായം കൊടുത്തവരെ ഒഴിവാക്കിയിട്ടുണ്ട്.

നിർദ്ദേശങ്ങൾ

- സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 60 വയസ്സു കഴിഞ്ഞ മുഴുവൻ ആളുകൾക്കും പെൻഷൻ നൽകുക.
- സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ പെൺകുട്ടികളെ വിവാഹം ചെയ്യുകൊടുക്കാൻ സാമ്പത്തിക സഹായം അനുവദിക്കുക.
- വികലാംഗ പെൻഷന് വികലാംഗത്വം തെളിയിക്കാനുള്ള സർട്ടിഫിക്കറ്റ് കൊടുക്കുവാനുള്ള അധികാരം എല്ലാ ഗവർമെന്റ് ഡോക്ടർമാർക്കും നൽകുക.
- വിവിധ വകുപ്പുകൾ നടപ്പാക്കുന്ന ക്ഷേമ പദ്ധതികൾ അതാതു സമയത്ത് ഗ്രാമപഞ്ചായത്തുകളെ അറിയിക്കാനുള്ള സംവിധാനമുണ്ടാക്കുക.
- വിവിധ പെൻഷനുകൾക്ക് അർഹരായവരെ തീരുമാനിക്കാനുള്ള അധികാരം ഗ്രാമപഞ്ചായത്തുകൾക്ക് നൽകുക.
- സ്വന്തമായി കെട്ടിടം ഇല്ലാത്ത അംഗനവാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിച്ചു കൊടുക്കുക.
- അംഗനവാടികൾക്ക് ചുറ്റുമതിൽ, കുടിവെള്ളസൗകര്യം, L.P.G. ഗ്യാസ് അടുപ്പുകൾ, കുട്ടികൾക്ക് കളിക്കോപ്പുകൾ എന്നിവ ലഭ്യമാക്കുക.
- അംഗനവാടികളുടെ അറ്റകുറ്റപണി നടത്തുക.
- തെക്കുംപുറം IHDP കോളനിയിൽ പുതിയ അംഗൻവാടി അനുവദിക്കുക.
- പൊതു ശ്മശാനത്തിന് ചുറ്റുമതിൽ നിർമ്മിക്കുക.
- നെടുംകണ്ടംകുന്ന് പ്രദേശത്ത് പുതിയ അംഗൻവാടി നിർമ്മിക്കുക.
- തൊഴിലാളി ക്ഷേമനിധിയിൽ അർഹരായ മുഴുവൻ തൊഴിലാളികളേയും ഉൾപ്പെടുത്താനുള്ള ശ്രമം പഞ്ചായത്ത് തലത്തിൽ നടത്തുക.
- ടാപ്പിങ്ങ് തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തുക.



സംസ്ക്കാരം

വള്ളുവനാടൻ പൂരങ്ങളുടെ വർണ്ണവിസ്മയങ്ങളും കളിവിളക്കിനു മുമ്പിൽ തെളിഞ്ഞുവിടരുന്ന കഥകളിയുടെ മായികലോകവും പറയടിയുടെ പരുക്കൻതാളങ്ങൾക്കൊത്ത് ചുവടുവെച്ചു നീങ്ങുന്ന പൂതനും തിറയും..... നമ്മുടെ നാടിനെക്കുറിച്ച് ആർക്കും പെട്ടെന്ന് ഓർമ്മയിൽ തെളിഞ്ഞുവരുന്ന ദൃശ്യബിംബങ്ങളിൽ ചിലതാണിവ. സമ്പന്നമായ ഒരു സാംസ്ക്കാരിക ചരിത്രവും തനിമയും പാരമ്പര്യവും സ്വന്തമായുള്ള നമ്മുടെ ഗ്രാമത്തിന് കേരളത്തിന്റെ കലാസാംസ്ക്കാരിക ഭൂപടത്തിൽ പ്രത്യേക സ്ഥാനമുണ്ട്. മാറി മാറി വന്ന നാടുവാഴിത്ത - വൈദേശിക - ജനായത്ത ഭരണങ്ങൾ നമ്മുടെ നാടിന്റെ നിറമാർന്ന സാംസ്ക്കാരിക ചരിത്രത്തിന് തനതായ സംഭാവനകൾ നൽകിയിട്ടുണ്ട്.

കഥകളിയെക്കുറിച്ച് പറയാതെ വെള്ളിനേഴിയെക്കുറിച്ച് പറയാനാവില്ല. ജന്മികുടുംബങ്ങളിലെ കഥകളിക്കമ്പക്കാർ തുടക്കമിട്ടവയാണ് ആദ്യകാലങ്ങളിലെ കലാസാംസ്ക്കാരിക പ്രവർത്തനങ്ങളിലധികവും. ഒളപ്പമണ്ണ മനക്കാരുടെ നേതൃത്വത്തിൽ വെള്ളിനേഴി കാന്തള്ളൂർ അമ്പലത്തിൽ 'കഥകളികളരി' പ്രവർത്തിച്ചിരുന്നു. കഥകളിയുടെ പരമാചാര്യനായിരുന്ന പട്ടിക്കാംതൊടി രാവുണ്ണിമേനോനായിരുന്നു ഇതിന്റെ അമരക്കാരൻ. അദ്ദേഹത്തിന്റെ ശിഷ്യന്മാരാണ് ഈ രംഗത്ത് ഇന്നുള്ള പല പ്രസിദ്ധ കലാകാരന്മാരും. മപ്പാട്ടുമനക്കാരുടെ വകയായി മുന്നോർക്കോട്ടുണ്ടായിരുന്ന കഥകളി-നാടക സംഘത്തിന്റെ പ്രവർത്തനങ്ങൾ അടക്കാപുത്തൂർ കുളക്കാട് ഭാഗംവരെ വ്യാപിച്ചിരുന്നു. 'കല്ലുവഴിചിട്ട'യുടെ പ്രണേതാക്കളിൽ ഒരാളായിരുന്ന ഇട്ടിരാരിച്ചമേനോൻ, അരിമ്പൂർ രാമൻനായർ, തലാപ്പിൽ കണ്ടപ്പ കുറുപ്പ്, പൊറയത്ത് ഗോവിന്ദനാശാൻ എന്നിവരായിരുന്നു ഈ സംഘത്തിലെ കഥകളി ആശാന്മാർ. 'മനോമോഹന സഭ' എന്നായിരുന്നു നാടകസംഘത്തിന്റെ പേര്. നാടകരംഗാവിഷ്കാരത്തിന് പല പുതിയ സങ്കേതങ്ങളും ഇവർ നടപ്പിലാക്കിയിരുന്നു.

കഥകളി രംഗത്ത് ചൈതന്യവത്തായ ഓർമ്മകളിലൂടെ ഇന്നും കലാകാരന്മാർക്ക് പ്രചോദനം നൽകുന്ന, മൺമറഞ്ഞ ഒട്ടേറെ പ്രഗത്ഭമതികളെ ഇവിടെ അനുസ്മരിക്കാതെ വയ്യ. ഗുരുശ്രേഷ്ഠനായ ശ്രീ പട്ടിക്കാം തൊടി, വിഖ്യാതനായ 'ആശാരി' കോപ്പൻനായർ, രൗദ്രഗംഭീരമായ ചുവന്നതാടി വേഷങ്ങളിൽ തിളങ്ങിയ ശ്രീ വെള്ളിനേഴി നാണുനായർ, കഥകളിസംഗീതത്തെ ഉദാത്ത മേഖലകളിലേക്കുയർത്തിയ ശ്രീ കലാമണ്ഡലം ഉണ്ണിക്കുറുപ്പ്, ചെണ്ടയിൽ വീണവായിച്ചിരുന്ന ശ്രീ കൃഷ്ണൻകുട്ടിപ്പൊതുവാൾ, ശ്രീ അച്ചുണ്ണിപ്പൊതുവാൾ തുടങ്ങിയവരെ ഇക്കൂട്ടത്തിൽ എടുത്തുപറയേണ്ടതുണ്ട്.

കഥകളിയാചാര്യനും വന്ദ്യവയോധികനുമായ ശ്രീ കീഴ്പടം കെ. ആർ. കുമാരൻനായർ, കാളിദാസപുരസ്ക്കാരം നേടിയ സുപ്രസിദ്ധ കഥകളിനടൻ ശ്രീ. കലാമണ്ഡലം രാമൻകുട്ടി നായർ, ശ്രീ. കലാമണ്ഡലം പത്മനാഭൻ നായർ, ശ്രീ. കലാമണ്ഡലം കെ.ജി. വാസുദേവൻ നായർ, ശ്രീ. സദനം കുട്ടൻ, ശ്രീ. മട്ടന്നൂർ ശങ്കരൻകുട്ടി തുടങ്ങിയ അതിപ്രഗത്ഭന്മാരുടെ ഒരു നിര തന്നെ ഈ ഗ്രാമത്തിന്റെ സംഭാവനയായി കലാരംഗത്തെ അലങ്കരിക്കുന്നു. കഥകളിക്കോപ്പു നിർമ്മാണത്തിൽ അഗ്രഗണ്യനായിരുന്ന വെള്ളിനേഴി കോതാവിൽ കൃഷ്ണനാശാരിയുടെ മകൻ രാമൻകുട്ടി ഈ പാരമ്പര്യത്തെ കെടാതെ കാത്തുസൂക്ഷിക്കുന്നു. കടലാസുചുട്ടി രംഗത്തുകൊണ്ടുവന്ന വെള്ളിനേഴി ചുണ്ടയിൽ ബാലമേനോൻ മാസ്റ്ററും പ്രത്യേകം പരാമർശമർഹിക്കുന്നു.

കഥകളിക്കു പുറമെ കൈകൊട്ടികളിയും ഓട്ടൻതുള്ളലും പഠിപ്പിക്കാനുള്ള കളരികളും പ്രത്യേകമായി പ്രവർത്തിച്ചിരുന്നു. പാമ്പിൻ തുള്ളലിനോടനുബന്ധിച്ച് നടത്തിവന്നിരുന്ന സവിശേഷമായ കൈകൊട്ടിക്കളിയിൽ ചിലപ്പോൾ പുരുഷന്മാരും ചുവടു വച്ചിരുന്നത് ചില കാരണവന്മാർ ഇന്നും ഓർക്കുന്നു. പാങ്കളി, പരിചമുട്ടുംകളി, പാമ്പിൻ തുള്ളൽ, കളമെഴുത്ത്, പാനപിടുത്തം, പുള്ളുവൻപാട്ട്, തുയിലുണർത്തുപാട്ട്, ചവിട്ടുകളിപ്പാട്ട്, പൂതൻതിറ എന്നിങ്ങനെയുള്ള തനതു കലാരൂപങ്ങളും അനുഷ്ഠാന കലകളുമാണ് ഇവിടെ നിലനിന്നിരുന്നത്. തിരുനാരായണപുരം ഉത്രത്തിൽ കാവിനടുത്ത് കളരി നടത്തിയിരുന്ന നൊട്ടുതൊടി ആശാൻ, പാങ്കളിയിലെ വിദൂഷകവേഷമായ 'പകാൻ' അവതരിപ്പിച്ചിരുന്ന അയ്യപ്പൻ, ഗുരുവായൂർ ക്ഷേത്രത്തിൽ നിരവധി കൊല്ലക്കാലം കൃഷ്ണനാട്ടത്തിലെ കൃഷ്ണവേഷം കെട്ടിയിരുന്ന കേളുപ്പണിക്കർ തുടങ്ങിയ എത്രയോ കലാകാരന്മാർ ഈ രംഗങ്ങളിൽ ഒട്ടേറെ സംഭാവനകൾ നൽകിയിട്ടുണ്ട്. ഒരു ജ്യോതിഷക്കളരിയും അടക്കാപുത്തൂരിൽ പ്രവർത്തിച്ചിരുന്നു.

ജാതിമതഭേദമന്യേ ഏവരും ആഘോഷിക്കുന്ന വർണ്ണശബളമായ ഉത്സവങ്ങൾ നമ്മുടെ സംസ്ക്കാരത്തിന്റെ ഭാഗമാണ്. ഓണം, വിഷു, തിരുവാതിര തുടങ്ങിയ പരമ്പരാഗത ഉത്സവങ്ങളും അവയുടെ തനതു ശൈലീ വിശേഷങ്ങളും, ഭഗവതിക്കാവുകളിലെ പൂരങ്ങളും, വെഷ്ണവശൈവക്ഷേത്രങ്ങളിലെ ഉത്സവങ്ങളും, താലപ്പൊലികളും, ശിവരാത്രി ആഘോഷങ്ങളും, മുസ്ലീം പള്ളികളിലെ നേർച്ചകളും, മാരിയമ്മൻ കോവിലിലെ ഉത്സവങ്ങളും ഒക്കെച്ചേർന്ന വിവിധ സാംസ്ക്കാരിക അന്തർധാരകളുടെ സമന്വയമാണ് ഈ ആഘോഷങ്ങൾ. ആനകളും ആനച്ചമയങ്ങളും, അനുഷ്ഠാനമായി കർഷകർ കെട്ടിയെഴുന്നെള്ളിക്കുന്ന പൊയ് കാള കുതിരകളും അണിനിരക്കുന്ന പൂരങ്ങളാണ് ഈ പ്രദേശത്തെ ഏറ്റവും വലിയ ജനകീയ ഉത്സവങ്ങൾ.

സംസ്കൃതപണ്ഡിതനും വേദശാസ്ത്രപാരംഗതനുമായിരുന്ന ഒ.എം.സി. നമ്പൂതിരിപ്പാട്, പ്രശസ്തകവി ഒളപ്പമണ്ണ സുബ്രഹ്മണ്യൻ നമ്പൂതിരി, പണ്ഡിതനും കലാസ്വാദകനുമായിരുന്ന ഡോ:ചേലനാട്ട് അച്ചുതമേനോൻ, ലളിതമായ ഭാഷയിൽ ഒട്ടേറെ സാമൂഹ്യശാസ്ത്രപുസ്തകങ്ങൾ രചിച്ച പ്രശസ്തനായ പൊതുപ്രവർത്തകനായ ശ്രീ പി.ടി. ഭാസ്ക്കരപ്പണിക്കർ തുടങ്ങിയവർ കേരളത്തിലെ സാംസ്ക്കാരിക രംഗത്തിന് ഈ പ്രദേശത്തിന്റെ സംഭാവനകളാണ്.

ഈ പ്രദേശത്തെ ആദ്യത്തെ വായനശാല 1928 ൽ കുന്നത്തുമനവക പത്തായപ്പുരയിലാണ് പ്രവർത്തിക്കാൻ തുടങ്ങിയത്. സാമുദായികമായ ഉച്ചനീചത്വങ്ങൾ നിലനിന്നിരുന്ന ആ കാലത്ത് ജാതിമതഭേദമന്യേ എല്ലാവർക്കും പ്രവേശനം നൽകിയതു യശ: ശരീരനായ ശ്രീ. നാരായണൻ നമ്പൂതിരിയായിരുന്നു.

ഈ സാംസ്ക്കാരിക പശ്ചാതലത്തിന്റെയും, അഭിമാനകരമായ ചരിത്രത്തിന്റെയും അടിസ്ഥാനത്തിൽ ഇന്നത്തെ സ്ഥിതിഗതികൾ വിലയിരുത്തുമ്പോൾ നമുക്ക് ലജ്ജിക്കേണ്ടിവരും. ജനങ്ങളുടെ സാമൂഹ്യാവബോധത്തിന് കരുത്തേകേണ്ട ഗ്രന്ഥശാലകളും സന്നദ്ധസംഘങ്ങളും, ക്ലബ്ബുകളും നിർജ്ജീവമായികിടക്കുന്ന ഒരവസ്ഥയാണ് ചുറ്റും കാണുന്നത്. സാംസ്ക്കാരികരംഗത്ത് അനുസ്യൂതം നടത്തുന്ന ഊർജ്ജസ്വലമായ സന്നദ്ധ സംഘടനാപ്രവർത്തനങ്ങൾകൊണ്ട് ഊട്ടിയുറപ്പിക്കേണ്ട ശക്തമായ ഒരു സാംസ്ക്കാരികാടിത്തറയുടെ പിൻബലം നമുക്ക് നഷ്ടപ്പെടുന്നുണ്ട്. ദൃശ്യ-ശ്രവ്യ മാദ്ധ്യമങ്ങളിലൂടെയുള്ള സാംസ്ക്കാരികാധിനിവേശത്തിന്റെ കുത്തൊഴുക്കിൽ നമുക്ക് പിടിച്ചുനിൽക്കാനാവാതെ വരുന്നതും ഇതുകൊണ്ടാണ്.

സാംസ്ക്കാരികരംഗത്ത് സംഘടിതമായ സന്നദ്ധപ്രവർത്തനങ്ങൾ കേരളത്തിലൊട്ടാകെ നടന്നിട്ടുള്ളതു പോലെ ഇവിടെയും നടന്നിട്ടുണ്ട്. ദേശീയ പ്രസ്ഥാനം, ഖാദി, ജനകീയ പ്രസ്ഥാനങ്ങൾ, ഗ്രന്ഥശാലാ പ്രസ്ഥാനം, LLA തുടങ്ങിയവയെല്ലാം തനതായ രീതികളിൽ ഈ പ്രദേശത്തിന്റെ സാംസ്ക്കാരികോന്നതിക്കുവേണ്ടി പ്രവർത്തിച്ചിട്ടുണ്ട്. ഈ പ്രവർത്തനങ്ങളുടെ ഊർജ്ജമുൾക്കൊണ്ടുകൊണ്ട് കൂടുതൽ വളരാനോ, നേട്ടങ്ങൾ നിലനിർത്താനോ നമുക്ക് കഴിഞ്ഞിട്ടില്ല. മുൻകാലങ്ങളിൽ തുടങ്ങിവച്ച പലവായനശാലകളും, കലാസമിതികളും, യുവജനക്ലബ്ബുകളും ഇന്ന് നിലനിൽക്കുന്നില്ല. പഞ്ചായത്ത് സാംസ്ക്കാരിക നിലയത്തിൽ പൊടിപിടിച്ചു കിടക്കുന്ന കുറച്ചു പുസ്തകങ്ങളായി അവശേഷിക്കുന്ന അകാലചരമമടഞ്ഞ കുളക്കാട് പൊതുജനവായനശാല ഇതിനൊരുദാഹരണമാണ് (2000 ഓളം പുസ്തകങ്ങളും, 300 ഓളം അംഗങ്ങളും 20 ഓളം പ്രതിദിന വിതരണവും ഇവിടെ ഉണ്ടായിരുന്നു). നിലനിൽക്കുന്ന ഗ്രന്ഥശാലകളുടെ സ്ഥിതി വളരെ ശോചനീയമാണ്. ക്ലബ്ബുകളുടെ പ്രവർത്തനങ്ങളാകട്ടെ അധികവും കായികരംഗങ്ങളിൽ ഒതുങ്ങി നിൽക്കുന്നു.

നിലവിൽ പഞ്ചായത്ത് സാംസ്ക്കാരിക നിലയമുൾപ്പെടെ ആറു വായനശാലകളും ആറു ലൈബ്രറികളുമാണ് പ്രവർത്തിക്കുന്നത്. പതിനാല് കലാകായികവേദികളും പഞ്ചായത്തിലൊട്ടാകെയുണ്ട്. കുറുവട്ടൂർ ജ്ഞാനോദയം വായനശാല, വെള്ളിനേഴി ഡോ:ചേലനാട്ട് അച്ചുതമേനോൻ സ്മാരക വായനശാല, പഞ്ചായത്ത് സാംസ്ക്കാരിക നിലയം എന്നിവിടങ്ങളിൽ ചുരുക്കം ചില ദിനപത്രങ്ങളും ആനുകാലികങ്ങളും പഞ്ചായത്തുവകയായി ലഭിക്കുന്നുണ്ട്. എൽ.എൽ.എ. യുടെ കീഴിലുള്ള രണ്ടു ഗ്രന്ഥശാലകളും ആഴ്ചയിൽ ഒരു ദിവസം മാത്രമെ തുറന്നു പ്രവർത്തിക്കാറുള്ളൂ. മറ്റു ഗ്രന്ഥശാലകളെക്കുറിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

ഗ്രന്ഥശാല	ഗ്രന്ഥങ്ങളുടെ എണ്ണം	ഗ്രേഡ്	പ്രതിദിന വിതരണം	അംഗങ്ങൾ
1 ചെലനാട്ട് അച്ചുതമേനോൻ സ്മാരക വായനശാല, വെള്ളിനേഴി.	5000	B	10	100
2. യുവജന വായനശാല, വടക്കൻ വെള്ളിനേഴി.	300	-	8	50
3. കുറുവട്ടൂർ ജ്ഞാനോദയം വായനശാല.	4507	C	50	325
4. കുറ്റാനശ്ശേരി വായനശാല.	1200	B	18	40

1995-96 വർഷത്തിൽ ലൈബ്രറി, വായനശാലകളുടെ ആവശ്യത്തിലേക്ക് ആകെ ചെലവഴിച്ച തുക 8904 രൂപയാണ്. ഇത് പഞ്ചായത്ത് മൊത്തം ചിലവഴിച്ച സംഖ്യയുടെ 1.69 ശതമാനം മാത്രമാണ്.

ഉയർന്ന സാക്ഷരതയുള്ള ഈ പ്രദേശത്ത് പത്രം വായിക്കാത്തവർ കുറവാണ്. വിവിധ പത്രങ്ങളുടെ പ്രചാരം സംബന്ധിച്ച വിവരങ്ങൾ ഇവിടെ ചേർക്കാൻ കഴിഞ്ഞിട്ടില്ല.

സാംസ്ക്കാരികമായ ഒരു പുനരുദ്ധാരണ പ്രക്രിയക്ക് നമ്മൾ ഇന്ന് തുടക്കം കുറക്കേണ്ടിയിരിക്കുന്നു. സാമൂഹ്യമായ ഉച്ചനീചത്വങ്ങളും അന്ധവിശ്വാസങ്ങളും ചെറിയതോതിൽ ഇന്നും നിലനിൽക്കുന്നുണ്ടെങ്കിലും സമാധാനവും സഹവർത്തിത്വവും നിലനിൽക്കുന്ന സാമുദായികാന്തരീക്ഷം ഇക്കാര്യത്തിൽ നമ്മെ സഹായിക്കുന്ന അനുകൂലഘടകങ്ങളിൽ ഒന്നാണ്. സജീവമായ സാംസ്ക്കാരിക പ്രവർത്തനങ്ങൾക്ക് സർക്കാർ തലത്തിലുള്ള ധനസഹായത്തോടൊപ്പം തന്നെ ജനകീയമായ ഇച്ഛാശക്തിയുടെ പിൻബലവും അത്യാവശ്യമാണ്.

പ്രശ്നങ്ങൾ

1. വായനാശീലം കുറഞ്ഞുകൊണ്ടിരിക്കുന്നു. വായന ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ ഒതുങ്ങി നിൽക്കുന്നു. ഇതിൽ ഭൂരിഭാഗവും പൈങ്കിളി പ്രസിദ്ധീകരണങ്ങളുമാണ്. വായന ഒരാവശ്യമായി പുതിയ തലമുറയെ ബോദ്ധ്യപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.
2. ഗ്രന്ഥശാലകളും കലാസാംസ്ക്കാരിക സമിതികളും പോലുള്ള സാമൂഹ്യ പ്രതിബദ്ധതയുള്ള സജീവ സാംസ്ക്കാരിക പ്രവർത്തനങ്ങൾ വിപുലീകരിച്ച് പകരം വെയ്ക്കാൻ കഴിയാത്തതുമൂലം കേബിൾ ടി.വി.യും അശ്ലീല സിനിമകളും പരസ്യങ്ങളും പ്രതിനിധീകരിക്കുന്ന ഉപഭോഗസംസ്ക്കാരത്തിന്റെ കടന്നുകയറ്റത്തെ ഫലപ്രദമായി ചെറുത്തു നിൽക്കാനാവുന്നില്ല.
3. നിലവിലുള്ള ഗ്രന്ഥശാലകൾക്കും ആർട്സ് & സ്പോർട്സ് ക്ലബ്ബുകൾക്കും വേണ്ടത്ര സൗകര്യങ്ങളില്ല. സർക്കാർ തലത്തിലുള്ള ഗ്രാന്റുകളും മറ്റും ലഭ്യമാവുന്നില്ല. സ്വന്തമായ കെട്ടിടവും കളിസ്ഥലവും ഇതിൽ മിക്കസ്ഥാപനങ്ങൾക്കുമില്ല.
4. ചില വാർഡുകളിൽ ഗ്രന്ഥശാലകളേയില്ല.
5. വൻകിട പ്രസിദ്ധീകരണശാലകൾ വായന ഒരു ആർഭാടമാക്കി മാറ്റിയിരിക്കുന്നു.
6. മിക്ക വായനശാലകളിലും റേഡിയോ, ടി.വി. സൗകര്യങ്ങളില്ല.
7. മദ്യപാന ദുഷ്യഫലങ്ങളിൽ നിന്നും വ്യാജവാറ്റിന്റെ അനിയന്ത്രിതപ്രസരത്തിൽ നിന്നും പഞ്ചായത്തിലെ ഒരു പ്രദേശവും വിമുക്തമല്ല.
8. സ്ത്രീകൾക്കെതിരെ അക്രമങ്ങൾ വർദ്ധിച്ചു വരുന്നു.
9. സ്ത്രീധനവും സ്വർണ്ണാഭരണങ്ങളും മുൻനിർത്തിയുള്ള വിവാഹങ്ങളും വിവാഹത്തിന്റെ പേരിലുള്ള അനാവശ്യമായ ആർഭാടങ്ങളും ധൂർത്തുകളും ഇപ്പോഴും നടക്കുന്നു.
10. സ്ക്കൂൾ തലത്തിൽ നടത്തപ്പെടുന്ന കലാകായിക മത്സരങ്ങളിൽ വ്യാപകമായി കുട്ടികളിൽ കാണുന്ന താല്പര്യക്കുറവ്.
11. നാടൻ കലകൾക്ക് വേണ്ടത്ര പ്രോത്സാഹനം ലഭിക്കുന്നില്ല.

സാദ്ധ്യതകൾ, നിർദ്ദേശങ്ങൾ, ആവശ്യങ്ങൾ

1. വായനശാലകളുടെയും ക്ലബ്ബുകളുടെയും കലാസമിതികളുടെയും മുഖ്യഭാരവാഹികളും സ്ക്കൂൾ ലൈബ്രറിയുടെ ചാർജ്ജുള്ള അദ്ധ്യാപക പ്രതിനിധികളും പഞ്ചായത്ത് പ്രസിഡണ്ടും സെക്രട്ടറിയും അടങ്ങുന്ന പഞ്ചായത്ത്തല സാംസ്ക്കാരിക സമിതികൾ രൂപീകരിച്ച് പ്രവർത്തിക്കുക. ഇതിന്റെ കീഴിൽ വാർഡുതല സമിതികൾ രൂപീകരിച്ച് സാംസ്ക്കാരിക പ്രവർത്തനങ്ങളെ വികേന്ദ്രീകരിക്കുകയും ജനകീയമാക്കുകയും വേണം. വായനശാലകൾക്കും ക്ലബ്ബുകൾക്കും വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ ഈ സമിതി രൂപപ്പെടുത്തണം.
2. പഞ്ചായത്ത് സാംസ്ക്കാരിക നിലയം നിലവാരമുള്ള ഒരു ഗ്രന്ഥശാലയും പഠനഗവേഷണ കേന്ദ്രവുമാക്കി മാറ്റുക.

3. എല്ലാ വായനശാലകൾക്കും ദിനപത്രങ്ങളും ആനുകാലികങ്ങളും പഞ്ചായത്ത് വകയായി ലഭ്യമാക്കുക.

4. നിലവിലുള്ള എല്ലാ ഗ്രന്ഥശാലകൾക്കും ക്ലബ്ബുകൾക്കും വേണ്ട കെട്ടിടം, ഫർണീച്ചർ, പുതകങ്ങൾ, റേഡിയോ, ടി.വി., കളിസ്ഥലം തുടങ്ങിയ കാര്യങ്ങൾക്കു വേണ്ട സഹായങ്ങൾ നൽകുക. അർഹമായ ഗ്രാന്റുകൾ ലഭ്യമാക്കുക. ഗ്രാന്റ് തുക വർദ്ധിപ്പിക്കുക. വായനശാലകളിൽ സ്ഥിരം ലൈബ്രേറിയനെ നിയമിക്കുക.

5. L.L.A. നടത്തുന്ന ഗ്രന്ഥശാലകൾ ജനകീയ സമിതികളെ ഏല്പിച്ച് കൂടുതൽ വിപുലമാക്കുക.

6. മദ്യപാനം, അശ്ലീല സിനിമകൾ, പ്രസിദ്ധീകരണങ്ങൾ, കേബിൾ ടി.വി. കളിലൂടെയുള്ള സാംസ്ക്കാരികാധിനിവേശം തുടങ്ങിയ സാമൂഹ്യ വിപത്തുകൾക്കെതിരെ ജനകീയമായ പ്രചരണപരിപാടികൾ ആസൂത്രണം ചെയ്യുക. സ്ത്രീകളുടെ പങ്കാളിത്തം നല്ല രീതിയിൽ ഈ പരിപാടികളിലുണ്ടാവണം.

7. കുട്ടികളിൽ വായനാശീലം ഉണ്ടാക്കിയെടുക്കുന്നതിനും അതു ശരിയായ ദിശയിൽ വളർത്തിയെടുക്കുന്നതിനും വിദ്യാലയങ്ങളിലെ ഭാഷാദ്ധ്യാപകർ പ്രത്യേകം ശ്രദ്ധിക്കണം.

8. വെള്ളിനേഴി ഹൈസ്ക്കൂളിൽ കഥകളി സംബന്ധമായ എല്ലാ പാഠ്യവിഷയങ്ങളും ഏർപ്പെടുത്തണം. വേഷം ചുട്ടി തുടങ്ങിയ വിഷയങ്ങളിൽ നിലവിൽ അദ്ധ്യാപകരില്ല.

9. ക്ലബ്ബുകളുടെയും വായനശാലകളുടെയും പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോവാൻ കഴിയുന്ന സന്നദ്ധപ്രവർത്തകരെ എല്ലാ പ്രദേശങ്ങളിലും എല്ലാകാലത്തും ബോധപൂർവ്വം വളർത്തിയെടുക്കേണ്ടതുണ്ട്. കുറച്ചാളുകൾ അന്യദേശങ്ങളിൽ ജോലിതേടി പൊകുന്നതോടെ വായനശാലകളും ക്ലബ്ബുകളും അനാഥമാകുന്ന സ്ഥിതി ഉണ്ടായിക്കൂടാ. ജനകീയ സമിതികൾ ഇക്കാര്യം ശ്രദ്ധിക്കണം.

10. നാടൻ കലാമേളകൾ സംഘടിപ്പിക്കുക. അവശകലാകാരന്മാർക്കുള്ള പെൻഷൻ ഈ വിഭാഗത്തിലെ കലാകാരന്മാർക്കും ലഭ്യമാക്കുക.

11. ഹരിജൻ കോളനികളിലും പൊതുജനങ്ങൾ ഒത്തുകൂടുന്ന സ്ഥലങ്ങളിലും ടി.വി. സെറ്റുകൾ സ്ഥാപിക്കുക.

12. വായനശാലകളും ക്ലബ്ബുകളും ഇല്ലാത്ത പ്രപദേശങ്ങളിൽ ജനകീയ സംരംഭങ്ങളായി അവ ഉയർന്നു വരേണ്ടതുണ്ട്. ഇതിനാവശ്യമായ സഹായങ്ങൾ പഞ്ചായത്തുതലത്തിൽ ചെയ്യണം.

13. യുവജനങ്ങൾക്ക് സൗകര്യമാവുന്ന രീതിയിൽ പൊതു കളിസ്ഥലങ്ങളും ഓഡിറ്റോറിയങ്ങളും പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ നിർമ്മിക്കണം.

14. 7-ാം വാർഡിലുള്ള ക്ലബ്ബിന്റെ കളിസ്ഥലം നിരപ്പാക്കിയെടുക്കുന്നതിന് സാമ്പത്തികമായ സഹായം ചെയ്യുക.

15. ദേശീയ പ്രാധാന്യമുള്ള ദിനങ്ങളും ദേശീയോത്സവങ്ങളും സാംസ്ക്കാരിക നിലയം കേന്ദ്രമാക്കി ആഘോഷിക്കണം.

16. വനിതകൾക്കുമാത്രമായുള്ള റീഡിങ്ങ് റൂമുകൾ (പത്രവായനക്കും, ആനുകാലികങ്ങളുടെ കൈമാറ്റത്തിനുമുള്ള ചെറിയ കേന്ദ്രങ്ങൾ) ആരംഭിക്കണം.

17. തൊഴിലിനോടനുബന്ധിച്ച മത്സര മേളകൾ സംഘടിപ്പിക്കുക.

18. ക്ലബ്ബുകളും, മറ്റു സന്നദ്ധ സംഘടനകളും കായിക മത്സരങ്ങളിൽ ഊന്നിനിന്ന് പ്രവർത്തനം നടത്തണം. സ്ത്രീകൾ തീരെ കായികരംഗത്തെത്തുന്നില്ല. ഇതുപരിഗണിക്കണം.



വനിത

വെള്ളിനേഴി പഞ്ചായത്തിലെ ജനസംഖ്യയിൽ 52% വനിതകളാണ്. സാമൂഹ്യപ്രവർത്തന മേഖലകളിൽ തനതായ വ്യക്തിമുദ്ര പതിപ്പിച്ച വനിതകൾ മുൻകാലങ്ങളിൽതന്നെ പഞ്ചായത്തിലുണ്ടായിരുന്നു. 1920 കളിൽ അടക്കാപുത്തൂരിൽ നിന്ന് ലണ്ടനിൽപോയി ഡോക്ടറേറ്റ് എടുത്ത ശ്രീമതി മാലിനി, വിദ്യാഭ്യാസ രംഗത്തെ ഒരു നേട്ടമാണ്. അതുപോലെ ശ്രീമതി ദേവകി നരിക്കാട്ടിരി എന്ന വനിത ദേശീയ സ്വാതന്ത്ര്യപ്രസ്ഥാനം, യോഗക്ഷേമസഭ എന്നീ രംഗങ്ങളിലെ ഒരു തികഞ്ഞ പോരാളിയായിരുന്നു. അഹിംസയിലും സത്യത്തിലും അടിയുറച്ചതായിരുന്നു അവരുടെ പ്രവർത്തന ശൈലി. ഗാന്ധിജിയുടെ വാർദ്ധാ ആശ്രമത്തിലെ ഒരു സന്ദർശകയായിരുന്നു അവർ.

പൊതുരംഗങ്ങളിൽ തിരിച്ചറിയപ്പെടുന്നവരുണ്ടെങ്കിലും ഭൂരിഭാഗം വനിതകളും വീട്ടുജോലിയും ശിശു സംരക്ഷണവുമായി തങ്ങളുടേതായ ലോകത്തിൽ അദൃശ്യരായിത്തന്നെ കഴിഞ്ഞുകൂടുകയാണ്. മുൻകാലങ്ങളിൽ പെൺകുട്ടികൾ ഉന്നത വിദ്യാഭ്യാസം നേടുന്നതും സ്വന്തമായി ഒരു തൊഴിൽ ചെയ്യുന്നതും അന്തസ്സിനും അഭിമാനത്തിനും എതിരാണെന്ന ഒരു മിഥ്യാധാരണ സാധാരണ ജനങ്ങൾക്കിടയിലുണ്ടായിരുന്നു.

എന്നാൽ മാറിവന്ന സാമൂഹ്യ ചുറ്റുപാടുകൾ ഈ നിലപാടിന് കുറച്ചൊക്കെ മാറ്റം വരുത്തിയിട്ടുണ്ട്. പെൺകുട്ടികളുടെ വിവാഹപ്രായം നിയമം മൂലം 18 വയസ്സായി ഉയർത്തിയത് പ്രാഥമിക വിദ്യാഭ്യാസം നേടാനുള്ള ഒരു സാഹചര്യമായി വളർന്നു. സൗജന്യ ഹൈസ്ക്കൂൾ വിദ്യാഭ്യാസം ഇതിനു സഹായകമായിട്ടുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇന്ന് ആൺകുട്ടികൾക്കൊപ്പം തന്നെ പെൺകുട്ടികളും എത്തിച്ചേരുന്നുണ്ട്. ഹൈസ്ക്കൂൾ തലത്തിൽ 1947 ആൺകുട്ടികളും 1866 പെൺകുട്ടികളും വിദ്യാഭ്യാസം നടത്തുന്നു. എന്നാൽ പൊതുപരീക്ഷകളെ അടിസ്ഥാനമാക്കി പ്രവേശനം നേടുന്ന എഞ്ചിനീയറിംഗ്, മെഡിസിൻ, മറ്റു പ്രൊഫഷനൽ കോഴ്സുകൾ എന്നിവയിൽ പെൺകുട്ടികൾ തീരെയില്ലെന്നു തന്നെ പറയാം. തൊഴിൽ രംഗങ്ങളിൽ ഔദ്യോഗിക തലങ്ങളിൽ വിദ്യാഭ്യാസ രംഗത്തുമാത്രമാണ് വനിതകൾ മുന്നോട്ടു നിൽക്കുന്നത്. എന്നാൽ കൃഷി, കെട്ടിട നിർമ്മാണം, ചെറുകിട വ്യവസായ യൂണിറ്റുകൾ എന്നീ മേഖലകളിൽ സ്ത്രീകൾ പുരുഷന്മാരേക്കാൾ കൂടുതലാണ്. കൂലി നിരക്കിൽ സ്ത്രീകൾക്ക് വിവേചനം അനുഭവപ്പെടുന്നുണ്ട്.

തൊഴിൽ മേഖല	പുരുഷൻ	കൂലി	സ്ത്രീ	കൂലി.
കൃഷി.	1000	75	1500	55
കെട്ടിട നിർമ്മാണം.	220	130	700	80
ചെറുകിട വ്യവസായം.	150	12	175	75

സ്വയം തൊഴിൽ സംരംഭങ്ങൾ വനിതകളുടെ മേൽനോട്ടത്തിൽ ആരംഭിച്ചിട്ടുണ്ടെങ്കിലും വേണ്ടത്ര മാർഗ്ഗ നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും സാമ്പത്തിക സഹായവും യഥാസമയം ലഭിക്കാതെ മുരടിച്ചു നിൽക്കുകയാണ്. DWCRA പഞ്ചായത്തിലാകെ കൂടി 8 സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ആശാവഹമായ പുരോഗതി കാണാതെ ഇവ തളർന്നു നിൽക്കുകയാണ്. IRDP, ട്രൈസം എന്നീ പദ്ധതികളിലൂടെയും നിലനിൽക്കുന്ന ചില തൊഴിൽ സംരംഭങ്ങളുണ്ട്. എങ്കിലും ഇവയുടെ സർവ്വോതോന്മുഖമായ വളർച്ചക്ക് ഇങ്ങിനെ പരിശീലനങ്ങൾ, മാർഗ്ഗനിർദ്ദേശങ്ങൾ, പരിശോധനകൾ എന്നിവ ആവശ്യമാണ്. തിരുനാരായണപുരത്ത് ആരംഭിച്ച കുടനിർമ്മാണ യൂണിറ്റ്, പുത്തൻ കുളത്തെ നെയ്ത്തുകേന്ദ്രം, വെള്ളിനേഴിയിലെ ഐശ്വര്യബാഗ് വർക്ക്സ് എന്നിവ ഇതിനുദാഹരണങ്ങളാണ്. വെള്ളിനേഴിയിൽ പ്ലാസ്റ്റിക് അസംസ്കൃതവസ്തുവാക്കി ആരംഭിച്ച ഉല്പാദന യൂനിറ്റ് സ്ത്രീകളുടെ മേൽനോട്ടത്തിൽ തന്നെ ഒരു വിധം പ്രവർത്തനക്ഷമമായി നിൽക്കുന്നു.

പൊതുരംഗങ്ങളിൽ സ്ത്രീപങ്കാളിത്തം കുറവാണ്. അടക്കപുത്തൂർ, വെള്ളിനേഴി, തിരുനാരായണപുരം എന്നീ വാർഡുകളിൽ മഹിളാസമാജങ്ങൾ രൂപം കൊണ്ടിട്ടുണ്ടെങ്കിലും ക്രിയാത്മകമായ പ്രവർത്തനങ്ങൾ കുറവാണ്. വെള്ളിനേഴിയിൽ സാമൂഹ്യ വകുപ്പിൻ കീഴിൽ പ്രവർത്തിച്ചിരുന്ന മഹിളാസമാജം ഇന്ന് നിശ്ശബ്ദമാണ്. സ്വന്തമായി

കെട്ടിടമുള്ള ഇതിന്റെ പ്രവർത്തനം നാനാതുറകളിലൂടെയുള്ള മഹിളാ പ്രവർത്തനങ്ങളിലൂടെ അഭിവൃദ്ധിപ്പെടുത്താൻ കഴിയും.

കുടുംബനാഥന്റെ അഭാവത്തിൽ കുടുംബഭാരം തന്നെ ഏറ്റെടുത്തു നടത്തുന്ന വനിതകളും ഉണ്ട്. പഞ്ചായത്ത് ഭരണസമിതിയിൽ 3 പേർ വനിതകളാണ്. സ്ഥലം MLA, Block Panchayat Member, ബ്ലാക്ക് പഞ്ചായത്ത് പ്രസിഡണ്ട്, ജില്ലാ പഞ്ചായത്ത് മെമ്പർ എന്നിവരും വനിതകളാണ്. ജനാധിപത്യ മഹിളാ അസോസിയേഷൻ, മഹിളാ കോൺഗ്രസ് എന്നീ സംഘടനകൾ പ്രവർത്തിക്കുന്നെങ്കിലും സ്വയം ഈ രംഗത്തേക്ക് കടന്നുവരാൻ സ്ത്രീകൾ വിമുഖത കാട്ടുകയാണ്. അധ്യാപനം, ആരോഗ്യം. അംഗനവാടികൾ എന്നീ സേവന മേഖലകളിൽ വനിതകളുടെ എണ്ണം കൂടി വരുന്നത് ആശാവഹമാണ്.

സാദ്ധ്യതകൾ

സാമൂഹ്യരംഗത്തും പൊതുരംഗത്തും സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ അവർക്കായി വാർഡ് തലത്തിലോ പഞ്ചായത്ത് തലത്തിലോ പരിശീലന പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്. അന്തർലീനമായി കിടക്കുന്ന കഴിവുകൾ വളർത്തികൊണ്ടുവരുവാൻ ഇത്തരം വേദികൾ സഹായകമാവും. കലാസാംസ്ക്കാരിക രാഷ്ട്രീയ സംഘടനകൾ ഇതിന് ശ്രമിക്കേണ്ടതാണ്. സ്ത്രീകളുടെ മാത്രം വിനോദോപാധികളായ കൈകൊട്ടിക്കളി, തിരുവാതിരക്കളി, തുമ്പിതുള്ളൽ, ഊഞ്ഞാലാട്ടം എന്നിവ നല്ല അയൽകൂട്ടങ്ങൾ സൃഷ്ടിച്ചിരുന്നു. സാമൂഹികമായ ഇത്തരം ഒത്തുചേരലുകൾ അനുഭവങ്ങൾ പങ്കുവെക്കുന്നതിനും, ആശയ വിനിമയത്തിനും, ആത്മവിശ്വാസം വളർത്താനുമൊക്കെ പ്രയോജനകരമാണ്. അതിനാൽ ഇത്തരം ഇനങ്ങൾ പഞ്ചായത്തിന് മുൻകയ്യെടുത്ത് സംഘടിപ്പിക്കാവുന്നവയാണ്. ഗൃഹഭരണത്തോടൊപ്പം ഏറ്റെടുത്തു നടത്താവുന്ന സ്വയം തൊഴിൽ സംരംഭങ്ങളും ചെറുകിട യൂണിറ്റുകളും സാഹചര്യങ്ങൾക്കനുസരിച്ച് തുടങ്ങാൻ കഴിയേണ്ടതാണ്. പഞ്ചായത്തു തലത്തിൽ ധാരാളം ലഭിക്കുന്ന നാളികേരം, അടക്ക, വിവിധയിനം ഫലങ്ങൾ എന്നിവ ഉപയോഗിച്ചുണ്ടാക്കാവുന്ന വിവിധ ഉല്പന്നങ്ങളുടെ യൂണിറ്റുകൾക്ക് സാദ്ധ്യതകളേറെയുണ്ട്. കൂടാതെ പച്ചക്കറികൃഷി, ഔഷധസസ്യകൃഷി, ഉല്പാദന കൃഷി (കുറ്റിമുല്ല, ഓർക്കിഡ്) കൂൺ കൃഷി, കോഴിവളർത്തൽ, കന്നുകാലി വളർത്തൽ, പാലുല്പാദനം എന്നിവ പ്രവർത്തിക്കാവുന്ന മേഖലകളാണ്. കൂടുതലായി ഉല്പാദിപ്പിക്കപ്പെടുന്ന പാൽ സംഭരിച്ച് സംസ്ക്കരിക്കുന്നതിനും, വിറ്റുപോകാതെ ശേഷിക്കുന്ന പാൽ ഉപയാഗിച്ച് മറ്റുല്പന്നങ്ങൾ നിർമ്മിക്കുന്നതിനുമുള്ള സംവിധാനങ്ങളും ആരംഭിക്കാവുന്നവയാണ്.

വനിതാമേഖല നേരിടുന്ന പ്രശ്നങ്ങൾ

1. തൊഴിൽ മേഖലയിലെ അവഗണന.
2. സാമൂഹ്യപൊതുരംഗങ്ങളിൽ സ്ത്രീകൾ ധീരമായി പ്രവർത്തന സജ്ജരായി പുറത്തു വരുന്നില്ല.
3. തൊഴിൽ രംഗത്ത് പിടിച്ചു നിൽക്കാനാവശ്യമായ പരിശീലങ്ങൾ ലഭിക്കുന്നില്ല.
4. തുല്യ ജോലിക്ക് തുല്യ വേതനം ലഭിക്കുന്നില്ല.
5. സ്വയം തൊഴിൽ മേഖലകളിൽ യഥാസമയം മാർഗ്ഗനിർദ്ദേശങ്ങളും സാമ്പത്തിക സഹായവും ലഭിക്കുന്നില്ല.
6. സർക്കാർ സഹായ പദ്ധതികളുടെ വ്യക്തമായ അറിവില്ലായ്മ വിഷമാവസ്ഥയിലേക്കെത്തിക്കുന്നു.
7. സ്വയം തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെടുമ്പോൾ കൈക്കുഞ്ഞുങ്ങളുടെ സംരക്ഷണം വിഷമമുണ്ടാക്കുന്നു.
8. അംഗനവാടികളുടെ പരിമിതികൾ - അംഗനവാടികളുടെ അസൗകര്യങ്ങൾ (ചുറ്റുമതിൽ, കളിപ്പാട്ടങ്ങൾ, പോഷകാഹാരക്കുറവ്, ശുദ്ധജലം, സാനിറ്ററി സൗകര്യങ്ങൾ).
9. അംഗനവാടി അദ്ധ്യാപികമാരുടെ വേതനക്കുറവ് തൊഴിലിനോടുള്ള വിമുഖത വർദ്ധിപ്പിക്കുന്നു.
10. വിദ്യാലയങ്ങളിൽ പാഠ്യേതര വിഷയങ്ങളിൽ പെൺകുട്ടികളുടെ പങ്കാളിത്തം കുറവാണ്.
11. സാമാന്യവിദ്യാഭ്യാസമുണ്ടെങ്കിലും ശാസ്ത്രീയബോധനിലവാരം കുറവായതിനാൽ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും സ്ത്രീകൾക്കിടയിൽ ധാരാളമുണ്ട്.
12. ചാരായ നിരോധനം നടപ്പിലുണ്ടെങ്കിലും വ്യാജവാറ്റു പ്രശ്നങ്ങൾ കൂടുതൽ വിഷമങ്ങളുണ്ടാക്കുന്നു.
13. സർക്കാർ ആനുകൂല്യങ്ങൾ, പെൻഷനുകൾ എന്നിവ ലഭിക്കുന്നതിനുള്ള സാങ്കേതിക തടസ്സങ്ങൾ.
14. ദൂരദർശൻ ഉൾപ്പെടെയുള്ള ഇലക്ട്രോണിക്സ് മാദ്ധ്യമങ്ങളുടെ നിലവാര തകർച്ച.
15. സ്വയം തൊഴിൽ സംരംഭങ്ങളിലൂടെയുള്ള ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് പ്രയാസങ്ങൾ നേരിടുന്നു.

നിർദ്ദേശങ്ങൾ

1. സമൂഹത്തിൽ സ്ത്രീയുടെ മാന്യത ഉയർത്തികൊണ്ടുവരുന്നതിനുള്ള ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുക.
2. പെൺകുട്ടികൾക്ക് കൂടുതൽ സ്കോളർഷിപ്പുകൾ ഏർപ്പെടുത്തി വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുക.
3. പൊതു രംഗത്തെ വലിയ സംഭാവനകൾ നൽകിയ മഹിളകളുടെ ജീവചരിത്രം പാഠ്യവിഷയമാക്കുക.
4. അർഹതപ്പെട്ട എല്ലാവർക്കും വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ എന്നിവ ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കുക.
5. വിധവകളുടെ പെൺമക്കളുടെ വിവാഹത്തിനുള്ള ധനസഹായം നൽകുന്നതിനുള്ള നിലവിലുള്ള വരുമാന പരിധി വർദ്ധിപ്പിക്കുക (നിലവിലുള്ള സഹായം 10,000 രൂപയാക്കി ഉയർത്തുക).
6. പുരയിട കൃഷി വികസനത്തിന് ആവശ്യമായ വിത്ത്, വളം, കീടനാശിനി എന്നിവ മഹിളാ സമാജങ്ങളിൽ കൂടി വിതരണം ചെയുക.
7. കോഴി വളർത്തൽ, ആടുവളർത്തൽ, പന്നിവളർത്തൽ ഇവയുടെ യൂണിറ്റുകൾ മഹിളാസമാജങ്ങൾക്ക് ഏറ്റെടുത്ത് നടത്താനുള്ള സഹായങ്ങൾ നൽകുക.
8. വനിതകൾക്കു മാത്രമായി ഒരു തൊഴിലധിഷ്ഠിത വിദ്യാഭ്യാസ കേന്ദ്രം പഞ്ചായത്തിൽ തുടങ്ങുക.
9. പായ നെയ്ത്ത്, പ്ലാസ്റ്റിക് കെയിൻ വർക്ക്സ്, തുന്നൽ തുടങ്ങിയ കൈതൊഴിലുകൾക്ക് ആവശ്യമായ പ്രോത്സാഹനം നൽകുക.
10. പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു വനിതാ സഹകരണ സംഘം രൂപീകരിക്കുക.
11. നിലവിലുള്ളതും തകർന്നു പോയതുമായ DWCRA യൂണിറ്റുകൾ ഫലപ്രദമാക്കുന്നതിന് നടപടികൾ സ്വീകരിക്കുക.
12. ധാരാളം വിപണന സാദ്ധ്യതയുള്ള ഓർക്കിഡ്, കുറ്റിമുല്ല എന്നീ ഉദ്യാന കൃഷികൾക്ക് ആവശ്യമായ സാമ്പത്തിക - മാർഗ്ഗനിർദ്ദേശ - പരിശീലന സഹായങ്ങൾ അനുവദിക്കുക.
13. സ്ത്രീധന നിരോധന നിയമം ഫലപ്രദമായി നടപ്പിലാക്കുക. പ്രചരണം നടത്തുക.
14. തൊഴിലെടുക്കുന്ന സ്ത്രീകളുടെ സൗകര്യാർത്ഥം വാർഡടിസ്ഥാനത്തിൽ 'ക്രഷുകൾ' ഏർപ്പെടുത്തുക.
15. അംഗനവാടി, ബാലവാടി കെട്ടിടങ്ങൾ പുതുക്കി പണിയുകയും പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക.
16. പൊതുസ്ഥലങ്ങളിൽ തിരുവാഴിയോട്, കുളക്കാട്, അടക്കാപുത്തൂർ, വെള്ളിനേഴി എന്നീ സ്ഥലങ്ങളിൽ പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യങ്ങളേർപ്പെടുത്തുക.
17. ആവശ്യമുള്ള സ്ഥലങ്ങളിൽ പുതിയ അംഗനവാടികൾ തുടങ്ങുകയും നിലവിലുള്ള ജീവനക്കാരുടെ ഒഴിവുകൾ നികത്തുകയും ചെയ്യുക.
18. പെൺകുട്ടികളിൽ ആത്മവിശ്വാസം, തന്റേടം, ക്രിയാത്മകത, കായികക്ഷമത എന്നിവ വളർത്തിയെടുക്കുന്ന സൈക്ലിങ്ങ്, ജൂഡോ, ഡ്രൈവിങ്ങ്, കരാട്ടെ, എന്നിവ അഭ്യസിപ്പിക്കുന്ന ക്ലാസ്സുകൾ പഞ്ചായത്തടിസ്ഥാനത്തിൽ നൽകുക.
19. അശ്ലീല പോസ്റ്ററുകൾ, യുവത്വത്തെ വഴിതെറ്റിക്കുന്ന പൈങ്കിളി പ്രസിദ്ധീകരണങ്ങൾ, ദൂരദർശന്റെ വിവിധചാനലുകളിലൂടെ പ്രക്ഷേപണം ചെയ്യുന്ന നിലവാര മൂല്യമല്ലാത്ത പരിപാടികൾ എന്നിവ കർശനമായി നിരോധിക്കേണ്ടതാണ്.



സഹകരണ മേഖല

1848 ൽ ഇംഗ്ലണ്ടിലെ റോക്ക്ഡെൽ എന്ന സ്ഥലത്താണ് ആദ്യത്തെ സഹകരണ സംഘം സ്ഥാപിതമായത്. കടബാധ്യതയിൽ ഉഴലുന്ന കൃഷിക്കാരെ സഹായിക്കുന്നതിനുവേണ്ടി 1904-ൽ നിർമ്മിച്ച ഇന്ത്യൻ സഹകരണ സംഘനിയമത്തിന്റെ അടിസ്ഥാനത്തിലാണ് നമ്മുടെ നാട്ടിൽ സഹകരണസംഘങ്ങൾ രൂപം കൊള്ളുവാൻ തുടങ്ങിയത്.

കേരളത്തിൽ വ്യത്യസ്ത വിഭാഗങ്ങളിലായി 17,000 സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു. ഇതിൽ 1,568 എണ്ണം പ്രൈമറി സഹകരണ സംഘങ്ങളാണ്. ചെറുതും വലുതുമായ ഈ സംഘങ്ങളുടെ പ്രവർത്തന മൂലധനം ഏതാണ്ട് 81,000 കോടി രൂപയാണ്. ഈ നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ വെള്ളിനേഴിയിൽ സ്ഥാപിക്കപ്പെട്ട ഒളപ്പമണ്ണമനയുടെ നേതൃത്വത്തിൽ ഉള്ള സ്വകാര്യ ബാങ്കാണ് പഞ്ചായത്തിലെ ഏറ്റവും ആദ്യത്തെ സാമ്പത്തിക സ്ഥാപനം. കുളക്കാട്, വെള്ളിനേഴി എന്നിവിടങ്ങളിൽ 1950 നു ശേഷം ഓരോ ഐക്യനാണയസംഘം കൂടി ഉയർന്നു വന്നു. ചെർപ്പുളശ്ശേരി സഹകരണ സംഘത്തിന്റെ ഒരു ബ്രാഞ്ച് വെള്ളിനേഴിയിൽ തുടങ്ങിയതോടുകൂടി വെള്ളിനേഴി ഐക്യനാണയസഹകരണ സംഘം ഇതിനോട് കൂട്ടിചേർത്തു. കുളക്കാട് ഐക്യനാണയസഹകരണ സംഘം ക്രമേണ തകരുകയും മംഗലാംകുന്ന് PCC (Producers and Consumers Co-operative Society) യുമായി കൂട്ടിചേർക്കപ്പെടുകയും ചെയ്തു. അടക്കാപുത്തൂർ കേന്ദ്രീകരിച്ച് ചെത്തുതൊഴിലാളികളുടേതായി ഒരു 'ചക്കര' സൊസൈറ്റി രൂപം കൊണ്ടു. മദ്യനിരോധനം എടുത്തുകളയുകയും, വിറകിനു ക്ഷാമം നേരിടുകയും ചെയ്തപ്പോൾ 'ചക്കര'യുടെ ഉല്പാദനം കുറയുകയും സംഘത്തിന്റെ പ്രവർത്തനം നിലയ്ക്കുകയും ചെയ്തു.

കുളക്കാട് ഒരു നെയ്ത്തു തൊഴിലാളി സഹകരണ സംഘമുണ്ടായി. കെടുകാര്യസ്ഥതമൂലം അഞ്ചാറുവർഷം മുമ്പ് ഈ സംഘം തകർന്നു. കുറ്റാനശ്ശേരിയിൽ ഒരു എണ്ണയാട്ടൽ സഹകരണ സംഘവുമുണ്ടായി. വെള്ളിനേഴിയിൽ ഒറ്റപ്പാലം കോ-ഓപ്പറേറ്റീവ് ഗ്രൂപ്പ് ഹോസ്പിറ്റൽ സൊസൈറ്റിയുടെ ഭാഗമായി ഒരു ആശുപത്രി (അലോപ്പതി) ഉണ്ടായിരുന്നു. മാനേജ്മെന്റ് പ്രതിസന്ധിയും സാമ്പത്തിക വിഷമങ്ങളും കാരണം അതിന്റെ പ്രവർത്തനങ്ങൾ നിലച്ചിരിക്കുകയാണ്. ഈ സ്ഥാപനത്തിന്റെ കെട്ടിടവും സ്ഥലവും സാമൂഹ്യവിരുദ്ധരുടെ കേന്ദ്രമായിക്കൊണ്ടിരിക്കുന്നു. സ്വാതന്ത്ര്യ സമരസേനാനി ആയിരുന്ന ടി.പ്രകാശം വെള്ളിനേഴി സന്ദർശിച്ചത് സംഘങ്ങളുടെ സ്ഥാപനത്തിന് പ്രചോദകമായിട്ടുണ്ട്.

പഞ്ചായത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സഹകരണ സംഘങ്ങൾ

ഈ പഞ്ചായത്തിൽ ക്രെഡിറ്റ് സഹകരണ സംഘങ്ങളും നോൺ ക്രെഡിറ്റ് സഹകരണ സംഘങ്ങളും ഉണ്ട്. 2 ക്രെഡിറ്റ് സഹകരണ സ്ഥാപനങ്ങളും 3 നോൺ ക്രെഡിറ്റ് സഹകരണസംഘങ്ങളുമാണുള്ളത്.

ക്രഡിറ്റ് സംഘങ്ങൾ

തിരുവാഴിയോടുള്ള പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമസഹകരണ സംഘമാണ് ഈ പഞ്ചായത്തിലെ മുഴുവൻ പ്രദേശത്തെയും ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തിക്കുന്ന ഏക സഹകരണ സംഘം. ഈ സ്ഥാപനത്തിന് സ്വന്തമായി കെട്ടിടമുണ്ട്. പട്ടികജാതി പട്ടികവർഗ്ഗക്കാരെ മാത്രമാണ് ഇവിടെ അംഗങ്ങളാക്കുന്നത്. അംഗങ്ങൾക്ക് വ്യക്തിഗതലോണുകൾ കൊടുക്കുകയും കൃഷിക്കാർക്ക് രാസവളങ്ങൾ വിൽക്കുകയുമാണ് പ്രധാന പ്രവർത്തനം. ഒരു സെക്രട്ടറി മാത്രമാണ് ജീവനക്കാരനായി ഉള്ളത്. മെമ്പർമാരുടെ എണ്ണം വർദ്ധിപ്പിക്കുകയും, പുതിയ പ്രവർത്തനങ്ങൾ കണ്ടുപിടിക്കുകയും വേണം. കുറേ വർഷങ്ങളായി നഷ്ടത്തിലായിരുന്ന ഈ സ്ഥാപനം ഇപ്പോൾ ലാഭത്തിലേക്ക് നീങ്ങുകയാണ്.

ഈ പഞ്ചായത്തിലെ കൃഷിക്കാർക്കും, ഇടത്തരക്കാർക്കും വിവിധ തരത്തിലുള്ള വായ്പകൾ ലഭിക്കുന്നതിനും, അവരുടെ നിക്ഷേപങ്ങൾ സ്വീകരിക്കുന്നതിനും പ്രയോജനപ്പെടുന്ന സർവ്വീസ് സഹകരണ ബാങ്കുകൾ ചെർപ്പുളശ്ശേരി

സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കും, ശ്രീകൃഷ്ണപുരം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കുമാണ്. ഇതിൽ ചെർപ്പുളശ്ശേരി ബാങ്കിന്റെ ഒരു ശാഖ വെള്ളിനേഴിയിൽ പ്രവർത്തിക്കുന്നുണ്ട്. വെള്ളിനേഴി, വടക്കൻ വെള്ളിനേഴി, കുറ്റാനശ്ശേരി എന്നീ പ്രദേശങ്ങളാണ് ഇതിന്റെ പ്രവർത്തന മേഖല. ഇതിന് സ്വന്തമായി കെട്ടിടമുണ്ട്. ഒരേക്കറോളം സ്ഥലവും ഈ ബ്രാഞ്ചിന് സ്വന്തമായുണ്ട്. സാമാന്യം നല്ല നിലയിൽ ഇവിടെ ബാങ്ക്ബിസിനസ് നടക്കുന്നുണ്ട്. ചെർപ്പുളശ്ശേരി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ ഭരണസമിതിയിൽ വെള്ളിനേഴി ശാഖയുടെ പ്രവർത്തനമേഖലയിൽ നിന്ന് ഒരു ഡയറക്ടർ ഉണ്ട്. ശ്രീ.എം. മാധവൻ ആണ് ഇപ്പോഴത്തെ ഡയറക്ടർ. ഇദ്ദേഹം പ്രസ്തുത ബാങ്കിന്റെ വൈസ് പ്രസിഡണ്ട് ആണ്. പഞ്ചായത്തിലെ മറ്റുവാർഡുകളായ അടക്കാപുത്തൂർ, കുളക്കാട്, കുറുവട്ടൂർ, തിരുനാരായണപുരം, തിരുവാഴിയോട് എന്നീ പ്രദേശങ്ങൾ ശ്രീകൃഷ്ണപുരം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ പ്രവർത്തന മേഖലയിലാണ് ഉൾപ്പെടുന്നത്. ഇതിന്റെ ശാഖ നമ്മുടെ പഞ്ചായത്തിലില്ല. ബാങ്കിന്റെ ഭരണസമിതിയിലേക്ക് മൂന്നു ഡയറക്ടർമാർ ഈ പ്രദേശത്തുനിന്നുള്ളവരാണ്. ഇതിൽ ബാങ്കിന്റെ പ്രസിഡണ്ട് ശ്രീ.വി.ഗംഗാധരനും ഉൾപ്പെടും. കെ.ശ്രീധരൻ, എം.ഗോപാലകൃഷ്ണൻ എന്നിവരാണ് മറ്റു രണ്ടു പേർ.

കൂടാതെ ഒറ്റപ്പാലം കാർഷിക വികസന ബാങ്കിന്റെ പരിധിയിൽ ഉൾപ്പെടുന്നതാണ് ഈ പഞ്ചായത്ത്. ദീർഘകാല വായ്പകൾ കാർഷികാവശ്യങ്ങൾക്കും, കാർഷികേതരാവശ്യങ്ങൾക്കും ഈ ബാങ്ക് നൽകി വരുന്നു. ഈ ബാങ്കിന്റെ വിവിധ സ്കീമുകളിൽ കൂടി വികസനത്തിനാവശ്യമുള്ള വിഭവ സമാഹരണം ഏറെ സാദ്ധ്യതയുള്ള ഒന്നാണ്. ശ്രീകൃഷ്ണപുരം ബ്ലോക്കിന്റെ പ്രതിനിധിയായുള്ള ഒരു ഡയറക്ടർ ഈ പഞ്ചായത്തു പ്രദേശത്തുനിന്നുള്ള ആളാണ്. ശ്രീ.കെ.രാമൻകുട്ടി മാസ്റ്റർ ആണ് ഇപ്പോഴത്തെ പ്രതിനിധി. ശ്രീകൃഷ്ണപുരം ബ്ലോക്ക് ഭവന നിർമ്മാണ സഹകരണ സംഘത്തിന്റെ പ്രവർത്തന മേഖലയിൽ ഈ പഞ്ചായത്ത് ഉൾപ്പെടുന്നുണ്ട്. ഭവന നിർമ്മാണ രംഗത്ത് ചില സഹായങ്ങൾ ചെയ്യാൻ ഈ സ്ഥാപനത്തിന് കഴിഞ്ഞിട്ടുണ്ട്. ഈ പഞ്ചായത്തിലെ ശ്രീ. കെ.ജെ. രാമൻ നമ്പൂതിരി പ്രസ്തുത സംഘത്തിന്റെ ഡയറക്ടറാണ്.

ക്രെഡിറ്റ് സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. തിരുവാഴിയോട് പട്ടികജാതി സർവ്വീസ് സഹകരണ സംഘം

വെള്ളിനേഴി പുക്കോട്ടുകാവ് പഞ്ചായത്തുകളാണ് പരിധി. 23.3.1981 ന് ഇത് സ്ഥാപിതമായി. 899 അംഗങ്ങളാണുള്ളത്. പട്ടികജാതിക്കാരുടെ ജനസംഖ്യ 1991 ലെ സെൻസസ് അനുസരിച്ച് 2092 ആണ്. അംഗീകൃത ഓഹരി മൂലധനം 1,50,000 രൂപയാണ്. പിരിഞ്ഞുകിട്ടി ഓഹരി മൂലധനം 9,472 രൂപയാണ്. 70,000 രൂപ സർക്കാർ ഗ്രാന്റുണ്ട്. നിക്ഷേപം സ്വീകരിക്കുന്ന പ്രവർത്തനം ഇല്ല. IRDP വിശേഷാവശ്യങ്ങൾക്കുള്ള വായ്പകൾ കൊടുക്കുന്നു. 43,747.68 രൂപയാണ് ആകെ കൊടുത്ത വായ്പ.

ശ്രീ.ചന്ദ്രൻ (പ്രസിഡണ്ട്), ശ്രീമതി. അമ്മിണി, ശ്രീ. സുകുമാരൻ, ശ്രീ. പത്മനാഭൻ, ശ്രീ. ചെരുവ, ശ്രീ. രാമകൃഷ്ണൻ എന്നിവരാണ് ഇപ്പോഴത്തെ ഭരണസമിതി അംഗങ്ങൾ.

2. ചെർപ്പുളശ്ശേരി സർവ്വീസ് സഹകരണ ബാങ്ക് വെള്ളിനേഴി ശാഖ

1969 - 70 ലാണ് സ്ഥാപിതമായത്. 1280 അംഗങ്ങളാണുള്ളത്. പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം1,52,250 രൂപയാണ്. സ്ഥിരനിക്ഷേപം 99,88,685 രൂപയും ഹ്രസ്വകാല നിക്ഷേപം 17,49,308.28 രൂപയാണ് ഒട്ടാകെ 1,17,37,993.28 രൂപയാണ് നിക്ഷേപം.

ഈ ശാഖയിൽ നിന്നും കാർഷിക വായ്പകളായി നെൽകൃഷിക്കുവേണ്ടി 33,505 രൂപയും പൂളകൃഷിക്കായി 83,418 രൂപയും സ്വർണ്ണപണ്ടം പണയത്തിനുമേൽ വിവിധ കൃഷകൾക്കായി 42,42,415 രൂപയും കടമായികൊടുത്തിട്ടുണ്ട്.

മെമ്പർമാരുടെ മറ്റാവശ്യങ്ങൾക്കുവേണ്ടി ഓർഡിനറി loan കളിൽ കൂടി 6,59,369 രൂപയും സ്വയം തൊഴിൽ loan കളിൽ കൂടി 1,46,770 രൂപയും House roofing loan കളിൽ കൂടി 26,897 രൂപയും കക്കൂസ് നിർമ്മാണത്തിനുള്ള കടമായി 2,600 രൂപയും കല്യാണാവശ്യങ്ങൾക്കായി 70,800 രൂപയും, വീട്ടുപകരണങ്ങൾ വാങ്ങുന്നതിനു വേണ്ടി 94,090 രൂപയും വാഹനങ്ങൾക്കായി 19,940 രൂപയും DRDA loan കൾക്കായി 2,110 രൂപയും കടമായി വിതരണം ചെയ്തിട്ടുണ്ട്.

3. ഒറ്റപ്പാലം പ്രാഥമിക കാർഷിക വികസന ബാങ്ക്

ഈ പഞ്ചായത്തിലെ മെമ്പർമാർക്കായി വിവിധ ഇനങ്ങളിൽ മൊത്തം 58,65,012 രൂപയുടെ കടങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. കടങ്ങളുടെ വിവരം താഴെ കാണുംപ്രകാരമാണ്.

ദീർഘകാലാടിസ്ഥാനത്തിലുള്ള കടങ്ങളാണ് ഈ ബാങ്കിൽ നിന്നു് വിതരണം ചെയ്യു വരുന്നത്. മറ്റു ബാങ്കുകളിൽ നിന്നും വ്യത്യസ്തമായി കുറഞ്ഞ നിരക്കിലുള്ള പലിശയാണ് മെമ്പർമാരിൽ നിന്നും ഈടാക്കിവരുന്നത്. കഴിഞ്ഞകാലഘട്ടത്തിൽ ഈ ബാങ്ക് ഈ പഞ്ചായത്തതിർത്തിയിൽ തെങ്ങുകൃഷി വികസനത്തിനുവേണ്ടി 31 മെമ്പർമാർക്കായി 2,00,165 രൂപയും തെങ്ങുകൃഷി പുനരുദ്ധാരണത്തിനു വേണ്ടി 4 പേർക്കായി 47,882 രൂപയും റബ്ബർ കൃഷി വികസനത്തിനായി 85 മെമ്പർമാരിൽ കൂടി 1,57,600 രൂപയും. വെറ്റില കൃഷി വികസനത്തിനായി 42 മെമ്പർമാർക്കിടയിൽ 3,32,334 രൂപയും കവുങ്ങ്കൃഷി വികസനത്തിനായി 24,815 രൂപയും റബർ നഴ്സറി വികസനത്തിനായി 66,317 രൂപയും കാർഷിക വികസന ഇനത്തിൽ വിതരണം ചെയ്തിട്ടുണ്ട്.

ഇറച്ചികോഴി വളർത്തലിനുവേണ്ടി 6 മെമ്പർമാർക്കായി 2,05,105 രൂപയും ആടുവളർത്തുന്നതിനുവേണ്ടി 23,300 രൂപയും പന്നിവളർത്തുന്നതിനു വേണ്ടി 12,500 രൂപയും പശുവളർത്തുന്നതിനുവേണ്ടി 2 പേർക്കായി 55,625 രൂപയും മൃഗസംരക്ഷണത്തിനായി കടമായി വിതരണം ചെയ്തിട്ടുണ്ട്.

കിണർ കുഴിക്കുന്നതിനും പമ്പുസെറ്റുകൾ സ്ഥാപിക്കുന്നതിനുമായി മൈനർ ഇറിഗേഷൻ ഇനത്തിൽ 62 മെമ്പർമാർക്കിടയിൽ 50,849 രൂപകടമായി വിതരണം ചെയ്തിട്ടുണ്ട്.

കൃഷിഭൂമിയുടെ സംരക്ഷണത്തിനുവേണ്ടി ഭൂമി നിരപ്പാക്കൽ, തട്ടുകളാക്കി തിരിക്കൽ, കയ്യാലകെട്ടൽ, കമ്പിവേലി എന്നിവയ്ക്ക് 64 മെമ്പർമാർക്കായി 5,16,945 രൂപ കടമായി വിതരണം ചെയ്തിട്ടുണ്ട്.

ദേശീയ ഭവന നിർമ്മാണ ബാങ്കിന്റെ സഹായത്താൽ ഈ പഞ്ചായത്തിലെ 49 മെമ്പർമാർക്കിടയിൽ വീടു വാങ്ങുന്നതിനും റിപ്പയർ ചെയ്യുന്നതിനും പുതിയ വീട് നിർമ്മിക്കുന്നതിനുമായി 18,27,890 രൂപ കടമായി വിതരണം ചെയ്തിട്ടുണ്ട്.

കാർഷിക ഉല്പന്നങ്ങളുടെ വിതരണത്തിനും മറ്റുമായി വാഹനങ്ങൾ വാങ്ങുന്നതിനായി 3 പേർക്കായി 2,84,367 രൂപ വായ്പയായി വിതരണം ചെയ്തിട്ടുണ്ട്.

കുടാതെ ഗ്രാമീണ മേഖലയിൽ തൊഴിലവസരം പ്രദാനം ചെയ്യുന്നതിനും സംരംഭകർക്കായി 1,17,495 രൂപയും കൂടുതൽ മുതൽ മുടക്കുള്ള വ്യവസായങ്ങൾക്കായി 2 പേർക്ക് 4,41,826 രൂപയും വായ്പയായി നിതരണം ചെയ്തിട്ടുണ്ട്.

കാർഷികമേഖലക്ക് പ്രാധാന്യം നൽകുന്ന ആസൂത്രണ പ്രക്രിയയിൽ കർഷകർക്കുവേണ്ട സാമ്പത്തിക സഹായങ്ങൾ നൽകാൻ സംസ്ഥാന കാർഷിക വികസന ബാങ്കിന്റെയും ദേശീയ കാർഷിക ബാങ്കിന്റെയും സഹായത്തോടുകൂടി ഒറ്റപ്പാലം കാർഷിക വികസന ബാങ്ക് പഞ്ചായത്തിലെ ജനങ്ങളെ സഹായിക്കുന്നുണ്ട്.

4. ശ്രീകൃഷ്ണപുരം ബ്ലോക്ക് ഭവന നിർമ്മാണ സഹകരണ സംഘം

ഈ പഞ്ചായത്തിലെ 9 മെമ്പർമാർക്കായി ഈ സംഘം 36,600 രൂപ ഭവന നിർമ്മാണത്തിനായി കടമായി വിതരണം ചെയ്തിട്ടുണ്ട്.

5. ശ്രീകൃഷ്ണപുരം സർവ്വീസ് സഹകരണ ബാങ്ക്

മംഗലാംകുന്ന് ഐക്യനാണയ സംഘം എന്ന പേരിൽ അടുത്ത കാലംവരെ അറിയപ്പെട്ടിരുന്ന ഈ സ്ഥാപനം 5.8.1946 ൽ ആണ് സ്ഥാപിതമായത്. ഈ സ്ഥാപനത്തിന് ഈ പഞ്ചായത്തതിർത്തിയിൽ 6500 ഓളം മെമ്പർമാരുണ്ട്. ഈ പഞ്ചായത്തതിർത്തിയിൽ ഈ ബ്രാങ്കിന്റെ 4¾ ലക്ഷം രൂപ ഓഹരി മൂലധനമുണ്ട്. പഞ്ചായത്തിലെ ജനങ്ങളുടേതായി 125 ലക്ഷം രൂപ സ്ഥിര നിക്ഷേപവും ഹ്രസ്വകാല നിക്ഷേപമായി 10 ലക്ഷം രൂപയും നിക്ഷേപമുണ്ട്. കാർഷിക കടമായി 7 ലക്ഷം രൂപയും gold loan ആയി 20 ലക്ഷം രൂപയും കാർഷികേതര കടങ്ങളായി 20 ലക്ഷം രൂപയും മെമ്പർമാരുടെയിടയിൽ കടമായി വിതരണം ചെയ്തിട്ടുണ്ട്.

നോൺ ക്രെഡിറ്റ് സംഘങ്ങൾ

സ്ക്കൂൾ വിദ്യാർത്ഥികൾക്ക് പാഠപുസ്തകങ്ങൾ ഡിപ്പോവിൽ നിന്ന് വാങ്ങി വിതരണം ചെയ്യുന്ന 3 നോൺ ക്രെഡിറ്റ് സംഘങ്ങളാണുള്ളത്.

1. Vellynezhi High School.

2. Adakkaputhur H.S.

3. Mahatma U.P.S. എന്നീ വിദ്യാലയങ്ങളെ കേന്ദ്രീകരിച്ചാണ് W.C. സംഘങ്ങൾ പ്രവർത്തിക്കുന്നത്. സമീപ പ്രദേശങ്ങളിലുള്ള L.P. U.P. ,H.S.School- കളിലെ അദ്ധ്യാപകരും ഹൈസ്ക്കൂളിലെ വിദ്യാർത്ഥികളുമാണ് ഇതിലെ

മെമ്പർമാർ. ഈ സംഘങ്ങൾ മുഖേന വിദ്യാർത്ഥികൾക്കാവശ്യമായ മറ്റു പഠനോപകരണങ്ങൾ കൂടി വിതരണം ചെയ്യുവാനുള്ള സംവിധാനം ഉണ്ടാക്കേണ്ടതാണ്.

സ്ക്കൂളുകളിലെ സഞ്ചയികാ നിക്ഷേപങ്ങൾ ഉപകാരപ്രദമായ രീതിയിൽ വിനിയോഗിക്കുന്നതിനും സഞ്ചികാശീലം തുടർന്നും നിലനിർത്തുന്നതിനും School Co-operative Soceity കൾക്ക് എന്തെല്ലാം ചെയ്യാൻ കഴിയും എന്നു പരിശോധിക്കേണ്ടതാണ്.

പ്രശ്നങ്ങൾ


സഹകരണമേഖലയിൽ പഞ്ചായത്തിൽ നിലവിലുള്ള സ്ഥിതിയാണ് ഇതുവരെ വിശകലനം ചെയ്തത്. ഇതിന്റെ അടിസ്ഥാനത്തിൽ ഈ രംഗത്തെ പ്രശ്നങ്ങൾ പട്ടികപ്പെടുത്തുവാൻ ശ്രമിക്കുകയാണ്.

- ഈ പഞ്ചായത്തു പ്രദേശത്തെ മുഴുവനായി ഉൾക്കൊണ്ടു കൊണ്ട് പ്രവർത്തിക്കുന്ന ഒരു സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ഇല്ലാത്തതാണ് മുഖ്യപ്രശ്നം.
- ഭവന നിർമ്മാണ മേഖലയിൽ സഹകരണ സംഘങ്ങളുടെ പങ്ക് നാമമാത്രമാണ്.
- വനിതാ സഹകരണ സംരംഭങ്ങൾ തീരെയില്ല.
- കാർഷിക മേഖലയെ കേന്ദ്രീകരിച്ചുകൊണ്ട് പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ അഭാവം.
- കൃഷി അനുബന്ധ വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കാൻ സഹകരണ മേഖലയിൽ ഒരു സംവിധാനവും നിലവില്ല.

സാദ്ധ്യതകളും നിർദ്ദേശങ്ങളും

- കുളക്കാട് കേന്ദ്രീകരിച്ച് പഞ്ചായത്തിന് സ്വന്തമായി ഒരു സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് സ്ഥാപിക്കുക.
- പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് വിത്ത്, വളം, വായ്പകൾ, ഉപദേശങ്ങൾ, പരിശീലനം എന്നിവ ലഭ്യമാക്കികൊണ്ട് അടക്കാപുത്തൂർ കേന്ദ്രമാക്കികൊണ്ട് ഒരു പച്ചക്കറി ഉല്പാദക വിപണന സഹകരണ സംഘം സ്ഥാപിക്കുക.
- പഴം സംസ്ക്കരണം, മറ്റു ഭക്ഷ്യ സംസ്ക്കരണം എന്നീ മേഖലകളിൽ വനിതാ സഹകരണ സംരംഭങ്ങൾ വാർഡു തോറും തുടങ്ങുക. ഇതിനെ ഏകോപിപ്പിക്കുന്നതിന് പഞ്ചായത്തടിസ്ഥാനത്തിൽ ഒരു സമിതി രൂപീകരിക്കുക.
- ക്ഷീര കർഷകരെ പ്രോത്സാഹിപ്പിക്കുക, വായ്പകൾ, കാലിത്തീറ്റ മുതലായവ ലഭിക്കുന്നതിനും പാൽ വിപണനം നടത്തുന്നതിനും ഒരു ക്ഷീരവ്യവസായ സഹകരണ സംഘം തിരുവാഴിയോട് കേന്ദ്രീകരിച്ച് ആരംഭിക്കുക.
- വെള്ളിനേഴി കേന്ദ്രീകരിച്ച് റബ്ബർ ഉല്പന്ന വ്യവസായ സഹകരണ സംഘം സ്ഥാപിക്കുക. ഇതുപോലെ നെയ്ത്ത്, മൺപാത്ര നിർമ്മാണം തുടങ്ങിയ വൃത്യസ്ത മേഖലകളെ ഉൾപ്പെടുത്തി അനുയോജ്യമായ ചെറുകിട വ്യവസായ സഹകരണ സംഘങ്ങൾ പറ്റുന്ന സ്ഥലങ്ങളിൽ തുടങ്ങാൻ ശ്രമിക്കുക.
- അടക്കാപുത്തൂർ സെന്റർ കേന്ദ്രീകരിച്ച് നിത്യോപയോഗ സാധനങ്ങളുടെ സംഭരണത്തിനും വിപണനത്തിനും സഹകരണ അടിസ്ഥാനത്തിൽ ഒരു സ്ഥാപനം തുടങ്ങുകയും ഇതിന്റെ ശാഖകൾ എല്ലാ വാർഡു കേന്ദ്രങ്ങളിലും ആരംഭിക്കുകയും ചെയ്യുക.
- വിവിധ തരം തൊഴിലാളികളെ ഉൾപ്പെടുത്തികൊണ്ട് ഒരു ലേബർ കോൺട്രാക്ട് സൊസൈറ്റി രൂപീകരിക്കുക. തൊഴിലാളികളുടെ രജിസ്ട്രേഷൻ, വിതരണം എന്നിവ ഈ സൊസൈറ്റി മുഖേന നടത്തുക.
- ചെറുകിട കർഷകരുടെ വികസനത്തിനു വേണ്ടി ധാരാളം വായ്പകൾ നൽകിയിട്ടുള്ള ഒറ്റപ്പാലം കാർഷിക വികസന ബാങ്കിന്റെ ഒരു ശാഖ ശ്രീകൃഷ്ണപുരം ബ്ലോക്കിലെ മുഴുവൻ ജനങ്ങൾക്കും ഉപകാരപ്രദമായ വിധത്തിൽ തിരുവാഴിയോട് സെന്ററിൽ തുടങ്ങുക.

ആധുനിക ജീവിതത്തിൽ വളരെയേറെ പ്രസക്തിയും പ്രാധാന്യവുമുള്ള മേഖലയാണ് സഹകരണ മേഖല. ഈ മേഖലയിൽ വളരെയേറെ അവഗണിക്കപ്പെടുകയും പിൻതള്ളപ്പെടുകയും ചെയ്യുന്ന പഞ്ചായത്താണ് നമ്മുടേത്. ജനങ്ങളുടെ സംഘശക്തിയും വികസനോന്മുഖതയും സന്നദ്ധതയും കൈമുതലാക്കി ഈ രംഗത്ത് ഒരു കുതിച്ചു ചാട്ടം നടത്തുന്നതിന് ഈ പദ്ധതി പ്രവർത്തനങ്ങൾ ഉപയോഗപ്പെടുത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ റിപ്പോർട്ട് ഉപസംഹരിക്കട്ടെ.



പട്ടികജാതി പട്ടിക വർഗ്ഗക്ഷേമം

ജാതിജന്മി നാടുവാഴിത്തവ്യവസ്ഥയുടെ കർക്കശമായ ചട്ടക്കൂടു കളിൽ അടങ്ങി ഒതുങ്ങിക്കൊണ്ട് കേവലം മൃഗസമാനമായ ജീവിതമായിരുന്നു ഈ വിഭാഗക്കാർ നയിച്ചുകൊണ്ടിരിന്നത്. ജാതി ധർമ്മങ്ങൾക്കനുസരിച്ച തൊഴിലുകൾ ചെയ്യാൻ മാത്രമേ ഇക്കൂട്ടർക്ക് അവകാശമുണ്ടായിരുന്നുള്ളൂ. പിറന്നുവീണു വളർന്ന് തൊഴിലെടുക്കുന്ന ഭൂമിയിൽ ഒരവകാശവും ഈ വിഭാഗത്തിലുള്ളവർക്കുണ്ടായിരുന്നില്ല. ചത്താൽ കുഴിച്ചിടാൻ നാഴിമണ്ണുപോലും സ്വന്തമായില്ലാതിരുന്ന ഈ വിഭാഗക്കാർക്ക് 1957 ലെ കുടിയൊഴിപ്പിക്കൽ നിരോധന ഓർഡിനൻസിലൂടെയാണ് കൈവശഭൂമിയിൽ കാലുറപ്പിച്ചു നിൽക്കാൻ കഴിഞ്ഞത്.

ഈ പഞ്ചായത്തിൽ പട്ടികജാതിക്കാരേയുള്ളൂ, പട്ടികവർഗ്ഗക്കാരില്ല. ജാതിജന്മി നാടുവാഴിത്തത്തിന്റെ അവശിഷ്ടങ്ങൾ ഇന്നും ഈ വിഭാഗക്കാരുടെ ജീവിതത്തെ ഏറെസ്വാധീനിക്കുന്നുണ്ട്. ഏറ്റക്കുറച്ചിലുകളോടെ ജാതിചിന്തകളും തദനുസൃതമായ സാമൂഹ്യ പിന്നോക്കാവസ്ഥയും പട്ടികജാതിക്കാർ നേരിടുന്ന മുഖ്യവെല്ലുവിളിയാണ്. അലക്ക്, കൃഷിപ്പണി, ഓലക്കുടനിർമ്മാണം, ക്ഷൗരം, വട്ടിനെയ്ത്ത് എന്നിങ്ങനെ പോകുന്നു കുലത്തൊഴിലുകൾ. ഏറെക്കുറെ ഈ കുലത്തൊഴിലുകളിൽ തന്നെ കെട്ടിയിടപ്പെടുന്ന ഒരു സാമൂഹ്യ ചുറ്റുപാട് ഇന്നും നില നിൽക്കുകയാണ്. ആയിരത്താണ്ടുകളായി നേരിട്ടനുഭവിക്കേണ്ടിവന്ന കൊടിയ മർദ്ദനത്തിന്റേയും ചവിട്ടിയരക്കലിന്റേയും ഫലമായി സാമൂഹ്യമായി കടുത്ത അപകർഷതയ്ക്ക് വളരെ വേഗം വശംവദമാവുന്ന ഒരു സമൂഹമനസ്സാണ് ഈ വിഭാഗത്തിനുള്ളത്. വിദ്യാഭ്യാസത്തിന്റെ വെളിച്ചമുൾക്കൊണ്ട് ഇനിയും ഏറെ സാമൂഹ്യപരിവർത്തനത്തിന് ഈ വിഭാഗക്കാർ വിധേയമാവേണ്ടതുണ്ട്.

ഈ ഗ്രമപ്പഞ്ചായത്തിൽ പട്ടിക ജാതിക്കാരുടെ ആകെ ജനസംഖ്യ 1991 ലെ സെൻസസ് അനുസരിച്ച് 2902 ആണ്. ഇതിൽ 1405 പുരുഷന്മാരും 1497 സ്ത്രീകളുമാണ്. മൊത്തം ജനസംഖ്യയിടെ 16 ശതമാനമാണ് പട്ടിക ജാതിക്കാർ. പട്ടികജാതിക്കാരുടെ ജനസാന്ദ്രത 110/ ചതുരശ്ര നാഴികയാണ്. ഇതിൽ താമസയോഗ്യമായ വീടുള്ളവർ 40% ത്തോളം വരും. വളരെ പരിമിതമായ സൗകര്യങ്ങളിൽ ജീവിക്കുന്ന കുടുംബങ്ങൾ 20% ത്തോളം വരും. സ്വന്തമായി ഭൂമിയുള്ളവരും വീടു നിർമ്മിക്കാൻ സാമ്പത്തികശേഷി ഇല്ലാത്തവരുമായി 25% കുടുംബങ്ങളുണ്ട്. 15% ഭൂരഹിത ഭവനരഹിത കർഷകത്തൊഴിലാളികളാണ്. കുടിവെള്ളം, വെളിച്ചം, സാനിറ്റേഷൻ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഇതുവരെയും ലഭിച്ചിട്ടില്ലാത്ത പട്ടികജാതിക്കാർ ഏകദേശം 60% വരും. പാർപ്പിടത്തിന്റേയും അടിസ്ഥാന സൗകര്യങ്ങളുടേയും കാര്യത്തിൽ പട്ടിക ജാതിക്കാർ ഏറെ പിൻതള്ളപ്പെടുന്നു എന്ന സത്യമാണ് ഈ കണക്കുകൾ വ്യക്തമാക്കുന്നത്.

വിദ്യാഭ്യാസം

പട്ടിക ജാതിക്കാരുടെ വിദ്യാഭ്യാസം കേവല സാക്ഷരതയിൽ മാത്രം ഒതുങ്ങി നിൽക്കുന്നു. സാക്ഷരതയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ ഫലപ്രദമാകാതെ പോയതിനാൽ ഒന്നാംഘട്ടത്തിൽ സാക്ഷരരായവർ പോലും പുറകോട്ടു പോകുന്ന സ്ഥിതിയുണ്ടായി. ഇതു പരിഹരിക്കാൻ സാക്ഷരതാ പ്രവർത്തനം ഇനിയും ഈ മേഖലയിൽ തുടരേണ്ടതുണ്ട്.

	ആകെ SC/ST വിദ്യാർത്ഥികൾ ആൺ/പെൺ	തോറ്റുപഠിക്കുന്നവർ ആൺ/പെൺ	പഠനം നിർത്തിയവർ ആൺ/പെൺ
ഹൈസ്ക്കൂൾ തലം	96/121	16/13	6/2
യു.പി. തലം	106/99	20/123	2/1
എൽ.പി. തലം	83/84	15/5	-

	തോൽക്കുന്നവരുടെ ശതമാനം		പഠനം നിർത്തിയവരുടെ ശതമാനം	
	SC/ST ആൺ/പെൺ	മറ്റുള്ളവർ ആൺ/പെൺ	SC/ST ആൺ/പെൺ	മറ്റുള്ളവർ ആൺ/പെൺ
ഹൈസ്ക്കൂൾ	16.6/10.7	13.5/9.1	6.2/1.6	5.9/4.2
യു.പി.	18.8/12.1	10.1/5.6	1.8/1.0	1.6/0.15
എൽ.പി.	18.0/5.9	3.1/1.1	-	0.5/0.7

പട്ടികജാതി/വർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾ ഇപ്പോഴും വിദ്യാഭ്യാസപരമായി പിന്നിലാണ്. പ്രൈമറി ക്ലാസുകളിൽ തോൽക്കുന്നവരുടെ ശതമാനക്കണക്ക് ഇക്കാര്യം വ്യക്തമാക്കുന്നു. സാമൂഹ്യമായ പിന്നോക്കാവസ്ഥ തന്നെയാണ് ഇതിനു കാരണം.


പഞ്ചായത്തിലെ പട്ടികജാതി കോളനികളുടെ വിവരം

വാർഡ്	ക്രമ നമ്പർ	കോളനിയുടെ പേര്	വീടുകളുടെ എണ്ണം
I	1	കണ്ടാരാമത്ത് കോളനി	20
	2	ഭ്രാന്തൻ കുഴി കോളനി	9
	3	മങ്കൊള്ളി കോളനി	8
	4	ലക്ഷം വീടു കോളനി	6
	5	പാറക്കുണ്ടിൽ കോളനി	13
	6	ഐനിക്കാട് കോളനി	10
	7	പത്തായത്തിൽ കോളനി	7
		ആകെ	73
II	8	കടവത്ത് കോളനി	17
	9	മള്ളിയൂർ കോളനി	12
	10	പള്ളത്ത് കോളനി	10
	11	കളരിക്കൽ കോളനി	6
	12	മഠത്തിൽ കോളനി	4
	13	ആലേംകുന്ന് കോളനി	5
	14	വടക്കുംമുറി മണ്ണാൻപുര	6
	15	പുൽപ്പറ്റ കോളനി	3
		ആകെ	63
III	16	ചരപ്പറമ്പ് കോളനി	8
	17	പൊട്ടത്തിൽ കോളനി	10
	18	മാളിയേക്കൽ കോളനി	6
	19	കാരയിൽ കോളനി	12
	20	ചേരിക്കുണ്ട് കോളനി	8
	21	അലറിയോട് കോളനി	12
		ആകെ	56
IV	22	കുണ്ടുള്ളിപ്പറമ്പ് കോളനി	12
	23	ചേരിക്കുണ്ടു കോളനി	10

	24	ഈഞ്ഞാംകുന്ന് കോളനി	7
	25	പാറക്കുളങ്ങര കോളനി	5
	26	കുറുവട്ടൂർ ലക്ഷംവീട്	28
		ആകെ	62
V	27	മായംകുളം കോളനി	20
	28	നീളിപ്പറമ്പ് കോളനി	7
	29	കോരംചിറ കോളനി	12
	30	പച്ചിലങ്ങാട് കോളനി	10
	31	തേലക്കാട് കോളനി	10
		ആകെ	59
VI	32	കോരംപറമ്പ് കോളനി	22
	33	മലപ്പുറത്ത് കോളനി	15
	34	ലക്ഷം വീട് കോളനി	18
	35	ഷാപ്പിൻകുന്ന് കോളനി	11
		ആകെ	66
VII	36	കിഴക്കേക്കരക്കുന്ന് കോളനി	5
	37	മഠത്തിൽപ്പറമ്പു കോളനി	5
	38	കോർമ്മത്ത് പറമ്പ് കോളനി	8
	39	ഓടംപാറ കോളനി	8
	40	കുമുള്ളും പറമ്പ് കോളനി	5
	41	ചൊക്കത്തു പള്ളിയാലിൽ കോളനി	10
		ആകെ	41
VIII	42	കാഞ്ഞിൻ കുന്ന് കോളനി	12
	43	പ്ലാക്കൂട്ടം കോളനി	8
	44	മനക്കൽപ്പടി കോളനി	4
		ആകെ	24
IX	45	തെക്കുംപുറം കോളനി	16
	46	നെടുംകണ്ടം കോളനി	14
		ആകെ	30

ആകെ കോളനികൾ 46 ആകെ വീടുകൾ 474

പട്ടികജാതി ജനസംഖ്യ



വെള്ളിനേഴി ഗ്രാമപഞ്ചായത്ത് വികസന രേഖ

വിദ്യാഭ്യാസ നിലവാരത്തിൽ പട്ടിക ജാതിക്കാർ പൊതുവെ പിന്നോക്കം നിൽക്കുന്നു. വിദ്യാഭ്യാസ മേഖലയിൽ കിട്ടികൊണ്ടിരിക്കുന്ന സാമ്പത്തികമായ പ്രോത്സാഹനം കൊണ്ട് ഉപരിപഠനത്തിന് ഒരു ശതമാനം പേർ താല്പര്യം കാണിക്കുന്നുണ്ട്. സ്ക്കൂളിൽ പോയിക്കൊണ്ടിരിക്കുന്നവരിൽ സെക്കണ്ടറി വിദ്യാഭ്യാസത്തോടെ ഭൂരിഭാഗം വിദ്യാർത്ഥികളും പഠനം നിർത്തുന്ന പ്രവണത ഏറി വരുന്നു. ലംപ്സം ഗ്രാന്റ്, സ്കോളർഷിപ്പ് എന്നിവ കാലാനുസൃതമായി വർദ്ധിപ്പിക്കേണ്ടതാണ്. വിദ്യാഭ്യാസത്തിൽ നിന്നുള്ള പുറകോട്ടുപോക്ക് ഒരു പരിധിവരെ രക്ഷിതാക്കളിലുള്ള നിരക്ഷരത കാരണമാണ്. സാമ്പത്തികമായ പ്രയാസങ്ങളും കുട്ടികളുടെ വിദ്യാഭ്യാസത്തെ ഒരളവോളം ബാധിക്കാറുണ്ട്. പ്രതിശീർഷ തൊഴിൽ ദിനങ്ങൾ കുറഞ്ഞുവരുന്നതു കൊണ്ട് സാമ്പത്തിക രംഗത്ത് പ്രയാസങ്ങൾ വർദ്ധിച്ചുവരുന്നു.

1995-96 അദ്ധ്യയന വർഷത്തെ പട്ടികജാതി വിദ്യാർത്ഥികളെ സംബന്ധിച്ച് നടത്തിയ സർവ്വെയിൽ 275 ആൺകുട്ടികളും 286 പെൺകുട്ടികളും വിവിധ സ്ക്കൂളുകളിലായി പഠിക്കുന്നു. തോറ്റു പഠിക്കുന്നവർ 46 ആൺകുട്ടികളും 31 പെൺകുട്ടികളും ആണെന്നു കാണുന്നു. സെക്കണ്ടറി വിദ്യാഭ്യാസം വരെ പഠനം നിർത്തിയവർ (കൊഴിഞ്ഞുപോക്ക്) 35 ആൺകുട്ടികളും 5 പെൺകുട്ടികളുമാണ്. ബോധവൽക്കരണംമൂലവും കൂടുതൽ സാമ്പത്തിക സഹായം നൽകുന്നതിലൂടെയും ഈ കൊഴിഞ്ഞുപോക്ക് ഒരു പരിധിവരെ തടയാൻ സാധിക്കും.

തൊഴിൽ മേഖല

കാർഷിക മേഖലയായ ഈ പഞ്ചായത്തിലെ 60% പട്ടിക ജാതിക്കാരും കാർഷിക മേഖലയിലെ തൊഴിൽ ദിനങ്ങളെ മാത്രം ആശ്രയിച്ച് ജീവിക്കുന്നവരാണ്. 20% പേർ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ജീവിക്കുന്നു. മുൻപ് കാർഷിക മേഖലയിൽ മാത്രം ഒതുങ്ങി നിന്നിരുന്നവർ ഇന്ന് ഗൾഫ്പണത്തിന്റെ സ്വാധീനം മൂലം കെട്ടിട നിർമ്മാണം, കരാറു പണി എന്നീ മേഖലകളിൽ ഔൽസുക്യം കാണിക്കുന്നു. 20% പേർ ജോലിക്കു പോകുന്ന കുടുംബാംഗങ്ങളെ ആശ്രയിച്ചു ജീവിക്കുന്നു. (വാർദ്ധക്യകാലഅവശത അനുഭവിക്കുന്നവരും കുട്ടികളും) തൊഴിലവസരങ്ങൾ പരിമിതവും സാമ്പത്തിക ബാദ്ധ്യതകൾ അധികവുമായതിനാൽ പട്ടികജാതി വികസനം ആരംഭദശയിൽ തന്നെ ഒതുങ്ങി നിൽക്കുന്നു.

കാലാകാലങ്ങളിൽ മാറിവരുന്ന സർക്കാരുകൾ കാർഷികമേഖലയിൽ വേണ്ടത്ര ശ്രദ്ധ ചെലുത്താത്തതിന്റെ ഫലമായി കാർഷിക മേഖല അഭിവൃദ്ധിപ്പെടുന്നില്ല. തന്മൂലം പാരമ്പര്യമായി ശീലിച്ചുവന്നിട്ടുള്ള കാർഷികവൃത്തി ഇവർക്ക് അനുദിനം കുറഞ്ഞു വരുന്നു. യഥാർത്ഥത്തിൽ പ്രതിശീർഷം 120 തൊഴിൽ ദിനങ്ങൾ മാത്രമാണ് ഇവർക്ക് ലഭിച്ചു കൊണ്ടിരിക്കുന്നത്. ഇതിനു പരിഹാരമായി കൂടുതൽ മുടക്കു മുതൽ വരാത്തതും എന്നാൽ കൂടുതൽ തൊഴിൽ ദിനങ്ങൾ ലഭിക്കുന്നതുമായ ചെറുകിട വ്യവസായ യൂണിറ്റുകൾ തീപ്പെട്ടി, മെഴുകുതിരി, ചന്ദനത്തിരി, റെഡിമെയ്ഡ് വസ്ത്രങ്ങൾ, പനമ്പ്, കുട്ടനെയ്ത്ത്, തഴപ്പായ നെയ്ത്ത്, ഡ്രൈക്ലീനിങ്ങ് തുടങ്ങിയവ ഓരോ വാർഡിലും ഭൗതിക സാഹചര്യങ്ങളുടെ സാദ്ധ്യതക്കനുസരിച്ച് ഉദാരമായ ബാങ്ക് വായ്പകളിലൂടെ, പദ്ധതികളിലൂടെ നടപ്പിലാക്കണം.

എട്ടാം പഞ്ചവത്സര പദ്ധതികാലത്ത് സർക്കാർ ഏജൻസികളിൽ നിന്നും ലഭ്യമായ പദ്ധതികളുടെ അവലോകനം നടത്തിയപ്പോൾ ഐ.ആർ.ഡി.പി. പദ്ധതി പ്രകാരംമാത്രം 1992-95 വരെ 82 - പട്ടിക ജാതിക്കാർക്ക് ലോണും സബ്സിഡിയും ലഭിച്ചിരിക്കുന്നു. ഇത് വേണ്ടത്ര ജീവിത നലവാരം മെച്ചപ്പെടുത്തുവാൻ സഹായകരമായിട്ടില്ല.

1992-95 വർഷങ്ങൾക്കുള്ളിൽ 56 വീടുകൾ പണി പൂർത്തീകരിച്ചു (ബ്ലോക്ക് ധനസഹായത്തോടെ) ബാക്കി 54 വീടുകൾ ഇനിയും പൂർത്തീകരിക്കേണ്ടതുണ്ട്. പഞ്ചായത്ത് തലത്തിൽ JRY സ്കീമിൽ 15 വീടുകളും, 13 കക്കൂസുകളും അനുവദിച്ചിട്ടുണ്ട് പണി പൂർത്തീകരിച്ചിട്ടുണ്ട്.

സി.ആർ.എസ്.പി. ലാട്രിൻ പദ്ധതി പ്രകാരം 40 കുടുംബങ്ങൾക്ക് കക്കൂസ് അനുവദിച്ചു. 39 എണ്ണം പണി പൂർത്തീകരിച്ചിട്ടുണ്ട്. പൂർത്തീകരിക്കാത്തവ പൂർത്തീകരിക്കേണ്ടതും പഞ്ചായത്തിലെ മുഴുവൻ പട്ടികജാതിക്കാർക്കും കക്കൂസ് അനുവദിക്കേണ്ടതുമാണ്.

ട്രൈസം പദ്ധതി പ്രകാരം 4 പട്ടിക ജാതിക്കാർക്ക് തൊഴിൽ പരിശീലനം നൽകി IRDP ലോൺ കൊടുത്തിട്ടുണ്ട്.

സി.ഡി. സ്കീമിൽ 16 പട്ടികജാതി കോളേജ് വിദ്യാർത്ഥികൾക്ക് മേശയും കസേരയും വിതരണം ചെയ്തു.

രണ്ടു കുടുംബത്തിന് ആധുനിക രീതിയിലുള്ള പണിയായുധങ്ങൾ നൽകി (ഗ്രാമീണ കരകൗശല പണിക്കാർക്ക്).

തിരുവാഴിയോട് കോരപറമ്പ് IHDP കോളനിയിൽ 4 വീടുകളനുവദിച്ചു. 3 എണ്ണം പണി പൂർത്തീകരിച്ചു. രണ്ടു കുടുംബങ്ങൾക്ക് IRDP പദ്ധതി പ്രകാരം ലോണും സബ്സിഡിയും അനുവദിച്ചു.

ദശലക്ഷംകിണർ പദ്ധതി പ്രകാരം അഞ്ചു കിണറുകളനുവദിച്ചു. ഈ അഞ്ചു കിണറുകളും പണിപൂർത്തീകരിച്ചിട്ടുണ്ട്.

ആരോഗ്യം

വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്നതുകൊണ്ടും ആരോഗ്യവിദ്യാഭ്യാസത്തിന്റെ കുറവുകൊണ്ടും ആരോഗ്യരംഗത്തു വേണ്ടത്ര നിലവാരം പുലർത്താൻ കഴിയുന്നില്ല. ആരോഗ്യ പ്രവർത്തകർ മാസത്തിലൊരിക്കൽ കോളനികൾ നിർബന്ധമായും സന്ദർശിക്കുകയും, ആരോഗ്യ പരിപാലനത്തിനാവശ്യമായ രക്ഷാപ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുകയും വേണം. ആരോഗ്യ പരിപാലനത്തെ ആസ്പദമാക്കിയുള്ള ദൃശ്യമാദ്ധ്യമങ്ങളിലൂടെയുള്ള ബോധവൽക്കരണം അനിവാര്യമാണ്. ശുദ്ധജലം, സാനിറ്റേഷൻ തുടങ്ങിയസൗകര്യങ്ങൾ എല്ലാകോളനികളിലും ഒറ്റപ്പെട്ട വീടുകളിലും ലഭ്യമാക്കണം. വ്യക്തിശുചിത്വം, പരിസരശുചിത്വം എന്നിവയെ കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ്സുകൾ മാസത്തിലൊരിക്കലെങ്കിലും സംഘടിപ്പിക്കണം.

സാമൂഹ്യ പദവി

തലമുറകളിലൂടെയുള്ള അന്ധവിശ്വാസം നിലവിൽ ഏറ്റക്കുറച്ചിലുകളോടെ നിലനിൽക്കുന്നു. ജാതീയമായ മാറ്റിനിർത്തലുകൾ മുൻകാലങ്ങളെ അപേക്ഷിച്ച് താരതമ്യേന കുറവാണ്. വിവാഹങ്ങളിലും മരണാനന്തര അടിയന്തിരങ്ങളിലും പരസ്പര സഹവർത്തിത്വം നിലനിന്ന് പോരുന്നു. നിയമാനുസൃതമായ സംവരണങ്ങളിൽ മാത്രമേ സാമൂഹ്യമായ പദവി ലഭിക്കാറുള്ളൂ. സംസ്ഥാന തൊഴിൽദായകരായ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലും പൊതുമേഖലാ സ്ഥാപനങ്ങളിലും സംവരണ ശതമാനം വർദ്ധിപ്പിക്കണം. സാമ്പത്തിക അഭിവൃദ്ധി സാമൂഹ്യ അടിത്തറയായതുകൊണ്ട് ഇത്തരം കാര്യങ്ങൾ പരിഗണിക്കപ്പെടേണ്ടതാണ്.

സഹകരണം

പഞ്ചായത്തിൽ ഒരു പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സഹകരണ സംഘം പ്രവർത്തിക്കുന്നുണ്ട്. തിരുവാഴിയോടാണ് ഇതിന്റെ കേന്ദ്രം. സ്വന്തം കെട്ടിടമുണ്ട്. ഒരുസെക്രട്ടറി മാത്രമാണ് ഇവിടെ ജീവനക്കാരനായിട്ടുള്ളത്. ഈ സംഘം അടുത്തകാലത്തായി ലാഭത്തിലേക്ക് നീങ്ങുകയാണ്. ഈ സംഘത്തിന്റെ പ്രവർത്തനങ്ങളിൽ പഞ്ചായത്തിലെ മുഴുവൻ പട്ടിക ജാതിക്കാരേയും ഉൾക്കൊള്ളാൻ ഇന്നു കഴിയുന്നില്ല. ഈ സ്ഥിതി മാറ്റണം.

സാദ്ധ്യതകളും പരിഹാരങ്ങളും

1. മുഴുവൻ ഹരിജൻ കുടുംബങ്ങൾക്കും വീട്, വെള്ളം, വെളിച്ചം, കക്കൂസ് അടക്കമുള്ള അടിസ്ഥാന സൗകര്യങ്ങൾ നൽകണം (കഴിവതും അവരുടെ സഹകരണം ഉറപ്പു വരുത്തണം).
2. സ്വന്തമായി സ്ഥലമില്ലാത്തവർക്ക് സ്ഥലവും വീടും ഉണ്ടാക്കുവാനുള്ള ധനസഹായം നൽകേണ്ടതാണ്.
3. പഞ്ചായത്തിലെ എല്ലാ ഹരിജൻ കോളനികളിലും മാസത്തിലൊരിക്കൽ സൗജന്യ വൈദ്യ പരിശോധന നിർബന്ധമാക്കണം. ആരോഗ്യ ബോധവൽക്കരണ ക്ലാസ്സുകളും ബന്ധപ്പെട്ടവർ നടത്തേണ്ടതാണ്.
4. എല്ലാകോളനികളിലും പൊതുറോഡുകളുമായി ബന്ധിപ്പിക്കുന്നവിധം യാത്രാസൗകര്യം ഏർപ്പെടുത്തണം.
5. സെക്കണ്ടറി തലംവരെയുള്ള വിദ്യാഭ്യാസം ഇപ്പോൾ സൗജന്യമാണെങ്കിലും 100% ഫലപ്രദമല്ല. ഇത് നിർബന്ധമാക്കണം. കൊഴിഞ്ഞുപോക്ക് തടയുന്നതിന് സ്ക്കൂളധികൃതരും പഞ്ചായത്തും സഹകരിക്കണം. നിലവിലുള്ള സാമ്പത്തിക സഹായങ്ങൾ ഇരട്ടിയാക്കണം.
6. വിവിധ തലങ്ങളിൽ ഇപ്പോൾ ഏർപ്പെടുത്തിയിട്ടുള്ള സംവരണം തുടരുന്നതോടൊപ്പം ആനുപാതികമായി വർദ്ധിപ്പിക്കേണ്ടതാണ്. പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ ചെറുകിട വ്യവസായ യൂണിറ്റുകൾ സഹകരണാടിസ്ഥാനത്തിൽ തുടങ്ങണം.



വിഭവസമാഹരണം

നമ്മുടെ പഞ്ചായത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളും പരമ്പരാഗതകൃഷി രീതികളെ ആശ്രയിച്ചു ജീവിച്ചു വരുന്നു. അതുകൊണ്ടുതന്നെ വരുമാനം തുലോം കുറവാണ്. ഒരു മെച്ചപ്പെട്ട വ്യവസായ സ്ഥാപനമോ മറ്റുധനാഗമ മാർഗ്ഗങ്ങളോ ഇല്ല. അതുകൊണ്ടു തന്നെ നികുതിയിനത്തിൽ നമ്മുടെ പഞ്ചായത്തിനുള്ള വരുമാനം തീരെ കുറവാണ്. പരമ്പരാഗത വ്യവസായങ്ങൾ പലതുമുള്ള ഈ പഞ്ചായത്തിൽ ഇത്തരം യൂണിറ്റുകളെ ഊർജ്ജസ്വലമാക്കാനുള്ള സംവിധാനത്തെ പറ്റി ചിന്തിക്കേണ്ടതാണ്. ജനകീയാസൂത്രണത്തോടനുബന്ധിച്ച് നടത്തിയ പഠനപര്യടനത്തോടനുബന്ധിച്ച് ഇത്തരം വ്യവസായങ്ങളെ പറ്റി സംക്ഷിപ്തമായ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. വ്യവസായത്തെ പറ്റിയുള്ള റിപ്പോർട്ടിൽ ഇത് വിശദീകരിച്ചിട്ടുണ്ട്.

കേരവിഭവങ്ങളെ ഉപയോഗിച്ചു കൊണ്ട് വ്യവസായം സ്വകാര്യ മേഖലയിൽ തുടങ്ങാൻ ചിലർ പദ്ധതിയിട്ടിട്ടുണ്ടെങ്കിലും അത് പ്രാബല്യത്തിൽ വന്നിട്ടില്ല. വ്യവസായ കുതുകികളായ പലരും നേരിടുന്ന പ്രശ്നങ്ങൾ ലോണുകളുടെ അഭാവം, വൈദ്യുതകമ്മി തുടങ്ങിയവയാണ്. ഇത്തരം പ്രശ്നങ്ങൾ പഞ്ചായത്തിന്റെ നിയന്ത്രണത്തിന് പുറത്തായതിനാൽ വേണ്ട നടപടികൾ കൈക്കൊള്ളാൻ മറ്റു തലങ്ങളിൽ സമ്മർദ്ദം ചെലുത്താൻ മാത്രമേ സാധിക്കുകയുള്ളൂ.

കാർഷിക രംഗം ഭൂരിഭാഗമുള്ള ജനങ്ങളുടെ തൊഴിൽ മാർഗ്ഗമാണ്. എന്നാൽ കേരളത്തിലാകെ ബാധിച്ചിട്ടുള്ള മാന്ദ്യം നമ്മുടെ പഞ്ചായത്തിലെ കാർഷിക രംഗത്തേയും ബാധിച്ചിരിക്കുന്നു. റബ്ബർ ഒഴികെയുള്ള നാണ്യവിളകളും മാന്ദ്യം നേരിട്ടുകൊണ്ടിരിക്കുകയാണ്. സമഗ്രമായ പ്രവർത്തനവും വിവിധമേഖലകളിലുള്ള വിദഗ്ദ്ധരുടെ സഹകരണവും ശാസ്ത്രീയമായ പ്ലാനിങ്ങും ഉണ്ടെങ്കിൽ മാത്രമെ ഈ രംഗത്ത് പുരോഗതി ഉണ്ടാവുകയുള്ളൂ.

ഗൾഫ് മേഖലയിൽ നിന്നുള്ള വരുമാനം നമ്മുടെ പഞ്ചായത്തിന്റെ ധനസ്ഥിതിയെ ബാധിക്കാൻ മാത്രം ശക്തമല്ല. നിർമ്മാണ രംഗത്തും കാർഷിക രംഗത്തുമുള്ള തൊഴിലാളികളാണ് ബഹുഭൂരിപക്ഷം ജനങ്ങളും. ഇവരുടെ ഉന്നമനം ലാക്കാക്കിക്കൊണ്ടുള്ള പ്രവർത്തനങ്ങളും പ്ലാനിങ്ങുമാണ് ഏറ്റവും അഭികാമ്യമായിട്ടുള്ളത്.

വരുമാനം കൂട്ടാനും വികസനപ്രവർത്തനങ്ങൾക്ക് വേണ്ട ഫണ്ട് കണ്ടെത്താനും ഗ്രാമസഭകളിൽ നിന്ന് കിട്ടിയിട്ടുള്ള യുക്തിസഹമായ നിർദ്ദേശങ്ങൾ വഴിയെ രേഖപ്പെടുത്തിയിരിക്കുന്നു.

പഞ്ചായത്തിലെ വരുമാനത്തിന്റെ, അതായത് പദ്ധതി വിഹിതങ്ങളും നികുതികളും അടക്കമുള്ള തുകയുടെ എഴുപത് ശതമാനത്തോളം ഭരണ നിർവ്വഹണ ചിലവായി കാണുന്നു. വികസന മേഖലയിൽ ഇതുകാരണം ഒരു രൂപക്ക് മുപ്പത് പൈസയുടെ മൂല്യം മാത്രമേ എത്തിപ്പെടുന്നുള്ളൂ. ഇവ പൊരുത്തപ്പെടുത്തേണ്ടതുണ്ട്.

വരുമാനം

	നികുതി	നികുതിയേതരം	സർക്കാർ സഹായം.
90-91	188,886.56	14601.04	350160
91-92	328,286	3468	166113
92-93	479,729.39	4682.91	440398
93-94	425,005.29	5123.85	284823
94-95	284,850.25	13704	374802

മുൻ വർഷത്തെ അപേക്ഷിച്ച് പഞ്ചായത്തീരാജ് നിയമപ്രകാരം മറ്റു വകുപ്പുകളിൽ നിന്ന് അനുവദിച്ച വിവരം.

മൃഗ സംരക്ഷണം	:	700	രൂപ
ആരോഗ്യം	:	1,01,652	രൂപ
കൃഷി	:	2,29,250	രൂപ
പി.ഡബ്ലു.ഡി.	:	7,500	രൂപ
ഹരിജനക്ഷേമം	:	2,500	രൂപ
മറ്റുള്ളവ	:	33,200	രൂപ
ആകെ	:	3,4,802	രൂപ

നികുതിയിനത്തിലുള്ള വരുമാനം 1993 വർഷംവരെ വർദ്ധിച്ചു വന്നെങ്കിലും 93-94, 94-95 എന്നീ വർഷങ്ങളിൽ കുറഞ്ഞതായി കാണുന്നു. നികുതിയേതര വരുമാനം 90-91ലുള്ളതിനേക്കാൾ 91-92; 92-93; 93-94 വർഷങ്ങളിൽ വളരെയധികം ഇടിഞ്ഞുതായും കാണുന്നു. 94-95 ൽ മുൻവർഷത്തെക്കാൾ മൂന്നിരട്ടി ആയെങ്കിലും 90-91 വർഷത്തിലുള്ളതിനേക്കാൾ കുറഞ്ഞതായി കാണാം.

ചിലവ്

	എസ്റ്റാബ്ലിഷ്മെന്റ് ചിലവ്	പബ്ലിക്ക് വർക്ക്	മറ്റു വർക്കുകൾ
90-91	2,64,185.20	44,733.00	2,104.00
91-92	2,75,612.00	47,111.00	2,212.00
92-93	4,54,306.00	96,371.00	4,603.00
93-94	3,91,770.90	2,49,925.00	8,166.00
94-95	3,55,970.50	68,623.00	1,00,755.00

പൊതുമരാമത്ത് പണികൾ നോമിനികളാണ് നടത്തിക്കൊണ്ടിരുന്നത്. ഇപ്പോൾ അത്തരം പണികൾ കരാറുകൾ മുഖേന നടത്തുന്നു.

കൃഷിക്കും വ്യവസായത്തിനുമുള്ള പദ്ധതി

ഏഴാം വാർഡിലുള്ള കരിങ്ങറകുളത്തിനടക്കം 60,000 രൂപയും ചിറ, ബണ്ട് നർമ്മാണത്തിനായി 45,000 രൂപയും നൽകിയിട്ടുണ്ട്. ഇവയാണ് ഇത്തരം മേഖലകളിൽ പഞ്ചായത്ത് ഏറ്റെടുത്ത് നടത്തിയ പുതിയ പദ്ധതികൾ.

പഞ്ചായത്തിലെ ധനകാര്യസ്ഥാപനങ്ങൾ

1. കനറാബാങ്ക്

നമ്മുടെ പഞ്ചായത്തിലെ പ്രധാന ധനകാര്യ സ്ഥാപനം കനറാബാങ്ക് ആണ്. ഇതുവരെ കുളക്കാടിലായിരുന്ന ശാഖ 18.11.96 മുതൽ തിരുവാഴിയോടിലേക്ക് മാറ്റി പ്രവർത്തനം തുടരുകയാണ്. വികസന പ്രവർത്തനങ്ങൾക്ക് സാധാരണ ജനങ്ങൾക്ക് ഉദ്ദേശിക്കുന്നത്ര സഹായ സഹകരണങ്ങൾ ലഭിക്കുന്നില്ല എന്നാണ് മനസ്സിലാക്കുന്നത്.

2. ചെർപ്പുളശ്ശേരി കോ-ഓപ്പറേറ്റീവ് ബാങ്ക് വെള്ളിനേഴി ശാഖ

ഒന്ന്, രണ്ട്, മൂന്ന് വാർഡുകളിലെ ജനങ്ങളുടെ നിക്ഷേപങ്ങൾ സ്വീകരിക്കുകയും ആവശ്യമായ കാർഷിക കടങ്ങൾക്കുള്ള സൗകര്യം ചെയ്യുകൊടുക്കുകയും ചെയ്യുന്നു. ഈ വാർഡുകളിലെ ജനങ്ങളുടെ സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിൽ ഒരു പരിധിവരെ ഇവരുടെ സേവനം സഹായകരമാണ്.

3. ശ്രീകൃഷ്ണപുരം സഹകരണ ബാങ്ക്

നാല്, അഞ്ച്, ആറ്, ഏഴ്, എട്ട്, ഒമ്പത് വാർഡുകളിലെ ജനങ്ങളുടെ നിക്ഷേപങ്ങൾ സ്വീകരിക്കുകയും ആവശ്യമായ കാർഷികാവശ്യങ്ങൾക്കുള്ള കടങ്ങൾക്കുള്ള സൗകര്യങ്ങൾ ചെയ്യുകൊടുക്കുകയും ചെയ്യുന്നു.

4. ശ്രീകൃഷ്ണപുരം ബ്ലോക്ക് ഭവന നിർമ്മാണ സഹകരണ സംഘം

ഈ പഞ്ചായത്തിലെ ജനത്തിന്റെ ഭവന നിർമ്മാണ ആവശ്യങ്ങൾക്കായി ഈ ബാങ്കിൽ നിന്നും ലോണുകൾ അനുവദിക്കുന്നുണ്ട്. ഈ പഞ്ചായത്തിലെ പാർപ്പിട പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ ആശ്വാസമേകാൻ ഇതിനു സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

5. ഒറ്റപ്പാലം കാർഷിക വികസന ബാങ്ക്

കാർഷിക മേഖലക്ക് പ്രാധാന്യം നൽകുന്ന ആസൂത്രണ പ്രക്രിയയിൽ കർഷകർക്കാവശ്യമായ വിഭവ സമാഹരണത്തിന് ധാരാളം സാമ്പത്തിക സഹായങ്ങൾ നൽകാൻ സംസ്ഥാന കാർഷിക വികസന ബാങ്കിന്റേയും ദേശീയ കാർഷിക വികസന ബാങ്കിന്റേയും സഹായത്തോടെ ഈ ബാങ്ക് ധാരാളം വായ്പാ പദ്ധതികൾ ദീർഘകാലാടിസ്ഥാനത്തിൽ ആസൂത്രണം ചെയ്തു വരുന്നുണ്ട്. ഈ പഞ്ചായത്ത് ഈ ബാങ്കിന്റെ പ്രവർത്തന പരിധിയിൽ ഉള്ളതാണ്. ധാരാളം കർഷകർ ഈ ബാങ്കുമായി ബന്ധപ്പെട്ട് കാർഷിക കടങ്ങൾ വാങ്ങി വരുന്നുണ്ട്.

6. പട്ടികജാതി - പട്ടികവർഗ്ഗ സഹകരണ സംഘം

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ മാത്രം മെമ്പർമാരായ ഒരു സംഘത്തിൽ നിന്നും അതിലെ മെമ്പർമാർക്ക് നാമമാത്രമായ വായ്പകൾ കൊടുത്തു വരുന്നുണ്ട്. കൃഷിക്കാർക്ക് ആവശ്യമായ രാസവളങ്ങൾ കച്ചവടം നടത്തുന്നതാണ് സൊസൈറ്റിയുടെ പ്രധാന വരുമാന മാർഗ്ഗം. അനേക വർഷമായി നഷ്ടത്തിലോടിയിരുന്ന ഈ സംഘം നഷ്ടം നികത്തിവരുന്നത് ആശ്വാസജനകമാണ്.

7. സ്വകാര്യ പണമിടപാട് വ്യക്തിഗത സ്ഥാപനങ്ങൾ

പഞ്ചായത്തിന്റെ പലഭാഗങ്ങളിലും സ്വകാര്യ വ്യക്തികൾ സാധാരണക്കാരായ ജനങ്ങൾക്ക് വമ്പിച്ച പലിശക്ക് ആഭരണങ്ങൾ, പാത്രങ്ങൾ, പുരയിടങ്ങൾ മുതലായവ ഈടു നിർത്തി പണം കടംകൊടുക്കുന്ന പഴഞ്ചൻ സമ്പ്രദായം ഇപ്പോഴും നിലനിൽക്കുന്നു. ബാങ്കിങ്ങ് സ്ഥാപനങ്ങളിൽ നിലനിൽക്കുന്ന സാങ്കേതിക നിയമ തടസ്സങ്ങൾ കാരണം (ചുവപ്പുനാട) എളുപ്പത്തിൽ ആവശ്യാനുസരണം കടങ്ങൾ ലഭിക്കാത്തതുകാരണമാണ് ഇവരുടെ ഈ വ്യവസായം ഇപ്പോഴും നിലനിൽക്കുന്നത്. ബാങ്കുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവ സാധാരണ ജനങ്ങൾക്ക് എത്തിപ്പിടിക്കാവുന്ന വിധത്തിൽ പ്രവർത്തിച്ചാൽ മാത്രമേ ഇവയുടെ നീരാളിപ്പിടുത്തത്തിൽ നിന്നും സാധാരണ ജനങ്ങളെ മോചിപ്പിക്കാൻ സാധിക്കുകയുള്ളൂ.

സന്നദ്ധ പ്രവർത്തനങ്ങൾ

വെള്ളിനേഴി G.H.S. സ്ക്കൂളിൽ പി.ടി.എ.യുടെ സഹകരണത്തോടെ ഒരു ഓലഷെഡ് നിർമ്മിക്കുകയുണ്ടായി. മെഡിക്കൽ ക്യാമ്പുകൾ, രക്തദാന ക്യാമ്പുകൾ മുതലായ ആരോഗ്യ രംഗ പ്രവർത്തനങ്ങളിലും, കലാ-കായിക-സാംസ്ക്കാരിക പ്രവർത്തനങ്ങളിലും മാത്രമാണ് സന്നദ്ധസംഘടനകൾ പ്രവർത്തിച്ചു വരുന്നത്.

പ്രശ്നങ്ങൾ, സാദ്ധ്യതകൾ

വരുമാനം കൂട്ടുവാനുള്ള സാദ്ധ്യതകൾ പല വിധത്തിൽ പ്രയോജനപ്പെടുത്താവുന്നതാണ്.

1. പല മേഖലകളിലും ചുമത്താവുന്ന നികുതികൾ ചുമത്തുകയും നിലവിലുള്ള നികുതി വർദ്ധിപ്പിക്കുകയും ചെയ്യാവുന്നതാണ്. ഓട്ടോറിക്ഷ, ടാക്സികൾ, ഭാരവണ്ടികൾ മുതലായവ പാർക്കു ചെയ്യുന്നതിന് പ്രത്യേക സ്ഥലനിർണ്ണയം നടത്തുകയും അതിന് ഫീസ് ഈടാക്കുകയും ചെയ്യാവുന്നതാണ്.
2. നികുതി ഘടന, പ്രത്യേകിച്ച് കെട്ടിട നികുതി മുതലായവ സമഗ്രമായി പരിഷ്ക്കരിക്കുകയും വീഴ്ചവരാത്ത രീതിയിൽ പിരിച്ചെടുക്കുകയും ചെയ്യേണ്ടതാണ്. വീടുവീടാന്തരം ചെറിയ സന്നദ്ധ ഗ്രൂപ്പുകൾ പുനർനിരീക്ഷണ സർവ്വേനടത്തി സമഗ്രമായ റിപ്പോർട്ടു ചെയ്യുകയും, വീട്ടുകരം മുതലായവയുടെ നിർണ്ണയത്തിന് പുതിയ കാഴ്ചപ്പാടും മാനദണ്ഡവുമുണ്ടാക്കുകയും വേണ്ടതാണ്.

3. പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന തൊഴിൽ നികുതി ദാതാക്കളുടെ ലിസ്റ്റ് സ്വകാര്യ ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി വിപുലീകരിക്കേണ്ടതും തൊഴിൽ നികുതി കാലാനുസൃതമായി വർദ്ധിപ്പിക്കേണ്ടതുമാണ്.

4. തിരുവാഴിയോട് കേന്ദ്രമാക്കി ഷോപ്പിംഗ് കോംപ്ലക്സ് കം ബസ്സ്റ്റാന്റ് കെട്ടി, ഒരു ബസ്സിന് പത്തുരൂപ പ്രകാരം ദിവസം ഈടാക്കാവുന്നതാണ്. ഇത് നിർമ്മിക്കാനുള്ള ധനസഹായം പഞ്ചായത്ത് ഗ്യാരണ്ടിയിൽ സംസ്ഥാന ഗ്രാമവികസന ബാങ്കിൽ നിന്ന് വാങ്ങാവുന്നതാണ്.

5. കച്ചവടക്കാർ കേന്ദ്രീകരിച്ച് ഒരു ലോറി ലോഡിന് പത്തു രൂപ വീതം ഈടാക്കി പഞ്ചായത്തിന് മുതൽക്കൂട്ടാക്കാവുന്നതാണ്.

6. റബ്ബർ, തെങ്ങ്, കമുക് തുടങ്ങിയ തോട്ട വിളകൾക്ക് പ്രായോഗികമായ രീതിയിൽ നികുതി ചുമത്തി പഞ്ചായത്തിന് മുതൽക്കൂട്ടാക്കാവുന്നതാണ്.

സഹകരണ പ്രസ്ഥാനത്തിന്റെ സാദ്ധ്യതകൾ

1. നമ്മുടെ പഞ്ചായത്തിന് സ്വന്തമായി സഹകരണ ബാങ്ക് വരുകയാണെങ്കിൽ കാർഷിക, വ്യവസായിക, പദ്ധതികൾക്കും ഇതര മേഖലകൾക്കും ധനസഹായം നൽകി കൂടുതൽ മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവെക്കാവുന്നതാണ്. ഇപ്പോൾ അയൽ പഞ്ചായത്തുകളിലുള്ള സഹകരണ ബാങ്കുകൾ സേവനം ചെയ്യുന്നുണ്ടെങ്കിലും തനതായ ഒരു സ്ഥാപനമുള്ളത് ധനകാര്യസേവനം കൂടുതൽ ഫലപ്രദവും മെച്ചപ്പെട്ടതുമാക്കാൻ സഹായിക്കും.

2. ധാരാളം സ്വകാര്യ ചിട്ടി കമ്പനികൾ പ്രവർത്തിക്കുന്നു ഒരു പഞ്ചായത്താണിത്. പഞ്ചായത്തിന്റെ നേതൃത്വത്തിൽ സ്വന്തമായ ഒരു ചിട്ടിസ്ഥാപനം ഉയർന്നു വരികയാണെങ്കിൽ ഇതൊരു നല്ല ധനാഗമ മാർഗ്ഗമാക്കി മാറ്റാവുന്നതാണെന്ന് ഗ്രാമസഭകളിൽ നിന്നൊരു നിർദ്ദേശം വന്നിരിക്കുന്നു. ഇതിന്റെ പ്രായോഗികവശം കൂലങ്കഷമായി ചിന്തിച്ച് വേണ്ട നടപടികൾ കൈക്കൊള്ളേണ്ടതാണ്.

3. പ്രകൃതി വിഭവങ്ങൾ ഉപയോഗിച്ചുള്ള പ്രാദേശിക ചെറുകിട വ്യവസായങ്ങളെ പറ്റി പഠിക്കുകയും അത്തരം പഠനറിപ്പോർട്ടുകൾ ക്രോഡീകരിച്ച് വിദഗ്ദ്ധരുടെ മേൽനോട്ടത്തിലും മാർഗ്ഗദർശിത്വത്തിലും ഒരു സഹകരണ വിപണന സംഘം ഉണ്ടാക്കുകയും ഇതിന്റെ ലാഭം പഞ്ചായത്തിലേക്ക് മുതൽ കൂട്ടാവുന്നതാണ്.

4. പ്രകൃതിദത്തമായ റബ്ബർ ധാരാളം ഉള്ള സ്ഥലമാകയാൽ സഹകരണാടിസ്ഥാനത്തിലോ പഞ്ചായത്തിന്റെ നേരിട്ടുള്ള ഉടമസ്ഥതയിലോ ഒരു റബ്ബർ വ്യവസായം തുടങ്ങുകയും അതിന്റെ ലാഭം പഞ്ചായത്ത് വികസന ഫണ്ടിലേക്ക് ഈടാക്കുകയും ചെയ്യാവുന്നതാണ്.

5. കരിങ്കൽ ക്വാറികൾ ധാരാളമുള്ള പ്രദേശമായതിനാൽ പോളിഷ്ഡ് ഗ്രാനൈറ്റ് വ്യവസായം സഹകരണാടിസ്ഥാനത്തിൽ തുടങ്ങുവാനുള്ള സാദ്ധ്യതകളെപറ്റി ഗൗരവമായി ചിന്തിക്കേണ്ടതാണ്.

കച്ചവടസ്ഥാപനങ്ങളുടെയും മറ്റുസ്ഥാപനങ്ങളുടെയും നികുതി തീരുവ

നമ്മുടെ പഞ്ചായത്തിലെ കച്ചവടസ്ഥാപനങ്ങളുടേയും മറ്റുസ്ഥാപനങ്ങളുടേയും മേൽചുമത്തിയിരിക്കുന്ന നികുതി തീരെ അപര്യാപ്തമാണ്. അതിൽ വേണ്ട പരിഷ്ക്കാരം വരുത്താനും കൃത്യമായി പിരിച്ചെടുക്കാനും വേണ്ട നിർദ്ദേശങ്ങൾ തരുവാൻ ഒരു വിദഗ്ദ്ധ സംഘത്തെ സർവ്വേക്കായി നിയോഗിക്കേണ്ടതാണ്. വാർഷിക വിറ്റുവരവിനാനുപാതികമായി നികുതി കണക്കാക്കേണ്ടതിനുള്ള മാനദണ്ഡങ്ങൾ നിർവ്വചിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

വികസന പ്രവർത്തനങ്ങൾ

വികസന പ്രവർത്തനങ്ങളെന്ന പേരിൽ നടപ്പിലാക്കിയിരുന്ന തീരുമാനങ്ങൾ എടുക്കുന്നതിന് പൊതുജനത്തിന് അവസരങ്ങൾ ഉണ്ടായിരുന്നില്ല. അത്തരം പ്രവർത്തനങ്ങളുടെ സുതാര്യതക്കായി മൂന്നുമാസത്തിലൊരിക്കൽ ഗ്രാമസഭ വിളിക്കേണ്ടതും തീരുമാനമെടുക്കുന്നതിന് മുന്നോടിയായി ഗ്രാമസഭയുടെ നിർദ്ദേശങ്ങൾ വിശകലനം ചെയ്ത് വേണ്ട പരിഷ്ക്കാരങ്ങൾ വരുത്തി വികസന പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകേണ്ടതതുമാണ്.

വികസന പ്രവർത്തനങ്ങൾ ജനകീയസമിതികളെ ഏല്പിക്കുകയും കോൺട്രാക്ടർ ഈടാക്കുന്ന വമ്പിച്ച മാർജ്ജിൻ ലാഭമാക്കി, അതുകൊണ്ട് ഉപകാരമുള്ള മറ്റു വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കാവുന്നതാണ്.

J.R.Y. പദ്ധതി അടക്കമുള്ള പഞ്ചായത്ത് വികസന പ്രവർത്തനങ്ങൾക്ക് സാങ്കേതിക ഉപദേശകന്റെ

പ്രാദേശിക സാന്നിദ്ധ്യം ഉറപ്പുവരുത്താൻ പഞ്ചായത്തുകൾക്ക് സ്വതന്ത്രമായ വിവേചനാധികാരം ഉപയോഗിക്കുവാനുള്ള അധികാരം നൽകേണ്ടതാണ്.

വികസന പ്രവർത്തനങ്ങളുടെ സാദ്ധ്യതകളെ പറ്റി വിദഗ്ദ്ധരുടെ അഭിപ്രായങ്ങളെ ക്രോഡീകരിച്ചുകൊണ്ട് സമഗ്രമായ ഒരു പഠനം നടത്തുകയും വിഭവസമാഹരണത്തെയും മറ്റു സാദ്ധ്യതകളേയും കണക്കിലെടുത്ത് ഒരു വിശദമായ റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്യേണ്ടതാണ്.

ധനസ്ഥിതിയുടെ കാര്യത്തിൽ ദുർബ്ബലമായിരിക്കുന്ന നമ്മുടെ പഞ്ചായത്തിന്റെ നികുതി പിരിവിനും മറ്റു വരുമാന മാർഗ്ഗങ്ങൾക്കുമുള്ള ഗ്രാമസഭയുടെ നിർദ്ദേശങ്ങളാണ് ഈ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരിക്കുന്നത്. പ്രവർത്തന നിരതമായ സന്നദ്ധ സംഘടനകൾ ഈ പഞ്ചായത്തിൽ ധാരാളമുണ്ട്. കക്ഷിരാഷ്ട്രീയങ്ങൾക്കും മറ്റു ഭേദചിന്തകൾക്കും അതീതമായി പ്രവർത്തിച്ചുയരുവാനുള്ള അഭിവാഞ്ഛ വളർത്തുവാനുള്ള നിരന്തരമായ ബോധവൽക്കരണവും പ്രവർത്തനവും എല്ലാവരുടെയും ഭാഗത്തുനിന്ന് ഉണ്ടാകുമെന്ന് നമുക്ക് ആശിക്കാം.

With Best Compliments from: **Phone: 0492 - 682355**

M/s. DURGA PLASTICS

Moulpers of Plastic Containers

ADAKKAPUTHUR P.O, PALGHAT DIST., KERALA PIN: - 679 503

For all types of plastic containers ranging from 10 ml. 3 Litre
Competative rate
Additionaly under taken: Multi Colour Screen Printing



ഉപസംഹാരം

ദശാബ്ദങ്ങളായി മുകളിൽ നിന്ന് താഴോട്ട് എന്ന ക്രമത്തിൽ നടപ്പാക്കിയിരുന്ന വികസന ക്ഷേമ പ്രവർത്തനങ്ങൾ താഴേതട്ടിൽ വെച്ച് ജനങ്ങളുടെ ആശക്കും അഭിലാഷത്തിനുമനുസരിച്ച്, രൂപം കൊടുക്കാനുള്ള വലിയ ജനകീയ പരീക്ഷണത്തിലാണ് നാം ഏർപ്പെട്ടിരിക്കുന്നത്. നിലവിലുള്ള വികസന സങ്കല്പങ്ങളോട് ഒത്തുപോകുന്നതിന് നമുക്കിവിടെ സാധിച്ചുവെന്ന് വരില്ല. റോഡും പാലങ്ങളും ആശുപത്രിയും വിദ്യാലയവുമായാൽ വികസനം മുഴുവനായി എന്നത് ജനങ്ങളെ വ്യാപകമായി സ്വാധീനിക്കുന്ന അതിവികലമായ വികസന ബോധമാണ്. വികസന രംഗത്തുള്ള ഈ സാമാന്യ ബോധത്തെ മുറിച്ചു കടന്നുകൊണ്ടല്ലാതെ ജനകീയാസൂത്രണവുമായി നമുക്ക് മുന്നേറാൻ കഴിയില്ല.

സമ്പത്തുല്പാദന രംഗമായ കൃഷിയും വ്യവസായവും മുരടിക്കുന്നു എന്നുള്ളതാണ് വികസന മേഖലയുടെ പ്രധാന പ്രതിസന്ധി. സർക്കാരിന്റെ മാത്രം നേതൃത്വത്തിലുള്ള ഔപചാരിക ആസൂത്രണ പ്രവർത്തനങ്ങളെ കൊണ്ട് ഈ രംഗത്ത് കൃത്യമായ ഒരു മുന്നേറ്റവും നടത്താനാവില്ല. ഔദ്യോഗിക സംവിധാനത്തിന്റെ പിന്നോക്കാവസ്ഥയെ മുറിച്ച് കടക്കുന്നതിന് ആസൂത്രണ പദ്ധതി പ്രവർത്തന രംഗത്തേക്ക് മുഴുവൻ മലയാളികളുടെയും സർഗ്ഗാത്മകമായ സംഘചൈതന്യത്തെ ഉപയോഗപ്പെടുത്തേണ്ടതുണ്ട്. അതേസമയം ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന് നിലവിലുള്ള ഔദ്യോഗിക സംവിധാനങ്ങൾക്ക് സമാന്തരമോ, ബദലോ ആകാൻ കഴിയുകയില്ല. ഉദ്യോഗസ്ഥ സംവിധാനത്തിന്റെ ചട്ടപ്പടി രീതികളോട് ജനകീയ അഭിലാഷങ്ങളെ കോർത്തിണക്കാൻ ഉള്ള ഒരു പുതിയ പ്രവർത്തന രീതിയാണ് നമുക്ക് അവലംബിക്കാനുള്ളത്. ഇതിലൂടെ വികസന പ്രവർത്തന മേഖലയിൽ പടർന്ന് പന്തലിച്ച് നിൽക്കുന്ന കെടുകാര്യസ്ഥതയെയും കൈക്കൂലിയേയും ഒരു പരിധിവരെ നമുക്ക് ഇല്ലാതാക്കാൻ കഴിയും.

ഈ പ്രവർത്തനങ്ങളുടെ ഭാഗമായി ഒരു വിശാലമായ വികസന രാഷ്ട്രീയ സംസ്ക്കാരം നാടൊട്ടുക്ക് രൂപപ്പെട്ട് വളർന്ന് വരുന്നുണ്ട്. നമ്മുടെ നാടിന്റെ ചരിത്രത്തിൽ തിളക്കമാർന്ന പലനേട്ടങ്ങളും കൈവരിക്കുന്നതിന് അടിത്തറയായി ഇത് മാറിക്കൊണ്ടിരിക്കുകയാണ്. വിപുലമായ അർത്ഥത്തിൽ രൂപപ്പെടുന്ന ഈ ജനകീയ ശക്തി സമാഹരിച്ചുകൊണ്ട് വികസനാസൂത്രണ പ്രവർത്തനങ്ങളിൽ നമുക്ക് ഏറ്റെടുക്കാനുള്ള പ്രവർത്തനങ്ങളേയും വെല്ലുവിളികളേയും ധൈര്യപൂർവ്വം ഏറ്റെടുക്കാനുള്ള മാനസികാവസ്ഥയിലേക്ക് നമ്മുടെ പ്രദേശത്തെ ജനങ്ങളെ ഉയർത്തികൊണ്ടുവരാൻ ഈ വികസന റിപ്പോർട്ടിന്റെ ചർച്ചയും വികസന സെമിനാറും ഉപയോഗിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് അഭിമാനപൂർവ്വം ഈ വികസന റിപ്പോർട്ട് സെമിനാർ മുമ്പാകെ സമർപ്പിക്കട്ടെ.

വികസന റിപ്പോർട്ടിനു പിന്നിൽ

ആമുഖം
പി.വസന്ത്കുമാർ.
വി.രാമൻകുട്ടി.

ചരിത്രാന്വേഷണം
വി.രാമൻകുട്ടി.
കെ.ജയനാരായണൻ.
എം.രാമകൃഷ്ണൻ.
പി.വസന്ത്കുമാർ.
വിജയൻ നമ്പൂതിരി.

ഭൂവിഭവങ്ങൾ - വിശകലനം
ജയനാരായണൻ.
വി.രാമൻകുട്ടി.
പി.വസന്ത്കുമാർ.

കൃഷി, ജലസേചനം
കെ.ശ്രീധരൻ.
പി.മാധവൻ.

മത്സ്യബന്ധനം, മൃഗപരിപാലനം
ഇ.നാരായണൻകുട്ടി നായർ.
ഇ.നാരായണൻ.
ബി.കെ.മണികണ്ഠൻ.
വി.രാമൻകുട്ടി.

വിദ്യാഭ്യാസം
സി.എ.ശങ്കരനാരായണൻ.
ഇ.ബാലകൃഷ്ണൻ.
ടി.ജി.നിരഞ്ജൻ
രാജശേഖരൻ.

ആരോഗ്യം, കുടിവെള്ളം
എം.രാമകൃഷ്ണൻ.
രാംകുമാർ.

റോഡുകൾ, ഊർജ്ജം, മാർക്കറ്റ്
വി.ഗംഗാധരൻ.
എ.വാസുദേവൻ.
കെ.ശ്രീധരൻ.
പി.ശങ്കരൻകുട്ടി.

ഭവനനിർമ്മാണം, ക്ഷേമപ്രവർത്തനങ്ങൾ
ഒ.വിജയകുമാർ.
കെ.ടി.രാധാകൃഷ്ണൻ.

സംസ്ക്കാരം
ഹേമചന്ദ്രൻ മാസ്റ്റർ.
ടി.ജി.നിരഞ്ജൻ.

വ്യവസായം
ടി.ജി.നിരഞ്ജൻ.
കെ.സി.സജീന്ദ്രൻ.
എം. മാധവൻ.

വനിതാക്ഷേമം
വിലാസിനി ടീച്ചർ.
സുജ.
വിലാസിനി.
സത്യവതി ശ്രീധർ.

സഹകരണമേഖല
കെ.രാമൻകുട്ടി.
സത്യവതി.
കെ.പി.ഗോപാലൻകുട്ടി.
വി.രാമൻകുട്ടി.

പട്ടികജാതി, പട്ടികവർഗ്ഗക്ഷേമം
കെ.സി.രാമൻകുട്ടി.
നാരായണിക്കുട്ടി ടീച്ചർ.
പി.അരവിന്ദാക്ഷ മേനോൻ.
സി.ശിവശങ്കരൻ.
എൻ.സുജാത.
വി.രാമൻകുട്ടി.

വിഭവ സമാഹരണം
പി.വസന്ത്കുമാർ.
മുരളീധരൻ മാസ്റ്റർ.
വി.കെ.ഗോവിന്ദൻകുട്ടി.

ഉപസംഹാരം
വി.രാമൻകുട്ടി.
പി.വസന്ത്കുമാർ.

ഡി.ആർ.പി. മാർ
ഇ.രാധാകൃഷ്ണൻ മാസ്റ്റർ.
കെ.വിജയൻ.
വിലാസിനി ടീച്ചർ.
കെ.ജയനാരായണൻ.
നാരായണിക്കുട്ടി ടീച്ചർ.

ആശംസകളോടെ

Hotel Sri Lakshmi Vilas

VEGETARIAN

G.B. Road - Palakkad
Phone : 534648, 534649, 533801

ആശംസകളോടെ

HOTEL LAKSHMI

REGENCY

VEG. & NON VEG.

(NEAR SRI LAKSHMI VILAS)

G.B. ROAD - PALAKKAD.

ആശംസകളോടെ

PH : 682703

മരുന്നുകൾക്ക്

P.K. മെഡിക്കൽസ്

ഒറ്റപ്പാലം റോഡ്

ചെർപ്പുളശ്ശേരി.

KJK ഡെക്കറേഷൻസ്

പുത്തനാൽക്കൽ ചെർപ്പുളശ്ശേരി & ശ്രീകൃഷ്ണപുരം

ഫോൺ:-661407

കല്ല്യാണപ്പന്തൽ, VIP കസേര, VIP മേശ തുടങ്ങിയവ
മിതമായ നിരക്കിൽ വാടകയ്ക്ക് ലഭിക്കുന്നതാണ്.

ആശംസകളോടെ

KRS ഓട്ടോമൊബൈൽസ്

തിരുവാഴിയോട്

ആശംസകളോടെ

സപ്തർഷി ഇൻഡസ്ട്രീസ്

എൻജിനീയേഴ്സ് & ഫാബ്രിക്കേഷൻസ്,
ബി.എഡ്.എസ്. ബിൽഡിങ്ങ് റൂം നമ്പർ - 10
പാലക്കാട് റോഡ്,
ചെർപ്പുളശ്ശേരി.

എല്ലാവിധ ലെയ്ത്ത് വർക്കുകളും, ഗെയ്റ്റ്, ഗ്രിൽ നിർമ്മാണവും തികഞ്ഞ ഉത്തരവാദിത്തത്തോടെ ചെയ്തുകൊടുക്കുന്നു.
എക്സ്പെല്ലർ, പൾവറൈസർ, അള്ളർ, ഗ്രെയ്ൻഡർ എന്നിവയുടെ ഫിറ്റിംഗ് റിപ്പയർ എന്നിവ നിർവ്വഹിക്കുന്നു.

ആശംസകളോടെ,

ചന്ദ്രാ സ്റ്റോഴ്സ്, ചന്ദ്രാ ഹാർഡ്വെയേഴ്സ്
&
ഫാൻസി ഫുട്ട്വെയേഴ്സ്

ചെർപ്പുളശ്ശേരി

PH: 682252
682214 (RESI)

ആകർഷകവും ഈടുറ്റതുമായ തയ്യൽജോലികൾ
നിർവ്വഹിച്ചു കിട്ടുന്നതിന് സമീപിക്കുക

സിറ്റിമേൻ ടൈലേഴ്സ്,

മുറിയങ്കണ്ണി റോഡ്, വെള്ളിനേഴി സെന്റർ.

ആശംസകളോടെ

ഫോൺ: 661550

ARK ട്രേഡേഴ്സ്

റബ്ബർ ഡീലേഴ്സ്

തിരുവാഴിയോട്

റബ്ബർ ടാപ്പിങിനാവശ്യമായ എല്ലാവിധ സാമഗ്രികളും
റബ്ബർറോളറും ഇവിടെ ലഭിക്കുന്നതാണ്

ആശംസകളോടെ

ചൈതന്യ ഓയിൽ മിൽസ്

അടക്കാപുത്തൂർ

ചൈതന്യ & സൂപ്പർഫൈൻ വെളിച്ചെണ്ണ/നല്ലെണ്ണ (Famous for Quality)
ഒരു ലിറ്റർ, 500ml., 200ml., 100ml. സീൽചെയ്ത ബോട്ടിലുകളിൽ ലഭിക്കുന്നു.

ഫോൺ:- 682392, 680792

ആശംസകളോടെ,

അഭയ ഫാർമസ്യൂട്ടിക്കൽസ്

മെയിൻ റോഡ്, വെള്ളിനേഴി.
Prop: MRK നായർ.

ഭാരതീയ ഋഷിമാർ നിരന്തര സാധനയിലൂടെ സാക്ഷാൽക്കരിച്ച ആയുർവ്വേദ വിധികളനുസരിച്ച് തയ്യാർചെയ്ത, പാർശ്വഫലങ്ങളില്ലാത്ത ആയുർവ്വേദ മരുന്നുകൾ മിതമായ നിരക്കിൽ വിൽക്കപ്പെടുന്നു.

വെള്ളിയാഴ്ച രാവിലെ
10 മണിമുതൽ 4 മണിവരെ

ആയുർവ്വൈദ്യൻ:- എം.പി. പ്രബോധൻ
(RMP Class A No. 1814)

രോഗികളെ പരിശോധിച്ച് ചികിത്സ നിശ്ചയിക്കുന്നു.
എല്ലാവിധ പഠിമരുന്നുകളും വിലയ്ക്കെടുക്കുന്ന
വെള്ളിനേഴിയിലെ ഏക സ്ഥാപനം.

വെള്ളിനേഴി പഞ്ചായത്ത് വികസന സെമിനാറിന്
ആശംസകൾ



K.T.N. MEDICAL HALL

K. T. N. BUILDING
CHERPALCHERY
Phone: Shop: 682273, Resi: 682306

- Pioneers in Retail Distribution of Drugs.
- Spacious and convenient show room for easy and speedy dispensing.
- Polite, well experienced and trained staff.
- Clear instruction as to the administration and usage of drugs.
- Easy approach since the shop is adjacent to the Bus Stand.
- Separate section for Ayurvedic drugs.
- Keep open from 8 AM to 8.30 PM including Sundays.

ആയുരാരോഗ്യസൗഖ്യം ..... ഇതൊരാശംസയല്ല, നിങ്ങൾ ഞങ്ങളിൽനിന്ന്
എന്നോ ഉറപ്പാക്കിയ വിശ്വാസമുദ്രയാണ്.
ഇരുപതുവർഷത്തെ സേവനപാരമ്പര്യവുമായി പുതുയുഗത്തിലേക്ക്

ശങ്കർ ഹോസ്പിറ്റൽ

ചെർപ്പുളശ്ശേരി

ഫോൺ: 82217 എസ്. ടി. ഡി. 04926

പരിചയസമ്പന്നരായ വിദഗ്ദ്ധരുടെ പരിചരണം, ആധുനിക ചികിത്സാ സൗകര്യങ്ങൾ, വ്യക്തിപരമായ ശ്രദ്ധയോടുകൂടിയ ചികിത്സ, രോഗിയുടെ നന്മയെ കേന്ദ്രീകരിച്ചുള്ളതാണ് ശങ്കർ ഹോസ്പിറ്റലിലെ എല്ലാ പ്രവർത്തനങ്ങളും. അതു തന്നെയാണ് ഈ സ്ഥാപനത്തിന്റെ പ്രത്യേകതയും. ഓരോ രോഗിക്കും വ്യക്തിപരമായ ശ്രദ്ധ ലഭിക്കുന്നു.



FULL TIME DOCTORS

Dr. P. S. Krishnadas,	M.B.B.S.	Dr. Prasanth	M.B.B.S.
Dr. Mary Krishnadas,	B.Sc., M.B.B.S.	Dr. Reetha	M.B.B.S.
Dr. Somarajan,	B.Sc. M. S. Surgeon	Dr. Sunilkumar	M.B.B.S.
Dr. Joseph Alexander,	M.B.B.S., M.D. Consultant physician	Dr. Suseela,	M.B.B.S.
Dr. Malini Menon,	B.Sc., M.B.B.S., D.G.O. Obstetrician& Gynaecologist	Dr. Sumathi	M.B.B.S.
Dr. K. Ranjini,	M.D., D.C.H., Child Specialist	Dr. Jayashree	M.B.B.S.
Dr. Hussain,	M.D., D.A., Anaesthesiologist		

VISITING DOCTORS

Dr. P. M. Madhavan,	M.D., D.P.M. Psychiatrist	Dr. K. S. Mohayudhin,	M.S., D.L.O. E.N.T. Specialist
Dr. Vaidyalingam,	M.S., D. Ortho Senior Orthopedic Surgeon	Dr. Sunilkumar,	M.B.B.S., D.O. Eye Specialist
Dr. Vasudevan,	M.S.D., Ortho Orthopedic Surgeon	Dr. (Capt.) Govindarajan,	M.D., D.M. Neurologist
Dr. Sathyaprakash	D. Ortho, Orthopedic Surgeon	Dr. Palaniswami,	M.S., Mch, Urologist

Dr. Lalitha, M.D., D.G.O. Obstetrician & Gynaecologist

PRINTED AT IMPRESSIONS PLKD., PH : 539785